# ജനകീയാസൂത്രണം

# പറളി ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസന റിപ്പോർട്ട്



104-1

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# പറളി ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന റിപ്പോർട്ട്



# പറളി ഗ്രാമപഞ്ചായത്ത് ഭരണസമിതി



1. **C. V. മോഹനൻ**
പ്രസിഡണ്ട്



2. **K. കിട്ടു**
വൈസ് പ്രസിഡണ്ട്



3. **P. C. സുകുമാരൻ**
സ്റ്റാൻറിങ് കമ്മിററി ചെയർമാൻ

മെമ്പർമാർ :

4. **ലക്ഷ്മീവേലായുധൻ**
5. **K. K. അബ്ദുൾസത്താർ**
6. **C. V. വള്ളി**
7. **P. K. ബാലൻ**
8. **സീതാലക്ഷ്മി**
9. **G. ബാബു**
10. **V. P. മുരളീധരൻ**
11. **അംബികരഘുനാഥ്**
12. **K. V. ചന്ദ്രൻ**

പഞ്ചായത്തിൽനിന്നുള്ള ബ്ലോക്ക് മെമ്പർമാർ:

1. **A. S. ശിവദാസ്**
2. **N. വേലായുധൻ**

എഡിററർ

## സി. പി. വിശ്വനാഥൻ

എഡിറേറാറിയൽ സ്റ്റാഫ്

എം. എ. പൊന്മല,

കെ. എം. വീരാൻകുട്ടി,

കെ. പി. ഉണ്ണികൃഷ്ണൻ,

എൻ. വേലായുധൻ,

കെ. എം. ഹനീഫ.

## ജനകീയാസൂത്രണ പരിപാടി ജില്ലാ പരിശീലനം ലഭിച്ചവർ

| ഒന്നാം ഘട്ടം | രണ്ടാം ഘട്ടം |
|---|---|
| 1. സി. പി. വിശ്വനാഥൻ (കൺവീനർ) | ,, |
| 2. എം. പി. പഴനിമല | ,, |
| 3. കെ. പി. ഉണ്ണികൃഷ്ണൻ | ,, |
| 4 വി. ഭാസ്കരനുണ്ണി | ,, |
| 5. കെ. എം. ഹനീഫ | ,, |
| 6 കെ. പി. രാമപിഷാരടി | 6. കെ. പി. രാമകൃഷ്ണൻ |
| | 7. കെ. എം. വീരാൻകുട്ടി |
| | 8. എം. എ. പൊന്മല |

1. ആമുഖം.........................,.....................6

2. പഞ്ചായത്ത് പൊതുവിവരണം.....................8

3. സാമൂഹ്യ രാഷ്ട്രീയ ചരിത്രം.....................10

4. സാംസ്കാരിക ചരിത്രം.............................12

5. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം.........16

5-1 കൃഷിയും, ജലസേചനവും.............20

5_2 മൃഗസംരക്ഷണവും, മത്സ്യബന്ധനവും.32

5_3 വ്യവസായം...............................48

5_4 വിദ്യാഭ്യാസം...............................54

5_5 കുടിവെള്ളവും, പൊതുജനാരോഗ്യവും.62

5-6 ഗതാഗതം, ഊർജ്ജം.........................70

5_7 പാർപ്പിടവും, സാമൂഹ്യക്ഷേമവും...93

5.8 സംസ്കാരം..................................101

5_9 വനിത........ ..........................105

5-10 സഹകരണം..............................108

5-11 പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം......113

5-12 വിഭവസമാഹരണം.......................117

6. ഉപസംഹാരം...........................................121

# 1

# ആമുഖം

## പറളി ഗ്രാമ പഞ്ചായത്ത്

## വികസന റിപ്പോർട്ട് 1996

'ഭാരതം ജീവിക്കുന്നത് ഗ്രാമങ്ങളിലാണ്' എന്നു പറഞ്ഞ ഗാന്ധിജിയും സ്വയം പര്യാപ്തമായ ഗ്രാമങ്ങൾ സ്വപ്നം കണ്ടിരുന്നു. ഗ്രാമങ്ങളെയും ഗ്രാമീണ ജനതയെയും അതിരററു സ്നേഹിച്ച അദ്ദേഹത്തിന്റെ സ്വപ്നം ഉൾക്കൊള്ളാൻ അമ്പതു വർഷങ്ങൾ പിന്നിട്ടിട്ടും ദേശീയ സംസ്ഥാന ഗവൺമെന്റുകൾക്ക കഴിഞ്ഞില്ല. ഡൽഹിയിലെ യോജനാ ഭവനിലെയും സംസ്ഥാനങ്ങളിലെ ആസൂത്രണ ബോർഡിലെ വിദഗ്ദരുടേയും ഉദ്യോഗസ്ഥ പ്രമാണിമാരുടേയും മുന്നിൽ ഗ്രാമീണ ജനതയ്ക്കുവേണ്ടിയുള്ള ആസൂത്രണം വെറും ഒരു അജണ്ടമാത്രമായിരുന്നു. ആസൂത്രണ രംഗത്ത് ജനപങ്കാളിത്തം അവർക്ക് അചിന്ത്യമായിരുന്നു. ഈ രംഗത്ത് അനുവർത്തിച്ച ശൈലിയിൽ നിന്നു് വ്യതിചലിച്ച് ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കിക്കൊണ്ട് കേരളീയ ഗ്രാമങ്ങളിൽ വികസനത്തിന്റെ വേലിയേററം സൃഷ്ടിക്കാൻ കേരളസർക്കാർ തീരുമാനിച്ചു. താഴെത്തട്ടിൽനിന്നും ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണമെന്നതാണ് ഒമ്പതാം പദ്ധതിയുടെ മുഖമുദ്ര. ജനീകയ ആസൂത്രണ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം **1172 ചിങ്ങം ഒന്നിന്** (1996 ആഗസ്റ്റ് 17ന്) ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. **E. K. നായനാർ** നിർവ്വഹിക്കുമ്പോൾ നാം ഈ മഹനീയ സംരംഭത്തിന്റെ ആദ്യചുവട് വെക്കുകയായിരുന്നു.

ഒമ്പതാം പദ്ധതിയുടെ അടങ്കൽ തുകയുടെ 35-40% ത്രിതല പഞ്ചായത്തുകൾക്ക് (ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾക്ക്) ലഭിക്കാൻ പോകുന്നു. ഇതുവഴി ഓരോ ഗ്രാമപഞ്ചായത്തിലും ശരാശരി 5 കോടി രൂപ വികസന പ്രവർത്തനങ്ങൾക്കായി ചിലവഴിക്കപ്പെടും. പുറമെ ജനങ്ങളുടെ സന്നദ്ധപ്രവർത്തനങ്ങളും വിഭവസമാഹരണവും വഴി ഉദ്ദേശിച്ചതിൽ കൂടുതൽ പ്രവർത്തനങ്ങൾ നമുക്ക് കാഴ്ചവെയ്ക്കാൻ കഴിയും; അല്ലെങ്കിൽ കഴിയണം. പദ്ധതിപ്പണം ചോർച്ച കൂടാതെയും കാര്യക്ഷമമായും, ജനപങ്കാളിത്തത്തോടെ പ്രയോജനപ്പെടുത്തുമ്പോൾ നമ്മുടെ ഗ്രാമജനങ്ങളുടെ മുഖച്ഛായ മാറാതെ വയ്യ! ആസൂത്രണ രംഗത്ത് കേരളം തുടക്കം കുറിച്ച ഈ പരിപാടി വിജയിപ്പിക്കേണ്ടതു് ഓരോ കേരളീയന്റെയും കടമയാണ്.

ജനകീയാസൂത്രണ പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാലക്കാട്-മലമ്പുഴ ബ്ലോക്കുകളിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് അകത്തേത്തറ പഞ്ചായത്ത് കല്യാണമണ്ഡപത്തിൽവെച്ച് 1996 സെപ്തംബർ 7 മുതൽ മൂന്നു ദിവസം ഒന്നാംഘട്ട ജില്ലാതല പരിശീലനം നൽകുകയുണ്ടായി. പരിശീലനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. ബഹു:ധനമന്ത്രി ശ്രീ. ടി. ശിവദാസമേനോനായിരുന്നു- പ്രസ്തുത പരിശീലനത്തിന് പറളിയിൽനിന്നു് 8 പേരാണ് പങ്കെടുത്തത്. അവരെ ജില്ലാതല പരിശീലകർ (**DRP** മാർ) എന്നു പറയുന്നു. ഇവർ പിന്നീട് 14—9—96 ന് പറളി ഹൈസ്കൂളിൽ വെച്ച് പഞ്ചായത്തുതല

പരിശീലനം നൽകുകയുണ്ടായി. ഈ പഞ്ചായത്തുതല പരിശീലനം ലഭിച്ചവരാണ് **LRP** മാർ. ഈ ക്യാമ്പിൽ 72 **LRP**മാരും, പഞ്ചായത്തംഗങ്ങളും, ഉദ്യോഗാനുദ്യോഗസ്ഥരുമുൾപ്പെടെ 152 പേർ പങ്കെടുത്തു.

തുടർന്ന് **LRP** മാരും **DRP** മാരും ചേർന്ന് പഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ വിശേഷാൽ ഗ്രാമസഭകൾ സംഘടിപ്പിച്ചു. പഞ്ചായത്തിലെ 12 വാർഡുകളിലും കൂടി മൊത്തം 1957 ആളുകൾ ഈ ഗ്രാമസഭകളിൽ പങ്കെടുത്തു. വിവിധ ഗ്രൂപ്പുകൾ രൂപീകരിച്ച് ദ്വിതീയ സ്ഥിതിവിവരക്കണക്കെടുപ്പു നടത്തി. പിന്നീട് **DRP** മാർക്കുള്ള രണ്ടാംഘട്ട പരിശീലനം അകത്തേത്തറയിൽവെച്ച് 22_10_96 മുതൽമൂന്നു ദിവസം നടന്നു. 10 **DRP** മാർ അതിൽ പങ്കെടുത്തു. രണ്ടാംഘട്ട പഞ്ചായത്ത്തല ശില്പശാല നടന്നത് 5_11_96 നാണ്. അതിൽ 59 പേർ പങ്കെടുക്കുകയുണ്ടായി. ശേഷം പഠനപര്യടനം, വികസന റിപ്പോർട്ട് തയ്യാറാക്കൽ, കരട് ചർച്ച എന്നിവ നടത്തി. ഇവയ്ക്കെല്ലാം പ്രത്യേക ഗ്രൂപ്പുകൾ രൂപീകരിച്ചിരുന്നു. ഗ്രാമ പഞ്ചായത്ത് സമിതിയുടെ പൂർണ്ണസമ്മതത്തോടെ വികസന റിപ്പോർട്ട് അംഗീകരിക്കുകയും പ്രിൻറു ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

ഈ പ്രവർത്തനങ്ങൾക്കെല്ലാം പഞ്ചായത്തിലെ വിവിധ തുറകളിലെ ജനങ്ങളുടേയും ഉദ്യോഗസ്ഥാനുദ്യോഗസ്ഥരുടേയും നിർല്ലോഭമായ സഹകരണം ലഭിച്ചത് കൃതജ്ഞതാപൂർവ്വം ഇവിടെ സ്മരിച്ചുകൊള്ളട്ടെ.



# 2 പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിൻെറ പേരു്..........പറളി ഗ്രാമപഞ്ചായത്ത്

ഉൾപ്പെടുന്ന വില്ലേജുകൾ......പറളി I (തേന്നൂർ, കിണാവല്ലൂർ)

..............പറളി II (എടത്തറ, കമ്പ, മനസ്സമ്പാട്, ഓടന്നൂർ.)

വാർഡ്.12

ബ്ലോക്ക് പഞ്ചായത്ത്..........................പാലക്കാട്

താലൂക്ക്....................................പാലക്കാട്

ജില്ല.......................................പാലക്കാട്

അസംബ്ലി മണ്ഡലം.............................. ,,

പാർലിമെൻറ് മണ്ഡലം.......................... ,,

വിസ്തീർണ്ണം..............................30.24 ച കി. മീ.

അതിരുകൾ :

വടക്ക് അയ്യർമല, വള്ളിക്കോട്, മുണ്ടൂർ പഞ്ചായത്ത്.
കിഴക്ക്–പുതുപ്പരിയാരം പിരായിരി പഞ്ചായത്തുകൾ.
തെക്ക്–ഭാരതപ്പുഴ, കോട്ടായി പഞ്ചായത്ത്.
പടിഞ്ഞാറ് മങ്കര പഞ്ചായത്ത്

സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം.................198.97 അടി

---

## ജനസംഖ്യ

1981 26529

1991 ലെ സെൻസസ് പ്രകാരം

| | |
|---|---|
| ആകെ | 29640 |
| പു | 14525 |
| സ്ത്രീ | 15115 |
| ജനസാന്ദ്രത | 980/KM |

## സാക്ഷരർ

| | |
|---|---|
| ആകെ | 20965 |
| പുരുഷൻ | 11148 |
| സ്ത്രീ | 9817 |

## സാക്ഷരതാ ശതമാനം

| | |
|---|---|
| ആകെ | 70.85 |
| പുരുഷൻ | 76.75 |
| സ്ത്രീ | 64.94 |

★

# പഞ്ചായത്ത് ചരിത്രം

ഇന്നത്തെ പഞ്ചായത്ത് കെട്ടിടവും, ഷോപ്പിംഗ് കോംപ്ലക്സും മൃഗാസ്പത്രിയും, ചന്തയും, പറളി ഹൈസ്കൂളും സ്ഥിതി ചെയ്യുന്ന സ്ഥലം കിണാവല്ലൂർ മന്ദിരപ്പള്ളി അപ്പുകുഞ്ഞൻ നായർ സംഭാവന ചെയ്തതാണ്.

1949-ൽ രാമനുണ്ണി നായർ പ്രസിഡണ്ടായി ഒന്നാമത്തെ പഞ്ചായത്തു സമിതി നിലവിൽവന്നു. തിരഞ്ഞെടുപ്പുകൂടാതെയാണ് പഞ്ചായത്ത് സമിതി ഉണ്ടാക്കിയതു്. (നോമിനേഷൻ വഴി) ആ സമിതിയിലെ മെമ്പർമാർ കാക്കശ്ശേരി മാധവൻ നായർ, മണ്ണിൽ രാമൻ നായർ, പെരകം മേനോൻ, മാണിക്കനാശാരി, തേവൻ (ഹരിജൻ മെമ്പർ) എന്നിവരായിരുന്നു. പിന്നീട് പ്രസിഡണ്ടിനെ നേരിട്ടു തിരഞ്ഞെടുക്കുന്ന സംവിധാനം നിലവിൽ വന്നു. എ. പി. മന്ദാടിയാർ പ്രസിഡണ്ടായി. കുറച്ചു വർഷങ്ങൾക്കു ശേഷം അദ്ദേഹം രാജിവെച്ചു. തുടർന്നു കെ. എ. രാമൻകുട്ടി പ്രസിഡണ്ടായി. പിന്നീട് നടന്ന തിരഞ്ഞെടുപ്പിൽ കെ. എ. രാമൻകുട്ടി വീണ്ടും പ്രസിഡണ്ടായി. കമ്മ്യൂണിസ്റ്റ് പാർട്ടി പഞ്ചായത്തിന്റെ ഭരണ സാരഥ്യം ഏറ്റെടുത്തു. 16 വർഷക്കാലം ഈ സമിതി നിലവിലിരുന്നു. സംസ്ഥാന ഗവൺമെന്റ് പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്താതിരുന്നതു മൂലമായിരുന്നു ഇതു്.

1979ൽ നടന്ന പഞ്ചായത്തു് തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) അധികാരത്തിൽ വന്നു. ശ്രീ. എം. കേശവനുണ്ണിയെ പ്രസിഡണ്ടായി തിരഞ്ഞെടുത്തു. മൂന്നര വർഷത്തിനുശേഷം പി. എ. വേലായുധനെ പ്രസിഡണ്ടാക്കി. പിന്നീട് തെരഞ്ഞെടുപ്പ് നടന്നത് 1988-ൽ ആയിരുന്നു. അതിലും കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) ഭൂരിപക്ഷം ലഭിക്കുകയും ശ്രീ. പി. സുകുമാരൻ നായർ പ്രസിഡണ്ടായി അധികാരത്തിലേറുകയും ചെയ്തു.

# 3

# സാമൂഹ്യ രാഷ്ട്രീയ ചരിത്രം

1852 ൽ ബ്രിട്ടീഷ് ഭരണ കാലത്ത് വെറും കുമ്മായ ചാന്തും ഇഷ്ടികയും ഉപയോഗിച്ച്, **W. R.** റോബിൻസൺ എന്ന എഞ്ചിനീയറുടേയും വിയഡിസ് (**Wiaddis**) എന്ന സൂപ്രണ്ടിൻേറയും മേൽ നോട്ടത്തിൽ ഒമ്പതു കണ്ണികളോടു കൂടി, കമാനാകൃതിയിൽ നിർമ്മിച്ച പുരുളി ബ്രിഡ്ജ് (**Purullie Bridge**) വലിയ കോട്ടമൊന്നുമേൽക്കാതെ ഇവിടുത്തെ പുതിയ പാലത്തിനരികിൽ, പറളിയുടെ ചരിത്രത്തിലേക്കുള്ള ഒരു പാലമായി ഇന്നും നിലനിൽക്കുന്നു. ഈ പുരുളി പാലത്തിൽ നിന്നാണ് 'പറളി' എന്ന പേര് ഉണ്ടായിട്ടുള്ളത് എന്ന് അനുമാനിക്കുന്നു.

ബ്രിട്ടീഷ് ഭരണകാലത്ത് തെക്കെ മലബാറിൻെറ ഒരു ഭാഗമായ പറളി ശ്രദ്ധേയമായ ഒരു വാണിജ്യകേന്ദ്രമായിരുന്നു. പഴയ പറളിയിലെ കെട്ടിടങ്ങൾ മിക്കതും പണ്ട് പണ്ടികശാലകൾ (**Godowns**) ആയിരുന്നു. ഉപ്പ്, പഞ്ചസാര, വററൽ മുളക്, ശക്കര, അരി, എണ്ണ, തുടങ്ങിയ പല വ്യഞ്ജനങ്ങളെല്ലാം പറളി റെയിൽവേ സ്റ്റേഷനിൽ ചരക്കു തീവണ്ടികളിൽ എത്തുകയും അവ പ്രസ്തുത ഗോഡൗണുകളിൽ സൂക്ഷിക്കുകയും ചെയ്തിരുന്നു. ഇവിടെ നിന്ന് കച്ചവടക്കാർ ചരക്കുകൾ വാങ്ങി ഒററപ്പാലം, ചെർപ്പുളശ്ശേരി, മണ്ണാർക്കാട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് കാളവണ്ടി മാർഗ്ഗമാണ് കൊണ്ടു പോയിരുന്നത്. എന്നാൽ ഒന്നും രണ്ടും ലോക മഹാ യുദ്ധങ്ങൾ ഏല്പിച്ച മുറിവുകൾ പറളിയുടെ വാണിജ്യ തകർച്ചക്ക് കാരണമായി. പുറമേ സ്വാതന്ത്ര്യാനന്തരം, ഭാഷാസംസ്ഥാനങ്ങൾ നിലവിൽ വന്നപ്പോൾ, തമിഴ്നാട്ടിൽ നിന്ന് വേർപെട്ടതും തളർച്ചക്ക് മററൊരു കാരണമാണ്.

തേനൂർ അത്താഴംപെററക്കാവ്, കിണാവല്ലൂർ ചെമ്മണിക്കാവ്, തെക്കിനേടത്ത് ക്ഷേത്രം, എടത്തറ അയ്യപ്പൻ കാവ്, ഓടനൂർ മുണ്ടക്കാവ്, ഓടനൂർ ശിവക്ഷേത്രം തുടങ്ങിയവ പഞ്ചായത്തിലെ പ്രസിദ്ധവും പുരാതനവുമായ ഹിന്ദുദേവാലയങ്ങളാണ്. പറളി ഗ്രാമത്തിലെ ഗണപതിക്ഷേത്രം പഞ്ചായത്തിലെ ഒരു പ്രമുഖ ആരാധനാലയമാണ്. അതുപോലെ തന്നെ പറളിയിലേയും കമ്പയിലേയും മുസ്ലീം പള്ളികൾ കാലപ്പഴക്കമുള്ള ആരാധനാ കേന്ദ്രങ്ങളാണ്. ഈ അടുത്ത കാലത്താണ് പറളിയിൽ ഒരു ക്രൈസ്തവ ദേവാലയം ഉണ്ടായത്.

സ്വാതന്ത്ര്യസമരത്തിൻെറ മുന്നണിപ്പോരാളികളായി ഇവിടെ നിന്ന് ആരും ഉണ്ടായിട്ടില്ലെങ്കിലും ശ്രീ. വി. കെ. കൃഷ്ണമേനോൻെറ തറവാട് പറളിയിലായിരുന്നുവെന്ന് പറയപ്പെടുന്നു. രണ്ടാം ലോക മഹാ യുദ്ധത്തിനിടയ്ക്ക് മൈൻ സ്ഫോടനത്തിൽ ചരമമടഞ്ഞ മനക്കമ്പാടം കേണൽ ഉണ്ണി നായർ പറളിക്കാരനായിരുന്നു. ജനീവ കൃഷ്ണയ്യർ എന്നപേരിൽ അറിയപ്പെട്ടിരുന്ന പ്രശസ്തനായ ഒരു നയതന്ത്രജ്ഞനും പറളിയിലുണ്ടായിരുന്നു.

'ഫ്രീഡം ഫൈറേറഴ്സ് ഓഫ് കേരള' എന്ന ഗ്രന്ഥത്തിൽ നിന്നും പറളിക്കാരായ മൂന്ന് സ്വാതന്ത്ര്യസമരസേനാനികളെക്കുറിച്ച് മനസ്സിലാക്കാൻ കഴിയും. (1) എം. കേശവൻനായർ (മാടശ്ശേരി വീട്, എടത്തറ) (2) എൻ. മാധവൻ നായർ എടത്തറ (3) ടി. വി. മാണിക്കനാശാരി, തേനൂർ എന്നിവരാണ് സ്വാതന്ത്ര്യസമരത്തിൽ തങ്ങളുടെ സാന്നിദ്ധ്യമറിയിച്ച മൂന്നു വ്യക്തികൾ. ഇവരിൽ ശ്രീ. ടി. വി. മാണിക്കനാശാരി ചരമമടഞ്ഞു. ശ്രീ. കേശവൻ നായരും ശ്രീ. മാധവൻ നായരും ഇന്നും ജീവിച്ചിരിപ്പുണ്ട്. ഇവർ നിസ്സഹകരണ പ്രസ്ഥാനത്തിലും ക്വിററ് ഇന്ത്യാ മൂവ്മെൻറിലും പങ്കെടുത്തിട്ടുള്ളതായി പ്രസ്തുത പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കേശവൻ നായരുമായി നടത്തിയ അഭിമുഖത്തിൽ നിന്നും, അവർ ഒട്ടുമിക്ക സ്വാതന്ത്ര്യസമരങ്ങളിലും പങ്കെടുത്തിട്ടുണ്ടെന്ന് ബോധ്യ മായി. കരിങ്കുളങ്ങര കുഞ്ഞുണ്ണിനായർ എന്ന കെ. കെ നായർ ആയിരുന്നു അന്നത്തെ (1933) വില്ലേജ് കോൺഗ്രസ്സ് പ്രസിഡണ്ട്. സ്വാതന്ത്ര്യ സമരത്തിൻെറ ഭാഗമായി സംഘടിപ്പിക്കപ്പെട്ട പൊതുയോഗങ്ങളിൽ

പലതും നടന്നത് 'പുരുളി' പാലത്തിൻെറ താഴെയുള്ള മണൽത്തിട്ടയിൽ വെച്ചായിരുന്നു. ശ്രീമാന്മാർ എ. കെ. ഗോപാലൻ, കെ. കേളപ്പൻ തുടങ്ങിയ നേതാക്കരം ഇവിടെ വന്ന് പ്രസംഗിച്ചിരുന്നു. നേതാക്കരം മണൽത്തിട്ടയിൽ നിന്ന്, മൈക്കില്ലാതെ ഉറക്കെ പ്രസംഗിക്കുമ്പോരം പാലത്തിനു മുകളിൽ ശ്രോതാക്കരം തടിച്ചു കൂടിയിരുന്നുവത്രേ. എങ്കിലും പ്രസംഗങ്ങരം ബ്രിട്ടീഷ് ഭരണത്തിന് എതിരായതുകൊണ്ട്, ജനങ്ങരംക്ക് നേതാക്കളുടെ അടുത്തുചെല്ലാൻ ഭയമായിരുന്നു.

ബ്രിട്ടീഷ് ഭരണത്തിൻെറ അന്ത്യമാവുമ്പോഴേക്ക് ജന്മി_കുടിയാൻ ബന്ധങ്ങരംക്ക് മാററം വരാൻ തുടങ്ങി. പാട്ടം കൊടുത്താലും, ജന്മിക്കിഷ്ടമില്ലെങ്കിൽ കുടിയൊഴിപ്പിക്കുന്ന രീതിക്കെതിരെ കർഷകർ പ്രതികരിക്കാൻ ആരംഭിച്ചു. ഇടതുപക്ഷ പ്രസ്ഥാനത്തിൻെറ ആശയങ്ങളും അവരുടെ മനസ്സിൽ കുറേശ്ശെ കടന്നുകൂടാൻ തുടങ്ങിയിരുന്നു. കിണാവല്ലൂർ മന്ദിരപ്പള്ളി അപ്പുകുഞ്ഞൻ നായരുടെ കുടിയാനായ ചിറക്കൽ സുബ്രഹ്മണ്യനും [illegible]മായപ്പനും കൂടി തങ്ങളുടെ കുടിയൊഴിപ്പിക്കലിനെപ്പററി ജന്മിയുടെ വീട്ടിൽ അന്വേഷിക്കാൻ ചെന്നത് അതിനൊരു ഉദാഹരണമാണ്. ഈ സംഭവത്തിൽ കുപിതനായ ജന്മി, കുടിയാന്മാരെ തൊഴുത്തിലെ കുററിയിൽ പിടിച്ചു കെട്ടുകയും അവരെ കഠിനമായി മർദ്ദിക്കുകയും കൂടാതെ വീട് കൈയ്യേററത്തിനു [illegible] കേസ് കൊടുത്തതുമൂലം സുബ്രഹ്മണ്യന് 7ദിവസത്തെ ജയിൽ ശിക്ഷയും ലഭിച്ചു.

ഇതുപോലെത്തന്നെ മറെറാരു കുടിയൊഴിപ്പിക്കൽ ശ്രമവും കിണാവല്ലൂരിൽ നടന്നിട്ടുണ്ട്. അതേക്കുറിച്ചു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്. ഒരു മുസ്ലീം വീട്ടുകാരെ കുടിയൊഴിപ്പിക്കാൻ ജന്മി പോലീസിനേയും കൂട്ടി ചെന്നു. അവർ, ആണുങ്ങളെയെല്ലാം അറസ്റ്റു ചെയ്ത് കൊണ്ടുപോകുകയോ, പേടിപ്പിച്ചോടിക്കുകയോ ചെയ്തു. തുടർന്ന് അകത്തേക്കു കടന്ന ജന്മിക്കും പോലീസിനും നേരെ കൊടുവാരം വീശി 'എന്നാ വരിനെടാ കുടിയൊഴിപ്പിക്കാൻ' എന്നാക്രോശിച്ചുകൊണ്ട് ഈററപ്പുലിയെപ്പോലെ, ഒരു ഉമ്മ അപ്പോരം പുറത്തേക്കു ചാടി. വെപ്രാളത്തിൽ അവരുടെ ഉടുവസ്ത്രം അഴിഞ്ഞുപോയി എന്നും, നാണം കെട്ട ജന്മിയും പോലീസും പിൻതിരിഞ്ഞ് ഓടിപ്പോയി എന്നുമാണ് ശേഷം കഥ. അവർ അറിയപ്പെട്ടത് 'ആണുമ്മ' എന്ന പേരിലായിരുന്നു.

മറെറാരു ഉജ്ജ്വലമായ കുടിയാൻ സമരത്തിനും പറളി സാക്ഷ്യം വഹിച്ചിട്ടുണ്ട്. 'കമ്പളങ്ങാ സമരം' എന്ന പേരിൽ പ്രസിദ്ധിയാർജ്ജിച്ച കണ്ണുതള്ളയുടെ സമരമാണത്. കണ്ണുതള്ള എന്ന കുടിയാൻ സ്ത്രീ, ജന്മിയുടെ വീട്ടിൽ ഒരു മരണം നടന്നപ്പോരം നാട്ടു നടപ്പനുസരിച്ച് കണ്ണോക്കിനു പോയി. ജന്മിക്ക് ഒരു വലിയ കുമ്പളങ്ങ കാഴ്ച വെച്ചു. കുടിയൊഴിയാൻ വിസമ്മതിച്ചിരുന്ന കണ്ണുതള്ളയോട്, വാസ്തവത്തിൽ, ജന്മിക്ക് നേരത്തെതന്നെ കടുത്ത വിരോധമുണ്ടായിരുന്നു. കോപാകുലനായ ജന്മി കുമ്പളങ്ങ എടുത്ത് അവരുടെ മുഖത്തെറിഞ്ഞു. അപമാനിതയായ ആ വൃദ്ധ കുമ്പളങ്ങയും ചുമന്ന്, നേരെ പാലക്കാട്ടേക്ക്, കുറച്ചു കൃഷിക്കാരുമായി ഒരു ജാഥയായി പോയി. അന്ന് ശ്രീ. എ. കെ. ഗോപാലൻ പാലക്കാട് എത്തുന്ന ദിവസമായിരുന്നു. അവർ ആ കുമ്പളങ്ങ AKGക്ക് സമ്മാനിച്ചു. ഇതെല്ലാം കമ്മ്യൂണിസ്റ്റു പാർട്ടിയുടെ വളർച്ചക്ക് ആക്കം കൂട്ടുന്ന സംഭവങ്ങരം കൂടി ആയിരുന്നു.

പറളിയിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ ഓടനൂർ കൊല്ലങ്കോട്ടുകളം കേശവൻ മേനോൻ പ്രമുഖ പങ്കു വഹിച്ചിട്ടുണ്ട്. ഫാസിസത്തിനു് എതിരെയുള്ള സമരങ്ങളിൽ, പോലീസിൻെറ കഠിന മർദ്ദനം ഏററയാളാണ് കേശവമേനോൻ. 1946ൽ രാജാജി മുഖ്യമന്ത്രിയായി അധികാരമേററപ്പോരം മദ്യ നിരോധനം നടപ്പിലാക്കി. ചെത്തു തൊഴിലാളികരംക്ക് തൊഴിൽ നഷ്ടപ്പെട്ടു. ചെത്ത് വേണമെന്നാവശ്യപ്പെട്ട് എടത്തറയിൽവെച്ച് വൈകാതെ തന്നെ യോഗം നടന്നു. ആദ്യമായി, 'ചുവപ്പു കൊടി നാട്ടി' നടന്ന യോഗമായിരുന്നു അത്.

1954_55 കാലത്ത് ഇവിടെ അതിരൂക്ഷമായ ഭക്ഷ്യ ക്ഷാമമുണ്ടായി. അതോടനുബന്ധിച്ച്, പൂഴ്ത്തിവെപ്പിനെതിരെ പാർട്ടി സംഘടിക്കുകയും പല ജന്മിമാരുടെയും കളം കുത്തിത്തുറന്ന് നെല്ല് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഏകദേശം ഇതേ കാലഘട്ടത്തിൽ തന്നെ, വസൂരിരോഗം പഞ്ചായത്തിലുടനീളം പടന്നു പിടിച്ചു. മരണമടഞ്ഞ ആളുകളുടെ ഉററവർ പോലും, ശവമെടുക്കാൻ മുതിരാതിരുന്ന ഒരു കാലമായിരുന്നു അത്. വീട്ടിനുള്ളിലെ ശവം മറവു ചെയ്യാൻ ആളെ കിട്ടാതെ, നായ്ക്കളും കുറുക്കന്മാരും വരെ അത് കൊത്തിവലിച്ച അതിദാരുണമായ സംഭവങ്ങരം നിരവധി ഉണ്ടായിട്ടുണ്ട്. ഇക്കാലത്ത് രോഗം ബാധിച്ചവരെ ശുശ്രൂഷിക്കാനും, മരിച്ചവരെ മറചെയ്യാനുമുള്ള പ്രവർത്തനങ്ങരംക്ക് പാർട്ടിപ്രവർത്തകർ മുൻകൈയ്യെടുത്തു പ്രവർത്തിച്ചത് സഹജീവി സ്നേഹത്തിൻെറ വിശിഷ്ടമായ ഒരദ്ധ്യായമായിരുന്നു. ശ്രീ. മാണിക്കൻനായർ. ശ്രീ. കെ. എ. രാമൻകുട്ടി തുടങ്ങിയവരുടെ പ്രവർത്തനങ്ങരം ഇവിടെ ഏറെ പ്രകീർത്തിക്കത്തക്കതാണ്. ഇത്തരം പ്രവർത്തനങ്ങരം ജനമനസ്സുകളിൽ ഇടതുപക്ഷ പ്രസ്ഥാനത്തോടുള്ള ആഭിമുഖ്യം വർദ്ധിപ്പിച്ചത് വളരെ സ്വാഭാവികമായിരുന്നു.

# 4
# സാംസ്കാരിക ചരിത്രം



സാംസ്കാരിക രംഗത്തും രാഷ്ട്രീയ രംഗത്തും തനതായ വ്യക്തി മുദ്രയൊന്നും അവകാശപ്പെടാനില്ലാത്ത ഒരു നിളാ ഗ്രാമമാണ് പറളി. സ്വാതന്ത്ര്യ സമര കാലയളവിലും പിന്നീടുണ്ടായ നവോത്ഥാന കാലഘട്ടത്തിലും മാററത്തിന്റെ വലിയ വെളിച്ചം ഉൾക്കൊള്ളാൻ പറളിക്ക കഴിഞ്ഞിട്ടുണ്ട്. ഇന്നലെയുടെ നൊമ്പരങ്ങളെ ഏററുവാങ്ങി, ഇന്നിന്റെ വേപഥുവിൽ നിന്ന് നല്ല നാളെയുടെ ഓളങ്ങളിലേക്ക് ഭാരതപ്പുഴയുടെ തീര ഗ്രാമം ഒരുങ്ങി നില്ക്കുന്നു.

1956 വരെ മദ്രാസ് സംസ്ഥാനത്തിന്റെ ഒരു ഭാഗമായ തെക്കേ മലബാറിലെ ഒരു പാലക്കാടൻ ഉൾഗ്രാമം. കരിമ്പന കൂട്ടങ്ങളും കല്ലടിക്കോടൻ മലയും പേരാറുമെല്ലാം ചേർന്ന് സമ്പന്നമാക്കിയ ഒരു കൃഷീവല ഗ്രാമം ഈ നൂററാണ്ടിന്റെ പൂർവ്വാർദ്ധം വരെ ആര്യമാലയും ഹരിചന്ദ്രനാടകവും പുറാട്ടുകളിയും കൊണ്ട് നിദ്രാവിഹീനങ്ങളാക്കിയ സാധാരണക്കാരന്റെ രാവുകൾ. സമ്പന്ന സവർണ്ണ നാടുവാഴികളാകട്ടെ കഥകളിയും മററുംകൊണ്ട് അവരുടെ രാത്രികളിൽ അരങ്ങുതകർത്തു. മേൽ പ്രസ്താവിച്ച സാധാരണക്കാരന്റെ വിനോദോപാധികൾ ഇന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. കൊടുങ്ങല്ലൂർ ഭഗവതിയെ പ്രതിഷ്ഠിച്ച അനേകം ചെറിയ കോവിലുകൾ പാലക്കാടൻ ഗ്രാമങ്ങളുടെ ഒരു പ്രത്യേകതയാണ് അവിടെ 'നല്ലമ്മപ്പാട്ട്' എന്ന നാടൻ പേരിൽ അറിയപ്പെടുന്ന കണ്ണകി കോവിലന്മാരുടെ കഥയെ അടിസ്ഥാനമാക്കിയുള്ള കോവിലൻ ചരിതം. ഭഗവതി പാട്ടുരൂപത്തിൽ ഉത്സവ

മായി നടത്തുന്നരീതി ഇന്നും നിലനില്ക്കുന്നു. സപ്പ്കാവുകളിലെ കളംപാട്ടും കളമെഴുത്തും ഇന്നും ഇവിടങ്ങളിൽ നടത്തുന്നുണ്ട്. പറളിത്തനിമ എന്ന് അവകാശപ്പെടാവുന്ന ഒരു കളിയാണ് കാവുവേലകൾക്ക് കെട്ടി നടക്കുന്ന 'പറയപൂതം' ആദിവാസി വാദ്യോപകരണമായ ഡോലക്കും ഇലത്താളവും ആണ് പൂതത്തിന് അകമ്പടി. ചെണ്ടയുടെ താളത്തിനനുസരിച്ച് വേഷം കെട്ടിയ ബാലൻ നൃത്തം ചവിട്ടുന്നു പറയ ജാതിക്കാരാണ് ഈ നൃത്തരൂപം, വേല പൂരാദികൾക്ക് അവതരിപ്പിക്കുന്നത്. ഇതിന് ചേരി കെട്ടൽ എന്നു പറയുന്നു

## ഇന്നലെയുടെ തിരിച്ചറിവുകൾ

### 1) അരുതായ്മകൾ :

ഇരുപതാം നൂററാണ്ടിന്റെ ആദ്യദശകങ്ങൾ ജന്മിത്വം, നാടുവാഴി ദുഷ്പ്രഭുത്വം തുടങ്ങിയവ ഇവിടെ കൊടികുത്തിവാണു. അവർണ്ണന് വീട്ടിൽ അയിത്തം, വഴിയിൽ അയിത്തം, അമ്പലങ്ങൾ സവർണ്ണർക്കുമാത്രം, പൊതുവഴിയിൽ നടന്നുകൂടാ. ഓടിട്ടവീടുണ്ടാക്കികൂടാ, മുണ്ട് മടക്കികുത്തി നടന്നുകൂടാ. ഷർട്ടുകൾ, ശീലക്കുടകൾ, ചെരിപ്പുകൾ എല്ലാം സവർണ്ണർക്ക്.

### 2) ഇന്നലെയുടെ വസ്ത്രം

1950 കൾ വരെ വസ്ത്രധാരണത്തിലും വിലക്കുകൾ നിലവിലിരുന്നു. ഹരിജൻ സ്ത്രീകൾ കച്ചതോർത്തുകൊണ്ടു മുട്ടുവരെ ഇറക്കത്തിൽമാത്രമെ മുണ്ടുടക്കാവൂ. വെറും തോർത്തുകൊണ്ടുപോലും മാറുമറച്ചുകൂടാ. അവർണ്ണജാതി സ്ത്രീകൾക്ക് മല്ലു മുണ്ടും നേരിയതും ഉപയോഗിക്കാം. പക്ഷെ ബ്ലൗസ് ധരിച്ചുകൂടാ. നായർ സ്ത്രീകൾ ഒന്നരയും റൌക്കയും ധരിച്ചിരുന്നു. ഹരിജൻ പുരുഷന്റെ വേഷം മുട്ടററമെത്തുന്ന തോർത്തുമാത്രം. മററു ജാതിക്കാർ മുണ്ടും തോർത്തും സാധാരണ വസ്ത്രമായി ഉപയോഗിച്ച് പിന്നോക്ക ജാതിക്കാർ കറുത്ത മുണ്ടാണ് ഉടുത്തിരുന്നത്. നായർ തുടങ്ങിയ ഉയർന്ന ജാതിക്കാരാകട്ടെ മുണ്ടും കുപ്പായവും കസവു മേൽമുണ്ടും ഉപയോഗിച്ചു. കാലപ്രവാഹത്തിൽ വസ്ത്രധാരണ സമ്പ്രദായം തന്നെ കീഴ്മേൽമറിഞ്ഞു. വസ്ത്രധാരണ രീതിയിൽ സങ്കല്പത്തിൽ ഇന്ന് എന്തെല്ലാം എന്തെല്ലാം ഇന്നത്തെ ഫാഷനുകൾ?!

### 3) പഴയ ഭക്ഷണം

ഇനി നമുക്ക് പഴയ ഭക്ഷണരീതികളിലേക്കു കടക്കാം. കാലത്തെഴുന്നേല്ക്കുമ്പോൾ ഉമിക്കരിയോ വേപ്പിൻകമ്പോകൊണ്ട് പല്ലുതേപ്പ്. പിന്നെ ഓരോലകിണ്ണം വെള്ളച്ചോർ (പഴ്സ്ഞ്ചോറ്) കൂട്ടിനു ഒരല്പി ചുവന്നുള്ളിയും, ഒരു ചുട്ടമുളകും ഉച്ചക്ക് ഒരു പാണ്ടി കിണ്ണം നിറയെ തവളകണ്ണന്റെ കൈകുത്തരിച്ചോറ്, മത്തനോ കുമ്പളങ്ങയോ മററോ കൊണ്ടുണ്ടാക്കിയ കറി ഒഴിച്ചുകൂട്ടാൻ. പിന്നെ വൈകുന്നേരം അത്താഴം. ഏറെ കറികളില്ലാതെ തന്നെ ഇതാണ് സാധാരണ കുടുംബത്തിലെ ഭക്ഷണ രീതി ഇന്നോ!?

### 4) പഴഞ്ചൻ വിദ്യാഭ്യാസം

ഇനി പണ്ടത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിലേക്കു ഒന്നു കണ്ണോടിക്കാം. ഓരോ ദേശത്തും ഓരോ കളരിപ്പണിക്കർ കുടുംബം അവരാണ് ആ പ്രദേശത്തെ ഗുരുനാഥൻമാർ. ഓലയും എഴുത്താണിയുമായി കുട്ടികൾ ഗുരുനാഥന്മാരുടെ വീട്ടിലേക്കു പോവും. മണലിൽ വിരൽകൊണ്ട് എഴുതിച്ച് കുട്ടികളെ ഗുരുക്കന്മാർ അക്ഷരങ്ങൾ പഠിപ്പിക്കും, അക്ഷരം പഠിച്ചുകഴി

ഞാൽ അമരകോശം തുടങ്ങിയ സംസ്കൃത വ്യാകരണ ഗ്രന്ഥങ്ങളാണ് പഠിപ്പിക്കുക. പിന്നീട് പുരാണങ്ങളും മഹാകാവ്യങ്ങളും. വെള്ളക്കാരുടെ വിദ്യാഭ്യാസം പ്രചാരമാവുന്നതുവരെ ഇതായിരുന്നു ഒരു ഗ്രാമത്തിന്റെ വിദ്യാഭ്യാസ രീതി. പറളിയിലും ഇതുതന്നെയായിരുന്നു അവസ്ഥ: നാടിനെയറിഞ്ഞ് നമ്മെയറിഞ്ഞു കൊണ്ടുള്ള വിദ്യാഭ്യാസ സമ്പ്രദായം. വൈദേശികാധിപത്യം ആ സമ്പ്രദായത്തിലും കത്തിവെച്ചു. അക്കാലത്തും അയിത്തക്കാരന് വിദ്യാഭ്യാസം നേടുന്നതിൽ അയിത്തം കല്പിച്ചിരുന്നു.

## 5) നൂറ്റാണ്ടുകളുടെ ചികിൽസ

ആധുനിക ധനികൻ മൂക്കുവിയർക്കുമ്പോഴേക്ക് സ്പെഷലിസ്റ്റിനെ കണ്ട് ഇല്ലാത്ത രോഗത്തെ യന്ത്രസഹായത്തോടെ ആയിരങ്ങൾ മുടക്കി ഡയഗ്നോസിസ് ചെയ്യുകയാണല്ലോ ഇന്ന്. എന്നാൽ അലോപ്പതി വൈദ്യം നമ്മുടെ യിടയിലേക്ക് നുഴഞ്ഞു കയറുന്നതിനു മുമ്പ് രോഗങ്ങളുടെ വൈദ്യൻ രോഗി തന്നെയായിരുന്നു. തന്റെ വീട്ടിലെ മുറ്റത്തും വേലിപ്പടർപ്പിലും അവൻ തന്റെ രോഗങ്ങൾക്ക് മരുന്നു കണ്ടെത്തിയിരുന്നു പല പച്ചമരുന്നുകളുടെയും ഔഷധഗുണം അവനറിയാമായിരുന്നു. പ്രകൃതി ചികിത്സയും നാട്ടുവൈദ്യവും അവൻ സ്വായത്തമാക്കിയിരുന്നു. പാർശ്വഫല (Side effect) ങ്ങളില്ലാത്ത ആയുർവ്വേദ മരുന്നുകളും ചികിത്സാ സമ്പ്രദായങ്ങളും ഇതര കൈരളീഗ്രാമങ്ങളിലുള്ളതുപോലെ പറളിയിലും ഉണ്ടായിരുന്നു. ഉഴിച്ചിലും പിഴിച്ചിലും നവരക്കിഴിയും പണ്ടത്തെ മനുഷ്യനെ ആരോഗ്യദൃഢഗാത്രനാക്കിയിരുന്നു. ആയുർവേദ വൈദ്യരംഗത്ത് ഒട്ടേറെ പ്രശസ്തരായ വ്യക്തികൾ പറളിയിലുണ്ടായിലുണ്ടായിരുന്നു. തേനൂർ മേലേതിൽ രാമൻകുട്ടി വൈദ്യർ, നാരായണ വൈദ്യർ എന്നിവരുടെ പേരുകൾ സ്മരണീയങ്ങളാണ്. കുട്ടികൾക്കുണ്ടാകുന്ന രോഗങ്ങൾക്ക് പൂപ്പുള്ളി പ്രസിദ്ധിയാർജ്ജിച്ചിരുന്നു.

ഇന്ന് അലോപ്പതി വൈദ്യരംഗം പുരോഗതിയുടെ അത്യുന്നത ശൃംഗത്തിലെത്തി നില്ക്കുമ്പോൾ നാം അതിൽ മനം മടുത്ത് 'പ്രകൃതിയിലേക്ക് മടങ്ങുക' എന്ന മുദ്രാവാക്യവുമായി പിന്നോട്ടു തിരിയാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

## 6. പണ്ടത്തെ കല്യാണം

പണ്ടത്തെ പെണ്ണിനു രണ്ടുകല്യാണമുണ്ടായിരുന്നു. ഒന്ന് കെട്ടുകല്യാണം രണ്ടാമത്തേത് യഥാർത്ഥ വിവാഹം. പെൺകുട്ടി ഋതുമതിയായി ഏഴാം കുളിക്ക് ഒരുങ്ങിവരുമ്പോൾ മുറച്ചെറുക്കൻ പെണ്ണിന്റെ കഴുത്തിൽ താലികെട്ടുന്നു. അതു തിരണ്ടുകല്യാണം അഥവാ കെട്ടുകല്യാണം. പിന്നീട് അവനെത്തന്നെ അവൾക്ക് ഭർത്താവായി സ്വീകരിക്കണമെന്നില്ല. പ്രായപൂർത്തിയാവുന്നതിനു മുമ്പുതന്നെ കല്യാണം നടത്തിക്കുന്ന പതിവ് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിൽ ഉണ്ടായിരുന്നു. ഓരോ ജാതിക്കും വെവ്വേറെ വിവാഹചടങ്ങുകൾ നിലനിന്നിരുന്നു. നിലവിളക്കിന്റെയും നിറപറയുടെയും മുന്നിൽവെച്ച് നാലാൾ കാൺകെ പുടവ കൊടുത്താൽ കല്യാണമായി. താലികെട്ടി മാലയിട്ട് കൊട്ടും കുരവയുമായി കല്യാണം നടത്തുന്ന സമുദായക്കാരും അന്നുണ്ടായിരുന്നു.

അവശ ജാതിക്കാർക്ക് ഇത്തരത്തിലുള്ള വിവാഹ രീതി നിഷിദ്ധമായിരുന്നു. കല്ലുമാല പെണ്ണിനെ അണിയിച്ച് ചെറുക്കന്റെ വീട്ടിലേക്ക് കൂട്ടികൊണ്ടുവരിക എന്ന ചടങ്ങു മാത്രമാണ് പണ്ടുണ്ടായിരുന്നത്. ഇന്ന് ആ രീതികെല്ലാം

മാററം വന്നിരിക്കുന്നു. വിവാഹ ചടങ്ങുകളെല്ലാം ഏതാണ്ട് ഒരുപോലെയായിരിക്കുന്നു.

## 7) സ്ത്രീധന സമ്പ്രദായം

ഈ നൂററാണ്ടിന്റെ ആരംഭത്തിൽ പോലും സ്ത്രീധന സമ്പ്രദായം നിലവിലില്ലായിരുന്നു, പുരുഷധന സമ്പ്രദായമാണ് ഉണ്ടായിരുന്നത്. പെണ്ണിന്റെ കഴുത്തിൽ മിന്നുകെട്ടിയാൽ പുരുഷൻ പെണ്ണിന്റെ അമ്മക്ക് മുണ്ടും മുണ്ടിന്റെയുള്ളിൽ വെററിലയിൽ പണവുംവെച്ച് അമ്മായിയമ്മയുടെ കാലുപിടിക്കണം. പണം പുരുഷന്റെ കഴിവിനനുസരിച്ചാകാം. നാലു പണമാകാം, പതിനാറു പണമാകാം, അതിലധികവും ആവാം. ഈ രീതിക്കു പകരം ഇന്നലെകളിൽ എവിടെനിന്നോ സ്ത്രീധനം കടന്നു. ഇന്ന് ധനം മാത്രമല്ല പൊന്നും, പൊന്നുമാത്രമല്ല കാറും, വീടും, കൊടുക്കുവാൻ കഴിയണം കഴിയാത്തവക്ക് ഡോക്ടർവരനെ കിട്ടില്ല. എഞ്ചിനീയർ വരനെ കിട്ടില്ല. എക്സിക്യൂട്ടീവ് വരനെ കിട്ടില്ല. സാദാ ഗൃഹസ്ഥനെപ്പോലും കിട്ടിയെന്നു വരില്ല. പെണ്ണു നരച്ചു കുരച്ച് അകത്തളത്തിലെവിടെയോ ശിഷ്ട ജീവിതം തുലക്കണം.

കടം പറഞ്ഞു കല്യാണം കഴിച്ചുവിട്ടാൽ പെട്രോൾ, പാചകഗ്യാസ്, പ്ളാസ്റ്റിക് കയർ തുടങ്ങിയവക്ക് ഇരയാകും അവർ. അത് പറളിയിലായാലും കേരളത്തിലെവിടെയായാലും മാററമില്ല. ഈ ദുസ്ഥിതിക്കു അറുതി വരുത്താൻ ഒരു നിയോഗം ഉണ്ടായേ തീരൂ.

## 8) വെളിച്ചപുരാണം

ശ്രീമാൻ രാമനുണ്ണിനായർ പഞ്ചായത്തു പ്രസിഡണ്ടായിരുന്ന കാലത്ത് പ്രധാന പാതയിൽ വിളക്കു വന്നു. മരക്കാലിന്റെ മുകളിലുള്ള കണ്ണാടിക്കൂട്ടിനകത്ത് മണ്ണെണ്ണ വിളക്ക് അതായിരുന്നു പണ്ടത്തെ പാതവിളക്ക് ഇവ ഇപ്പോഴത്തെ പറളി പഴയ അങ്ങാടി മുതൽ എടത്തറ കുമാർ ഇൻഡസ്ട്രീസുവരെ സ്ഥാപിച്ചിരുന്നു. 1954 ലാണ് ആധുനിക വെളിച്ചം –കറണ്ട്– പറളിയിലെത്തുന്നത്. പാലക്കാട്ടുനിന്നു വന്ന കരണ്ടുകമ്പികൾ പറളി തീവണ്ടിയാപ്പീസുവരെ ചെന്നു നിന്നു. അങ്ങിനെ പുത്തൻ വെളിച്ചം പറളിക്കാരുടെ പുറം കണ്ണ് തുറപ്പിച്ചു.

## 9) വാഹന ചരിത്രം

പണ്ടത്തെ പാലക്കാട്–ഷൊർണ്ണൂർ റോഡിന്റെ സ്ഥിതി അതീവ രസാവഹമാണ്. വേനൽ കാലത്ത് റോഡിൽ മെററൽ പാകി അതിനുമീതെ മണ്ണിട്ട് ഇന്നത്തെ റോഡ് റോളറിനു പകരം വലിയ ചക്രകല്ലുകൾ തൊഴിലാളികളെകൊണ്ട് വലിപ്പിച്ചാണ് കരിങ്കൽ കഷ്ണങ്ങളെ അമർത്തി ഒതുക്കിയിരുന്നത്. ഒരു മഴക്കാലം കടന്നുപോകുമ്പോൾ പാത പഴയപടി കുണ്ടും കുഴിയുമായി തീരുന്നു. ഈ നിരത്തിലൂടെ ആദ്യമായി ബസ്സോടിച്ചത് തേന്നൂർ കുന്നശ്ശേരി വേലായുധൻ എഴുത്തശ്ശനായിരുന്നു. എട്ടാൾക്ക് ഇരിക്കാവുന്ന ബസ്സ് പിന്നീട് ഈ റൂട്ടിൽ **SRJM** എന്ന പേരിൽ 4 ബസ്സുകൾ കൂടി വന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത് പെട്രോൾ ക്ഷാമമുണ്ടായി അപ്പോൾ വിറകു ഉപയോഗിച്ചാണ് ബസ്സോടിച്ചത്. അന്നത്തെ ബസ്സിന്റെ ബോഡിയും സീററുകളുടെ നിർമ്മാണരീതിയും ഇന്നത്തേതിൽ എത്ര വ്യത്യസ്ഥമായിരുന്നു.

## 10) ക്ഷേത്രപ്രവേശനം

പ്രമുഖ ക്ഷേത്രങ്ങളുടെ മുൻവശത്ത് പണ്ടൊരു ബോർഡുണ്ടായിരുന്നു. പ്രവേശനം സവർണ്ണർക്കു മാത്രം. മലബാറിൽ 1948വരെ അവർണ്ണർക്കു ക്ഷേത്രപ്രവേശനം അനുവദനീയമല്ലായിരുന്നു. സ്വാതന്ത്ര്യാന

ന്തരമുള്ള ഗവർമെൻറ് പുറപ്പെടുവിച്ച നിയമം വഴിയാണ് അവശ ജാതിക്കാർക്ക് ക്ഷേത്രപ്രവേശനാധികാരം ലഭിച്ചത്.

1950കളിൽ പഞ്ചായത്തിലെ പ്രധാന ക്ഷേത്രങ്ങളിലെ അകത്തളങ്ങളിലേക്ക് ഉയന്ന ജാതിക്കാരോടൊപ്പം താണ ജാതിക്കാരും പ്രവേശിക്കുവാൻ തുടങ്ങി. ഇക്കാലത്ത് ഇവിടെ ഇടതുപക്ഷം പ്രസ്ഥാനം ശക്തി പ്രാപിക്കുവാൻ തുടങ്ങിയിരുന്നു. ശ്രീ നാരായണ തത്വങ്ങളും ക്ഷേത്രപ്രവേശന നിയമങ്ങളും സാധാരണ ജനഹൃദയങ്ങളിലേക്കു കടന്നുചെന്നതാണ് മാററത്തിനു കളമൊരുക്കിയത്. ആയതിനാൽ ഒരു ഭാഗത്തുനിന്നും കാര്യമായ എതിപ്പൊന്നും ഈ രംഗത്തുണ്ടായില്ല. പിന്നീട് ക്ഷേത്രങ്ങളുടെ നടത്തിപ്പും ഉത്സവങ്ങളുടെ നേതൃത്വവും ഭൂരിപക്ഷ ജനവിഭാഗങ്ങളുടെ കൈകളിൽഎത്തി. എങ്കിലും മനക്കമ്പാട് മാരിയമ്മൻ കോവിലിൽ പിന്നോക്ക ജാതിക്കാർ പ്രവേശിക്കാൻ മുതിർന്നപ്പോൾ ക്ഷേത്രഭാരവാഹികൾ കോവിൽ അടച്ചിട്ടു, ഇതിൽ കുപിതരായ ജനങ്ങൾ ക്ഷേത്രകവാടം കുത്തിത്തുറന്ന് അകത്തു പ്രവേശിച്ചു. അന്ന് ഇതൊരു വലിയ സംഭവമായിരുന്നു.



# 5

# ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി.



സഹ്യ പർവ്വതത്തിൻെറ ഒരു ഭാഗമായ കല്ലടിക്കോടൻമല. അതിൻെറ ഖണ്ഡങ്ങളായ അയ്യർമല, വള്ളിക്കോടൻമല. ഈ ഖണ്ഡമല കളിൽ നിന്നു് തെക്കോട്ടു ചരിഞ്ഞു കിടക്കുന്നു, പറളി. അടുപ്പിൻെറ മൂന്നു മുഴകളെ പ്പോലെ കാണപ്പെടുന്ന അടുപ്പൂട്ടിമലകളെ ബന്ധിപ്പിച്ച് മലമ്പുഴ അണക്കെട്ട്. അത് കൽപാത്തിപ്പുഴ യുടെ ആരംഭത്തിലാണ്. അടുപ്പൂട്ടിമല ആന മലയുടെ ഒരു ഭാഗമാണല്ലോ. ആനമലയിൽ നിന്നുത്ഭവിച്ച് കൽപാത്തിപ്പുഴയും കണ്ണാടി പ്പുഴയും പറളിയുടെ ഹൃദയഭാഗത്തു വെച്ച് ഒന്നായി ച്ചേരുന്നു. ഒരു ഭാഗത്ത് മലനിരകൾ, എതിർ ഭാഗത്ത് ഭാരതപ്പുഴ, ഇടയ്ക്ക് ഹരിതാഭയാന്ന വയ ലേലകൾ. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച മനോ ഹര ഭൂപ്രദേശം. കണ്ണാടിപ്പുഴയുടേയും കല് പാത്തിപ്പുഴയുടേയും ഇടയ്ക്ക് എടത്തറ അംശം കല്പാത്തിപ്പുഴയുടെ വടക്ക് കമ്പയും, മനക്ക മ്പാടം. മലനിരകളുടെ തെക്ക് കിണാവല്ലൂരും, തേനൂരും. ഭാരതപ്പുഴയുടെ തെക്കേ ഓരത്ത് ഓട നൂരും സ്ഥിതി ചെയ്യുന്നു. കല്പാത്തിപ്പുഴയുടെ അരികിൽ പറളി റെയിൽവേ സ്റ്റേഷൻ. കല് പാത്തിപ്പുഴയെ മുറിച്ചു കൊണ്ട് പാലക്കാട്- ഷൊർണ്ണൂർ സ്റ്റേററ് ഹൈവെ കടന്നുപോകുന്നു.

## ഭൂപ്രകൃതിയനുസരിച്ച് പറളിയെ ആറു ഭുവിഭാഗങ്ങളായി തരം തിരിക്കാം :

1. മലംപ്രദേശം
2. കുന്നിൻപ്രദേശം
3. താഴ്വര

4. സമതലം
5. ഉയന്ന സമതലം
6. പാറകൾ

## 1. മലമ്പ്രദേശം:-

അയ്യർമല മുതൽ വള്ളിക്കോടൻ മല വരെയുള്ള പ്രദേശങ്ങളാണ് മലമ്പ്രദേശങ്ങൾ. ഇവിടെ 133 ഹെക്ടർ നിക്ഷിപ്ത വന ഭൂമിയാണ്. തേക്ക്, മരുത്, തുടങ്ങിയ മരങ്ങൾ ഇവിടെ സമൃദ്ധിയായി വളരുന്നു. മല പതിച്ചു കിട്ടിയ ഭാഗത്ത് സ്വകാര്യ വ്യക്തികൾ വൻതോതിൽ റബ്ബർ കൃഷിയും ചെയ്തിട്ടുണ്ട്. മയിൽ, കുരങ്ങ്, മുയൽ, കാട്ടുപന്നി തുടങ്ങിയവ മലയിൽ ധാരാളമുണ്ട്.

## 2. കുന്നിൻപ്രദേശം:-

തേന്നൂർ, കിണാവല്ലൂർ, ഓടനൂർ എന്നീ അംശങ്ങളുടെ ചില ഭാഗങ്ങൾ കുന്നിൻ പ്രദേശങ്ങളാണ്. തേന്നൂരിലെ താരക്കുന്ന്, കിണാവല്ലൂരിലെ കുണ്ടുകാട്, വഴക്കപ്പാറ, ഓടനൂർ കുന്നുകൾ തുടങ്ങിയവ ഉയരക്കൂടുതലുള്ള പ്രദേശങ്ങളാണ്. ചരൽ നിറഞ്ഞ മണ്ണാണ് ഇവിടെ കാണപ്പെടുന്നത്. നെൽകൃഷിക്ക് അനുയോജ്യമല്ല. കുറേ ഭാഗങ്ങൾതരിശായി കിടക്കുന്നു. ചിലയിടങ്ങളിൽ റബ്ബർ കൃഷി തുടങ്ങിയിട്ടുണ്ട്.

## 3. താഴ്‌വരകൾ:-

മലകളുടെ താഴ്‌വരകൾ ഫലഭൂയിഷ്ഠമാണ്. നെല്ലും വാഴയും തെങ്ങും സമൃദ്ധിയായി വളരുന്നു. പ്രത്യേകിച്ചും അയ്യർമലയുടെ താഴ്‌വരകളിൽ എന്നും നീരുറവയുള്ള പ്രദേശങ്ങളും ഇവിടെയുണ്ട്. പച്ചക്കറി തോട്ടങ്ങൾ ഇവിടെ എക്കാലത്തും കാണാം.

## 4. സമതലം:-

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായ സമതലങ്ങൾ ചിതറി കിടക്കുന്നു. നെല്ലാണ് പ്രധാന കൃഷി. കളിമണ്ണുള്ള പാടശേഖരങ്ങൾ പുഴയോരങ്ങളിൽ കാണപ്പെടുന്നു. പശിമരാശിയായഎക്കൽമണ്ണ് മാറുസമതലങ്ങളിൽ കാണാം. നീർവാർച്ചയുള്ള ഈ പ്രദേശങ്ങളിലെ മുഖ്യ കൃഷി നെല്ലുതന്നെ. എന്നാൽ ഈയിടെയായി ഇവിടങ്ങളിൽ നേന്ത്രവാഴ കൃഷി വ്യാപകമായിരിക്കുന്നു.

## 5. ഉയർന്ന സമതലം

നെൽവയലുകളിൽ നിന്ന് ഉയന്ന് നില്ക്കുന്ന പറമ്പുകളെയാണ് ഉയന്ന സമതലം എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. പുരയിടങ്ങളായും റബ്ബർ തെങ്ങ് തോട്ടങ്ങളായും ഉയന്ന സമതലം വിനിയോഗിക്കപ്പെട്ടിരിക്കുന്നു. മാവ്, പ്ലാവ്, പുളി, തുടങ്ങിയ ഫലവൃക്ഷങ്ങൾ ഇവിടങ്ങളിൽ സുലഭമായി ക്കാണാം. ജനങ്ങൾ തിങ്ങിപ്പാർക്കുന്നത് ഉയന്ന സമതലങ്ങളിലാണ്.

## 6. പാറകൾ

പാറക്കൂട്ടങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണപ്പെടുന്നു. ഇവയിൽ മിക്കതും ക്വാറികളായിരുന്നു. എന്നാൽ ഇന്ന് അവസ്ഥക്ക് മാററം വന്നിട്ടുണ്ട്. കുന്നൻപാറ മാത്രം പോറലേല്ക്കാതെ നിലനില്ക്കുന്നു.

# ജനപ്രകൃതി

1981ലെ കാനേഷുമാരി പ്രകാരം പറളിയിലെ മൊത്തം ജനസംഖ്യ 26529ആയിരിരുന്നു. 1991 ആയപ്പോഴേക്ക് ജനങ്ങൾ 29640 ആയി ഉയന്നു. വർദ്ധന 3111 എണ്ണം വദ്ധന 10.49%

## 1991ലെ [സെൻസസ് –] വില്ലേജ് തിരിച്ചു കണക്കുകൾ താഴെ കൊടുക്കുന്നു

| വില്ലേജ് | ആൾ താമസമുള്ള വീടുകൾ | കുടുംബങ്ങൾ | ജനസംഖ്യ | | | പട്ടികജാതി | | പട്ടികവർഗ്ഗം | | സാക്ഷരർ | |
|---|---|---|---|---|---|---|---|---|---|---|---|
| | | | പു | സ്ത്രീ | ആകെ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ |
| പറളി I | 2756 | 2832 | 7285 | 7614 | 14899 | 1656 | 1684 | 1 | – | 5511 | 4902 |
| പറളി II | 2861 | 2863 | 7240 | 7501 | 14741 | 1428 | 1505 | - | – | 5637 | 4915 |
| ആകെ | 5617 | 5695 | 14525 | 15115 | 29640 | 3084 | 3189 | 1 | – | 11148 | 9817 |

# പുഴകളെ കുറിച്ചുള്ള വിവരങ്ങൾ

| നമ്പ്ര്. | പേരു് | വാർഡു് | വില്ലേജ് |
|---|---|---|---|
| 1 | കല്പാത്തിപ്പുഴ | 4, 5, 6, 7, 8 | കിണാവല്ലൂർ, എടത്തറ |
| 2 | കണ്ണാടിപ്പുഴ | 9, 10 | എടത്തറ, ഓടനൂർ |
| 3 | ഭാരതപ്പുഴ | 1, 4, 10 | തേനൂർ, പറളി, ഓടനൂർ |

# തോടുകളെ സംബന്ധിച്ച വിവരങ്ങൾ

| നമ്പ്ര് | പേരു് | വാർഡു് | വില്ലേജ് |
|---|---|---|---|
| 1 | വള്ളിയാലം തോടു് | 2, 3 | തേനൂർ |
| 2 | ആറുപുഴതോടു് | 6, 11 | കമ്പ, മനക്കമ്പാടു് |
| 3 | കരിംകുളങ്ങരതോടു് | 4, 5, 11 | കിണാവല്ലൂർ |

70 ശതമാനം അഭ്യസ്തവിദ്യരുള്ള ഒരു പഞ്ചായത്താണ് പറളി. അതുകൊണ്ടുതന്നെ് തൊഴിൽ രഹിതരുടെ എണ്ണവും വളരെക്കൂടുതലാണ്. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർ അയൽ സംസ്ഥാനങ്ങളിലേക്കോ വിദേശങ്ങളിലേക്കോ തൊഴിൽത്തേടിപ്പോകുന്നു.

നെല്ലാണ് പ്രധാനഉൽപന്നം. കാർഷിക മേഖലയിലെ മുരടിപ്പ് നാമമാത്രകർഷകനേയും കർഷകത്തൊഴിലാളിയേയും ആ രംഗത്തു നിന്ന് വിടപറയാൻ പ്രേരിപ്പിക്കുന്നതിനു് ആക്കം കൂട്ടിയിരിക്കുന്നു. പരമ്പരാഗത വ്യവസായങ്ങളായ മൺപാത്ര നിർമ്മാണം, കുട്ട, പരമ്പ്, പായനെയ്ത്ത് തുടങ്ങിയവ അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യവും വില്പനക്കുറവും നിമിത്തം ശോഷിച്ചു പോയിരിക്കുന്നു. പട്ടുക്കുട നിർമ്മാണം പണ്ട് ഇവിടത്തെ ഒരു വിഭാഗം ജനങ്ങളുടെ കൈത്തൊഴിലായിരുന്നു. അത് ഇന്ന് നാമാവശേഷമായി. പ്ലാസ്റ്റിക്, അലുമിനിയം, തുടങ്ങിയവ ഉപയോഗിച്ചുള്ള പാത്രനിർമ്മാണം മൺപാത്രനിർമ്മാണത്തെ തകർത്തു കളഞ്ഞു.

തൊഴിലില്ലാത്ത ഇടത്തരക്കാർ ജീവിക്കാൻ പരക്കംപായുന്ന കാഴ്ച എങ്ങും കാണാം. ഇത്തരക്കാരുടെ ജീവിതോപാധികളാണ് ടൈലറിംഗ്, സെയിൽസ്മാൻ, സെയിൽസ്ഗേൾ തുടങ്ങിയ ജോലികൾ.

സ്വാതന്ത്ര്യത്തിനുമുമ്പ് ജാതിപരമായ അസമത്വങ്ങൾ നില നിന്നിരുന്നു. നവോത്ഥാന കാലഘട്ടത്തിൽ അതിനു് കാതലായ മാററം വന്നു. ഇടതുപക്ഷ പ്രസ്ഥാനത്തിൻെറ മുന്നേററവും പുത്തനാശയങ്ങളുടെ പ്രചാരണവും ഉച്ചനീചത്വങ്ങളുടെ കടപുഴക്കി. അങ്ങിനെ ഒരു മതനിരപേക്ഷ സംസ്കാരം പറളിയിലും ഉടലെടുത്തു.

## ജലപ്രകൃതി

ജല സമ്പത്തുകൊണ്ട് അനുഗ്രഹീതമാണ് പറളി 3 പുഴകൾ, 3 തോടുകൾ, 300 ൽ പരം കുളങ്ങൾ, എന്നും വററാത്ത നീരുറവകൾ ഇതെല്ലാം അടങ്ങിയ ഒരു പഞ്ചായത്താണ് നമ്മുടെത്. വർഷത്തിൽ ശരാശരി 291 സെൻറീ മീററർ മഴ ഇവിടെലഭിക്കുന്നു. മൺസൂൺ കാലത്താണ് കൂടുതൽ മഴ ലഭിക്കുന്നത്. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ തീരെ മഴ പെയ്യാറില്ല, കഴിഞ്ഞ ഏതാനും വർഷങ്ങളായി വേനൽക്കാലത്ത് അത്യുഷ്ണം അനുഭവപ്പെടുന്നു.

ധാരാളം കിണറുകളും കുളങ്ങളും പുഴകളും ഉള്ള പ്രദേശമാണ് പാറളിയെങ്കിലും വേനൽ കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണ്. പഞ്ചായത്തിൻെറ ഉയന്ന പ്രദേശങ്ങളിലാണ് വെള്ളക്ഷാമം കൂടുതൽ അനുഭവപ്പെടുന്നത്. മാർച്ച് ഏപ്രിൽ, മേയ് മാസങ്ങളിലാണ് ജലക്ഷാമം നേരിടുന്നത്. വേനൽക്കാലത്ത് പുഴകൾ വററി വരളുന്നു. മററു ജലാശയങ്ങളുടെ ജലനിരപ്പും വളരെ താണുപോകുന്നു. മണൽവാരൽ പുഴയുടെ ആഴം കൂട്ടിയതു നിമിത്തം പുഴയോര പ്രദേശങ്ങളിലെ കിണറുകളിലെ ജലനിരപ്പ് വളരെ താണു പോയിരിക്കുന്നു. ഏതാനും വർഷങ്ങൾക്കു മുമ്പ് 'പുരുളി ബ്രിഡ്ജി'നു താഴെ മണൽ ചാക്കുകൾകൊണ്ട് ഒരു താല്ക്കാലിക തടയണ നിർമ്മിക്കുകയുണ്ടായി. ആ വേനൽക്കാലങ്ങളിൽ സമീപ പ്രദേശങ്ങളിലെ കിണറുകളിലെ ജലനിരപ്പ് കാര്യമായി താഴുകയുണ്ടായില്ല. അന്നു മുതൽ പറളിക്കാർക്ക് ഒരു സ്ഥിരം തടയണ ഒരു സ്വപ്നമായിരുന്നു. ആ സ്വപ്നം സാക്ഷാൽകരിക്കപ്പെടാൻ പോകുന്നു. പഴയ പാലത്തിന്നു ചുവടെ ഒരു സ്ഥിരം തടയണ നിർമ്മിക്കാൻ എം. പി. ഫണ്ടിൽ നിന്നു് പണം നൽകാമെന്ന് സ്ഥലം എം. പി. ശ്രീ. N. N. കൃഷ്ണദാസ് പഞ്ചായത്ത് അധികൃതരെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. പറളിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഒരു പരിധിവരെ ഇതുപകരിക്കും.

★

# 5.1

# കൃഷിയും ജലസേചനവും



## കാർഷിക ചരിത്രം

കേരളത്തിന്റെ നെല്ലറയാണല്ലോ പാലക്കാട് ജില്ല. പണ്ടുമുതല്ക്കേ നെല്ലുല്പാദന രംഗത്ത് അദ്വിതീയമായ ഒരു സ്ഥാനം പരളി പഞ്ചായത്തിനുണ്ട്. അത് ഇന്നും വലിയ വ്യത്യാസമില്ലാതെ നാം നിലനിർത്തിപോരുന്നു.

ഭൂപരിഷ്കരണത്തിനു മുമ്പ് ഒരു പിടി ജന്മിമാരുടെ കൈവശമായിരുന്നു ഈ പഞ്ചായത്തിലെ ഭൂമിയിലധികവും. കിഴക്കേ കോവിലകം, പൂമുള്ളിമന, പാതായിക്കര മന, ഏലംകുളംമന, മഞ്ചേരി ആയിരാഴി കോവിലകം കവളപ്പാറ നായർ തുടങ്ങി അംഗുലി പരിമിതമായ ജന്മികൾ ഇവിടെ നിറഞ്ഞുനിന്നു. അവരുടെ ഇടനിലക്കാരായി കുറെ നായർ മാടമ്പികളും. ഭൂപരിഷ്കരണം നടപ്പിലാക്കിയതോടെ ജന്മിത്വം അവസാനിച്ചു. കുടിയാന്മാർ ഭൂവുടമകൾ ആയി.

## ഭൂപ്രകൃതിയും മൺതരങ്ങളും

സമ്പന്നമായ ഭൂപ്രകൃതിയാൽ അനുഗ്രഹീതമായ ഒരു പ്രദേശമാണ്. പഞ്ചായത്തിന്റെ വടക്കുഭാഗത്ത് കിഴക്കേ അററം മുതൽ പടിഞ്ഞാറെ അററം വരെ വള്ളിക്കോട്ട് മല, അയ്യർമല തുടങ്ങിയ ഇടത്തരം മലകൾ നീണ്ടുനിവർന്നു കിടക്കുന്നു. വള്ളിക്കോടൻമല, അയ്യർമല

എന്നിവിടങ്ങളിൽ സുമാർ 50 വർഷം മുമ്പുവരെ പുലികൾ ഉണ്ടായിരുന്നതായി പഴമക്കാർ പറയുന്നു. ഇന്നു കാട്ടുപന്നികൾ മാത്രം ഈ മലനിരകളിൽ നിന്നും തെക്കോട്ടു ചെരിഞ്ഞാണ് പറളിയുടെ ഭൂപ്രകൃതി. പറളിയുടെ ഹൃദയഭാഗത്തിലൂടെ കോരയാർ എന്നു കൂടി പേരുള്ള കൽപാത്തിപ്പുഴയും അമരാവതിപ്പുഴ എന്നു കൂടി പേരുള്ള കണ്ണാടിപ്പുഴയും ഒഴുകി എത്തി പ്രശസ്തമായ ''പറളീ ബ്രിഡ്ജി''നു താഴെ സന്ധിക്കുന്നു. സഹ്യപുത്രിയായ പേരാർ എന്ന നിള ഇവിടെ ജനിക്കുന്നു. എവിടെ വെച്ചോ ഭാരതപ്പുഴയായി അറബിക്കടലിൽ ചേരുന്നു. വള്ള്യാലംതോട്, കരിങ്കുളങ്ങരതോട്, ആറ്റുപുഴതോട് എന്നീ മൂന്നു തോടുകൾ പറളി പഞ്ചായത്തിന്റെ വിവിധ വാർഡുകളിലൂടെ ഒഴുകി നദിയിൽ ചേരുന്നു.

നെൽകൃഷിക്കു അനുയോജ്യമായ പോഷക സമൃദ്ധമായ എക്കൽമണ്ണാണ് പഞ്ചായത്തിന്റെ മിക്കവാറും ഭാഗങ്ങളിൽ കാണപ്പെടുന്നത്. കരപ്പുറങ്ങളിൽ ചെമ്മണ്ണും ഉണ്ട്. ഇല്ലിക്കൽപാറ, കുന്നംപാറ, വിലയംകാട്, എന്നിവിടങ്ങളിൽ പാറക്കൂട്ടങ്ങളും ഉണ്ട്.

## ജലവിഭവങ്ങൾ

മലയോര പാടശേഖരങ്ങളിൽ എന്നും വററാത്ത ''ചെന്നീര''ങ്ങളായ കണ്ടങ്ങൾ ഇന്നും ഉണ്ട്. പണ്ട് വള്ള്യാലം തോട്ടിൽ എന്നും നീരൊഴുക്കുണ്ടായിരുന്നു. അയ്യർമലയിലെ നീർമറി പ്രദേശത്തിന്റെ നാശം തോട്ടിലെ ഒഴുക്ക് മഴക്കാലത്തു മാത്രമാക്കി ചുരുക്കി. ഒരു ഏക്കറിലധികം വിസ്തീർണ്ണമുള്ള നാൽപതിൽ പരം വലിയ കുളങ്ങൾ ഇവിടെ പല വാർഡുകളിലായി ഇന്നും നിലനിൽക്കുന്നു. പഴയപ്രതാപങ്ങൾ ഒന്നും ഇല്ലാതെ തന്നെ ഒരു കാലത്ത് നെൽകൃഷിക്കുള്ള മുഖ്യ ജലസേചനോപാധിയായിരുന്നു ഈ കുളങ്ങൾ മലമ്പുഴ ഡാമും കനാലും വന്നതോടെ ഇവയുടെ പ്രതാപം നശിച്ചു.

## ഇന്നലെയുടെ കൃഷിരീതിയും പഴയവിത്തുകളും

കരികൊണ്ട് കന്നുപൂട്ടി ചവിട്ടി കൊണ്ട് ചവിട്ടി വെള്ളേക്കാലും മരവും കൊണ്ട് നിരപ്പാക്കി കണ്ടം നട്ടുന്ന രീതിയാണ് പണ്ടത്തെ കർഷകർ അവലംബിച്ചിരുന്നത്. ആ കണ്ടങ്ങളിലാകട്ടെ ആര്യനും, വട്ടനും, ചീരയും, ചിറേറതിയും, ചമ്പാനും, വെളുത്തിരി കഴമയും, തവളകണ്ണനും, സ്വർണ്ണാലിയും അവർ കൃഷി ചെയ്തു. പറമ്പിലും, പള്ളിയാലിലും, ചാമയും, മോടൻ ഡണമാണ് കൃഷി ചെയ്തിരുന്നത്. ചാണകവും, ചാരവും, തീക്കുപ്പും, തോലും അവർ അടിവളമായി ചേർത്തു. മേൽ വളത്തിന്റെ ആവശ്യം അവർക്ക് അറിവില്ലായിരുന്നു. കീടാക്രമണത്തെ കുറിച്ച് അവക്ക് കേട്ട് അറിവു പോലും ഇല്ല. ചിലപ്പോൾ മാത്രം വരുന്ന ചാഴികളെ തോർത്തുമുണ്ടുകൊണ്ട് വലയുണ്ടാക്കി അവർ പിടിച്ചു. നിളയുടെ തീരങ്ങളുടെ വയലേലകളിൽ അങ്ങിനെ അവർ സ്വർണ്ണം വിളയിച്ചു

## ഇന്നലെയും ഇന്നും കൃഷി വിസ്തീർണ്ണത്തിൽ

ഈ നൂററാണ്ടിന്റെ ആദ്യദശകങ്ങളിൽ പാടശേഖരങ്ങളിൽ മാത്രം നെല്ലു കൃഷിചെയ്തു. പറമ്പുകൾ മിക്കവാറും തരിശായി കിടക്കുകയോ ഉഴുന്ന്, പയർ, മുതിര, പച്ചക്കറികൾ തുടങ്ങിയവ കൃഷി ചെയ്യുകയോ ചെയ്തിരുന്നു. പുരയിടങ്ങളിൽ കശുമാവ്, മാവ്, പ്ലാവ്, തെങ്ങ് തുടങ്ങിയ ഫലവൃക്ഷങ്ങളും തേക്ക്, മരുത്, പന, ഞാവൽ തുടങ്ങിയ വൃക്ഷങ്ങളും ധാരാളമായി ഉണ്ടായിരുന്നു.

അമ്പതുകളുടെ അവസാന വർഷങ്ങളിൽ മലമ്പുഴ ഡാമിന്റെ വലതുകനാൽ പണി തീർന്ന് വെള്ളം സമൃദ്ധിയായി ഈ പഞ്ചായത്തിലേക്ക് ഒഴുകി വന്നപ്പോൾ കൃഷിഭൂമിയുടെ ഉപയോഗത്തിൽ വമ്പിച്ച മാററങ്ങൾ വന്നു. ജലം ഒഴുകി എത്തിയ പറമ്പുകൾ, ഞാററു പള്ളിയാലുകൾ തുടങ്ങിയവ നെൽകൃഷിയിടങ്ങളായി മാറി. അറുപതുകളിൽ ഇങ്ങിനെ നെൽകൃഷിചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം ഗണ്യമായി വദ്ധിച്ചു. പക്ഷെ ആ വർദ്ധനവ് ഏറെക്കാലം നിലനിന്നില്ല. 1970ൽ ഭൂരിപരിഷ്കരണം നിലവിൽ വന്നു. മലമ്പുഴയിൽനിന്നുള്ള ജലലഭ്യതക്ക കുറവു വന്നു. ആദ്യകാലങ്ങളിൽ ഡാം തുറന്നാൽ ഡാം അടക്കംവരെ എല്ലാ സമയത്തും എല്ലാ കനാലിലും വെള്ളം വിട്ടിരുന്നു. പറമ്പിലെയും പള്ളിയാലിലെയും കൃഷി നല്ല നിലയിൽ നടന്നു. പില്ലാലത്ത് ഈ രീതിക്ക മാററം വന്നു. ഇടക്ക ഒരു ഗ്യാപ്പ് വന്നു. (ഒരാഴ്ച വെള്ളം നൽകിയാൽ ആ ഭാഗത്ത് കുറച്ചു ദിവസത്തേക്ക് വെള്ളം നിറുത്തി വെക്കുന്ന രീതി) അതുകൊണ്ട് പറമ്പിലും പള്ളിയാലിലും ഉണ്ടായിരുന്ന കൃഷി ഉണങ്ങുവാൻ തുടങ്ങി. പലരും അവിടങ്ങളിലെ കൃഷി ഉപേക്ഷിച്ചു. എൺപതുകളുടെ ആരംഭത്തോടെ ഗംഫ് പണത്തിന്റെ ഒഴുക്ക വർദ്ധിച്ചു. പറളിയിലെ പറമ്പും പള്ളിയാലും രമ്യഹർമ്യങ്ങളായി മാറി തുടങ്ങി. അതിനുപുറമെ കർഷകനു നെൽകൃഷിയോടുള്ള ആഭിമുഖ്യവും കുറഞ്ഞു.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 3028 ഹെക്ടർ ആണ്. ഇത് ഉയർന്ന പ്രദേശം, നിരപ്പായ പ്രദേശം, മിതമായ ചരിവുപ്രദേശം, പുഴ, തോട് എന്നിങ്ങനെ കാണപ്പെടുന്നു.

പഞ്ചായത്തിന്റെ പുഴയോരപ്രദേശങ്ങളിൽ പശിമരാശിമണ്ണും മലയോരങ്ങളിൽ നല്ല കറുത്തമണ്ണും കാണപ്പെടുന്നു. നിരപ്പായ നെൽകൃഷിക്ക ഉപയോഗിക്കുന്ന പ്രദേശങ്ങൾ കളിമണ്ണും. മണലും കലർന്ന എക്കൽ മണ്ണ് കാണപ്പെടുന്നു. താമരകുന്ന്, പുള്ളോട്, പെരുന്തിരി, കമ്പ, കുന്നംമ്പാറ, വില്യംകാട്, ഓടനൂർ എന്നീ സ്ഥലങ്ങളിൽ ചരൽ കലർന്ന മണ്ണ് കാണപ്പെടുന്നു. അവ മിക്കവാറും തരിശായി കിടക്കുന്നു. പയർ, ഉഴുന്ന്, തുവര തുടങ്ങിയ വിളകൾ കൃഷിചെയ്യാവുന്ന സ്ഥലങ്ങളും ഉണ്ട്. ഇന്ന് നെൽപാടങ്ങളിൽ അമിതമായ രാസവളപ്രയോഗം മൂലം അമ്ലതപം ഏറി വരുന്നു.

പഞ്ചായത്തിലെ കൃഷിയോഗ്യമായ ഭൂമിയുടെ മൂന്നിലൊന്നു ഭാഗം സ്ഥലത്ത് നെൽകൃഷിചെയ്യുന്നു. ഇവിടത്തെ പരമ്പരാഗത കൃഷിയും നെല്ലുതന്നെയാണ്. തേനൂർ, കിണാവല്ലൂർ, കമ്പ, ഓടനൂർ ഭാഗത്തെ കർഷകർ പച്ചക്കറികളായ വഴതിന, വെണ്ട, കയപ്പ, പടവലം, മത്തൻ, കുമ്പളങ്ങ, വെള്ളരി, മുളക് തുടങ്ങിയവ വൻതോതിൽ കൃഷി ചെയ്തിരുന്നു. ഒരു കാലത്ത് ഇവിടെനിന്നു് ഇവ തൃശ്ശൂർ, എറണാകുളം മാർക്കററുകളിൽ കൊണ്ടു പോയി വിററിരുന്നു. ഇന്ന് അത് മിക്കവാറും നിലച്ചു എന്നു തന്നെ പറയാം. പറമ്പുകളിൽ മധുരകിഴങ്ങും, മരച്ചീനിയും, ചേനയും, ചേമ്പും കൂർക്കയുമെല്ലാം കൃഷി ചെയ്യാറുണ്ട്.

നാടൻ വിത്തിനങ്ങൾ വളരെ അപൂർവ്വമായേ കൃഷി ചെയ്യാറുള്ളൂ. എ. പി. വൺ, വെള്ളമസൂരി അഥവാ പൊന്നി തുടങ്ങിയവയാണ് ഇപ്പോഴത്തെ നാടൻ വിത്തിനങ്ങൾ. കൃഷിഭവൻ മുഖേന കാഞ്ചന, ആതിര തുടങ്ങിയ മദ്ധ്യകാലമൂപ്പുള്ള വിത്തിനങ്ങൾ വിതരണം ചെയ്യാറുണ്ട്.

# ഭൂവിനിയോഗം - കൃഷിഭവൻ രേഖകൾ

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 979 ഹെ. |
| പുരയിടം | 2049 ഹെ. |
| പുറമ്പോക്ക് | 40 ഹെ. |
| കൃഷിയോഗ്യമായ തരിശ് | 110 ഹെ. |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 12 ഹെ. |
| ആകെ | 3028 ഹെ. |

| നമ്പ്ര്. | വിനിയോഗം | വിസ്തീർണ്ണം | | ശതമാനം |
|---|---|---|---|---|
| 1 | നെല്ല് | 979 | ഹെക്ടർ | 32.33 |
| 2 | പയർ | 40 | ,, | 1.32 |
| 3 | പച്ചക്കറികൾ | 200 | ,, | 6.60 |
| 4 | തെങ്ങ് | 608 | ,, | 20.07 |
| 5 | വാഴ | 200 | ,, | 6.60 |
| 6 | പ്ളാവ് | 51 | ,, | 1.68 |
| 7 | കശുമാവ് | 20 | ,, | 0.66 |
| 8 | റബ്ബർ | 200 | ,, | 6.60 |
| 9 | പുളി | 25 | ,, | 0.82 |
| 10 | ഇഞ്ചി | 25 | ,, | 0.82 |
| 11 | മരച്ചീനി | 10 | ,, | 0.33 |
| 12 | മാവ് | 51 | ,, | 1.68 |
| 13 | മധുരകിഴങ്ങ് | 10 | ,, | 0.33 |
| 14 | കൂർക്ക, ചേന മുതലായവ | 25 | ,, | 0.82 |

# നെൽകൃഷി

| നമ്പ്ര്. | വിള | വിസ്തീർണ്ണം | മൊത്തം ഉൽപാദനം | ഉൽപാദനക്ഷമത ഹെക്ടറിൽ |
|---|---|---|---|---|
| 1 | നെല്ല് (ഒന്നാംവിള) | 979 ഹെ. | 34,26,500kgs | 3500 kgs |
| 2 | നെല്ല് (രണ്ടാംവിള) | 860 ഹെ. | 25,80,000 ,, | 3000 ,, |
| 3 | നെല്ല് (മൂന്നാംവിള) | 95 ഹെ. | 2,60,000 ,, | 2800 ,, |

കഴിഞ്ഞ മൂന്ന വഷങ്ങളിലായി പ്രത്യേകിച്ച് ഒന്നാം വിളയ്ക്ക് കീടരോഗബാധകരം നിമിത്തം നെല്ലിൻെറ ഉല്പാദനം വളരെ കുറഞ്ഞു പോയതായി കഷ്കർ പറയുന്നു. സാധാരണ ഗതിയിൽ ഒന്നാംവിളയ്ക്ക് കീടങ്ങളുടേയും രോഗാണുക്കളുടേയും ആക്രമണങ്ങരം വളരെ കുറവായിട്ടേ ഉണ്ടാകുമായിരുന്നുള്ളു. ഗാളീച്ച, തണ്ടുതുരപ്പൻ, കലവാട്ടം, ചാഴിയുടെ ആക്രമണം, മുഞ്ഞ തുടങ്ങിയവയായിരുന്നു വിള കുറയാനുണ്ടായിരുന്ന കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെട്ടന്നത്.

തെങ്ങു കൃഷിക്കാണ് പഞ്ചായത്തിൽ രണ്ടാം സ്ഥാനം. നെല്പാടം നികത്തി തെങ്ങുവെയ്ക്കാനുള്ള പ്രവണത ചില ഭാഗങ്ങളിൽ ആരംഭിച്ചിട്ടുണ്ടെന്നു പറയാം. തെങ്ങിൻെറ ഉൽപാദനക്ഷമത പൊതുവെ മെച്ചമാണെന്നു പറയാം.

## വളം

പാറളി കോ_ഓപ്പറേററീവ് ബാങ്കും, അതിൻെറ 5 സബ് ഡിപ്പോകളും വളം വിതരണത്തിൽ മുന്നിട്ടു നില്ക്കുന്നു. 5 സ്വകാര്യ ഏജൻസികളും വളം വിൽപ്പന നടത്തുന്നുണ്ട്. രാസവളമാണ് കൂടുതലും വിററഴിക്കുന്നത്. എല്ലുപൊടി, വേപ്പിൻ പിണ്ണാക്ക്, അനീമീൻ പോലുള്ള ജൈവ വളങ്ങളും കുറഞ്ഞ തോതിൽ കർഷകർ ഉപയോഗിക്കുന്നു. പച്ചക്കറി കൃഷിക്കു വേണ്ടി കോഴിക്കാഷ്ഠം, ആട്ടിൻക്കാഷ്ഠം എന്നിവ തേനൂർ ഭാഗത്തെ കർഷകർ കൊഴിഞ്ഞാമ്പാറ ഭാഗത്തു നിന്നും വാങ്ങിക്കൊണ്ടുവന്ന് ഉപയോഗിക്കുന്നുണ്ട്. പുതുമഴ പെയ്തു ഉടനെ വളച്ചെടികളുടെ വിത്തുകരം കൃഷിഭവനിൽ നിന്ന് വാങ്ങി വിതച്ച് പച്ചിലവളം ഉപയോഗിക്കുന്ന കർഷകരും ഇവിടെയുണ്ട്.

## വളത്തിൻെറ ഉപയോഗം

| വർഷം | നൈട്രജൻ | ഫോസ്ഫേററ് | പൊട്ടാസ്യം |
|---|---|---|---|
| 1993_94 | 175 ടൺ | 87 ടൺ | 87 ടൺ |
| 1994_95 | 174 ,, | 87 ,, | 87 ,, |
| 1995_96 | 170 ,, | 78 ,, | 78 ,, |

രാസവളത്തിൻെറ വിലവദ്ധനവു കാരണം അതിൻെറ ഉപയോഗത്തിൽ നേരിയ കുറവ് വന്നതായി കാണാം.

## കീടനാശിനികൾ

കീടനാശിനികൾ വൻതോതിൽ അശാസ്ത്രീയമായി ഉപയോഗിക്കുന്നവരാണ് ഇവിടത്തെ കർഷകരിലധികവും. ഇപ്പോൾ ദ്രാവക കീടനാശിനികളും തരിരൂപത്തിലുള്ള കീടനാശിനികളും (Phorate 10 G) ~~Casteal fusani~~ Cartotal Furan 3G) B. H. C. 5% പോലുള്ള കീടനാശിനികളും ഇന്ന് ധാരാളമായി ഉപയോഗിക്കുന്നു. കാർബൺ ടാസിം പോലുള്ള പൊടിരൂപത്തിലുള്ള കുമിൾനാശിനികളും ഇഞ്ചി, നെല്ല്, തുടങ്ങിയ കൃഷിക്ക് വ്യാപക മായി ഉപയോഗിക്കുന്നു. ബോർഡോമിശ്രിതവും ഉപയോഗിക്കുന്നവരുണ്ട്. ജൈവ കീടനാശിനികളും ചിലർ ഉപയോഗിക്കുന്നതായി മനസ്സിലാക്കുന്നു.

## കീടനാശിനി - കുമിൾനാശിനി ഉപയോഗം

| വർഷം | ദ്രാവകം | ഖരം |
|---|---|---|
| 1993_94 | 850 Ltr. | 2000Kg. |
| 1994_95 | 920 Ltr. | 2100Kg. |
| 1995_96 | 940 Ltr. | 2115Kg. |

## കാർഷികോപകരണങ്ങൾ

കൃഷിഭവനിലുള്ള കണക്കുപ്രകാരം 16 ട്രാക്ടറുകളും 6 ടില്ലറുകളും ഈ പഞ്ചായത്തിൽ ഉണ്ട്. ട്രാക്ടറുകളിലധികവും ടില്ലറുകളും ~~[illegible]~~. ഉള്ളവയാണ്

## ഉൽപ്പന്നങ്ങളുടെ വിലയും വിപണനവും

കൊയ്ത്തു കാലത്തു് നെല്ലിന്റെ വില കുറയുന്നു. മില്ലിലേക്കു നെല്ലു വാങ്ങുന്ന ദല്ലാളന്മാർ നിശ്ചയിക്കുന്ന വിലക്ക് നെല്ലു കൊടുക്കേണ്ടിവരുന്ന ഗതികേടാണുള്ളത്. അതുകൊണ്ട് വില സംരക്ഷണമോ, വില സ്ഥിരതയോ ഇല്ല. ഇവിടെ സർക്കാരോ, സഹകരണ സ്ഥാപനങ്ങളോ നെല്ല് സംഭരിക്കുന്നില്ല. നാളികേരം, ഇഞ്ചി, നേന്ത്രപ്പഴം, പച്ചക്കറികൾ തുടങ്ങിയവയുടെ വിപണനവും ഇതുപോലെയാണ്. ഇവയെല്ലാം പാലക്കാട്ടെ അങ്ങാടിയിൽ കൊണ്ടുപോയി വിൽക്കുന്നു. അങ്ങാടിയിൽ ഈ സാധനങ്ങൾക്ക് ലേലം വിളി സമ്പ്രദായമാണുള്ളത്. മിക്കപ്പോഴും ഉദ്ദേശിക്കുന്ന വില ലഭിക്കാറില്ല. ഗുണം മധ്യവർത്തികൾക്ക് ലഭിക്കുന്നു. കർഷകനു് അധ്വാനം മിച്ചം അതുകൊണ്ട് നല്ലൊരു വിപണന കേന്ദ്രം ആവശ്യമാണ്. കൊയ്ത്തുകാലത്ത് നെല്ലിന് ഒരു വണ്ടിക്ക് 2500രൂപയും, നാളികേരം ഒന്നിന് 4രൂപയും, ഇഞ്ചി കിലോക്ക് 15രൂപയും, നേന്ത്രപ്പഴത്തിന് കിലോവിന് 7രൂപയും ലഭിക്കുന്നു. ഇവയൊക്കെ ശരാശരി വിലകളാണ്.

## കാർഷിക ബന്ധങ്ങൾ

നാമമാത്ര കർഷകരും ചെറുകിടകർഷകരുമാണ് ഈ പഞ്ചായത്തിൽ കൂടുതൽ ഉള്ളത്. സ്വയം പണിഎടുക്കുന്നവരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു. 30% കർഷകർമാത്രമാണ് സ്വയം അധ്വാനിക്കുന്നവർ. ബാക്കിയുള്ളവർ കൃഷിപ്പണിക്ക് തൊഴിലാളികളെ ആശ്രയിക്കുന്നു. അതുകൊണ്ടുതന്നെ കൊയ്ത്ത്, നടീൽ എന്നീ പണിക്ക് തൊഴിലാളികളെ കിട്ടാനില്ല നാടൻ ഇഷ്ടികനിർമ്മാണം, കെട്ടിട നിർമ്മാണം തുടങ്ങിയ മേഖലകളിലെ വേതനം താരതമ്യേന കൂടുതലായതുകൊണ്ടാണ് കർഷകതൊഴിലാളികൾ അങ്ങോട്ട് ആകർഷിക്കപ്പെടുന്നത്.

# പാടശേഖരസമിതികളും, വിളക്രമങ്ങളും

| | | ഒന്നാംവിള | രണ്ടാം വിള | മൂന്നാം വിള |
|---|---|---|---|---|
| 1. | തെക്കുംപുറം പാടശേഖരം | നെല്ല്, വാഴ | നെല്ല്, വാഴ | നെല്ല്, വാഴ |
| 2. | കണ്ടൂർപാടം | ,, ,, | ,, ,, | ,, ,, |
| 3. | കോളയംകോട് | നെല്ല്, വാഴ, പച്ചക്കറി | ,, ,, | നെല്ല്, പച്ചക്കറി |
| 4. | പുള്ളോട് | ,, ,, ,, | ,, ,, | ,, ,, |
| 5. | കൊഴക്കള്ളി | ,, ,, | ,, | — |
| 6. | കിണാവല്ലൂർ, കന്നശ്ശേരി | ,, | ,, | — |
| 7. | വാവൂർ | ,, ,, | ,, | — |
| 8. | മാണ്ടേക്കാട് | ,, ,, | ,, | — |
| 9. | കണ്ടകാട് | ,, ,, | ,, | — |
| 10. | മാങ്ങോട് പണ്ടാരപ്പാടം | ,, ,, | ,, | — |
| 11. | പാന്തമ്പാടം | ,, ,, | ,, | — |
| 12. | സി. എസ്. പുരം | ,, ,, | ,, | — |
| 13. | ഓടന്നൂർ | ,, ,, | ,, | നെല്ല്, വാഴ, പച്ചക്കറി |
| 14. | കമ്പ | ,, ,, | ,, | ,, |
| 15. | മനക്കമ്പാടം | ,, ,, | ,, | ,, |
| 16. | മാങ്ങോട്ടുപാടം | ,, ,, | ,, | ,, |
| 17. | പാലശ്ശേരി | ,, ,, | ,, | ,, |
| 18. | കിണാവല്ലൂർ പടയത്ത് | ,, ,, | ,, | — |

കൃഷിഭവൻെറ ആഭിമുഖ്യത്തിൽ കൃഷിക്കാരെ ചേർത്തിണക്കി 18 പാടശേഖരകമ്മിററികൾ ഇപ്പോൾ നിലവിലുണ്ട്. സമിതികളുടെ പ്രവർത്തനം ആശാവഹമല്ല. വാർഷിക യോഗങ്ങൾപോലും നടക്കാറില്ല. ഒരേപോലുള്ള വിത്തിനങ്ങളോ, കീടനാശിനിപ്രയോഗങ്ങളോ നടക്കാറില്ല. അതുകൊണ്ട് കീടാക്രമവുംമററും കൂടുന്നു. വിളവ് കുറയുന്നു.

## കൂലിനിരക്ക്

ഇന്ന് നെൽപ്പാടങ്ങളിൽ പണിയെടുക്കുന്ന കർഷകതൊഴിലാളി പുരുഷനു് 60 രൂപയും, സ്ത്രീക്ക് 30 രൂപയും ശരാശരി കൂലി ലഭിക്കുന്നു. വാഴ, ഇഞ്ചി, റബ്ബർ തുടങ്ങിയ കൃഷിയിടങ്ങളിൽ വർദ്ധിച്ച വേതന നിരക്ക് പുരുഷനും സ്ത്രീക്കും ഉണ്ട്. കൊയ്ത്തുകാലങ്ങളിൽ 6 ന് ഒന്ന് പതമ്പ് എന്നതായിരുന്നു നിരക്ക്.

കർഷകരുടെ വിവരം :- (കൃഷിഭവൻ രേഖകളിൽനിന്നു്)

| നമ്പർ | നാമമാത്രകർഷകർ | ചെറുകിടകർഷർ | വൻകിടകർഷകർ |
|---|---|---|---|
| | 1 ഹെ. താഴെ | 1_2 ഹെ. | 2 ഹെ. മുകളിൽ |
| 1 | 2192 | 393 | 55 |

കൃഷിയെ മുഖ്യ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചവർ ഏകദേശം 1500പേർ വരും, കർഷകതൊഴിലാളിയുടെ എണ്ണം സുമാർ 3500 വരെ വരും. കാർഷികമേഖലയിലെ വേതനവും കാർഷികേതര മേഖലകളിലെ വേതനവും തമ്മിലുള്ള അന്തരം കാരണം കാർഷികമേഖലയിൽ തൊഴിലാളികളെ കിട്ടാതെ വരുന്നുണ്ട്.

## കാർഷിക വായ്പ

പ്രധാനമായും പറളി സർവ്വീസ് സഹകരണ ബാങ്കാണ് കർഷകർക്ക് വായ്പ കൊടുക്കുന്നതു്. മററു വാണിജ്യ ബാങ്കുകൾ കാർഷിക വായ്പ കൊടുക്കുന്നുണ്ടെങ്കിലും, കഷ്കർക്ക് അതു് വേണ്ടത്ര പ്രയോജനങ്ങൾ ലഭിക്കുന്നില്ല. പറളി സഹകരണബാങ്ക് കർഷകർക്ക് ഈ വർഷം നൽകിയ കാർഷിക വായ്പകൾ താഴെ ചേർക്കുന്നു.

| നമ്പർ | ഇനം | തുക |
|---|---|---|
| 1 | നെല്ല് | 4,69,019_00 |
| 2 | കപ്പ | 1,10,026_00 |
| 3 | വാഴ | 13,51,249_00 |
| 4 | തെങ്ങ് | 1,27,030_00 |
| 5 | മധുരക്കിഴങ്ങ് | 7,550_00 |
| 6 | പട്ടുനൂൽകൃഷി | 16,935,_00 |

# ജലസേചനം

മഴയെമാത്രം അടിസ്ഥാനമാക്കിയുള്ള കൃഷിസമ്പ്രദായമല്ല ഇവിടെ നിലവിലുള്ളത്. മലമ്പുഴ ഡാം ആയക്കെട്ട പ്രദേശത്തിൻെറ പരിധിയിൽ വരുന്ന പ്രദേശമാകയാൽ കനാൽവെള്ളം അടിസ്ഥാനമാക്കിയുള്ള കൃഷിരീതിയാണ് ഇവിടെയുള്ളത്. ഒന്നാം വിള ഏറെക്കുറെ മൺസൂണിനെ ആശ്രയിച്ചാണെന്നുപറയാം. നല്ലൊരു വൃഷ്ടി പ്രദേശം കൂടിയാണ് പറളി പഞ്ചായത്ത്.

## മഴയുടെ കണക്കുകൾ

| വർഷം | ഇടക്കാല മഴ മി. മീ. | ഇടവപ്പാതി മി. മീ. | തുലാവഷം മി. മീ. | ആകെ ലഭിച്ച മഴ മി. മീ. | മഴ പെയ്ത ആകെ ദിവസങ്ങൾ | ഒരു വഷത്തെ ശരാശരി മഴ | ഏററവും കൂടുതൽ ലഭിച്ച ദിവസം | അളവ് |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1990 | 446 7 | 1513 9 | 126 0 | 2086 60 | 86 | 173.83 | മെയ് 4 | 96.00 |
| 1991 | 90.0 | 1734.1 | 416.2 | 2240 30 | 99 | 237 41 | ജൂൺ 20 | 180.00 |
| 1992 | 48 0 | 2201.2 | 599 8 | 2849.00 | 96 | 237 41 | ജൂൺ 21 | 191.00 |
| 1993 | 108.0 | 3211.0 | 210.0 | 3529.00 | 88 | 336.75 | ഒക്ട:22 | 120.00 |
| 1994 | 610 0 | 3022 0 | 409.0 | 4041.00 | 127 | 31.81 | ജൂലാ:12 | 140.00 |

1995_96 വർഷങ്ങളിലെ കണക്ക് രേഖപ്പെടുത്തിയിട്ടില്ല. കഴിഞ്ഞ 5 വഷങ്ങളിലെ കണക്ക പരിശോധിച്ചാൽ ശരാശരി വർഷപാതം 2949 മി.മീ. ആണെന്ന കാണാം. 3 തോടുകളും മൂന്ന പുഴകളും, 40 ൽ പരം വലിയ കുളങ്ങളും, 250-ൽ പരം ചെറിയ കുളങ്ങളും, തോടുകളിലും പുഴകളിലും മഴക്കാലത്ത് എത്തിച്ചേരുന്ന ചെറിയ നീരുറവകളും തുടങ്ങിയവ ചേർന്നതാണ് പഞ്ചായത്തിലെ ജലശേഖരം.

## തോടുകൾ

പഞ്ചായത്തിലെ വള്ളിയാലംതോട് അയ്യർമലയിൽ നിന്നും ഉത്ഭവിച്ച് നീളാനദിയിൽ ചേരുന്നു. രണ്ടര കി. മീ. നീളം വരും. ഇരുകരകളിലും നെൽപ്പാടങ്ങൾ. തോട്ടുവരമ്പുകളിൽ തെങ്ങുകളും, കൈതപ്പൊന്തകളും എന്നിവയുണ്ട്. വള്ളിയാലം പാടത്ത് ജലക്ഷാമം ഉണ്ടാകുമ്പോൾ കർഷകർ മണൽചാക്കുകൾകൊണ്ട് ബണ്ടുകൾ ഉണ്ടാക്കി. ജലസേചന സൗകര്യം ഉണ്ടാക്കുന്നു.

കരിങ്കുളങ്ങരത്തോട് 1.75 കി. മീ. നീളം വരും. ഇതിന്റെയും ഇരുവശങ്ങളിലും നെൽപ്പാടങ്ങൾ തന്നെയാണ്. വഴക്കപ്പാറ, ആറുപുഴ തോടിന്റെ നീളം 5 കി. മീ. ആണ്. ഇതിൽ 4 ക്രോസ് ബാറുകൾ ഉണ്ട്.

## കുളങ്ങൾ

ഒരേക്രയിലധികം വിസ്തീർണ്ണമുള്ള 40ൽ പരം കുളങ്ങൾ ഉണ്ട്. 250-ൽ പരം പത്തുസെന്റ് വിസ്തീർണ്ണമുള്ള കുളങ്ങളും ഉണ്ട്, മലമ്പുഴ കനാൽ വരുന്നതിനുമുമ്പ് ഈ കുളങ്ങളിലെ വെള്ളമാണ് ജലസേചനത്തിനുപയോഗിച്ചിരുന്നത്. കനാൽ വന്നപ്പോൾ, ജലം സുഭിക്ഷമായപ്പോൾ കുളം സംരക്ഷണത്തിൽ ശ്രദ്ധിക്കാതായി. കുളങ്ങൾ ചെളിനിറഞ്ഞ് ഉപയോഗശൂന്യമായി. ചെറിയ കുളങ്ങൾപോലും വേനൽകാലത്ത് പൂർണ്ണമായും വററാറില്ല.

## പുഴകൾ

കല്പാത്തിപ്പുഴ മൂന്നര കി. മീ., കണ്ണാടിപ്പുഴ 3 കി,മീ., ഭാരതപ്പുഴ മൂന്നര കീ മീ. ദൂരവും ഈ പഞ്ചായത്തിലൂടെ ഒഴുകുന്നു. അതുകൊണ്ട്, ജലസമൃദ്ധികൊണ്ട് സമ്പന്നമാണ് പറളി ഗ്രാമപഞ്ചായത്ത്. ഈ അടുത്തകാലം വരെ മണൽത്തിട്ടകൾ നിറഞ്ഞ പുഴകളായിരുന്നു. ഇവയെല്ലാം. പക്ഷേ അശാസ്ത്രീയമായ മണൽവാരൽ കൊണ്ട് മണലെല്ലാം പൊയ്പ്പോയി. ഇപ്പോൾ ചരലും മണ്ണുപോലും ലോറികളിൽ കടത്തികൊണ്ടുപോകുന്നു. അതിനാൽ പുഴകളുടെ ആഴം രണ്ടര മീററർ കൂടിയിരിക്കുകയാണ്. ഇന്ന് പുഴയോരങ്ങളിലെല്ലാം ധാരാളം പമ്പുസെററുകൾ സ്ഥാപിച്ചിട്ടുണ്ട്. നെല്ല്, തെങ്ങ് പച്ചക്കറികൾ തുടങ്ങിയ വിളകൾക്ക് ഇവിടെനിന്നും നിർല്ലോഭം വെള്ളം പമ്പുചെയ്യുന്നു.

## ജല ആസ്തികൾ

| | ഇനം | വിസ്തീർണ്ണം | എണ്ണം |
|---|---|---|---|
| 1. | ഭാരതപ്പുഴ്യും പോഷകനദികളും | 10 K.M. | 1 |
| 2. | വലിയ കുളങ്ങൾ | | 40 |
| 3. | ചെറിയ കുളങ്ങൾ | | 250 |
| 4. | ക്രോസ്സ് ബാർ | | 4 |

## മണ്ണ് ജലസംരക്ഷണം

വൻതോതിലുള്ള മണ്ണൊലിപ്പ് ഉണ്ടാവാറില്ല. അധികം മഴ ലഭിക്കുന്ന ചില ദിവസങ്ങളിൽ മാത്രം പാടങ്ങളുടെ വരമ്പുകൾ പൊട്ടി കുറഞ്ഞതോതിൽ മണ്ണൊലിപ്പ് ഉണ്ടാവാറുണ്ട് പാടങ്ങളും പറമ്പുകളും തട്ടുതട്ടുകളായാണ് കിടക്കുന്നത്. പുരയിടങ്ങളുടെ ചുററുപാടും വൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കുന്നരീതി ഇന്നും നിലനില്ക്കുന്നു. സർപ്പക്കാവുകൾ മിക്ക

വാറും അപ്രത്യക്ഷമായിരിക്കുന്നു. തെങ്ങിൻതോട്ടങ്ങളിലും, വാഴത്തോട്ടങ്ങളിലും കൊത്തിക്കിള നടത്തി. മണ്ണിന്റെ ഈർപ്പം നിലനിത്താൻ ശ്രമിക്കാറുണ്ട്. മഴവെള്ളം പെയ്യുന്ന സ്ഥലത്തുതന്നെ താണുപോകുന്നതു് ഈർപ്പം നിലനിത്തുന്നതിനു് നല്ലതാണെന്ന ബോധം പലരിലുമുണ്ട്.

## കൃഷിഭവൻ

1987 സെപ്തംബർ ഒന്നിനു് പറളി കൃഷിഭവൻ നിലവിൽ വന്നു. കാർഷിക മേഖലയുടെ സമഗ്രമായ പുരോഗതിയാണ് കൃഷിഭവന്റെ ലക്ഷ്യം. ഈ രംഗത്തു് പറളി കൃഷിഭവന്റെ പ്രവത്തനം തരക്കേടില്ലാത്ത വിധത്തിൽ നടന്നുകൊണ്ടിരിക്കുന്നു. സേവനം യഥാസമയങ്ങളിൽ കൃഷിക്കാർക്കു് ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഒരു കൃഷി ആഫീസറും മൂന്നു് അസിസ്റ്റന്റുമാരും പറളി ഗ്രാമപഞ്ചായത്തിലെ കൃഷിഭവനിൽ ഉണ്ട്.

# വിശേഷാൽ ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ

1 പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലെ നെൽകൃഷിക്കു് ഒന്നും രണ്ടും വിളകൾക്കു് ഉണക്ക ഭീഷണിയുണ്ട്. മലമ്പുഴ കനാൽ ടെയിൽഎൻറി (**Tail End**)ൽ നിന്നു് അകലെയുള്ള പാടശേഖരങ്ങളിൽ യഥാസമയം വെള്ളം എത്തുന്നില്ല.

2. വള്ളിയാലം തോട്ടിൽ എപ്പോഴും വെള്ളം ഉള്ളതുകൊണ്ടു് നല്ലൊരു ജലസേചനമാർഗ്ഗമായി ഇതു ഉപയോഗിക്കാം. പക്ഷെ തോടിന്റെ ഓരത്തുള്ള കൃഷിക്കാർ തോടു് കയ്യേറിയിരിക്കുന്നു. അതിനാൽ മഴക്കാലത്തു് തോടിന്റെ ബണ്ടു് പൊട്ടിപ്പോകുന്നു.

3. തേന്നൂർ എലയപ്പാടം നല്ല നീരുറവ പ്രദേശമാണ്. ഇവിടെ ഒരു കുളം കുഴിച്ചാൽ മൂന്നാം വിള പച്ചക്കറി കൃഷി നടത്താൻ കഴിയും. സ്ഥലം സൗജന്യമായി ലഭിക്കുന്നതുമാണ്.

4. തേന്നൂർ വള്ളിയാലം തോട്ടിൽ ഒരു ക്രോസ്ബാർ നിർമ്മിക്കണം.

5. പാടശേഖരങ്ങളിലേക്കു് ട്രാക്ടർ ഇറങ്ങാൻ വഴികൾ ഇല്ല.

6. മണ്ണു് പരിശോധനക്കു് മൊബൈൽ യൂണിററ് ആവശ്യമാണ്.

7. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളും മററും കാലാകാലങ്ങളിൽ യഥാസമയം ലഭിക്കുന്നില്ല.

8. മലമ്പുഴ കനാൽ വഴിയുള്ള ജലസേചനരീതിയും കനാൽ റിപ്പയറും തൃപ്തികരമല്ല.

9. വിള ഇൻഷുറൻസു് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം.

10. നെല്ല്, വാഴ, ഇഞ്ചി, പച്ചക്കറി തുടങ്ങിയ കൃഷിക്കു് വ്യാപകമായി കീടബാധയും രോഗബാധയും കണ്ടുവരുന്നു. മികച്ച ശാസ്ത്രീയമായ പ്രതിവിധി ലഭിക്കുന്നില്ല.

11. 6-ാം വാർഡിലെ കൂടുതൽ കൃഷിസ്ഥലവും റെയിൽവേ ലൈനിന്റെ തെക്കുഭാഗത്താണ് കനാൽ വെള്ളം ശരിക്കും കിട്ടുന്നില്ല.

12. ആറുപുഴ തോട്ടിലെ ക്രോസ്ബാർ കേടുവന്നു കിടക്കുന്നു.

13. 7—ാം വാർഡിലെ പാടങ്ങളിൽ കഴിഞ്ഞ 8 വർഷങ്ങളായി മലമ്പുഴവെള്ളം കിട്ടുന്നില്ല. കാരണം ഷാദിമഹൽ റയിൽവേക്രോസ്സിനടിയിലുള്ള സൈഫൺ പൊട്ടിപൊളിഞ്ഞു കിടക്കുന്നു. പുറമെ കനാലിന്റെ ആഴവും കുറഞ്ഞിരിക്കുന്നു.

14. 1, 9, വാർഡുകളിലെ ലിഫ്റ്റ് ഇറിഗേഷന്റെ പമ്പുസെററുകൾ കേടുവന്നുകിടക്കുന്നു.

15. 11—ാം വാർഡിലെ മാങ്ങോട്ടുപാടശേഖരത്തിൽ ഒരു സ്ലൂയിസും, ഒരു കിണറും ലിഫ്റ്റ് ഇറിഗേഷൻ സ്കീമും കെട്ടിയതാണ്. എന്നാൽ മോട്ടോർ സ്ഥാപിക്കുന്നപണി ഇതുവരെ നടന്നിട്ടില്ല.

16. വഴക്കപ്പാറ തോടിന്റെ ഇരുവശവും കയ്യേറിയിരിക്കുന്നു. മഴക്കാലത്ത് വെള്ളം പൊങ്ങി കൃഷിനാശം ഉണ്ടാവുന്നു.

## പൊതു നിർദ്ദേശങ്ങൾ

1. മലമ്പുഴ ഫീൽഡു കനാൽ പലതും തൂർന്നു കിടക്കുന്നു. അവ അററകുററ പണികൾ നടത്തി ഉപയോഗയോഗ്യമാക്കണം.

2. മൂന്നു തോടുകളിലും ക്രോസ്സ് ബാറുകൾ നിർമ്മിക്കേണ്ടതുണ്ട്.

3. പഞ്ചായത്തിലെ 40 വലിയ കുളങ്ങളിൽ ഏറിയ പങ്കും ചളി വാരി ആഴം കൂട്ടണം.

4. പുഴയിലെ മണൽ വാരൽ നിയന്ത്രിക്കണം.

5. കൃഷിയിടങ്ങളിലേക്ക് ട്രാക്ടർ ഇറങ്ങുവാൻ സൗകര്യം ഉണ്ടാക്കികൊടുക്കണം.

6. ശാസ്ത്രീയമായി മണ്ണു പരിശോധന നടത്തി റിപ്പോർട്ട് കൃഷിക്കാരിൽ എത്തിക്കണം.

7. നെല്ല് വിൽക്കൽ ഇന്ന് പ്രയാസമുള്ള ഒരു കാര്യമായി തീർന്നിരിക്കുന്നു. അതിനു പഞ്ചായത്തിനു പൊതുവായി നെല്ലുല്പ്പാദക വിപണന സൊസൈററി വേണം. മററു കാർഷികോല്പ്പന്നങ്ങൾക്കും ഇതു വഴി വിപണനം നടത്താം.

8. ഗ്രൂപ്പ് ഫാമിംഗ് പുനഃരുജ്ജീവിപ്പിക്കണം.

9. പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കുളങ്ങൾ ഉപയോഗപ്പെടുത്തണം.

10. കർഷകർക്ക് ശാസ്ത്രീയ കൃഷിസമ്പ്രദായത്തിൽ അറിവുനേടാൻ കൃഷിഭവൻ മുഖേന പഠന ക്ലാസ്സുകൾ നൽകണം.

11. പുഷ്പഫലകൃഷി, കൂൺകൃഷി എന്നിവ പരീക്ഷിച്ചു നോക്കാവുന്നതാണ്.

12. പച്ചില വളകൃഷിക്കാവശ്യമായ ഡെയിഞ്ച് തുടങ്ങിയവയുടെ വിത്തുകൾ സൗജന്യമായി കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്യണം.

13. റോഡുവക്കിലുള്ള പാടങ്ങൾ നികത്തുന്നു കാഴ്ച പഞ്ചായത്തിൽ കാണാം. അതിനെതിരെ നിയന്ത്രണങ്ങൾ കൊണ്ടുവരണം.

14. സ്പെയറുകൾ, ട്രാക്ടറുകൾ, പമ്പുസെററുകൾ മുതലായവ വാടകയ്ക്കു നല്കുന്നതിനും റിപ്പയർ ചെയ്യുന്നതിനും അഗ്രോക്ലിനിക്കുകൾ സ്ഥാപിക്കേണ്ടതുണ്ട്.



# 5.2
# മൃഗസംരക്ഷണവും മത്സ്യബന്ധനവും



## ആമുഖം

പറളി പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കാർഷിക മേഖലയിൽ പ്രവർത്തിച്ച് ഉപജീവനം നടത്തുന്നവരാണ്. നല്ല ശതമാനം കുടുംബങ്ങളും മുഖ്യതൊഴിലോ ഉപതൊഴിലോ ആയി മൃഗപരിപാലനം നടത്തിവരുന്നു. ജനങ്ങളിൽ 70ശതമാനത്തിലധികവും മാംസഭുക്കുകളാണ്. അതുകൊണ്ടുതന്നെ പാൽ, മുട്ട, മാംസ്യം എന്നിവയുടെ ഉല്പാദനത്തിൽ മുഴുകുന്നവർ സ്വന്തമായി വരുമാനം ഉണ്ടാക്കുന്നതിനു പുറമേ ജനങ്ങൾക്ക് പോഷകപ്രധാനമായ ആഹാരസാധനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. കാർഷിക മേഖലക്കു വേണ്ട ജൈവവളം, നിലം ഒരുക്കുന്നതിനും ഭാരം വലിക്കുന്നതിനുമുള്ള മൃഗശക്തി, ഊർജ്ജസ്രോതസ്സ് (**Biogas**) എന്നിവ മൃഗപരിപാലനത്തിൽനിന്ന് ലഭ്യമാകുന്നു. കന്നുകാലി സമ്പത്തിന്റെ 94%വും ഗ്രാമപ്രദേശങ്ങളിലായതിനാൽ ഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശക്തമാക്കുന്നു. അതുവഴി ചെറുകിട നാമമാത്ര കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ജീവിത നിലവാരം മെച്ചപ്പെടുന്നു. മൃഗപരിപാലനമേഖലയിലെ 60% അദ്ധ്വാനവും സ്ത്രീകളാണ് നിർവ്വഹിക്കുന്നത്.

# ചരിത്രം

കാർഷിക മേഖലയിൽ ട്രാക്ടർ ഉപയോഗിച്ച് നിലം നിരപ്പാക്കൽ വന്നതുകൊണ്ട് ഉഴവുമൃഗങ്ങളുടെ ആവശ്യം കുറയുകയും പാൽ ഉൽപ്പാദിപ്പിക്കുന്ന മൃഗങ്ങളായ പശു, എരുമ, ആട് എന്നിവയിൽ കർഷകർ കൂടുതൽ ശ്രദ്ധപതിപ്പിക്കുകയും ചെയ്തു. കാലത്തു് തൊഴുത്തിൽനിന്നും തുറന്നുവിടുന്ന നാടൻ ഇനങ്ങൾ തരിശു ഭൂമികളിലും, മലയോരങ്ങളിലും, പുറമ്പോക്കുസ്ഥലങ്ങളിലും മേഞ്ഞുനടന്ന് സ്വയംഭക്ഷണവും, വെള്ളവും ആർജ്ജിച്ച് കൂടെയുള്ള കാളകളുമായി ഇണചേർന്ന് സ്വമേധയാ പ്രത്യുൽപ്പാദനം നടത്തി സന്ധ്യയോടെ സ്വന്തം തൊഴുത്തിൽ തിരിച്ചെത്തുന്ന ഒരു സ്ഥിതിയായിരുന്നു വർഷങ്ങൾക്കു മുമ്പുള്ള മൃഗപരിപാലനം. സ്വന്തം കൃഷിസ്ഥലത്തിടാൻ വേണ്ട ചാണകവും വീട്ടാവശ്യത്തിനുമാത്രം വേണ്ട പാലും മാത്രമാണ് പ്രസ്തുത തരം മൃഗങ്ങളിൽ നിന്നു് കർഷകർ പ്രതീക്ഷിച്ചിരുന്നതു്. അസുഖം വന്നാൽ നാടൻ രീതിയിലുള്ള ചികിത്സയും.

എന്നാൽ ശാസ്ത്ര സാങ്കേതിക വളർച്ചയുടെ ഫലമായുള്ള മൃഗാസ്പത്രി, കൃത്രിമ ബീജ സങ്കലനസൗകര്യം എന്നിവ ലഭ്യമാകാൻ തുടങ്ങിയതോടെ മേൽത്തരം വിദേശജനുസ്സുകളിലേക്കുള്ള പരിവർത്തനവും അതുവഴി അവയെ ഉപയോഗിച്ചുള്ള പാലുൽപാദനത്തിൽ വൻമാററങ്ങളും വന്നു. വീട്ടാവശ്യം കഴിഞ്ഞു് അധികമുള്ള പാൽവിപണത്തിനു് സമീപത്തുള്ള പാൽസൊസൈററി കൂടി ആയപ്പോൾ ഉത്പാദന ക്ഷമതകൂടിയ വർഗ്ഗങ്ങളിലേക്ക് ശ്രദ്ധതിരിയുകയും ഒന്നോ രണ്ടോ പശുവിനെ മാത്രം പോററി അതിൽ നിന്നുള്ള വരുമാനം കൊണ്ട് കുടുംബം സുഭിക്ഷമായി കഴിഞ്ഞുകൂടാം എന്ന സ്ഥിതിയും വന്നു.

നമ്മുടെ പഞ്ചായത്തിൽകൂടി ഒഴുകുന്ന പുഴകളും, തോടുകളും, വററാത്ത കുളങ്ങളും ഏകദേശം 1000 ഹെ. നെൽപാടത്തുനിന്നും ഉൽപ്പാദിപ്പിക്കുന്ന വയ്ക്കോലും കൃഷിയോഗ്യവും, അല്ലാത്തതുമായ പച്ചപിടിച്ച പുറമ്പോക്കും, മലയോരങ്ങളും പാരമ്പര്യമായി മൃഗപരിപാലനത്തെക്കുറിച്ചുള്ള നമ്മുടെ അറിവും പറളി പഞ്ചായത്തിൽ മൃഗപരിപാലനം വികസിക്കാനുള്ള പ്രകൃതിദത്തമായ സ്രോതസ്സുകളാണ്.

## പറളി പഞ്ചായത്തിൽ 1996-ലെ സെൻസസ് പ്രകാരമുള്ള മൃഗങ്ങളുടെ എണ്ണം

| | | |
|---|---|---|
| 1) | സങ്കരവർഗ്ഗങ്ങളും പശുക്കളും പശുക്കുട്ടികളും | 1884 |
| 2) | നാടൻ പശുക്കളും പശുക്കുട്ടികളും | 1758 |
| 3) | സങ്കരവർഗ്ഗകാളകളും കാളക്കുട്ടികളും | 464 |
| 4) | നാടൻകാളകളും കാളക്കുട്ടികളും | 278 |
| 5) | എരുമകളും എരുമക്കുട്ടികളും | 290 |
| 6) | പോത്തുകളും, പോത്തുക്കുട്ടികളും | 242 |
| 7) | ആട് | 1135 |
| 8) | കഴുത | 17 |
| 9) | വളർത്തുനായ | 1036 |
| 10) | കോഴികൾ | 18033 |

# മൃഗ സംരക്ഷണ സ്ഥാപനം

മൃഗസംരക്ഷണത്തിനുള്ള ഏക സ്ഥാപനമാണ് പറളി മൃഗാശുപത്രി. 1995_96 വർഷത്തിൽ ഈ മൃഗാശുപത്രി വഴി ചികിത്സ ലഭിച്ച ഉരുക്കളുടെ എണ്ണം.

| | |
|---|---|
| കന്നുകാലി (പശുവും, കാളയും) | 6071 |
| എരുമ, പോത്ത് | 1104 |
| ആട് | 1404 |
| കോഴി | 875 |
| മററുള്ളവ | 31 |

അങ്ങനെ മൊത്തം 9485 മൃഗങ്ങളെ ചികിത്സിപ്പിക്കാനും 1559 പശുക്കളേയും, 120 എരുമകളേയും കൃത്രിമ ബീജ സങ്കലനത്തിനും മൃഗാശുപത്രിയിൽ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ, കോഴികൾക്കും, കന്നുകാലികൾക്കും പ്രതിരോധ കുത്തിവെപ്പുകൾ, വന്ധ്യതാ നിവാരണ ചികിത്സ, മൃഗപരിപാലനത്തിന് ബോധവല്ക്കരണ സെമിനാറുകളും, ക്ലാസ്സുകളും, കന്നുകാലി പ്രദർശനം മുതലായവയും ഈ സ്ഥാപനം വഴി നടത്തുന്നു. 230 ൽ അധികം ചെറുകിട നാമമാത്ര കർഷകർക്കും കർഷകത്തൊഴിലാളികൾക്കും കന്നുകുട്ടി പരിപാലന പദ്ധതി വഴി സബ്സിഡി നിരക്കിൽ കാലിത്തീററ വിതരണം എല്ലാ മാസവും നടത്തുന്നു.

ഈ സ്ഥാപനത്തിൽ ഒരു സീനിയർ വെറററിനറി സർജനും ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, ഒരു അററൻഡർ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നിങ്ങനെ നാലു ജോലിക്കാരുമുണ്ട്. ഒരു വർഷമായി ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ തസ്തികയിൽ ആളില്ല. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടമുണ്ടെങ്കിലും സ്ഥല സൗകര്യം തീരെയില്ല. ധാരാളം വെള്ളം ആവശ്യമായ ഈ സ്ഥാപനത്തിൽ പൈപ്പ് സൗകര്യമോ കിണറോ ഇല്ല. കെട്ടിടം അററകുററ പണി ചെയ്യേണ്ട സ്ഥിതിയിലാണ്.

കഴിഞ്ഞ പഞ്ചവത്സര കാലത്ത് സമഗ്ര മുട്ടയുൽപാദനത്തിനു വേണ്ടി പകുതി വിലക്ക് പുറത്തു വിട്ട് മേക്കാവുന്ന ആയിരത്തോളം കോഴികളെ വിതരണം ചെയ്തു. തിരഞ്ഞെടുക്കപ്പെട്ട പട്ടിക ജാതി കോളനികളിൽ ജീവനോപാധികളായി ആട്, കോഴി, പോത്ത് മുതലായവയുടെ വിതരണത്തിന് 20,1429 ക. യോളം ചെലവാക്കി.

ഈ പഞ്ചായത്തിലെ മൃഗ സംരക്ഷണ കർഷകർക്ക് കൂടുതൽ മെച്ചമായ സേവനം കിട്ടുന്നതിനു താഴെ പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്.

1. പറളി മൃഗാശുപത്രിയെ ഒരു പോളിക്ലിനിക്കായി ഉയർത്തി ഇപ്പോഴത്തെ സീനിയർ വെറററിനറി സർജൻ പോസ്റ്റ് ചീഫ് വെറററിനറി സർജൻറേതാക്കുകയും കൂടുതലായി ഒരു വെറററിനറി സർജനെ കൂടി നിയമിക്കുകയും ചെയ്യുക.

2. ആശുപത്രി കെട്ടിടം അററകുററ പണി ചെയ്ത് ഒരു മുറി കൂടി ഉണ്ടാക്കി രോഗ നിർണ്ണയ ഉപകരണങ്ങൾ സൂക്ഷിക്കാൻ ഉപയോഗപ്പെടുത്തുക. അത്യാവശ്യ ഉപകരണങ്ങളായ മൈക്രോസ്കോപ്പ്, സ്റ്റെറിലൈസർ മുതലായവ എത്തിക്കുക.

3. മൃഗാസ്പത്രിയിൽ കൊണ്ടു വരുന്ന രോഗികളായ ഉരുക്കളെ മഴയും, വെയിലും കൊള്ളാതെ കെട്ടാൻ ഉള്ള സൗകര്യം ഉണ്ടാക്കുക.

4. ഈ സ്ഥാപനത്തിനു ഉപകേന്ദ്രങ്ങൾ ഒന്നും തന്നെയില്ല. പഞ്ചായത്തിലെ കമ്പ_മനക്കംപാടം ഭാഗത്തും, തലപ്പൊററ ഭാഗത്തും, തേനൂർ ഭാഗത്തും, പാന്തംപാടം ഭാഗത്തും ഓരോ ഉപകേന്ദ്രങ്ങൾ തുടങ്ങിയാൽ കൃത്രിമ ബീജ സങ്കലനത്തിനും 4.5 കിലോമീററർ ദൂരം പശുക്കളെ നടത്തി പറളിയിൽ എത്തിക്കേണ്ട കർഷകൻെറ വിഷമസ്ഥിതി ഒഴിവാക്കാം.

# ലൈവ് സ്റേറാക്ക് ഇംപ്രൂവ്മെൻറ് അസോസിയേഷൻ

പാലക്കാട് കേന്ദ്രമായി ജില്ല മുഴുവൻ പ്രവർത്തന മേഖലയായി പ്രവർത്തിക്കുന്ന മൃഗ സംരക്ഷണ കർഷകരുടേയും മൃഗ സംരക്ഷണ ഉദ്യോഗസ്ഥരുടെയും ഒരു സംഘടനയാണ് പാലക്കാട് ലൈവ് സ്റ്റോക്ക്, ഇംപ്രൂവ്മെൻറ് അസോസിയേഷൻ. അതിൻെറ ഒരു യൂണിററ് പറളി മൃഗാസ്പത്രിയോട് ചേർന്നു പ്രവർത്തിക്കുന്നു. ആയതിൻെറ പ്രസിഡൻറ് ഒരു കർഷകനും

സെക്രട്ടറി സീനിയർ വെററിനറി സർജനും ആണ്. മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന 200-ൽ അധികം കർഷകർ ഈ സംഘടനയിലെ മെമ്പർമാരാണ്. കന്നുകാലി പ്രദർശനം, സെമിനാർ, പ്രതിരോധകുത്തിവെപ്പക്യാമ്പുകൾ മുതലായവ സംഘടിപ്പിക്കുന്നതിനും മൃഗസംരക്ഷണ വകുപ്പിനു് സബ്സിഡി നിരക്കിലുള്ള മാസാമാസമുള്ള കാലിത്തീററ വിതരണത്തിനും ഈ സംഘടനയിലെ മെമ്പർമാർ സീനിയർ വെററിനറി സർജനെ സഹായിക്കുന്നു. കൂടാതെ മെമ്പർമാരുടെയും കേന്ദ്രസംഘടനയുടേയും സഹായത്തോടെ മൃഗാസ്പത്രിയിൽ ഒരു മുറിയും കോമ്പൗണ്ടിന്റെ ഒരു ഭാഗത്തു മതിലും നിർമ്മിച്ചിട്ടുണ്ട്.

## പാലുല്പാദന രംഗം

ഈ പഞ്ചായത്തിൽ 1996 ലെ സെൻസസ് പ്രകാരം.

| | |
|---|---|
| സങ്കരവർഗ്ഗ കറവ പശുക്കൾ | 672 |
| നാടൻ കറവ പശുക്കൾ | 622 |
| കറവ എരുമകൾ | 113 |

എന്നിവയിൽ നിന്നായി വർഷത്തിൽ 12 ലക്ഷം ലിററിലധികം പാൽ ഉൽപാദിപ്പിക്കുന്നു. പഞ്ചായത്തിലെ ഏക പാൽ വിപണനകേന്ദ്രം പറളി സഹകരണ പാൽ വിതരണ സൊസൈററിയാണ്. പാലിന്റെ ഗുണനിലവാരമനുസരിച്ച് ലിററിന് 8.50 ക മുതൽ 9ക. വരെ വില യായി കർഷകനു നല്കുന്നു. കൂടാതെ സൊസൈററിയിൽ പാലളക്കുന്ന കർഷകനു ബോണസും നൽകുന്നു. സൊസൈററിയോട് ബന്ധപ്പെട്ട് ഒരു പാൽ ഉല്പന്ന യൂനിററ് നല്ല നിലയിൽ പ്രവർത്തിക്കുന്നു. സൊസൈററി ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി ഒരു കെട്ടിടം അത്യാവശ്യമാണ്

## 1995-96 വർഷത്തിൽ സൊസൈററി

| | |
|---|---|
| മൊത്തം ശേഖരിച്ച പാൽ | 4,23.672.600 ലി. |
| പഞ്ചായത്തിൽതന്നെ വില്ക്കുന്നതു് | 1,99,320.600 ലി. |
| പുറത്തേക്കു് അയച്ചതു് | 2,24,052 ലി |

ഇതിനുപുറമെ സ്വകാര്യ ഏജൻസികളും പാൽ വിപണന രംഗത്തു പ്രവർത്തിക്കുന്നു.

പാലുൽപാദനരംഗത്തു് 60 ശതമാനം അദ്ധ്വാനവും സ്ത്രീകളാണ് നിർവഹിക്കുന്നതു്. താഴെക്കിടയിലേയും ഇടത്തരം കുടുംബങ്ങളിലേയും വീട്ടമ്മമാർക്കും തൊഴിൽരഹിതരായ ചെറുപ്പക്കാർക്കും പ്രത്യേക പ്രോത്സാഹനവും സൗകര്യവും ചെയ്തുകൊടുത്തു് നമ്മുടെ പഞ്ചായത്തിലെ അനുകൂല സാഹചര്യങ്ങൾ മുതലെടുത്താൽ പാൽ ഉല്പാദനമേഖലയിൽ വിപ്ളവകരമായ മാററങ്ങൾ ഉണ്ടാക്കാൻ സാധിക്കും. ചുരുങ്ങിയ മുതൽമുടക്കു കൊണ്ട് കുടുംബം പുലർത്തി പോകാനും,

ഉപതൊഴിലായി ഏറെറടുത്ത് കുടുംബത്തിന് കൂടുതൽ ആദായം ഉണ്ടാക്കാനും ഈ മേഖലക്ക് കഴിയും. പാലുൽപാദനരംഗം വളർന്നുവരാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളാവുന്ന താണ്.

1. പറളി പാൽ വിതരണ സൊസൈററി യുടെ കളക്ഷൻ സെൻറർ എല്ലാ വാർഡുകളിലും സ്ഥാപിക്കുക.

2. ഈ മേഖലക്ക് കടന്നുവരാൻ വിമുഖത കാട്ടി നിൽക്കുന്നവർക്ക് ബോധവൽക്കരണം കൊടുക്കുക.

3. സാമ്പത്തിക ഞെരുക്കം ഉള്ളവർക്ക് ബാങ്ക് വായ്പാ സൗകര്യം ഉണ്ടാക്കിക്കൊടുക്കുക

4. പറളി സൊസൈററിയോടു ബന്ധപ്പെട്ട് ഒരു പാൽ ശീതീകരണ പ്ലാൻറ് അനുവദിക്കുക.

5. വിവിധ സ്ഥലങ്ങളിൽ നിന്നു് പാൽ കൊണ്ടുവരുന്നതിന് സ്വന്തമായി വാഹനം ഏർപ്പെടുത്തുക.

പാൽ ഏതാണ്ട് 250 ൽ അധികം പോഷക ഘടകങ്ങൾ അടങ്ങിയിട്ടുള്ള ഒരു സമീകൃതാഹാരമാണ്. ഇതിൽ ശരീരകലകളുടെ നിർമ്മാണത്തിനും വളർച്ചയ്ക്കും ആവശ്യമായ മാംസ്യം, ഊർജ്ജദായകങ്ങളായ കൊഴുപ്പ്, അന്നജം, ലവണങ്ങൾ ഇവയും വിററാമിനുകളും അടങ്ങിയിരിക്കുന്നു. ജനിച്ച ഉടനെയുള്ള കുഞ്ഞിനു മുതൽ വൃദ്ധനും രോഗിക്കും വരെ ഉപയോഗിക്കാവുന്ന ഒരു പോഷകാഹാരമാണ് പാൽ. പാലിൽ അടങ്ങിയിട്ടുള്ള ചില കൊഴുപ്പു ഘടകങ്ങൾ ക്യാൻസർ എന്ന മാരക രോഗത്തിനെതിരായി പ്രവർത്തിക്കുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. തൈരിൽ നിന്നും മലേറിയാ രോഗത്തിനെതിരായ വാക്സിൻ ഉൽപ്പാദിപ്പിച്ചു തുടങ്ങിയിരിക്കുന്നു. ചില പാൽ ഉൽപ്പന്നങ്ങൾ ഉദര രോഗങ്ങളെ തടയുന്നതായി ഗവേഷകർ സ്ഥാപിച്ചിട്ടുണ്ട്. ഇങ്ങനെ വിവിധങ്ങളായ തലത്തിൽ പാൽ നമ്മുടെ ആരോഗ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ ക്ഷീരോൽപ്പാദകർ വളരെ പ്രധാനപ്പെട്ട ഒരു കർത്തവ്യത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണ്.

ഒരു വ്യക്തി ഒരു ദിവസം ശരാശരി 283ഗ്രാം പാൽ കഴിച്ചിരിക്കണമെന്നാണ് ഇന്ത്യൻ മെഡിക്കൽ ഗവേഷണ കൗൺസിലിന്റെ ശുപാർശ എന്നാൽ കേരളത്തിൽ പാലിന്റെ ആളോഹരി ലഭ്യത പ്രതിദിനം 200ഗ്രാമിൽ താഴെയാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു പാലിന്റെ ഉൽപ്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് ഈ മേഖലയിൽ ആവശ്യം കൂടുതൽ ആളുകൾ ക്ഷീരോല്പാദന രംഗത്തേക്ക് ആകൃഷ്ടരാകുന്ന പദ്ധതികൾ കണ്ടെത്തണം. കേരളത്തിൽ ഈ വിഷയത്തിൽ താല്പര്യമുള്ള കർഷകർക്ക് കുറവൊന്നുമില്ല. പക്ഷേ ക്ഷീരോൽപ്പാദനം ലാഭകരമായ ഒരു പ്രവർത്തിയാക്കി മാററുവാൻ കുറച്ചുപേർക്കു മാത്രമേ സാധിച്ചിട്ടുള്ളു.

ശരാശരി ക്ഷീരോൽപ്പാദകൻ താൻ ഉൽപ്പാദിക്കുന്ന പാലിൽ വലിയ പങ്കും വിപണനം നടത്തുകയാണ്. പാലിൽ അടങ്ങിയിരിക്കുന്ന പോഷക ഘടകങ്ങളുടെ മൂല്യം വച്ചു നോക്കിയാൽ ഉല്പാദകനു ലഭിക്കുന്നതു് വളരെ തുച്ഛമായ വിലയാണ്. എങ്കിലും ഈ തുച്ഛമായ വിലക്കും പാൽ വില്ക്കുവാൻ നമ്മുടെ ക്ഷീരോല്പാദകർ നിർബ്ബന്ധിതരായിരിക്കുകയാണ്. കാരണം പാലുല്പാദനം ചെലവേറിയ വിലയേറിയ ഒരു പ്രവൃത്തിയായിത്തീർന്നിരിക്കുന്നു. പാൽ ഉല്പാദന ചെലവിൽ മുക്കാൽ ഭാഗവും തീററച്ചെലവാണ്. ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനും കൂടുതൽ ആളുകളെ ഈ തൊഴിലിലേക്ക് ആകർഷിക്കുന്നതിനും, പാൽ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും, അതുവഴി ജനതയുടെ ആരോഗ്യവും, ആളോഹരി വരുമാനവും മണ്ണിന്റെ ഫലപുഷ്ടിയും വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന പദ്ധതികളാണ് ആവശ്യം. ഈ ഉദ്ദേശത്തോടുകൂടി ക്ഷീരവികസന വകുപ്പ് ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കാവുന്ന ഏതാനും പദ്ധതികൾ താഴെ കൊടുക്കുന്നു.

## 1. ക്ഷീര കർഷകർക്കു നേരിട്ടു നല്കുന്ന സഹായങ്ങൾ

1. കാലിത്തൊഴുത്തു നിർമ്മാണം

മനുഷ്യർക്കെന്നതുപോലെ തന്നെ മൃഗങ്ങൾക്കും പ്രതികൂല കാലാവസ്ഥയിൽനിന്നും

സംരക്ഷണം ആവശ്യമാണ്. സ്വന്തമായി പശു ഉള്ളവരും തൊഴുത്ത് ഇല്ലാത്തവരുമായ ക്ഷീരോൽപ്പാദകരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താം നിലവിൽ ക്ഷീര വികസന വകുപ്പ് തൊഴുത്തു നിർമ്മാണത്തിന് നല്കിവരുന്ന 1250 രൂപാ സബ്സിഡി ഇന്നത്തെ സാധനവില, കൂലിച്ചെലവ് ഇവ പരിഗണിക്കുമ്പോൾ വളരെ തുച്ഛമാണ്. ഇന്നത്തെ പരിതഃസ്ഥിതിയിൽ 2 പശുക്കളെ കെട്ടാൻ സൗകര്യമുള്ള ഒരു തൊഴുത്തിന് 10 000 രൂപയിലധികം ചെലവ് വരും. ഇതിന്റെ 30 ശതമാനം അല്ലെങ്കിൽ പരമാവധി 3000രൂപാ സബ്സിഡിയായി നൽകാം സ്വന്തമായി പശുഇല്ലാത്തവർക്കും പശുവിനെ വാങ്ങുവാൻ ഇത് പ്രോത്സാഹനമായിരിക്കും

2) മിനിഡയറി ഫാം യൂണിററ്

രണ്ടു പശുക്കളും അവയെ സംരക്ഷിക്കുവാൻ കാലിത്തൊഴുത്തും 50 സെൻറ് സ്ഥലത്ത് പുൽകൃഷിയും ഉൾപ്പെടുന്ന ഒരു പദ്ധതിയാണിത് ഇത്തരം ഒരു യൂണിററിന്റെ ഏകദേശ ചെലവ് താഴെ കൊടുക്കുന്നു.

| | | | | |
|---|---|---|---|---|
| 2 പശുക്കളുടെ വില | 2 × 8000 | = | 16,000 | രൂ |
| തൊഴുത്ത് | | | 10,000 | രൂ |
| പുൽകൃഷിച്ചെലവ് | | | 2000 | രൂ |
| | | ആകെ | 28,000 | രൂ |

ആകെ ചെലവിന്റെ 50 ശതമാനം അല്ലെങ്കിൽ പരമാവധി 14,000രൂപ സബ്സിഡി നൽകാം.

## 3. മാതൃകാ ഡയറി ഫാം യൂണിററ്

മൂന്നു പശുക്കൾ, തൊഴുത്ത്, ഒരേക്കർ സ്ഥലത്ത് പുൽകൃഷി, കുളം അല്ലെങ്കിൽ കിണർ, പമ്പുസെററ് ഇവ സ്ഥാപിക്കുന്നതിനുള്ള ചെലവിന്റെ 50 ശതമാനം സബ്സിഡിയായി നൽകികൊണ്ട് മാതൃകാ ഡയറി യൂണിററ് സ്ഥാപിക്കാം. മൊത്തം പ്രതീക്ഷിക്കുന്ന ചെലവ് താഴെ കൊടുക്കുന്നു.

| | | | | |
|---|---|---|---|---|
| 3 പശുക്കൾ | 3 × 8000 | = | 24000 | രൂ. |
| തൊഴുത്ത് | | | 12000 | രൂ. |
| പുൽകൃഷി | | | 4000 | രൂ. |
| കുളം (കിണർ) | | | 2000 | രൂ. |
| പമ്പ്സെററ് | | | 8000 | രൂ. |
| | | ആകെ | 50,000 | രൂ. |

മൊത്തം ചിലവിൻെറ 50 ശതമാനം അല്ലെങ്കിൽ പരമാവധി 25000 രൂപാ ധനമായി നൽകാം.

ഇത്തരം മാതൃകാ ഡയറി ഫാം യൂണിററുകറം മററുള്ളവർക്ക് ഒരു പഠന സ്ഥലമായി വികസിപ്പിക്കാം. വരവു ചെലവു കണക്കുകറം എഴുതി സൂക്ഷിച്ച് ക്ഷീരോല്പാദനത്തിൻെറ ലാഭനഷ്ടങ്ങറം വിലയിരുത്തുന്നതിനും നഷ്ടങ്ങറംക്ക് പ്രതിവിധി കാണുന്നതിനും സ്വന്തമായുള്ള ആശയങ്ങറം പ്രയോജനപ്പെടുത്തി കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനും ധനസഹായമില്ലാതെ തന്നെ കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനും ധനസഹായമില്ലാതെ തന്നെ കൂടുതൽ ആളുകളെ ഈ രംഗത്തേക്ക ആകർഷിക്കുന്നതിനും ഇത്തരം യൂണിററുകറംവഴി സാധിക്കും.

## II ക്ഷീര സഹകരണ സംഘങ്ങൽക്കുള്ള ധനസഹായ പദ്ധതികൾ

1. കെട്ടിടം ഗ്രാൻറ്

സ്വന്തമായി പാൽ സംഭരണമുറി, ഓഫീസ്മുറി, കാലിത്തീററ സ്റ്റോർ, ഫോഡർ സംഭരണ വിപണന ഷെഡ് മുതലായ സൗകര്യങ്ങറം ഒരു ക്ഷീര സഹകരണസംഘത്തിനു ആവശ്യമാണ്. ഇവയ്ക്ക് ആവശ്യമായ കെട്ടിടം പണിയുന്നതിന് മിനിമം ചിലവു പ്രതീക്ഷിക്കുന്ന ഒരു പ്ളാൻ സംസ്ഥാനതലത്തിൽ തയ്യാറാക്കണം. കെട്ടിടത്തിൻെറ പണി ഘട്ടം ഘട്ടമായി പൂർത്തിയാക്കാവുന്ന തരത്തിലുള്ളതാവണം പ്ളാൻ. സംസ്ഥാനത്തെ എല്ലാ ക്ഷീരസഹകരണസംഘങ്ങറംക്കും ഒരേ മാതൃകയിലുള്ള കെട്ടിടം മതിയാകും. ഇതു് കെട്ടിടം നിർമ്മാണത്തിൽ നടക്കാൻ ഇടയുള്ള ധൂർത്ത് തടയുന്നതിന് ഉപകരിക്കും. ക്ഷീരസഹകരണസംഘങ്ങളുടെ വളർച്ചയുടെ നിരക്കനുസരിച്ച് വൻകെട്ടിടങ്ങറം നിർമ്മിച്ച് വാടകയ്ക്ക് നൽകുന്ന പ്രവണത തടയാം. പാൽ സംഭരണ വിപണനം മൂലം ലഭിക്കുന്ന അധികവരുമാനം ഉല്പാദകർക്ക് അധിക വിലയായി നല്കി അവക്ക് തങ്ങറം ഏർപ്പെട്ടിരിക്കുന്ന തൊഴിലിൽ ആത്മവിശ്വാസവും ഇതു് തുടർന്നുകൊണ്ടുപോകുന്നതിനുള്ള പ്രേരണയും നൽകും. 9-ാം പഞ്ചവത്സരപദ്ധതിയുടെ അവസാന വർഷത്തോടുകൂടി പഞ്ചായത്തിലെ എല്ലാ ക്ഷീര സംഘങ്ങറംക്കും സ്വന്തമായ ഒരു കെട്ടിടം ഉണ്ടാകുന്ന തരത്തിൽ പഞ്ചായത്തുതലത്തിൽ തുക വകയിരുത്തണം. 50% ചെലവ് ക്ഷീരസംഘവും 50 ശതമാനം സബ്സിഡിയായും കണ്ടെത്തണം.

2. ഫർണീച്ചർ ഗ്രാൻറ്

പഞ്ചായത്തിലെ എല്ലാ ക്ഷീരസംഘങ്ങറംക്കും ആവശ്യമായ ഫർണീച്ചർ വാങ്ങുന്നതിനുള്ള മുഴുവൻ ചെലവും സബ്സിഡിയായി നൽകണം. ഇതിനു സംസ്ഥാനതലത്തിൽ രൂപരേഖ തയ്യാറാക്കി നിർദ്ദേശം നല്കിയാൽ വലിയ ആർഭാടവും മുതൽ മുടക്കും ഒഴിവാക്കാം.

3. പാൽ പരിശോധന ഉപകരണങ്ങറം

പാൽ പരിശോധിച്ച് ഗുണമേന്മ അടിസ്ഥാനമാക്കിയാണ് പാലിനു് വില നിശ്ചയിക്കുന്നതു്. ഇതിനായി പഞ്ചായത്തിലെ എല്ലാ ക്ഷീരസഹകരണ സംഘ

ങ്ങൾക്കും ഉപകരണങ്ങൾ വാങ്ങുന്നതിനായി ധനസഹായം നൽകേണ്ടതാണ്. നിലവിൽ ക്ഷീരവികസന വകുപ്പിന്റെ പദ്ധതിയനുസരിച്ച് ഒരു മിൽക്കോ ടെസ്റ്ററും അനുബന്ധഘടകങ്ങളും വാങ്ങുന്നതിനു 15000 രൂപാ പ്രകാരം സബ്സിഡി നല്കുന്നുണ്ട്. ഈ പദ്ധതി 9-ാം പഞ്ചവത്സര പദ്ധതിയിലും തുടരാവുന്നതാണ്. 9-ാം പദ്ധതി അവസാനമാവുമ്പോഴേയ്ക്കും പഞ്ചായത്തിലെ എല്ലാ ക്ഷീരസഹകരണ സംഘങ്ങൾക്കും ഈ പരിശോധനാ ഉപകരണങ്ങളും അനുബന്ധഘടകങ്ങളും ലഭിക്കത്തക്കവിധം തുക വകയിരുത്തണം.

4. പ്രവർത്തന മൂലധനം

പുതിയതായി രജിസ്റ്റർ ചെയ്ത പ്രവർത്തനം ആരംഭിക്കുന്ന ക്ഷീര സഹകരണ സംഘങ്ങൾക്ക് ആദ്യകാല പ്രവർത്തനങ്ങൾക്കായി പ്രവർത്തന മൂലധനം കണ്ടെത്തുക വളരെ വിഷമമുള്ള കാര്യമാണ്. ഈ ഘട്ടത്തിൽ 10,000 രൂപയിൽ കുറയാത്ത ഒരു തുക പ്രവർത്തന മൂലധനമായി നൽകിയാൽ ബാലപീഡകൾ കൂടാതെ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കും.

മാനേജിരിയൽ സബ്സിഡി

പുതിയതായി രജിസ്റ്റർചെയ്ത പ്രവർത്തനം ആരംഭിക്കുന്ന സംഘങ്ങൾക്ക് വരുമാനം കുറവും ചെലവ് കൂടുതലും ആയിരിക്കും. ജോലിക്കാർക്ക് ശമ്പളം നൽകുന്നതിന് ബുദ്ധിമുട്ട് ഉണ്ടായിരിക്കും. പല പുതിയ സംഘങ്ങളും പ്രവർത്തനം ആരംഭിക്കുവാൻ മടിക്കുന്നത് ഇത്തരം വിഷമതകൾ കൊണ്ടാണ്. ഈ ഘട്ടത്തിൽ മാനേജിരിയൽ സബ്സിഡിയായി സംഘം സെക്രട്ടറിക്ക് ശമ്പളം നൽകുന്നതിനായി തുക വകകൊള്ളിച്ച് സംഘത്തിന് നല്കാം. നിയമനം, വിദ്യാഭ്യാസയോഗ്യത മുതലായ മാനദണ്ഡങ്ങൾ പരിഗണിക്കാതെ തന്നെ ഈ സബ്സിഡി നൽകാം. പുതിയതായി പ്രവർത്തനം ആരംഭിക്കുന്ന സംഘങ്ങൾക്ക് വളരെ മെച്ചപ്പെട്ട സേവനം കാഴ്ചവയ്ക്കുവാൻ ഇത് വഴി തെളിക്കും. പ്രാരംഭകാല വൈഷമ്യങ്ങൾ തരണം ചെയ്തുകഴിഞ്ഞാൽ ഈ സബ്സിഡി നിർത്തലാക്കാം. 3 വർഷം എന്നത് ഇതിനു മതിയായ ഒരു കാലഘട്ടമാണ്. ആദ്യ വർഷം പ്രതിമാസം 500 രൂ. 2-ാംവർഷം പ്രതിമാസം 400 രൂ. 3-ാം വർഷം പ്രതിമാസം 300 രൂപാ എന്ന ക്രമത്തിൽ ഈ സബ്സിഡി നൽകാം.

## III ക്ഷീരോൽപന്ന നിർമ്മാണ യൂണിററുകൾക്കുള്ള ധനസഹായ പദ്ധതികൾ

1. പ്രവർത്തന മൂലധനം

ക്ഷീരോല്പന്ന നിർമ്മാണ യൂണിററുകൾ തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് സ്വയം തൊഴിൽ നൽകുന്നതിനുള്ള പദ്ധതിയാണ്. ഇതുവഴി പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും ഒരു പുതിയ ഉപഭോക്തൃ സംസ്ക്കാരം ഉരുത്തിരിച്ചെടുക്കുന്നതിനും കൂടി ഉദ്ദേശമുണ്ട്. ക്ഷീരവികസന വകുപ്പിന്റെ സാമ്പത്തികസഹായത്തോടുകൂടി ക്ഷീരോൽപ്പന്ന നിർമ്മാണ യൂണിററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ യൂണിററിനു നൽകുന്ന ധനസഹായം ഉപകരണങ്ങൾ വാങ്ങുന്നതിന്നു മാത്രമാണ് ഉപയോഗിക്കേണ്ടതു്. പ്രവർത്തന

മൂലധനമായി തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. പ്രവർത്തന മൂലധനമായി 10000 രൂപയിൽ കുറയാത്ത ഒരു തുക ഓരോ യൂണിററിനും നൽകിയാൽ പ്രവത്തനം സുഗമമായി നടത്തുന്നതിന് സാധിക്കും.

## 2. ഉപകരണ ഗ്രാൻറ്

കൂടുതൽ ഉപകരണങ്ങൾ ആവശ്യമുള്ള യൂണിററുകൾക്ക് അവ സമ്പാദിക്കുന്നതിന് വാങ്ങുന്ന ഉപകരണങ്ങളുടെ വിലയിൽ 2/3 ഭാഗം എന്ന ക്രമത്തിൽ ഒരു യൂണിററിന് പരമാവധി 20,000 രൂപ കൂടി നൽകിയാൽ പ്രവത്തനം മെച്ചപ്പെടുത്തുവാനും അതിന്റെ പ്രവർത്തകക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതിനും സാധിക്കും.

## 3. കെട്ടിട ഗ്രാൻറ്

ക്ഷീരോല്പന്ന നിർമ്മാണ യൂണിററുകൾ ക്ഷീരസഹകരണ സംഘങ്ങളുടേയോ മഹിളാസമാജങ്ങളുടേയോ സ്പോൺസർഷിപ്പോടുകൂടിയാണ് പ്രവർത്തിക്കുന്നത്. ക്ഷീരസഹകരണ സംഘങ്ങളിൽ പ്രവർത്തിക്കുന്ന യൂണിററുകൾക്ക് സ്വന്തമായി പാചകമുറിയും വില്പനസ്റ്റാളും പണിയുന്നതിനുള്ള ചെലവിന്റെ 50% അല്ലെങ്കിൽ പരമാവധി 10,000 രൂപാ എന്ന ക്രമത്തിൽ ധനസഹായം നല്കി അവയെ സ്വയം പര്യാപ്തമാക്കാം.

മഹിളാസമാജങ്ങളിൽ പ്രവർത്തിക്കുന്ന യൂണിററുകൾക്ക് മൊത്തം ചെലവിന്റെ 100% അല്ലെങ്കിൽ പരമാവധി 20,000 രൂപാ എന്ന ക്രമത്തിൽ ധനസഹായം നൽകണം.

## 4. സെയിൽസ് കൗണ്ടർ

പഞ്ചായത്തിന്റെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ക്ഷീരോല്പന്ന വിൽപന കൗണ്ടറുകൾ സ്ഥാപിച്ച് വിൽപന തവരിതപ്പെടുത്തണം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ യൂണിററുകൾക്കും ഈ കൗണ്ടറിൽ ഉല്പന്നങ്ങൾ കൊണ്ടുവന്നു വില്ക്കാം. വില്പനക്കാരനു വിററഴിക്കുന്ന ഉല്പന്നങ്ങളുടെ വിലയിൽനിന്നു കമ്മീഷൻ നല്കണം. സ്ഥലം പഞ്ചായത്ത് നല്കണം.

# IV വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

## 1. ക്ഷീര കർഷക സമ്പർക്ക പരിപാടി ചർച്ചാ ക്ളാസ് സെമിനാർ

ക്ഷീര കർഷകർക്ക് പുത്തൻ അറിവുകൾ പകർന്നു നല്കുവാനും കർഷകരുടെ പ്രായോഗികതലത്തിലുള്ള അറിവുകൾ വിദഗ്ധർക്കും മററു കർഷകക്കും മനസ്സിലാക്കുന്നതിനുമുള്ള ഒരു വേദിയാണ് ഇത്. നോട്ടീസ്, പങ്കെടുക്കുന്നവക്ക് ലഘു ഭക്ഷണം തുടങ്ങിയ ഇനങ്ങളിൽ ചെലവു പ്രതീക്ഷിക്കാം, ക്ഷീരോൽപന്ന യൂണിററുകൾക്കും, അവയുടെ ഉൽപന്നങ്ങൾക്കും ഒരു പരസ്യമായി ഇത്തരം പരിപാടികളെ ഉപയോഗപ്പെടുത്താം. 30-35 പേർ പങ്കെടുക്കുന്ന ഇത്തരം ഒരു പരിപാടിയിൽ 500 രൂപാ ചെലവ് പ്രതീക്ഷിക്കാം.

## 2. ക്ഷീരോല്പന്ന വിപണനമേള

ക്ഷീരോല്പന്നങ്ങളുടെ ലഭ്യതയെപ്പററി ജനങ്ങളെ ബോധവാന്മാരാക്കുന്നതിനുവേണ്ടി ഓരോ ക്ഷീരോൽപന്ന നിർമ്മാണയൂണിററും ആണ്ടിൽ രണ്ടുവീതം ക്ഷീരോൽപന്ന വിപണമേളകൾ സംഘടിപ്പിക്കണം. ഇതിൽ ഭാഗ്യനമ്പർ, നറുക്കെടുപ്പ്

മുതലായവ നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നല്കണം. സമ്മാനങ്ങളുടെ ചിലവിന്റെ 50 ശതമാനം അഥവാ പരമാവധി 1000 രൂപ സബ്സിഡിയായി നല്കാം.

## 3. കാലി പ്രദർശനം

പഞ്ചായത്തിൽ വർഷത്തിൽ ഒരു കന്നുകാലി പ്രദർശനം നടത്തണം. ഇതിനു ചെലവാകുന്ന തുകയിൽ 50 ശതമാനം സബ്സിഡി നൽകണം. പരമാവധി 5000 രൂപാ സബ്സിഡി നൽകണം. ചെലവിന്റെ ബാക്കി 50 ശതമാനം പഞ്ചായത്തിലെ ക്ഷീരസഹകരണ സംഘങ്ങൾ, ക്ഷീരോൽപന്ന നിർമ്മാണ യൂണിറ്റുകൾ, സഹകരണ സ്ഥാപനങ്ങൾ മറ്റു സ്ഥാപനങ്ങൾ അഭ്യുദയ കാംക്ഷികൾ ഇവയിൽ നിന്ന് സംഭാവനയായി സ്വീകരിക്കാം. മൊത്തം ചെലവിൽ 75 ശതമാനം സമ്മാനങ്ങൾക്കായി മാററി വയ്ക്കണം.

## 4. മാതൃകാ ക്ഷീരകർഷകന് അവാർഡ്

ഓരോ വർഷവും പഞ്ചായത്തിലെ ഒരു ക്ഷീര കർഷകന് അവാർഡു നൽകണം. 10,000 രൂപയും പ്രശംസാപത്രവും അടങ്ങുന്ന ഈ അവാർഡ് സ്വന്തമായി ക്ഷീരോൽപാദന രംഗത്തു പ്രവർത്തിക്കുന്ന അതായത് സബ്സിഡികൾ ഇല്ലാതെ ഈ രംഗത്ത് സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കുന്ന കർഷകനാണ് നൽകേണ്ടത്. സബ്സിഡികളോടുകൂടി ക്ഷീരോല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ ഈ അവാർഡിനായി പരിഗണിക്കാതിരിക്കുകയാണ് നല്ലത്. ഇത് ആളുകളിൽ മത്സര ബുദ്ധി ഉണ്ടാക്കുന്നതിനും കൂടുതൽ ആളുകളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും ലക്ഷ്യം വച്ചിരിക്കുന്നു.

## 5. സ്കോളർഷിപ്പ്

ക്ഷീര സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ മക്കളിൽ S. S. L. C. യ്ക്കും P. D. C. യ്ക്കും ഏററവും കൂടുതൽ മാർക്ക് വാങ്ങുന്ന മൂന്നു പേർക്കു വീതം ഓരോ വർഷവും സ്കോളർഷിപ്പു നൽകണം. ഓരോ ക്ഷീര സംഘവും ഇതിനായി തുക ചെലവു ചെയ്യണം. SSLC യ്ക്ക് 1500 രൂ 1400 രൂ 1300 രൂ എന്ന തോതിലും P D C യ്ക്ക് 1200 രൂ, 1100 രൂ, 1000 രൂ എന്ന തോതിലും ഈ സ്കോളർഷിപ്പ് നൽകാം. സംഘത്തിൽ പാൽ ഒഴിക്കുന്ന മെമ്പർമാരുടെ മക്കളെ മാത്രമേ ഇതിനായി പരിഗണിക്കുവാൻ പാടുള്ളൂ.

## 6. ക്ഷീരോൽപാദകർക്ക് പരിശീലന പരിപാടി

ഡയറി പരിശീലന കേന്ദ്രത്തിൽ പഞ്ചായത്തിൽ നിന്ന് താൽപര്യമുള്ള എല്ലാവർക്കും ഒരാഴ്ചത്തെ പരിശീലന പരിപാടി തയ്യാറാക്കണം. അഞ്ചു വർഷം കൊണ്ട് താൽപര്യമുള്ള എല്ലാവരേയും പരിശീലനത്തിനായി അയച്ചിരിക്കണം.

# V തീററപ്പുൽകൃഷി വികസനം

ക്ഷീരോൽപാദന ചെലവിന്റെ സിംഹഭാഗവും കാലികൾക്കുള്ള തീററചെലവ് ഇനത്തിൽപ്പെടുന്നു. തീററപ്പുല്ല് സുലഭമായി ലഭ്യമായാൽ തീററചെലവ് 1/3 ആയി ചുരുക്കാം. നല്ലയിനം തീററപ്പുല്ലിനങ്ങൾ വ്യാപിപ്പിക്കുന്ന പദ്ധതികൾ നടപ്പാക്കണം.

## 1 തരിശു ഭൂമി വികസനം

മററൊരു കൃഷിക്കും സാധ്യതയില്ലാത്ത മൊട്ടക്കുന്നുകൾ തീററപ്പുൽകൃഷി തോട്ടങ്ങളാക്കാം. ഇത്തരം തരിശുഭൂമിയുടെ ലഭ്യതയനുസരിച്ച് സ്ഥലം ഒരുക്കി കൃഷി ചെയ്യുന്നതിനും വിത്ത്, വളം ഇവയ്ക്കുമായി ചെലവാകുന്ന തുകയുടെ 50% സബ്സിഡിയായി നൽകാം. ഇത്തരം സ്ഥലങ്ങൾ കൈവശമുള്ള കർഷകർ തങ്ങളുടെ ഭൂമിയുടെ വിസ്തീർണ്ണം, ചെലവ് മുതലായവ അറിയിച്ച് ഓരോ സ്ഥലത്തിനും വേണ്ട കൃഷിരീതികൾ അനുസരിച്ച് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കണം.

## 2 പഞ്ചായത്തു തല പുൽകൃഷിത്തോട്ടം

കുറഞ്ഞത് 5 ഹെക്ടർ സ്ഥലം പുൽകൃഷിക്കായി ഓരോ വർഷവും നീക്കി വെയ്ക്കണം. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഇത് നടപ്പിലാക്കാം. ഇപ്രകാരം ഉൽപാദിപ്പിക്കുന്ന പുല്ല് പഞ്ചായത്തിലെ ക്ഷീരസംഘങ്ങൾ വഴി വിററഴിക്കാം. സ്വന്തമായി പുൽകൃഷിക്ക് സ്ഥലം

മാററി വയ്ക്കാൻ സാധിക്കാത്ത ക്ഷീരോൽപാദകർക്ക് ഇത് സഹായമാകും

5 ഹെക്ടർ സ്ഥലം ഒരുക്കി വിത്ത്, വളം ഇവ ഇറക്കുന്നതിനും ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനും വേണ്ടി 1 ലക്ഷം രൂപാ ചെലവ് പ്രതീക്ഷിക്കാം. ഈ ചെലവ് പുല്ലു രിഞ്ഞു കിട്ടുന്ന തുകയിൽനിന്ന് 5വർഷം കൊണ്ടു തിരികെ ലഭിക്കും. 4, 5 പേർക്ക് പ്രത്യക്ഷമായി തൊഴിൽ ലഭിക്കും. ആദ്യവർഷം ചെലവ് കൂടുതലും വരവ് കുറവും ആയിരിക്കും. ദീർഘ കാല പുല്ലിനങ്ങൾ കൃഷി ചെയ്താൽ 3, 4 വർഷത്തേയ്ക്കു വലിയ മുതൽ മുടക്കില്ലാതെ പുല്ല് ഉൽപാദിപ്പിക്കാം.

### 3. ക്ഷീരകർഷകർക്ക് നടീൽ വസ്തുക്കൾ

പുൽകൃഷി ചെയ്യുന്നതിന് താൽപര്യമുള്ള കർഷകർക്ക് സ്വന്തം പുൽത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി മേൽത്തരം വിത്തിനങ്ങൾ ലഭ്യമാക്കണം. ഗിനി, ഹൈബ്രിഡ് നേപ്പിയർ, കോം ഗോസിഗ്നൽ ഇവ പുൽക്കടകൾ ഉപയോഗിച്ച് കൃഷിചെയ്യാവുന്നതാണ്. പുൽക്കടകൾ ആവശ്യമുള്ള കർഷകർക്ക് പഞ്ചായത്തുതല പുൽത്തോട്ടത്തിൽ നിന്ന് സൗജന്യമായി ലഭ്യമാക്കേണ്ടതാണ്.

### 4. മാതൃകാ പുൽകൃഷിത്തോട്ടത്തിന് സമ്മാനം

കുറഞ്ഞപക്ഷം 25 സെൻറ് സ്ഥലത്ത് പുൽകൃഷിചെയ്യുന്ന കർഷകരുടെ തോട്ടങ്ങളിൽ മാതൃകാപരമായി കൃഷിചെയ്തിരിക്കുന്ന തോട്ടത്തിൻെറ ഉടമസ്ഥന് സമ്മാനം നൽകണം പഞ്ചായത്തിൻെറ ഓരോ വാർഡിലും ഓരോ തോട്ടം വീതം ഓരോ വർഷവും സമ്മാനത്തിനായി തെരഞ്ഞെടുക്കണം. ഉടമസ്ഥന് 1000രൂപാ ക്രമത്തിൽ സമ്മാനം നൽകണം

## 6. പട്ടികജാതിക്കാർക്കുള്ള പ്രത്യേക പദ്ധതി

ഡയറിയൂണിററ്

പഞ്ചായത്തിൽ ഒരു വർഷം IHDP കോളനിയിൽ കുറഞ്ഞത് 5 പേർക്കുവീതം ഡയറി യൂണിററ് (ഒരു പശു, തൊഴുത്ത്) സ്ഥാപിക്കുന്നതിന് ധനസഹായം നൽകണം. പരിശീലനം, കാലിത്തൊഴുത്ത്, പശു, ഇൻഷ്വറൻസ്, കാലിത്തീററ മുതലായ ഇനങ്ങളിലായി ഇപ്പോൾ നൽകി വരുന്ന 7000രൂപയുടെ പദ്ധതി വികസിപ്പിച്ച് കൂടുതൽ തുക ധനസഹായമായി നല്ലാം. ഒരു ഗുണഭോക്താവിന് 12500 രൂപ എന്ന തോതിൽ ഈ സഹായം നൽകണം.

## 7. ബ്ളോക്കു പഞ്ചായത്ത് അടിസ്ഥാനത്തിൽ

ഒരു ബ്ളോക്ക പഞ്ചായത്തിൽ ഒരു കാലിത്തീററ മിക്സിംഗ് യൂണിററ്, ഒരു മിൽക് മില്ലിംഗ് പ്ലാൻറ്, ഒരു ക്ഷീരോല്പന്ന സംഭരണ വിപണനകേന്ദ്രം ഇവ സ്ഥാപിക്കണം.

### പദ്ധതി നടപ്പാക്കൽ

പഞ്ചായത്തിൽ ലഭ്യമായ ഫണ്ടിൻെറയും സർവ്വെ റിപ്പോർട്ടിൻെറയും അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് പദ്ധതികൾ നടപ്പാക്കാം

പദ്ധതികളുടെ നടത്തിപ്പിനായി പഞ്ചായത്തുതലത്തിൽ ക്ഷീരവികസന യൂണിററും, ബ്ളോക്കുതലത്തിൽ അസിസ്റ്റൻറ് ഡയറക്ടർ ഓഫീസും സ്ഥാപിക്കണം.

ഒരു ക്ഷീരവികസന യൂണിററിൽ ഒരു ക്ഷീരവികസന ഓഫീസർ, രണ്ട് ഡയറി ഫാം ഇൻസ്പെക്ടർമാർ, ഒരു ക്ലാക്ക്, ഒരു പ്യൂൺ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നിങ്ങനെ 6 പേർ ഉണ്ടായിരിക്കും

ബ്ളോക്കിലെ എല്ലാ ക്ഷീരവികസന യൂണിററുകളുടേയും മേൽ നോട്ടത്തിനായി ബ്ളോക്കുതല അസിസ്റ്റൻറ് ഡയറക്ടർ ഓഫീസ് പ്രവർത്തിക്കും. വാഹനം, ടെലിഫോൺ മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഈ ഓഫീസിൽ ഉണ്ടായിരിക്കണം

ക്ഷീരസഹകരണ സംഘങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ അവ രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കുക വഴി വിപണന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാം.

ഇങ്ങനെ 9-ാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടുകൂടി ഓരോ പഞ്ചായത്തും ക്ഷീരോല്പാദന വിപണനരംഗത്ത് സ്വയം പര്യാപ്തത നേടി. ഇതുവഴി പോഷകഹാര ലഭ്യതയും ആരോഗ്യവും ആളോഹരി കൂടുതൽ വരുമാനവും സാധിച്ചുകൊണ്ട് സംതൃപ്തരായ ഒരു ജനതയെ വാർത്തെടുക്കാം.

## ആടുവളർത്തൽ

പാവപ്പെട്ടവന്റെ പശുവാണ് ആട്. പെട്ടിയിൽ സൂക്ഷിച്ച പണമായാണ് ആടിനെ കണക്കാക്കുന്നത്. മേച്ചിൽസ്ഥലങ്ങൾ ധാരാളമുള്ള കിണാവല്ലൂർ, മനക്കംമ്പാടം, കമ്പ, തേന്നൂർ, പുള്ളോട്, കൂത്തുപറമ്പ് മുതലായ സ്ഥലങ്ങളിൽ കൂട്ടമായും ഒററയായും ആടുവളർത്തൽ തൊഴിലേർപ്പെട്ടിരിക്കുന്ന ഒട്ടനവധി പേരുണ്ട്. കൂടാതെ പഞ്ചായത്തിന്റെ മററു സ്ഥലങ്ങളിലും ആടുവളത്തലിൽ ഏർപ്പെട്ടിരിക്കുന്നു. ഇപ്പോൾ ആടിന്റെ വംശംവദ്ധനവിന്ന് ശാസ്ത്രീയ പദ്ധതികളില്ല. ആടുകളിൽ കൃത്രിമ ബീജസങ്കലന പദ്ധതി പ്രാവർത്തികമാക്കി നല്ല ഇനത്തെ വികസിപ്പിച്ചെടുത്താൽ പലരും ആടു വളത്തലിൽ തൽപരരാകും എന്ന കാര്യത്തിൽ സംശയമില്ല. അവരുടെ വീട്ടാവശ്യത്തിനുള്ള പാൽ ആടിൽ നിന്നു തന്നെ ഉല്പാദിപ്പിക്കുന്നു.

## മൂരിക്കുട്ടികളെ/ പോത്തുകുട്ടികളെ പരിപാലിക്കൽ

കൃത്രിമ ബീജസങ്കലനത്തിലൂടെയും അല്ലാതെയും വഷത്തിൽ 600ൽ അധികം കാളക്കുട്ടികളും, പോത്തുക്കുട്ടികളും ഈ പഞ്ചായത്തിൽ ജനിക്കുന്നു. എന്നാൽ ശാസ്ത്രീയ പരിപാലനത്തിന്ന് പശുക്കുട്ടികൾക്കും, എരുമക്കുട്ടികൾക്കും കൊടുക്കുന്നത്ര ശ്രദ്ധ ഈയിനത്തിൽ നല്കാത്തതുകൊണ്ട് 70 മുതൽ 80%വരെ അകാലത്തിൽ ചത്തുപോകുന്നു, ശാസ്ത്രീയ പരിചരണത്തിനുള്ള സഹായങ്ങൾ ചെയ്തുകൊടുത്താൽ നമ്മുടെ പഞ്ചായത്തിലേക്കു വേണ്ട മാംസം ഈയിനത്തിൽ നിന്നുതന്നെ ലഭ്യമാക്കാവുന്നതാണ്

മററു സംസ്ഥാനങ്ങളിൽ നിന്നുവരുന്ന കൊഞ്ഞപോത്തുക്കുട്ടികളെ ചന്തകളിൽ നിന്നു വാങ്ങി വളർത്തി വലുതാക്കി വില്ക്കുന്നത് ഈ പഞ്ചായത്തിലെ പലരുടെയും ഒരു ഉപതൊഴിലാണ്,

## ബ്രോയിലർ കോഴിയുൽപാദനം

പറളി പഞ്ചായത്തിൽ രണ്ടു സ്ഥലത്ത് ഇറച്ചികോഴി വളർത്തുന്നവരുണ്ട്. മററു സ്ഥലങ്ങളിൽനിന്നും കൊണ്ടുവന്ന് വില്ക്കുന്ന രണ്ടു സ്ഥലങ്ങളും ഉണ്ട്. ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് വിപണനം നടത്താവുന്നതും നല്ല ലാഭസാദ്ധ്യതയും, ഉള്ള വികസന സാദ്ധ്യതയുള്ള ഒരു മേഖലയാണിത്. പ്രധാന തൊഴിലായും ഉപതൊഴിലായും ഇറച്ചി കോഴിവളർത്തലിൽ ഏർപ്പെടാവുന്നതാണ്. ആവശ്യമായ ചെലവ് വായ്പാ വിതരണ സ്ഥാപനങ്ങളിൽനിന്ന് കിട്ടാൻ സൗകര്യം ചെയ്തുകൊടുത്താൽ ചെറിയ ചെറിയ യൂണിററുകളായി തുടങ്ങാവുന്ന.'' ഒരു കുടിൽ വ്യവസായമാണിത്.

## മുട്ടയുൽപാദനം

### വീട്ടുമുററത്തെ കോഴിവളർത്തൽ

ഏററവും കുറഞ്ഞ ചിലവിൽ പ്രത്യേക പരിചരണമൊന്നും കൂടാതെ തന്നെ കോഴികളെ വളർത്തുന്ന രീതിയാണ്. ഇതുമൂലം വീട്ടാവശ്യത്തിനുള്ള മുട്ടയുടെ ലഭ്യ

തയും ആവശ്യം കഴിച്ചുള്ള മുട്ട വില്ക്കുന്നതു കൊണ്ട് വീട്ടമ്മമാർക്ക് ഒരു വരുമാന മാർഗ്ഗവും ഉണ്ടാകുന്നു. 45 ദിവസം പ്രായ മായ അത്യുൽപാദന ശേഷിയുള്ള 5 കോ ഴിക്കുഞ്ഞുങ്ങൾ അടങ്ങുന്ന ഒരു യൂണിററ് വീതം ആയിരം യൂണിററ് പഞ്ചായ ത്തിൽ വിതരണം ചെയ്യാം. സർക്കാർ ഫാമുകളിൽ നിന്ന് ഒരു ദിവസം പ്രായ മായ കോഴിക്കുഞ്ഞുങ്ങളെ എഗ്ഗർനേഴ്സ റി വഴി ശാസ്ത്രീയമായി വളർത്തി വിതര ണം ചെയ്യാവുന്നതാണ്. ഇപ്പോൾ പറളി പഞ്ചായത്തിലുള്ള ഒരു എഗ്ഗ്നഴ്സറിക്ക് പുറമെ കൂടുതൽ അനുവദിക്കാവുന്നതാണ് കഴിഞ്ഞ വർഷങ്ങളിൽ സഹായവിലക്ക് ആയിരത്തോളം കോഴികളെ ഈ പഞ്ചാ യത്തിൽ വിതരണം ചെയ്തതിന്റെ ഗുണ ഫലം ഈ പ്രദേശത്തെ ജനങ്ങൾ അനുഭ വിച്ചുകൊണ്ടിരിക്കയാണ്.

## കാലത്തീററ ഉത്പാദനം

കോഴികൾക്കും കാലികൾക്കും വേണ്ട സമീകൃത ആഹാരത്തിന് വിപണിയിൽ കിട്ടുന്ന റെഡിമേഡ് കാലിത്തീററയെ ഈ പ്രദേശത്തുകാർ ആശ്രയിക്കുന്നു. സർ ക്കാർ സ്ഥാപനങ്ങളിൽ നിന്ന് ഉത്പാദി പ്പിക്കുന്ന തീററ സുലഭമായി കിട്ടാത്തതി നാൽ മററു സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ സംസ്ഥാനത്തും ഉണ്ടാക്കി വിപ ണനം നടത്തുന്ന പ്രൈവററ് കമ്പനികളി ലെ തീററയാണ് മാർക്കററിൽ ലഭ്യമാകു ന്നതു്. മിക്ക കമ്പനികളുടേതും അധിക വിലയുള്ളതും ഗുണനിലവാരം മോശമായു ള്ളതുമാണ്. കാലിത്തീററയുടെ ഗുണനി ലവാരം പരിശോധിക്കാനുള്ള സംവിധാ നം ഈജില്ലയിലില്ല. ഇവ ഉപയോഗിക്കു ന്നതുകൊണ്ട് കർഷകന്റെ ഉല്പാദനചെല വ് കൂടുന്നതിനുപുറമെ പലതരം രോഗങ്ങ ളും കാലികളിൽ ഉണ്ടാകുന്നു. ഒഴിഞ്ഞു കിട ക്കുന്ന ജലസേചന സൗകര്യമുള്ള സ്ഥല ങ്ങളിൽ പുൽകൃഷി നടത്താൻ ജനങ്ങൾ ക്ക് പ്രോത്സാഹനം നല്കുക വഴി കാലി ത്തീററയുടെ ഉപയോഗം ഗണ്യമായി കുറ യ്ക്കാം. കാലിത്തീററയുണ്ടാക്കാനുപയോ ഗിക്കുന്ന അസംസ്കൃത വസ്തുക്കൾ സംഭ രിച്ച് ഈ പഞ്ചായത്തിൽ സഹകരണാ ടിസ്ഥാനത്തിൽ ഒരു മിശ്രിത യൂണിററു ണ്ടാക്കിയാൽ കുറഞ്ഞവിലക്ക് കർഷക ർക്ക് കാലിത്തീററ ലഭ്യമാക്കാം.

## കാട, മുയൽ, ടർക്കി, താറാവ്

നല്ല തരം മുയൽക്കുഞ്ഞുങ്ങൾ കാട, ടർക്കികോഴി എന്നിവ യെ പഞ്ചായത്തി ലെ സ്കൂളുകളിലെ വിദ്യാർത്ഥികൾ വഴി വിതരണം ചെയ്താൽ വളരെ താല്പര്യപൂ ർവ്വം അവയെ വളർത്തി പരിപാലിക്കും എന്ന കാര്യത്തിൽ സംശയമില്ല. സ്കൂൾ പൗൾട്രി ക്ലബുകൾ രൂപീകരിച്ച് കോഴിക്കു ഞ്ഞുങ്ങളെ വിതരണം ചെയ്തതുവഴി ഇക്കാ ര്യം അനുഭവിച്ചറിഞ്ഞിട്ടുള്ളതാണല്ലോ. ഇളംതലമുറക്ക് മൃഗങ്ങളോടും, പക്ഷിക ളോടുമുള്ള അഭിനിവേശം വളർത്താൻ ഈ പദ്ധതി ഉപയോഗപ്പെടുത്തുന്നതിനുപുറമെ പഠിക്കുന്നതോടുകൂടിതന്നെ സമ്പാദ്യം "Earn While Learn" എന്ന ശീലം വളർത്തുന്നു.

വിശാലമായ കുളങ്ങളും, നെൽപാട ങ്ങളും നമ്മുടെ പഞ്ചായത്തിൽ സുഭിക്ഷമാ യിരിക്കേ താറാവു വളർത്തൽ പലർക്കും തൊഴിലായി സ്വീകരിക്കാം. ഇപ്പോൾ മററു ജില്ലകളിൽനിന്നും തമിഴ്നാട്ടിൽ നിന്നും കൂട്ടംകൂട്ടമായി താറാവുകളെ ഇവി ടെ മേയ്ക്കാൻ കൊണ്ടുവരുന്നു.

## ജൈവവളം

ജൈവവളം ഉപയോഗിക്കുന്നതി ന്റെ അപര്യാപ്തത കൃഷിയിടങ്ങളിലെ

മണ്ണിന്റെ ഫലപുഷ്ടി നശിപ്പിക്കുന്നു. ജൈവവളത്തിന്റെ മുഖ്യ ഉറവിടം മൃഗങ്ങളിൽ നിന്നും പക്ഷികളിൽ നിന്നുമാണല്ലോ. പ്രതിവർഷം 12000 ടണ്ണിലധികം ജൈവവളം നമ്മുടെ പഞ്ചായത്തിലെ മൃഗസമ്പത്തിൽ നിന്നും കിട്ടുന്നു.

## ഊർജ്ജം

ഭക്ഷണം പാകം ചെയ്യുന്നതിനും പ്രകാശത്തിനും ചാണകം ഉപയോഗിച്ചുള്ള ബയോഗ്യാസ് പ്ലാന്റുകൾ ഉപയോഗപ്പെടുത്താം. ഖാദി ബോർഡിന്റെ സഹായം പ്ലാന്റുകൾ നിർമ്മിക്കാൻ കിട്ടുന്നു.

## മൃഗശക്തി

നമ്മുടെ പഞ്ചായത്തിൽ മൃഗങ്ങളെ ഉപയോഗപ്പെടുത്തി വണ്ടിവലിപ്പിച്ച് ഉപജീവനം നടത്തുന്നവർ നിരവധി ഉണ്ട്. ഇപ്പോഴുപയോഗിക്കുന്ന വണ്ടികളുടെ ഘടന ശാസ്ത്രീയമായി പരിഷ്കരിക്കേണ്ടതുണ്ട്. കൃഷി സ്ഥലം ഒരുക്കേണ്ട ആവശ്യത്തിലേക്കും കാള, പോത്ത് എന്നിവയെ ഉപയോഗപ്പെടുത്തുന്നു. ഭാരം ചുമന്നുകൊണ്ടുപോകുന്നതിനായി കഴുതകളേയും കാളകളെയും ഉപയോഗിക്കുന്നു.

## പേ വിഷബാധാ നിർമ്മാർജ്ജനം

രോഗം വന്നാൽ ചികിത്സിച്ചു ഭേദമാക്കാൻ കഴിയാത്ത ഒരു മാരകരോഗമാണ് പേ വിഷബാധ. പ്രധാനമായും നായകളിൽ കൂടിയാണ് മനുഷ്യനും മറ്റു മൃഗങ്ങൾക്കും ഈ രോഗം പകരുന്നത്. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായകളെ പിടിച്ച് നശിപ്പിക്കുക വഴിയും വളർത്തു നായകൾക്കു പ്രതിരോധ കുത്തിവെപ്പു നടത്തിയും ഈ രോഗത്തെ നിയന്ത്രിക്കാം. വളർത്തു നായകളെ പ്രതിരോധ കുത്തിവെപ്പു നടത്തിയിട്ടുള്ള ലൈസൻസ് വിതരണം പഞ്ചായത്ത് കർശനമാക്കണം.

## മാംസോൽപാദനം

നമ്മുടെ സമൂഹത്തിലെ ഭൂരിഭാഗം ജനങ്ങളും മാംസം ഭക്ഷിക്കുന്നവരാണ്. അതുകൊണ്ടു തന്നെ മാംസോല്പാദനത്തിന്റെ പ്രാധാന്യം ഏറി വരുന്നു. മാംസത്തിനു വേണ്ടി ഉപയോഗിക്കുന്ന മൃഗങ്ങളിൽ 80%ത്തിലധികം പുറത്തു നിന്നു വരുന്നു. പറളി പഞ്ചായത്തിൽ അഞ്ചു സ്ഥലത്ത് മാംസ വിൽപന നടത്തുന്നു. വേറെ സ്ഥലങ്ങളിൽ നിന്ന് അറുത്തതിനു ശേഷം മാംസം മാത്രം കൊണ്ടുവന്നു വില്ക്കലാണ് ചെയ്യുന്നത്. ഇപ്പോൾ മാംസത്തിനു വേണ്ടി ഉപയോഗിക്കുന്ന മൃഗങ്ങളിൽ പലതും മനുഷ്യനു ഹാനികരങ്ങളായ അസുഖങ്ങൾ ഉള്ളവയോ മനുഷ്യനു ഉപയോഗിക്കാൻ പാടില്ലാത്തതോ ആണ്. അതുകൊണ്ടു തന്നെ മൃഗജന്യങ്ങളായ പല അസുഖങ്ങളും മനുഷ്യനും ഉണ്ടാവുന്നു. പറളി പഞ്ചായത്ത് ആസ്ഥാനമായിഒരു ശാസ്ത്രീയമായ അറവുശാല (Slaughter House) സ്ഥാപിച്ച് അറവിനു മുമ്പുള്ള മൃഗങ്ങളെയും അറവിനു ശേഷമുള്ള മാംസവും വിദഗ്ദ്ധ പരിശോധന നടത്താൻ സൗകര്യം ചെയ്താൽ പഞ്ചായത്തിന് ഒരു നല്ല വരുമാന മാർഗ്ഗവും മൃഗങ്ങളിൽ നിന്ന് മനുഷ്യനു പകരാവുന്ന രോഗങ്ങളിൽ നിന്നു വിമുക്തിയും നേടാൻ കഴിയും. ആടുകളെ വളർത്താനുള്ള പ്രോത്സാഹനവും മൂരിക്കിടാങ്ങളേയും പോത്തുകുട്ടികളേയും ശാസ്ത്രീയമായി വളർത്താൻ ഉള്ള സൗകര്യങ്ങളും ഉണ്ടാക്കിയാൽ നാം ഉപയോഗിക്കുന്ന മാംസത്തിനുള്ള മൃഗങ്ങളെ ഈ പഞ്ചായത്തിൽ തന്നെ വളർത്തിയെടുക്കാം.

## കന്നുകാലികളുടെ ആകസ്മിക മരണങ്ങളിൽ നിന്ന് പരിരക്ഷ

നമ്മുടെ മൃഗസമ്പത്തിലെ ഓരോ ഉരുക്കളും വളരെ വില പിടിച്ചവയാണ്. ആയതിന്റെ പെട്ടെന്നുള്ള മരണം ഉടമയുടെ ജീവിതം തന്നെ തകർക്കുന്നു. ഇത്തരം വിലപിടിച്ച ഉരുക്കളെ സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതിയിൽ കൊണ്ടുവരാൻ കർഷകരെ ബോധവൽക്കരിക്കേണ്ടതുണ്ട്. അത് കൊണ്ട് ആകസ്മികങ്ങളായ സാമ്പത്തിക നഷ്ടത്തിൽ നിന്ന് രക്ഷപ്പെടാം.

## കർഷകന് അംഗീകാരം

പാവനമായ തൊഴിലാണ് കാർഷിക വൃത്തിയും മൃഗപരിപാലനവും. അതുകൊണ്ടു തന്നെ മൃഗസംരക്ഷണ കർഷകരെ അവരർഹി

ക്കുന്ന രീതിയിൽ ആദരിക്കുകയും അംഗീകരിക്കുകയും വേണം. അതുവഴി ഈ മേഖലയിലേക്കു കടന്നുവരാൻ മടി കാണിച്ചു നിൽക്കുന്ന കർഷകർക്ക് ഒരു പ്രോത്സാഹനവും ആവും.

## വിശേഷാൽ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന പ്രശ്നങ്ങൾ

1. കന്നുകാലികൾക്ക് രോഗം വരുമ്പോൾ ആശുപത്രി അകലെയായതു കൊണ്ട് യഥാസമയം ശുശ്രൂഷ ലഭിക്കുന്നില്ല.
2. സഹകരണ പാൽ സൊസൈററിയിലേക്കു ദൂരം കൂടുതലു കൊണ്ട് പാൽ വിൽപന നടത്താൻ വിഷമം നേരിടുന്നു.
3. ഇറച്ചിക്കോഴി വളത്താൻ തയ്യാറുണ്ട്.
4. ഗോബർഗ്യാസ് പ്ലാൻറ് ആവശ്യമുണ്ട്.
5. കാലിത്തീററ വില കൂടുതലാണ്.
6. പേപ്പട്ടി ശല്യം ഉണ്ട്.
7. കാലികളെ വാങ്ങുന്നതിന്ന് സാമ്പത്തിക സഹായം കിട്ടാൻ വിഷമം
8. കാട്ടുപന്നി, മയിൽ എന്നിവ വിള നശിപ്പിക്കുന്നു.

## പറളി പഞ്ചായത്തിലെ മൃഗ സംരക്ഷണ മേഖലയുടെ വികസനത്തിന് പൊതുവായ നിർദ്ദേശങ്ങൾ

1. പറളിയിലെ മൃഗാസ്പത്രിയെ ഒരു പോളി ക്ലിനിക്കായി ഉയർത്തി മൃഗ സംരക്ഷണ സൗകര്യം കൂട്ടുക.
2. കിണാവല്ലൂർ, കമ്പ, തേന്നൂർ, പാന്തംപാടം എന്നീ ഭാഗങ്ങളിൽ ഉപകേന്ദ്രങ്ങൾ ആരംഭിക്കുക.
3. താലൂക്ക് ആസ്ഥാനങ്ങളിൽ മാത്രം സൂക്ഷിച്ചിട്ടുള്ള പ്രീമിയം ബുൾസെമൻ ഈ പഞ്ചായത്തിലും ലഭ്യമാക്കുക.
4. വർഷത്തിൽ 300 ൽ അധികം സങ്കര വർഗ പശുക്കുട്ടികൾ ഈ പഞ്ചായത്തിൽ കൃത്രിമ ബീജ സങ്കലനം വഴി ജനിക്കുന്നു അവയെ നിശ്ചിത മാസം കൊണ്ട് ഗർഭം ധരിച്ച് പ്രസവിക്കുന്നതു വരെ കാലിത്തീററ സബ്സിഡി പദ്ധതിയിൽ ഉൾപ്പെടുത്തുക.
5. കൃത്രിമ ബീജ സങ്കലനത്തിൽ കൂടി ജനിക്കുന്ന മൂരിക്കിടാങ്ങളെയും പോത്തുകിടാങ്ങളെയും ശാസ്ത്രീയമായി വളത്താൻ പ്രോത്സാഹനം നല്കുക.
6. എഗ്ഗർ നഴ്സറികളിൽ കോഴിക്കുഞ്ഞുങ്ങളെ വളത്തി കഷ്കക്ക്, മിതമായ വിലക്ക് വില്ക്കുക.
7. പഞ്ചായത്തിലെ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ആവശ്യാനുസരണം ആട് വളത്തൽ യൂണിററുകൾ ആരംഭിക്കുക.
8. മുയൽ കുഞ്ഞുങ്ങളേയും, കോഴി കുഞ്ഞുങ്ങളേയും സ്കൂൾ വിദ്യാത്ഥികൾ വഴി വിതരണം ചെയ്യുക.
9. മൃഗസംരക്ഷണ പ്രവത്തനങ്ങളെ പററി വില്ലേജ് തോറും സെമിനാറുകളും, ചർച്ചകളും നടത്തി ജനങ്ങളെ ബോധവല്ക്കരിക്കുക.
10. പഞ്ചായത്തിലെ ഓരോ വാർഡിലും 50 വീതം മോഡൽ ഡയറി യൂണിററുകൾ ആരംഭിക്കുക.
11. പറളി സഹകരണ പാൽ വിതരണ കേന്ദ്രത്തിൻെറ കലക്ഷൻ സെൻറർ പഞ്ചായത്തിൻെറ എല്ലാ വാർഡിലും ഉണ്ടാക്കുക.
12. പഞ്ചായത്തിലൊരു മിനി കാലിത്തീററ ഫാക്ടറി തുടങ്ങുക. കുറഞ്ഞ വിലക്ക് കാലിത്തീററ വില്ക്കുക.
13. ക്ഷീരോൽപാദക ചിലവ് കുറക്കുന്നതിന്നു വേണ്ടി അനുയോജ്യമായ തരിശുഭൂമികളിൽ പഞ്ചായത്തിൻെറ നേതൃത്വത്തിൽ തീററപ്പുൽ കൃഷി നടത്തുക.
14. പാൽ കേടുകൂടാതെ സൂക്ഷിക്കാനുള്ള സംവിധാനത്തോടെ പാൽ സൊസൈററിക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കുക.
15. പഞ്ചായത്തിലെ എല്ലാ വാർഡിലും രണ്ടു വീതം ഇറച്ചിക്കോഴി വളർത്തൽ യൂണിററുകൾ ആരംഭിക്കുക.
16. മൃഗങ്ങളെ വാങ്ങാനുള്ള നിലവിലുള്ള നിരക്ക് കാലോചിതമായി വർദ്ധിപ്പിച്ച് വായ്പാ സൗകര്യം സഹകരണ ബാങ്കിനെ കൂടി ഉൾപ്പെടുത്തി വദ്ധിപ്പിക്കുക.
17. 60 വയസ്സ് തികഞ്ഞ എല്ലാ ക്ഷീര കർഷകർക്കും പെൻഷൻ ഏർപ്പെടുത്തുക.
18. പഞ്ചായത്തു പ്രദേശത്തു ഉടമസ്ഥനില്ലാതെ അലഞ്ഞു തിരിയുന്ന എല്ലാ നായകളേയും നശിപ്പിക്കുക. വളത്തു നായകൾക്ക് പ്രതിരോധ കുത്തിവെപ്പു നടത്തിയ ശേഷം ലൈസൻസ് എടുക്കൽ നിർബന്ധമാക്കുക.
19. പറളിയിൽ ശാസ്ത്രീയമായ ഒരു അറവുശാല നിർമ്മിക്കുക.
20. പട്ടിക ജാതി കോളനികളിൽ ജീവനോപാധികൾ വിതരണം ചെയ്യുമ്പോൾ കോളനികളിലെ എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തുക.

# മത്സ്യബന്ധനം

## ജലസമ്പത്ത്

10 കി. മീററോളം ദൂരം നദീതീരമുള്ള പഞ്ചായത്താണ് പറളി. 40ൽ പരം വലിയ കുളങ്ങളും ഉണ്ട്. എങ്കിലും മീൻ വളർത്തലോ, മീൻപിടിക്കലോ ഒരു പ്രധാന തൊഴിലായി സ്വീകരിക്കാൻ പററില്ല. വേനൽക്കാലമാവുമ്പോഴേക്ക് പുഴയും, കുളങ്ങളും വററിത്തുടങ്ങും, പുറമെ പുഴകളിൽ വൻതോതിൽ മത്സ്യസമ്പത്തുമില്ല. എന്നാൽ മീൻ വില്പന പ്രധാന ഉപജീവനമാർഗ്ഗമായി ഏതാനും ആളുകൾ ഇവിടെയുണ്ട്. പാലക്കാട്ടെത്തുന്ന കടൽ മത്സ്യം ലേലം വിളിച്ച് വാങ്ങി വീടുകൾ തോറും ചെന്ന് മത്സ്യം വില്പന നടത്തുന്നവരാണിവർ.

പുഴകളിൽ ചെറുതരം മത്സ്യങ്ങളാണ് കണ്ടുവരുന്നത്. മുള്ളൻ, പൂഴാൻ, കണ്ണൻ, മൊയ്യ് തുടങ്ങിയവ കാണുന്നു. വൻതോതിൽ ഇവ ഇവിടെ വളരുകയോ പിടിക്കപ്പെടുകയോ ചെയ്യുന്നില്ല. വേനൽക്കാലങ്ങളിൽ വെള്ളം വററുമ്പോൾ ഉണ്ടാവുന്ന കയങ്ങളിൽ നിന്നാണ് സാധാരണ മത്സ്യം പിടിക്കുന്നത്.

കുളങ്ങളിലും മേൽപറഞ്ഞതരം മത്സ്യങ്ങൾ തന്നെയാണ് വളരുന്നത്. എന്നാൽ മത്സ്യരോഗം നിമിത്തം കണ്ണൻ, മൊയ്യ് തുടങ്ങിയ മത്സ്യങ്ങളുടെ വംശനാശം തന്നെ സംഭവിച്ചിരിക്കുന്നു, കുളങ്ങൾ ഏറെയുണ്ടെങ്കിലും ശുദ്ധജലമത്സ്യകൃഷി ഇവിടെ ആരംഭിച്ചിട്ടില്ലെന്നു തന്നെ പറയാം.

തേന്നൂരിലെ ചില കുളങ്ങളിൽ അതിൻെറ ഉടമസ്ഥൻ ഏതാനും വർഷം ശുദ്ധജലമത്സ്യങ്ങളായ മൃഗാല തുടങ്ങിയവ കൃഷി ചെയ്യുവെങ്കിലും ഇപ്പോൾ അതും നിന്നുപോയിരിക്കുന്നു. ശുദ്ധജല മീൻ കൃഷിചെയ്യാൻ പററിയ കുളങ്ങൾ ഇവിടെ ധാരാളമുള്ളതുകൊണ്ട് ആ വഴിക്കുള്ള ശ്രമങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

ഇവിടെ വിററഴിയുന്ന പച്ച മത്സ്യങ്ങൾ മത്തി, അയില, ആവോലി, കടൽക്കണ്ണൻ, അയക്കോറ, സ്രാവ് എന്നിവയാണ്. അയില, മാന്തൾ, മുള്ളൻ, സ്രാവ് ഇനങ്ങളിൽപെട്ട ഉണക്കമത്സ്യവും ഇവിടെ വിൽപന നടത്തുന്നു. ഇവിടെ ദിവസേന ശരാശരി 500 kg. പച്ച മത്സ്യവും അത്രതന്നെ ഉണക്കമത്സ്യവും വിൽപന നടക്കുന്നുണ്ടെന്ന് മത്സ്യവിൽപനക്കാർ അവകാശപ്പെടുന്നു, മത്സ്യവിപണത്തിന്നു് പ്രത്യേക സംവിധാനമൊന്നും പഞ്ചായത്തിലില്ല,

## വിശേഷാൽ ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ

1. ശുദ്ധജല മത്സ്യകൃഷിക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല.
2. മത്സ്യ കുഞ്ഞുങ്ങളെ ലഭിക്കാൻ വിഷമം നേരിടുന്നു.
3. പച്ചമത്സ്യവും ( കടൽമത്സ്യം ) ഉണക്കമത്സ്യവും ആവശ്യാനുസരണം ലഭിക്കാൻ പ്രയാസം നേരിടുന്നു.
4. കുളങ്ങളിലേയും പുഴകളിലേയും മത്സ്യരോഗം തടയാൻ ശ്രദ്ധിക്കണം.

## നിർദ്ദേശങ്ങൾ

1. കുളങ്ങൾ ആഴം കൂട്ടുകയും ആഫ്രിക്കൻ പായലും മററു മാലിന്യങ്ങളും നീക്കം ചെയ്യുകയും വേണം.
2. ഒരു മത്സ്യക്കുഞ്ഞുല്പാദന കേന്ദ്രം തുടങ്ങണം.
3. ഒരു ഫിഷ് മാക്കററ് ആരംഭിക്കണം,
4. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കുളങ്ങൾ മത്സ്യ കൃഷി നടത്താൻ ഉപയോഗിക്കാവുന്നതാണ്.

# 5-3

# വ്യവസായം

## “ആധുനിക ക്ഷേത്രങ്ങളാണ് ഇന്നത്തെ വ്യവസായശാലകൾ”

ജവഹർലാൽ നെഹ്റു.



പറളി പഞ്ചായത്തിൽ, വളരെ വർഷങ്ങൾക്കു മുൻപുതന്നെ, വ്യവസായങ്ങൾ തുടങ്ങിയിരുന്നു. എന്നാൽ, ഇപ്പോഴും ഈ രംഗത്ത്, അധികമൊന്നും മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ ഹൃദയഭാഗത്തും, പടിഞ്ഞാറേ അതിർത്തിയായ കുണ്ടൂരിലും ഉണ്ടായിരുന്ന ഓട് വ്യവസായമായിരുന്നു പറളിക്ക് വ്യാവസായിക മാപ്പിൽ സ്ഥാനം ഉണ്ടാക്കിയത്. കുണ്ടൂരിലുള്ള ഓട്ടുകമ്പനി നാമാവശേഷമായി. എന്നാൽ പറളി കടവത്തുള്ളത് പേരിനു മാത്രം നിലനിൽക്കുന്നു. തൊഴിലാളി ചരിത്രത്തിൽ ഈ ഓട്ടുകമ്പനികൾക്ക് വലിയ സ്ഥാനം ഉണ്ടായിരുന്നു. സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും തൊഴിലാളികളുടെ ആവശ്യങ്ങൾക്കുവേണ്ടി നടന്ന സമരങ്ങളിൽ ഈ ഓട്ടുകമ്പനി തൊഴിലാളികൾ സജീവമായി പങ്കെടുത്തിരുന്നു. പറളിയിൽ തൊഴിലാളി പ്രസ്ഥാനങ്ങൾക്ക് വേരൂന്നാൻ കഴിഞ്ഞത് ഈ സ്ഥാപനങ്ങളിലൂടെയായിരുന്നു.

എടുത്തു പറയാവുന്ന മറ്റൊരു വ്യവസായശാല, എടത്തറയിലെ കുമാർ ഇൻഡസ്ട്രീസ് ആണ്. ഇരുമ്പു കൊണ്ടുള്ള ഉൽപ്പന്നങ്ങളാണ് ഇതിൽ നിർമ്മിക്കുന്നത്.

പറളി പഞ്ചായത്തിൽ പൊതു മേഖലയിലോ, സ്വകാര്യ മേഖലയിലോ വൻകിട വ്യവസായങ്ങൾ ഒന്നും ഇല്ല. നിലവിലുള്ള ചെറുകിട വ്യവസായങ്ങൾ എല്ലാംതന്നെ സ്വകാര്യ മേഖലയിലുള്ളതാണ്. ചെറുകിട വ്യവസായ ശാലകളുടെ പേരുകൾ താഴെ ചേർക്കുന്നു.

1. ശ്രീകാന്ത് അഗ്രോ ഇംപ്ലിമെൻറ്സ്, എടത്തറ.
2. ശ്രീജ എഞ്ചിനിയറിംഗ് വർക്ക്സ്, എടത്തറ.
3. ചിത്രാ മെഷീനിങ്ങ് സെൻറർ ,,
4. മെററൽ കട്ടിങ്ങ് ഇൻഡസ്ട്രീസ്, എടത്തറ.
5. ജനറൽ മെഷീനിംഗ് & ടൂളിംഗ് ഇൻഡസ്ട്രീസ്, എടത്തറ.
6. സാവിത്രി എൻറർപ്രൈസസ് ,,
7. കുമാർ ഇൻഡസ്ട്രീസ് ,,
8. മാധവാ ഇംപ്ലിമെൻറ്സ് ,,
9. പറളി ടൈൽ വർക്ക്സ്, പറളി.
10. കേരളാ അഡ്ഹസീവ്സ് ,,
11. എക്സൽ ഇൻഡസ്ട്രീസ്, എടത്തറ.
12. ശ്രീ ശാസ്താ ഇൻഡസ്ട്രീസ്, കിണാവല്ലൂർ.
13. ഭാരത് എൻറർപ്രൈസസ്, എടത്തറ
14. ഐ അൻറ് ആർ ഓയിൽ മിൽസ്
15. ശ്രീ പച്ചയപ്പാ ഇൻഡസ്ട്രീസ്, പറളി
16. കർണ്ണകി മെററൽസ്, തേനൂർ
17. കർണ്ണകി റിഫ്രാക്ടറീസ് & സെറാമിക്സ്, തേനൂർ
18. ഷിൻവെൽ പ്രൊഡക്ട്സ് എടത്തറ
19. ശങ്കർ ടൂൾസ്, പറളി
20. കളരിക്കൽ ഇൻഡസ്ട്രീസ്, കിണാവല്ലൂർ
21. മുരുകൻ മെററൽസ് തേനൂർ,
22. സോപ്പ് വർക്സ്, എടത്തറ

പരമ്പരാഗത തൊഴിൽ മേഖലയിൽ പ്രധാനം മൺപാത്ര നിർമ്മാണം ആണ്. പുറമെ മുളകൊണ്ടുള്ള കൊട്ട, പായ നെയ്ത്ത്, ഓലപ്പായ, എന്നിവയും ഉണ്ട്. കുറെ വർഷങ്ങളായി ഈ തൊഴിൽ നില നിൽക്കുന്നുവെങ്കിലും നിർമ്മിക്കുന്ന വസ്തുക്കളുടെ വിപണിക്കുറവും വിലക്കുറവും തൊഴിൽ മേഖലയെ പിറകോട്ടു വലിച്ചിട്ടുണ്ട്.

പരമ്പരാഗത തൊഴിൽ രംഗം പൊതുവെ തകർച്ചയെ നേരിടുന്നു. നിലവിലുള്ള കൈത്തൊഴിലുകൾ താഴെ ചേർക്കുന്നു.

1. മൺപാത്ര നിർമ്മാണം
2. മുള കൊണ്ടുള്ള ഉപകരണ നിർമ്മാണം
3. ഓലപ്പായ നിർമ്മാണം
4. അലക്കുപണി
5. ബീഡി നിർമ്മാണം

**ഈ രംഗം നേരിടുന്ന പ്രതിസന്ധികൾ:-**

1. മൺപാത്ര നിർമ്മാണത്തിനാവശ്യമായ കളിമണ്ണ് ലഭ്യമാണ്. പക്ഷെ നിർമ്മിക്കുന്ന വസ്തുക്കളുടെ വിലക്കുറവ് വിപണിയിലെത്തിക്കാനുള്ള സൗകര്യക്കുറവ് എന്നിവ പ്രശ്നമാണ്

2. ഉപകരണം നിർമ്മിക്കാനാവശ്യമായ മുള യഥേഷ്ടം ലഭിക്കുന്നില്ല.

3. അദ്ധ്വാനത്തിനനുസരിച്ചുള്ള കൂലി ലഭിക്കുന്നില്ല.

4. അദ്ധ്വാനഭാരം കൂടുതലാണ്. പക്ഷേ കൂലികുറവ്, യന്ത്രവൽക്കരണത്തിലൂടെ ജോലി ആകർഷകമാക്കണം.

5. അവശ്യവസ്തുക്കളുടെ ലഭ്യത കുറവ്.

നമ്മുടെ പഞ്ചായത്തിൽ സാക്ഷരതാ നിരക്ക് വളരെ കൂടുതലാണ്. ഉയർന്ന തലത്തിലുള്ള ആരോഗ്യ പരിരക്ഷ, വീട് നിർമ്മിക്കുന്നതിലും വീട്ടുപകരണങ്ങൾ ശേഖരിക്കുന്നതിലുമുള്ള ശ്രദ്ധ, ഉയർന്ന ഉപഭോഗ നിലവാരം, വാർത്താവിനിമയ സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ എന്നിവയുണ്ട്. ചുരുക്കത്തിൽ, വ്യാവസായികമായി വളരെയേറെ മുന്നേറാനുള്ള സൗകര്യങ്ങൾ ഉണ്ട്. പക്ഷെ ഈ രംഗത്ത് കാര്യമായ ഉയർച്ച ഇനിയും കൈവന്നിട്ടില്ല. പല കാര്യത്തിലും ഉൽപ്പാദന രീതികളെക്കുറിച്ചും വിപണിയെക്കുറിച്ചും ഉള്ള അജ്ഞതയാണ് പ്രധാന കാരണം.

# തൊഴിൽ സാദ്ധ്യതകൾ

1. നെൽകൃഷിയിൽ വളരെ മുന്നിലാണ്. നെല്ലുകുത്തു മില്ലുകൾ ധാരാളം പ്രവർത്തിക്കുന്നു. പക്ഷെ തവിട്, ഉമി എന്നിവ ഉപയോഗിച്ചുള്ള യാതൊരു വ്യവസായവും പഞ്ചായത്തിൽ ഇല്ല.

2. തെങ്ങു കൃഷി വ്യാപകമായതോടെ നാളികേരത്തിന്റെ ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്. ചില മില്ലുകളിൽ കൊപ്ര ആട്ടി വെളിച്ചെണ്ണ ഉണ്ടാക്കുന്നു എന്നതൊഴിച്ചാൽ ഈ രംഗത്ത് മറെറാരു വ്യവസായവും തുടങ്ങിക്കാണുന്നില്ല. കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കാവുന്നതാണ്.

3. നേന്ത്രവാഴ കൃഷി വർദ്ധിച്ചിട്ടുണ്ട്. പക്ഷെ ചിപ്സ് നിർമ്മാണം ഇവിടെ നടക്കുന്നില്ല.

4. മരപ്പണി കൈത്തൊഴിലായുള്ള ജനങ്ങൾ ഉണ്ടെങ്കിലും അവരെ ഉൾകൊള്ളിച്ചു കൊണ്ടുള്ള വ്യവസായങ്ങൾ ഉണ്ടാകുന്നില്ല.

5. സോഫ്ററ് വുഡ് ധാരാളം ലഭിക്കുന്നുണ്ടെങ്കിലും പ്ലൈവുഡ് ഫാക്ടറി തുടങ്ങാനുള്ള സംരംഭം ഇതേവരെ ഉണ്ടായിട്ടില്ല.

6. വിപണി കണ്ടെത്താൻ കഴിഞ്ഞാൽ ഓലപ്പായ, പുൽപ്പായ എന്നിവയുടെ നിർമ്മാണം വിപുലീകരിക്കാവുന്നതാണ്.

7. ഇരുമ്പുപണി, മരപ്പണി എന്നീ തൊഴിൽ കൈത്തൊഴിലായി സ്വീകരിച്ചിരിക്കുന്നവർക്ക് വിദഗ്ധ പരിശീലനം കൊടുക്കുന്ന സ്ഥാപനങ്ങൾ നടത്താവുന്നതാണ്.

# വ്യവസായരംഗത്തെ തളർച്ചക്കുളള കാരണങ്ങൾ

1. മേൽപ്പറഞ്ഞ പല വ്യവസായങ്ങളെ കുറിച്ചും സാങ്കേതികമായ അറിവ് പൊതുവെ കുറവാണ്.

2. പല ചെറുകിട വ്യവസായങ്ങൾക്കും ധനസഹായം ലഭിക്കാൻ വളരെയധികം വിഷമം അനുഭവപ്പെടുന്നു.

3. പ്രാദേശികമായി ഉണ്ടാക്കുന്ന വസ്തുക്കൾക്കുള്ള വിപണനക്കുറവ്.

4. കൈത്തൊഴിലുകാർക്കും പരമ്പരാഗത തൊഴിലാളികൾക്കും പരിശീലനം ലഭിക്കാൻ സാധ്യതയില്ലാത്ത അവസ്ഥ.

5. തൊഴിൽ സംരംഭകന് ആവശ്യമായ പ്രോൽസാഹനം ലഭിക്കുന്നില്ല.

6. പല ചെറുകിട വ്യവസായ രംഗത്തും കൂലി വളരെ കുറവാണ്.

7. സാങ്കേതിക ജ്ഞാനം ലഭിച്ചവർക്ക് അവരർഹിക്കുന്ന വിധത്തിലുള്ള തൊഴിൽ കൊടുക്കാൻ കഴിയാത്തതി

നാൽ അവർ പഞ്ചായത്തിൽ നിന്ന് പുറത്തുപോകുന്നു.

8. വ്യവസായ സംരംഭകർക്ക് ഒത്തുകൂടുന്നതിനോ ആശയ വിനിമയത്തിനോ ഉള്ള അവസരം ലഭിക്കുന്നില്ല.

9. ഏതു വ്യവസായം തുടങ്ങണം എന്നു തീരുമാനിക്കാൻ കഴിയുന്നില്ല. (അസംസ്കൃത വസ്തുക്കളുടെ ലഭ്യതയെക്കുറിച്ചുള്ള അജ്ഞത)

പഞ്ചായത്തിനകത്തു് വിപണന സാദ്ധ്യതയുള്ള കുറെയേറെ വ്യവസായങ്ങൾ തുടങ്ങുവാൻ നമുക്കു കഴിയും

1. ശാസ്ത്രീതമായ കോഴിവളർത്തൽ
2. ശാസ്ത്രീയമായ പന്നി വളർത്തൽ
3. ആയുർവ്വേദ മരുന്നു നിർമ്മാണം.
4. ഫർണീച്ചർ നിർമ്മാണം (മരം)
5. ഫണിച്ചർ നിർമ്മാണം (ഇരുമ്പ്)
6. ചെരുപ്പ്
7. അലുമിനിയ പാത്രങ്ങൾ
8. ലതർ ഗൂഡ്സ്
9. സ്ക്കൂൾ ബാഗ്
10. മരംകൊണ്ടുള്ള വീട്ടുപകരണങ്ങൾ
11. സോപ്പ്
12. ക്ലീനിംഗ് പൗഡർ
13. ഇരുചക്ര വാഹനത്തിന്റെ വർക്ക്ഷോപ്പ്
14. എമർജൻസി ലാംമ്പ്
15. സ്വിച്ച് ബോർഡ്
16. കുട്ടികളുടെ ഷൂ
17. ഇഷ്ടിക നിർമ്മാണം
18. ആട് വളർത്തൽ
19. കാർഷിക ഉപകരണങ്ങൾ
20. റെഡിമെയ്ഡ് വസ്ത്രങ്ങൾ
21. അച്ചാർ നിർമ്മാണം
22. കാലിത്തീററ നിർമ്മാണം
23. ബേക്കറി സാധനങ്ങൾ
24. പൂച്ചട്ടി, പൂപ്പാത്രം
25. ചിരട്ട, ചകിരി എന്നിവ കൊണ്ടുള്ള കൗതുക വസ്തുക്കൾ
26. പ്രതിമാ നിർമ്മാണം
27. പ്രിന്റിംഗ്
28. ചന്ദനത്തിരി നിർമ്മാണം
29. ചോക്ക് നിർമ്മാണം
30. കുട നിർമ്മാണം
31. മെഴുകുതിരി നിർമ്മാണം
32. പേപ്പർ കവർ നിർമ്മാണം

# പഞ്ചായത്തിൽആവശ്യമായ വൻകിട വ്യവസായങ്ങൾ

വൈക്കോൽ സുലഭമായി ലഭിക്കാൻ സാദ്ധ്യതയുള്ളതിനാൽ, കാർഡ് ബോർഡ് നിർമ്മാണം, വൻകിട വ്യവസായമായി നടത്താൻ, എല്ലാവിധ സാധ്യതകളും ഉണ്ട്.

പഞ്ചായത്തിന്റെ പലഭാഗങ്ങളിലായി 33 ട്രാൻസ്ഫോമറുകൾ ഉണ്ട്. സബ് സ്റ്റേഷൻ പഞ്ചായത്തിൽ ഉള്ളതിനാൽ വൈദ്യുതി ഒരു തടസ്സമാകാൻ സാധ്യതയില്ല.

തൊഴിൽ സംരംഭകരെ വിളിച്ചുചേർത്ത് അവരുടെ സംരംഭത്തിന്റെ സ്വഭാവം മനസ്സിലാക്കി അവർക്കാവശ്യമായ വ്യവസായം ആരംഭിക്കുന്നതിന് മൊത്തത്തിൽ നാലോ, അഞ്ചോ ഏക്കർ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് വ്യവസായ എസ്റ്റേറ്റ് ഉണ്ടാകുന്ന പദ്ധതി നടപ്പിലാക്കണം.

**ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ**

1. പരമ്പരാഗത വ്യവസായമായ കളിമൺ പാത്രനിർമ്മാണം പുനരുദ്ധരിക്കാൻ മണ്ണരക്കുന്നതിനുള്ള യന്ത്രവും, ശാസ്ത്രീയ രീതിയിലുള്ള ചൂളയും വേണം.

2. ഇരുമ്പുകൊണ്ടുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്ന ഒരു ഫാക്ടറി സ്ഥാപിക്കണം.

3. ശാസ്ത്രീയമായ രീതിയിലുള്ള കോഴിവളർത്തൽ യൂണിററുകൾ എല്ലാ വാർഡുകളിലും ആരംഭിക്കേണ്ടതാണ്.

4. റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിററ് ആരംഭിക്കണം.

5. നാളികേരം ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായശാല സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.

6. റബ്ബർ കൃഷി വ്യാപകമായതോതിൽ നടക്കുന്നതിനാൽ റബ്ബർ ഉപയോഗിച്ചുള്ള സാധനങ്ങൾ നിർമ്മിക്കാവുന്നതാണ്. ഇതിനായി ഒരു വ്യവസായ സ്ഥാപനം ആരംഭിക്കാവുന്നതാണ്.

7. പുഴയോരത്ത് ഇഷ്ടിക നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്.

8. ഫർണിച്ചർ നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ ആരംഭിക്കണം.

9. പഞ്ചായത്തിൽ കന്നുകാലി വളർത്തൽ ധാരാളം ഉള്ള നിലയ്ക്ക്, കാലിത്തീററ നിർമ്മാണം ആരംഭിക്കാവുന്നതാണ്.

10. ബേക്കറി സാധനങ്ങൾ നിർമ്മിക്കുന്ന യൂണിററ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.

11. മുള കൊണ്ടുള്ള വസ്തുക്കളുടെ നിർമ്മാണം പ്രോൽസാഹിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക, വിപണനത്തിന് സൗകര്യമുണ്ടാക്കുക (സഹകരണ സംഘങ്ങൾ മുഖേന)

12. പ്ലാസ്ററിക് വസ്തുക്കൾ നിർമ്മിക്കുന്ന യൂണിററ് ആരംഭിക്കണം.

13. ചകിരി ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ആരംഭിക്കുക.

14. മരപ്പണിശാല സ്ഥാപിക്കണം.

15. ചന്ദനത്തിരി തുടങ്ങിയ സുഗന്ധ ദ്രവ്യങ്ങളുടെ നിർമ്മാണത്തിനുള്ള യൂണിററ ആരംഭിക്കണം.

16. സോപ്പ് നിർമ്മാണ യൂണിററ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.

17. ഭക്ഷ്യ വസ്തുക്കളുടെ സംസ്കരണത്തിന് ഒരു യൂണിററ് വേണം.

18 ഡ്രൈക്ലീനിങ്ങ് സെൻറർ ആരംഭിക്കണം.

19. ഹോളോ ബ്രിക്സ്, കട്ടള, ജനൽ എന്നിവ സിമൻറ് ഉപയോഗിച്ചു നിർമ്മിക്കുന്ന ഒരു യൂണിററ് ആരംഭിക്കണം,

20. ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പാർട്സ് നിർമ്മിക്കുന്ന യൂണിററുകൾക്ക് നല്ല സാധ്യതയുണ്ട്.

21. നല്ല നിലയിൽ വിപണിയുള്ള കടലറി വ്യവസായം കഴിയുന്നത്ര പ്രോൽസാഹിപ്പിക്കേണ്ടതാണ്.

22. വൈദ്യുത ഗൃഹോപകരണങ്ങൾ റിപ്പയർ ചെയ്യാൻ അറിയുന്നവർക്കായി ഒരു സംഘം രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്.

23. വളരെ കൂടുതൽ വിപണിയുള്ള പ്ലാസ്ററിക് കവർ നിർമ്മാണം ആരംഭിക്കാവുന്നതാണ്. ഇതിന് കുറഞ്ഞ മുതൽ മുടക്ക് മതിയാകും.

24. പഞ്ചായത്തിൽ ലഭ്യമായ വസ്തുക്കളുപയോഗിച്ച് ജൈവ കീടനാശിനികൾ നിർമ്മിക്കാവുന്നതാണ്.

25. സോഫ്റ്റ് വുഡ് ലഭ്യമായതിനാൽ തീപ്പെട്ടിക്കൊള്ളി നിർമ്മാണം ആരംഭിക്കാവുന്നതാണ്. ഇതിനുള്ള മാർഗ്ഗനിർദ്ദേശം ലഭ്യമാക്കണം.

## പൊതു നിർദ്ദേശങ്ങൾ:—

1. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ കെട്ടിടങ്ങൾ പഞ്ചായത്ത് നിർമ്മിച്ച് വാടകക്ക് നൽകേണ്ടതാണ്.

2. പരമ്പരാഗത തൊഴിലുകളായ മൺപാത്ര നിർമ്മാണം, അലക്ക് എന്നിവ ആധുനികവല്ക്കരിക്കാൻ ആവശ്യമായ യന്ത്രസാമഗ്രികൾ വിതരണം ചെയ്യേണ്ടതാണ്.

3. ക്ഷീര വിതരണ യൂണിറ്റുകൾ പോലെ മറ്റു പല സംരംഭങ്ങൾക്കും സഹകരണസംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

4. തെങ്ങുല്പന്നങ്ങൾ, വാഴയ്ക്ക, തുടങ്ങിയവകൊണ്ടുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ശാസ്ത്രീയപരിശീലനം നൽകണം.

5. തൊഴിൽ സംരംഭകരെ വിളിച്ചുചേർത്ത് അവർക്ക് താൽപ്പര്യമുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പരിശീലനവും പ്രോൽസാഹനവും ധനസഹായവും നൽകാനുള്ള സംവിധാനം ഉണ്ടാക്കണം.

6. കൈത്തൊഴിലുകളിൽ പ്രത്യേക വൈദഗ്ദ്ധ്യമുള്ളവർക്ക് പരിശീലനം നൽകി കരകൗശല വികസന കേന്ദ്രം സ്ഥാപിക്കണം.

7. പഞ്ചായത്തിൽ തൊഴിൽ സംരംഭകരെ ആകർഷിക്കുന്നതിനുവേണ്ടി വിവിധമേഖലകളിലുള്ള വ്യവസായ കേന്ദ്രങ്ങളുടെ സഹായത്തോടെ വ്യവസായിക, കാർഷികപ്രദർശനം സംഘടിപ്പിക്കണം

8. വ്യവസായ സംരംഭകർക്ക് ആവശ്യമായി വൈദ്യുതി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുക.

9. തൊഴിൽ സംരംഭകരെ കണ്ടെത്താനും പ്രോൽസാഹിപ്പിക്കാനും നല്ലനിലയിൽ പ്രവർത്തിക്കാനുള്ള സാഹചര്യ ഉണ്ടാക്കാനും പഞ്ചായത്തിൽ പ്രത്യേകമായി ഒരു സമിതി രൂപീകരിക്കുക.

10. വീവസായ ശാലകളിൽ തൊഴിലാളികൾക്ക് ന്യായമായ കൂലി ഉറപ്പുവരുത്തണം. അതിനായി ഉൽപ്പാദനക്ഷമതയിലും വിപണനത്തിലും ശ്രദ്ധിക്കാനാവശ്യമായ സമിതികൾ ഉണ്ടാക്കണം.

11. പുതിയ വ്യവസായ സംരംഭകരോടുള്ള ധനകാര്യ സ്ഥാപനങ്ങളുടെ നിസ്സഹകരണം മാററിയെടുക്കാനുള്ള പ്രവർത്തനം സംഘടിപ്പിക്കേണ്ടതാണ്.

12. IRDP പോലുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾക്കുപോലും ധനകാര്യ സ്ഥാപനങ്ങളുടെ നിസ്സഹകരണം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

13. അഭ്യസ്തവിദ്യർക്ക് തൊഴിൽ സാദ്ധ്യത ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം നൽകുന്നതിൽ എംപ്ലോയ്മെൻറ് ഗൈഡൻസ് ബ്യൂറോയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം.

# 5-4 വിദ്യാഭ്യാസം

'ഒരു സ്ക്കൂൾ തുറക്കുമ്പോൾ ഒരു ജയിൽ അടയ്ക്കുന്നു' എന്ന വിക്ടർ ഹ്യൂഗോയുടെ വാചകം, വിദ്യാഭ്യാസ ലക്ഷ്യങ്ങളുടെ മർമ്മത്തെയാണ് സ്പർശിക്കുന്നത്. ജനതയുടെ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ ഉന്നമനത്തിന്റെ അടിസ്ഥാനം വിദ്യാഭ്യാസമാണെന്ന് എടുത്തുപറയേണ്ടതില്ല. ഏതൊരു വ്യക്തിയുടെയും സമൂഹത്തിന്റെയും സർവ്വതോന്മുഖമായ പുരോഗതി വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധ്യമാകൂ. അറിവ് മനുഷ്യമനസ്സിന്റെ ഇരുട്ട് ദൂരീകരിക്കുന്നു. എഴുതാനും വായിക്കാനും കഴിയുക എന്നത് വിദ്യാഭ്യാസത്തിന്റെ പ്രാഥമികലക്ഷ്യം മാത്രമാണ്. വിദ്യാഭ്യാസം എന്നത് ഒരു തുടർപ്രക്രിയയായതുകൊണ്ടുതന്നെ, അതിന്റെ വിവിധഘട്ടങ്ങളേയും ലക്ഷ്യങ്ങളേയും ക്രിയാത്മകമായും കാര്യക്ഷമമായും സമീപിക്കുക എന്നത് പരമപ്രധാനമായ ഒരു കാര്യമാണ്.

ഇത്രയും പറഞ്ഞത്, നമ്മുടെ പറളി ഗ്രാമ പഞ്ചായത്തിന്റെ വിദ്യാഭ്യാസ മേഖലയെക്കുറിച്ച് ചിന്തിക്കുന്നതിന് മുന്നോടിയായാണ്. പറളി ഗ്രാമപഞ്ചായത്ത് നിലവിൽവരുന്നതിനു മുമ്പുതന്നെ ദേശീയ പ്രസ്ഥാനവും മററു പുരോഗമന പ്രസ്ഥാനങ്ങളും പറളിയുടെ വിദ്യാഭ്യാസ മണ്ഡലത്തിൽ സാരമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഔപചാരിക, അനൗപചാരിക വിദ്യാഭ്യാസരംഗത്ത് ഈ പ്രസ്ഥാനങ്ങൾ ഉണ്ടാക്കിയിട്ടുള്ള മാററങ്ങൾ ചെറുതല്ല. അനൗപചാരിക വിദ്യാഭ്യാസരംഗത്ത്, വായനശാലകൾ, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ എന്നിവയുടെ സേവനം മുമ്പുതന്നെ ആരംഭിച്ചിരുന്നു.

പറളിയെ സംബന്ധിച്ചിടത്തോളം ഔപചാരിക വിദ്യാഭ്യാസത്തിന്റെ നാഴികക്കല്ലായി പ്രവർത്തിക്കുന്നത്. പറളി ഹൈസ്കൂൾ ആണ്. കൂടാതെ എടത്തറ ജി. യു. പി. സ്കൂൾ, തേനൂർ വെസ്റ്റ് എ. യു പി. സ്കൂൾ, തേനൂർ ഈസ്റ്റ് എൽ. പി സ്ക്കൂൾ, ഓടനൂർ ജി.എൽ പി സ്കൂൾ, കിണാവല്ലൂർ എൽ. പി. സ്കൂൾ വഴക്കപ്പാറ സ്ക്കൂൾ എന്നിവയും പറളിയുടെ വിദ്യാഭ്യാസത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്നു. പഞ്ചായത്തിലെ ഏററവും പഴക്കം ചെന്ന വിദ്യാലയങ്ങളാണ് കിണാവല്ലൂർ എൽ.പി.സ്കൂൾ, തേനൂർ ഈസ്റ്റ് എൽ. പി. സ്ക്കൂൾ, 1906 ൽ സംസ്കൃതവിദ്യാലയമായി ആരംഭിച്ച തേനൂർ വെസ്ററ് യു. പി. സ്കൂൾ, എടത്തറ ജി. യു. പി. സ്കൂൾ എന്നിവ. കൂടാതെ അൺ എയ്ഡഡ് വിദ്യാഭ്യാസരംഗത്ത് ബാപ്പുജി. ഇംഗ്ലീഷ് മീഡിയം സ്കൂൾ, സലഫി സ്ക്കൂൾ എന്നിവ പ്രവർത്തിച്ചുവരുന്നു. പറളിയിലെ മുജാഹിദ്ദീൻ അറബിക്ക് കോളേജാണ് ഔപചാരികവിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന മറെറാരു സ്ഥാപനം. അറബിക് ഭാഷയിലുള്ള വിവിധ സർട്ടിഫിക്കററ് കോഴ്സുകളും ഇവിടെ നടത്തുന്നുണ്ട്. പ്രസ്തുത സർട്ടിഫിക്കററ് കോഴ്സുകൾ എല്ലാം തന്നെ കാലിക്കററ് യൂണിവേഴ്സിററി സിലബസിനും, കേരള എക്സാമിനേഷൻ ബോർഡിനും വിധേയമായിട്ടുള്ളതാണ്.

പ്രീ-പ്രൈമറി വിദ്യാഭ്യാസ രംഗത്ത് 5 നഴ്സറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്, അവയെല്ലാംതന്നെ സ്വകാര്യ മേഖലയുടെ നിയന്ത്രണത്തിലുള്ളവയാണ്.

## പറളി ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

| ക്രമ നമ്പ്ര് | സ്കൂളിന്റെ പേര് | സ്വഭാവം | കുട്ടികളുടെ എണ്ണം ആൺ | പെൺ | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|---|---|
| 1 | A. J. B. S, തേനൂർ ഈസ്റ്റ്, പറളി | എയ്ഡഡ് | 121 | 145 | 8 |
| 2 | A. L. P. S, കിണാവല്ലൂർ | ,, | 167 | 151 | 9 |
| 3 | G. L. P. S, ഓടനൂർ | ഗവൺമെന്റ് | 89 | 82 | 7 |
| 4 | A. U. P. S, തേനൂർ വെസ്റ്റ് | എയ്ഡഡ് | 507 | 457 | 34 |
| 5 | G. U. P. S, എടത്തറ | സർക്കാർ | 564 | 583 | 36 |
| 6 | A. M. B. S, വഴക്കപ്പാറ | എയ്ഡഡ് | 87 | 99 | 7 |
| 7 | ഹൈസ്കൂൾ, പറളി | ,, | 1231 | 1218 | 72 |
| 8 | മുജാഹിദീൻ ഹൈസ്കൂൾ, പറളി | അൺ ,, | 49 | 54 | 5 |
| 9 | ബാപ്പുജി ഇംഗ്ലീഷ്മീഡിയം സെൻട്രൽ സ്കൂൾ, പറളി | ,, | 213 | 135 | 20 |

### L. P. U. P. H. S. വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| | L. P. | | | U. P. | | | H. S. | | |
|---|---|---|---|---|---|---|---|---|---|
| ആകെ വിദ്യാർത്ഥികൾ | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 5952 | 464 | 477 | 55% | 1071 | 1040 | 49% | 1493 | 1407 | 49% |

### പട്ടികജാതി വിദ്യാർത്ഥികളുടെ കണക്ക്

| L. P. | | | | U. P. | | | | H. S. | | | |
|---|---|---|---|---|---|---|---|---|---|---|---|
| ആകെ | ആൺ | പെൺ | % | ആകെ | ആൺ | പെൺ | % | ആകെ | ആൺ | പെൺ | % |
| 941 | 117 | 111 | 24 | 211 | 191 | 166 | 17 | 2900 | 260 | 258 | 17 |

## അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

| സ്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മററുസൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കെട്ടിടം | | ഫർണീച്ചർ | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| H. S. | 26 | 73 | 99 | 1493 | 1407 | 2900 | 2 | 1 | 2 | 1 |
| U. P. | 25 | 43 | 68 | 1071 | 1040 | 2111 | 2 | — | 1 | 1 |
| L. P. | 6 | 25 | 31 | 464 | 477 | 941 | 3 | 1 | 2 | 2 |
| ആകെ | 57 | 141 | 198 | 3028 | 2954 | 5952 | 7 | 2 | 5 | 4 |

## അക്കാദമിക് നിലവാരം

| ക്ലാസ്സ് | ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | |
|---|---|---|---|---|---|---|
| | | 30%ന താഴെ | 30–40% മാർക്ക നേടുന്നവർ | 40–50% മാർക്ക നേടുന്നവർ | 50-60% മാർക്ക നേടുന്നവർ | 60%ന മുകളിൽ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| III | 639 | 290 | 103 | 84 | 61 | 101 |
| IV | 568 | 204 | 162 | 80 | 53 | 69 |
| V | 630 | 219 | 146 | 109 | 75 | 81 |
| VI | 616 | 215 | 117 | 80 | 80 | 104 |
| VII | 649 | 220 | 163 | 107 | 75 | 84 |
| VIII | 546 | 140 | 220 | 214 | 36 | 36 |
| IX | 791 | 272 | 265 | 182 | 33 | 39 |
| X | 768 | 289 | 289 | 57 | 17 | 16 |

# വിദ്യാഭ്യാസ സൗകര്യങ്ങൾ

പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ മുഖ്യമായ പറളി ഹൈസ്കൂൾ സൗകര്യങ്ങളുടെ കാര്യത്തിൽ പിറകിലാണെന്നു പറയാം. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ക്ലാസ്സ്റൂമുകൾ ഇല്ലാത്തതിനാൽ വളരെക്കാലമായി ഇവിടെ ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്നു. കക്കൂസ്, മൂത്രപ്പുര തുടങ്ങിയ ഭൗതികസൗകര്യങ്ങൾ പരിതാപകരമായ നിലയിലാണ്. കെട്ടിടങ്ങളുടെ അവസ്ഥയും വ്യത്യസ്തമല്ല

പഞ്ചായത്തിലെ മറ്റു പൊതുവിദ്യാലയങ്ങളിലെ കെട്ടിടങ്ങൾ, മൂത്രപ്പുര, സ്റ്റാഫ്റൂം, കുടിവെള്ളം എന്നിവയുടെ സ്ഥിതിവെച്ചുനോക്കുമ്പോൾ ഇനിയും ആ വിദ്യാലയങ്ങൾക്ക് ഏറെ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു.

## കുട്ടികളുടെ എണ്ണം

കഴിഞ്ഞവർഷത്തെ വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ കണക്ക് പരിശോധിച്ചാൽ ഓരോ വർഷവും പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളിൽ കുട്ടികളുടെ എണ്ണം ഗണ്യമായി കുറയുന്നതു കാണാൻ കഴിയും. ഉൾപ്രദേശങ്ങളിലുള്ള പ്രാഥമിക വിദ്യാലയങ്ങളിൽ പോലുംഈ പ്രവണത കൂടുതലായി കാണാവുന്നതാണ്. ആയതിന്റെ കാരണങ്ങൾ പരിശോധിക്കേണ്ടിയിരിക്കുന്നു. കൂടാതെ താഴ്ന്ന വരുമാനക്കാരായ ചില പിന്നോക്ക വർഗക്കാർ തിങ്ങിപ്പാർക്കുന്ന ഇടങ്ങളിൽ വിദ്യാഭ്യാസത്തിന് അർഹമായ പ്രാധാന്യം ഒട്ടുംതന്നെ ലഭിക്കുന്നില്ല. അതിന്റെ ഫലമായി വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് ഈവിഭാഗങ്ങൾക്കിടയിൽ വളരെ കൂടുതലാണ്. എന്നാൽ ബാപ്പുജി ഇംഗ്ലീഷ് മീഡിയം സെൻട്രൽ സ്കൂളിൽ (അൺ എയിഡഡ്) പട്ടികജാതിയിൽപെട്ട 7 ആൺകുട്ടികളും ഫീസ് കൊടുത്ത് പഠിക്കുന്നുണ്ട്.

ജനനനിയന്ത്രണം വിദ്യാർത്ഥികളുടെ എണ്ണക്കുറവിനുള്ള ഒരു കാരണമാണ് എങ്കിലും അൺ എയ്ഡഡ് ഇംഗ്ലീഷ് സ്കൂളിൽ കുട്ടികളെ ചേർക്കാനുള്ള താല്പര്യം വർദ്ധിച്ചുവരുന്നതും, പുതിയ അൺഎയ്ഡഡ് വിദ്യാലയങ്ങൾ പെരുകുന്നതും കുട്ടികളുടെ എണ്ണം കുറയുന്നതിനുള്ള നിർണ്ണായക കാരണങ്ങളാണ്.

## പഠനനിലവാരം

പറളി പഞ്ചായത്തിന്റെ പരിധിയിലുള്ള മിക്കവാറും എല്ലാവിദ്യാലയങ്ങളും പഠനനിലവാരത്തിന്റെ കാര്യത്തിൽ വളരെ പിറകിലാണ്. പൊതുവിദ്യാഭ്യാസരംഗത്ത് മിതമായ സൗകര്യങ്ങളുള്ള പറളി ഹൈസ്കൂളിന്റെ കഴിഞ്ഞ കുറെ വർഷങ്ങളിലെ വിജയ ശതമാനം 20% ത്തിൽ താഴെയാണ്. അതുപോലെത്തന്നെ വളരെക്കാലത്തെ പാരമ്പര്യം അവകാശപ്പെടാവുന്ന എടത്തറ ജി. യു. പി. സ്കൂൾ, തേനൂർ വെസ്റ്റ് എ. യു. പി. സ്കൂൾ എന്നിവയുടെയും പഠനനിലവാരത്തിൽ വർഷം തോറും കുറവുവന്നുകൊണ്ടിരിക്കുന്നതായി കാണാം. മേൽ പറഞ്ഞ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പൂർവ്വകാലചരിത്രവുമായി താരതമ്യപ്പെടുത്തുമ്പോൾ അവയുടെ ഇന്നത്തെ അവസ്ഥ വളരെ പരിതാപകരമാണെന്നുള്ള കാര്യം എടുത്തു പറയേണ്ടതുണ്ട്. ഇത്തരം അവസ്ഥയ്ക്കുള്ള കാരണങ്ങൾ പലതാകാമെങ്കിലും, ആയവ പരിഹരിച്ച് നിലവാരം മെച്ചപ്പെടുത്തി മുന്നോട്ടു പോകേണ്ടതായിട്ടുണ്ട്.

## പാളി ഹൈസ്കൂളിലെ S. S. L. C വിജയശതമാനം

| H. S, പറളി | 91–92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|
| S.S L.C പരീക്ഷ എഴുതിയവർ | 438 | 465 | 504 | 519 | 507 |
| വിജയശതമാനം | 21.69 | 25.38 | 13.89 | 17.15 | 14.79 |

എല്ലാവിഭാഗത്തിലുംപെട്ട ബഹുജനങ്ങളും, ജനകീയപ്രസ്ഥാനങ്ങളും, അദ്ധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവരുടെ കൂട്ടായ പ്രവർത്തനവും അർപ്പണബോധത്തോടെയുള്ള ആസൂത്രണവും ഉണ്ടാവുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിലെ എല്ലാപൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും നിലവാരം മെച്ചപ്പെടുത്താൻ കഴിയുമെന്ന് ഉറപ്പുണ്ട്.

### P. T. A യുടെ പങ്ക്

വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിലും മററു ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും P. T. A.ക്ക് വളരെ വലിയ പങ്ക് വഹിക്കാനുണ്ട്. പക്ഷേ പ്രധാനപ്പെട്ട ചില സ്കൂളുകിൽ മാത്രമേ നിലവിൽ പേരിനുമാത്രം P. T. A. പ്രവർത്തിക്കുന്നുള്ളു. എന്നാൽ ഭൂരിപക്ഷം വിദ്യാലയങ്ങളിലും P. T. A. യഥാസമയം വിളിച്ചുചേർക്കുന്നതിനും P. T. A. യുടെ പ്രവർത്തനം സജീവമാക്കുന്നതിനും വേണ്ട നടപടികൾ ബന്ധപ്പെട്ടവർ സ്വീകരിക്കുന്നില്ല. നിലവിലുള്ള P. T. A. യുടെ പ്രവർത്തനവും വേണ്ടത്ര കാര്യക്ഷമമല്ല വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിൽ അധ്യാപകരും, വിദ്യാർത്ഥികളും എന്നപോലെ രക്ഷിതാക്കൾക്കും വളരെ വലിയ പങ്ക് വഹിക്കാനുണ്ട് എന്ന കാര്യത്തിൽ പല രക്ഷിതാക്കളും അജ്ഞാതരാണ് എന്നതാണ് P. T. A. യുടെ പ്രവത്തനം കാര്യക്ഷമമാകാത്തതിന്റെ പ്രധാനകാരണം.

### മാതൃസംഘം

കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ മാതാവിന്റെ പങ്കിനുള്ള – പ്രാധാന്യം കണക്കിലെടുത്തുകൊണ്ടാണ് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും – മാതൃ സംഗമം രൂപീകരിക്കേണ്ടിവന്നതു്. പക്ഷെ നമ്മുടെ പഞ്ചായത്തിൽ മിക്ക സ്കൂളുകളിലും അത്തരത്തിലുള്ള പ്രവത്തനം വേണ്ട രീതിയിൽ നടന്നതായി കാണുന്നില്ല.

### പാഠ്യേതര പ്രവർത്തനങ്ങൾ

വിദ്യാർത്ഥികളുടെ നിലവാരത്തോടൊപ്പംതന്നെ പ്രധാനപ്പെട്ടതാണ് വ്യക്തിത്വവും. മാനസിക, കായിക, കലാപരമായ കഴിവുകൾ വികസിപ്പിച്ചെടുക്കുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കുന്ന പാഠ്യേതര പ്രവർത്തനങ്ങൾ. എന്നാൽ ഇതിലൂടെ എന്താണോ ലക്ഷ്യമിട്ടിട്ടുള്ളത്, പ്രസ്തുത ലക്ഷ്യം സാദ്ധ്യമാക്കുന്നതിനുള്ള രീതിയിലല്ല ഈ രംഗത്തു നടക്കുന്ന പ്രവർത്തനങ്ങൾ. അവ കേവലം ചടങ്ങുകളും ചിലപ്പോൾ വഴിപാടുപോലെയും – തരം താഴുന്നതായി അനുഭവപ്പെടുന്നു. പറളി ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട മൂന്നു

വിദ്യാലയങ്ങളിലെങ്കിലും കലാ, കായിക, സാംസ്കാരിക പ്രവൃത്തി പരിചയ പരമായ വിദ്യാഭ്യാസം നൽകുന്നതിനാവശ്യമായ സംവിധാനങ്ങളും അവയ്ക്കുള്ള പ്രത്യേകം അദ്ധ്യാപകരും നിലവിലുണ്ട്. എങ്കിലും ഈ വിദ്യാലയങ്ങൾ അതാതു രംഗങ്ങളിൽ എടുത്തുപറയത്തക്ക നേട്ടങ്ങൾ ഉണ്ടാക്കിയതായി കാണപ്പെടുന്നില്ല എന്നത് പരിതാപകരമാണ്.

## സ്കൂൾ കോംപ്ലക്സുകൾ

പറളി ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങളും, പഠനനിലവാരവും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ള സ്കൂൾ കോംപ്ലക്സുകൾ പുതിയ ഒരു പ്രവർത്തനം ഈ രംഗത്ത് നടത്തുന്നതിന്റെ തുടക്കമാണ്. സ്കൂൾ കോംപ്ലക്സ് എന്ന ആശയം പഴഞ്ചനാണെങ്കിലും അതിന്റെപുതുക്കിയ പ്രവർത്തനമേഖലയും രീതിയും എല്ലാ വിദ്യാലയങ്ങൾക്കും പ്രയോജനപ്പെട്ടെങ്കിൽ വളരെ ഗുണകരമാണ്. ഈ രംഗത്ത് വേണ്ടരീതിയിലുള്ള പ്രവർത്തനങ്ങൾ ചിട്ടയോടെ ഇനിയും തുടങ്ങേണ്ടിയിരിക്കുന്നു.

## ഇലക്ട്രോണിക്ക് മാധ്യമങ്ങൾ

വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിൽ ഇലക്ട്രോണിക്ക്സ് മാധ്യമങ്ങൾക്ക് വലിയ പങ്ക് വഹിക്കാനുണ്ട് പക്ഷെ ഇന്ന് അവയുടെ സ്വാധീനം വിദ്യാർത്ഥികളുടെ പഠനനിലവാരത്തകർച്ചയിലേക്ക് തള്ളിവിടുന്നു. പ്രസ്തുതരംഗത്തെ ഗുണപരമായരീതിയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്കിടയിൽ സംഘടിപ്പിക്കേണ്ടതാണ്.

## പാരലൽ കോളേജുകൾ

വിദ്യാഭ്യാസരംഗത്ത് ഈ സ്ഥാപനങ്ങൾക്ക് അതിന്റേതായപങ്ക് നിർവ്വഹിക്കാനുണ്ട്. പ്രത്യേകിച്ച് കോളേജ് വിദ്യാഭ്യാസരംഗത്ത് അവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടതാണ്. ഇപ്രകാരത്തിൽ മൂന്നു പ്രധാനപ്പെട്ട കോളേജുകളെങ്കിലും പറളിയിൽ പ്രവർത്തിക്കുന്നുണ്ട്.

## നഴ്സറി സ്ക്കൂളുകൾ

പ്രീ-പ്രൈമറി രംഗത്ത് പ്രവർത്തിക്കുന്ന ഏതാണ്ട് പത്തോളം നഴ്സറിസ്കൂളുകൾ പറളി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നിലവിലുണ്ട്. അവയുടെ ബോധനഭാഷ പ്രധാനമായും മലയാളമാണ് ഇവയിൽ മിക്കതും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നതാണ്.

## അംഗൻവാടികൾ

പഞ്ചായത്തിന്റെ പരിധിയിൽ മുപ്പത്തിനാല് അംഗൻവാടികളെങ്കിലും പ്രവർത്തിക്കുന്നുണ്ട്. അവയിൽ 60% നും ഇപ്പോൾ സ്വന്തം കെട്ടിടങ്ങൾ ഉണ്ട്. എന്നിരുന്നാലും ഭൗതിക സൗകര്യങ്ങൾ വളരെക്കുറവാണ്. ഇവപരിഹരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമാക്കേണ്ടതാവശ്യമാണ്.

## സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

രണ്ട് കമ്പ്യൂട്ടർ സെൻറർ, മൂന്ന് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയാണ് ആകെയുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ഇവയൊക്കെത്തന്നെ സ്വകാര്യമേഖലയിൽ നിലനിൽക്കുന്നതുമാണ്.

## വായനശാലകളും, ഗ്രന്ഥശാലകളും

പറളി ഗ്രാമ പഞ്ചായത്തിന്റെ വിദ്യാഭ്യാസ – സാംസ്കാരിക വളർച്ചയിൽ വായനശാലകൾ, ഗ്രന്ഥശാലകൾ തുടങ്ങിയവയ്ക്ക് വളരെ വലിയ പങ്കു വഹിക്കാനുണ്ട്. ഇവിടെ അംഗീകാരമുള്ളതും ഇല്ലാത്തതുമായ ഇരുപതോളം വായനശാലകളും, ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒരു അംഗീകൃത ജനശിക്ഷൺ നിലയവും ഇവിടെ പ്രവർത്തിക്കുന്നു.

## വിശേഷാൽ ഗ്രാമസഭകളിലൂടെ ഉയർന്നവ

1. പുള്ളോട് ഭാഗത്ത് ഒരു L.P. സ്കൂൾ സ്ഥാപിക്കേണ്ടതാണ്. ആയതിനുവേണ്ട സ്ഥലസൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്. (1967–ൽ സ്കൂളിനുവേണ്ടി സ്ഥലം വാങ്ങിയിട്ടുണ്ട്.)

2. കണ്ടകാട് പ്രദേശത്തുനിന്നും 3 കി. മി. നടന്നാണ് കുട്ടികൾ സ്കൂളിൽ എത്തുന്നത്. ഇത് പരിഹരിക്കുന്നതിന് ആ ഭാഗത്ത് ഒരു L. P. സ്കൂൾ സ്ഥാപിക്കണം. സ്ഥലം സൗജന്യമായി നൽകാൻ തദ്ദേശവാസികൾ തയ്യാറാണ്.

3. കിണാവല്ലൂർ–മാണ്ടേക്കാട് L.P. സ്കൂൾ. U. P. സ്കൂളായി ഉയർത്തുകയും. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുകയുംവേണം.

4 കമ്പ – മനക്കമ്പാടം ഭാഗത്തുള്ള കുട്ടികൾ 3 കിലോമീററിലധികം നടന്നാണ് വള്ളിക്കോട് A.U.P. സ്കൂളിൽ എത്തുന്നത്. ആയതിന് പരിഹാരം കാണുന്നതിന് കമ്പ ഭാഗത്ത് ഒരു L.P. സ്കൂൾ അനുവദിക്കേണ്ടതാണ്. ഇതിനാവശ്യമായ സ്ഥലം നാട്ടുകാർ ലഭ്യമാക്കുന്നതുമാണ്.

5. എടത്തറ ഗവ: യു. പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുകയും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുകയും, പഞ്ചായത്ത് പരിധിയിൽ ഒരു ഗേൾസ് ഹൈസ്കൂളും, ഒരു സാങ്കേതിക വിദ്യാലയവും സ്ഥാപിക്കേണ്ടതുണ്ട്.

6. വഴുക്കപ്പാറ A.M.B.L.P. സ്കൂൾ U.P. സ്കൂളായി ഉയർത്തേണ്ടതുണ്ട്.

7. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. 8–ാം വാർഡിൽ മൂത്താന്തറപ്പാളയം, 9–ാം വാർഡിൽ വളയംപറമ്പ്, പാലശ്ശേരി എന്നീ പ്രദേശങ്ങളിൽ ഓരോ അംഗൻവാടികൾ സ്ഥാപിക്കേണ്ടതാണ്, സ്ഥലം തദ്ദേശവാസികൾ നൽകുന്നതാണ്.

9. നിലവിലുള്ള മുഴുവൻ അംഗൻവാടികളുടേയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും നിലവാരം ഉയർത്തുകയും കുടിവെള്ളം ലഭ്യമാക്കുകയുംവേണം.

10. ഇനിയും സ്വന്തം കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം പണിയാനും, പണിപൂർത്തിയാകാത്തവ പൂർത്തീകരിക്കുന്നതിനും ആവശ്യമായനടപടികൾ സ്വീകരിക്കേണ്ടതാണ്.

11. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും ട്യൂഷൻ ക്ലാസ്സുകൾ സൗജന്യമായി ഏർപ്പെടുത്തി നിലവാരം മെച്ചപ്പെടുത്താൻ നടപടിസ്വീകരിക്കേണ്ടതുണ്ട്.

12. എല്ലാ അംഗൻവാടികളോടനുബന്ധിച്ചും മാതൃശിക്ഷണം, സാക്ഷരതാ, എന്നിവക്കു് ക്ലാസ്സുകൾ സംഘടിപ്പിക്കണം. ഇതിനു് അംഗൻവാടിപ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തണം.

13. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മാതൃസംഗമം P. T. A എന്നിവ രൂപീകരിക്കുകയും, കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുകയും വേണം.

14. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും പാഠ്യേതരപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

15 വിദ്യാലയങ്ങളിലെ ഷിഫ്റ്റ് സമ്പ്രദായം എന്നിവ എടുത്തുകളയണം.

16. തുടർ സാക്ഷരതക്കാവശ്യമായ ജനവിദ്യാകേന്ദ്രങ്ങൾ എല്ലാ പ്രദേശങ്ങളിലും സ്ഥാപിക്കേണ്ടതാണ്.

17. അധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കണം.

18. വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനു് രക്ഷിതാക്കൾക്കുള്ള പങ്ക് നിർവ്വഹിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

19. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളോടും അനുബന്ധിച്ച് റീഡിംഗ് റൂമുകളും, ലൈബ്രറികളും സ്ഥാപിക്കേണ്ടതാണ്.

20. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം എല്ലാപ്രദേശത്തും ലഭ്യമാക്കണം,

21. ഓരോ വാർഡിലും വായനശാലകൾ സ്ഥാപിക്കേണ്ടതാണ്.

22. ഉന്നതവിജയം നേടുന്ന വിദ്യാർത്ഥികളെ അവാർഡ് നൽകി പ്രോൽസാഹിപ്പിക്കുക.

23. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഭൗതികസൗകര്യങ്ങൾക്കുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

24. നിയമനങ്ങൾ പി. എസ്. സി വഴിയാക്കി അദ്ധ്യാപകരുടെ ബോധനനിലവാരം ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

25. ഒരു I. T. I. ഒരു പോളിടെക്നിക്, എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതുണ്ട്,

# 5-5 കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം, ശുചിത്വം എന്നിവ ആരോഗ്യവുമായി ബന്ധപ്പെട്ടു കിടക്കുന്ന രണ്ട് ഘടകങ്ങളാണ്. അതു കൊണ്ടുതന്നെ ഒരു പ്രദേശത്തെ ആരോഗ്യരംഗം വിശകലനം ചെയ്യുന്നതിനു മുമ്പായി അവിടത്തെ കുടിവെള്ളലഭ്യത, പരിസര ശുചിത്വം എന്നിവയിലുള്ള പുരോഗതിയും സാധ്യതയും പരിശോധിക്കേണ്ടതായിട്ടുണ്ട്. ശുദ്ധ ജലത്തിന്റെ ദൗർലഭ്യവും ശുചിത്വമില്ലായ്മയുമാണ് പകർച്ചവ്യാധികൾക്കും മററു പലരോഗങ്ങൾക്കും കാരണമായിട്ടുള്ളത്.

പറളി പഞ്ചായത്തിൽ ഏകദേശം 40 ശതമാനത്തോളം ജനങ്ങൾ സ്വന്തമായി കിണർ ഉള്ളവരാണ്. എന്നാലും വേനൽ ക്കാലത്ത് ഏകദേശം 15 ശതമാനം കിണറുകളും വററുന്നതുകൊണ്ട് വെള്ളത്തിന് അയൽവീടുകളെ ആശ്രയിക്കേണ്ടി വരാറുണ്ട്. 10 ശതമാനം ജനങ്ങൾ മാത്രമാണ് പൊതു ജലവിതരണ സംവിധാനങ്ങളായ പൊതുടാപ്പുകൾ, പഞ്ചായത്ത് കിണർ എന്നിവയെ ആശ്രയിക്കുന്നത്. ബാക്കിയുള്ളവർ അയൽവീടുകളിലെ കിണറുകളെ പൂർണ്ണമായും ആശ്രയിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ഉയർന്ന പ്രദേശങ്ങളിലാണ് താരതമ്യേന ജലക്ഷാമം കൂടുതലായി അനുഭവപ്പെടുന്നത്. ഇത്തരം പ്രദേശങ്ങളിൽ കിണർ കുഴിച്ചാലും പ്രയോജനം ഇല്ല. ഇത്തരത്തിൽ കുടിവെള്ളത്തിന് പ്രയാസം അനുഭവപ്പെടുന്ന 30 ശതമാനം പ്രദേശങ്ങൾ പഞ്ചായത്തിലുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

കുടിവെള്ളത്തിന് പരിഹാരമെന്ന നിലയിൽ സ്ഥാപിച്ച കുഴൽ കിണറുകൾ ഒന്നും തന്നെ ഇന്ന് ജനങ്ങൾ ഉപയോഗിക്കുന്നില്ല. കുഴൽകിണറുകളിലെ വെള്ളം ഉപയോഗയോഗ്യമല്ല എന്നതു തന്നെയാണ് കാരണം. ഈ സംവിധാനം ഇന്ന് എല്ലാവരും തിരസ്ക്കരിച്ചതായിട്ടാണ് കാണപ്പെടുന്നത്. വാഹനങ്ങൾ, കന്നുകാലികൾ എന്നിവ കഴുകുന്നതിനാണ് ഇപ്പോൾ കുഴൽ കിണറുകളിലെ വെള്ളം ഉപയോഗിക്കുന്നത്.

പഞ്ചായത്തിൽ KWA യുടെ വളരെയധികം പഴക്കമുള്ള ഒരു സ്കീം മാത്രമാണ് നിലവിൽ ഉള്ളത്. ഈ സ്കീം പ്രകാരം ഉപമ്പിംഗ് സ്റേറഷൻ പ്രവർത്തിക്കുന്നു. ഒന്ന് ഭാരതപ്പുഴയിൽ നിന്ന് നേരിട്ടും മറെറാന്ന് വള്ളിയാലം തോടിനടുത്തുള്ള കുഴൽ കിണറിൽ നിന്നും വെള്ളം എടുക്കുന്നു. ഇതിന്റെ പൈപ്പ് ലൈനിന് ഏകദേശം 7 കി. മീ. നീളമുണ്ട്. മെയിൻ റോഡിൽ എടത്തറമുതൽ തേനൂർ ഓട്ടുകമ്പനി വരേയും, പറളി ഗ്രാമം, കരിങ്കുളങ്ങരഹരിജൻ കോളനി, തേനൂർ കുമ്പാരത്തറ എന്നീ ഉൾപ്രദേശങ്ങളിലും ആണ് പൈപ്പ് ലൈൻ ഉള്ളത്. ആകെ 54 പൊതുടാപ്പുകളും ഏകദേശം—സ്വകാര്യ പൈപ്പ്കണക്ഷനുകളും നിലവിലുണ്ട്.

## കുടിവെള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു :-

| വാർഡ് | പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|
| വാർഡ് 1 | താമരം കുന്ന്ഭാഗത്തും വാർഡിലെ മററു പ്രദേശങ്ങളിലും ജലക്ഷാമം അനുഭവപ്പെടുന്നു. | താമരകുന്ന് ഭാഗത്തുള്ള കിണർ ആഴം കൂട്ടി വൃത്തിയാക്കുക. കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളിലെ പൊതു കിണർ വൃത്തിയാക്കുക. പൈപ്പ് ലൈൻ സ്ഥാപിച്ച് ടാപ്പുകൾ ഇടുക. പൊതു കിണറുകൾ നിർമ്മിക്കുക. |
| വാർഡ് 2 | കല്ലേമൂച്ചിക്കൽ, പടിഞ്ഞാക്കര, വടക്കെവീട്, ചെറുവണ്ണൂർ, എണ്ണപ്പാടം, തടുക്കശ്ശേരി, താഴത്തേതിൽ, കൊട്ടേക്കാട്ടുകുന്ന്, വടക്കുംപുരം, ഹരിജൻ കോളനി, പാണ്ടിയോട് പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. | പെരിന്തിരിക്കുളത്തിന് സമീപമുള്ള ചെറിയകുളം ശുദ്ധീകരിച്ച് 800മീ. പൈപ്പ് ലൈൻ സ്ഥാപിച്ച് ജല വിതരണം നടത്തുക.<br>കൊട്ടേക്കാട്ടു കുന്ന്, വടക്കുംപുറം കോളനി എന്നിവിടങ്ങളിൽ പൊതു കിണർ കുഴിക്കുക.<br>പാണ്ടിയോട് ഭാഗത്തുള്ള പൊതു കിണർ ആഴം കൂട്ടി വൃത്തിയാക്കുക.<br>എല്ലാ പൊതുകിണറുകളും വൃത്തി ആക്കുക. |
| വാർഡ് 3 | കിഴക്കേമുറി, കല്ലേമൂച്ചിക്കൽ, പറളി അങ്ങാടി, പ്രദേശങ്ങൾ ജലക്ഷാമം നേരിടുന്നു. | അത്താഴം പൊററക്കാവ് പരിസരത്തു നിന്ന് പൈപ്പ്ലൈൻ അനൂർ വെസ്റ്റ് യു. പി. സ്ക്കൂൾ വരെ നീട്ടുക.<br>ജല ക്ഷാമമുള്ള പ്രദേശങ്ങളിൽ പൊതുകിണർ കുഴിക്കുക.<br>പറളി അങ്ങാടിയിൽ വള്ളിയാലം തോടിനടുത്തുള്ള പൊതുകിണർ ഉപയോഗയോഗ്യമാക്കുക. |
| വാർഡ് 4 | പൊതുവെ ഉയർന്ന പ്രദേശമായ 4-ാം വാർഡിൽ മിക്കവാറും എല്ലാ പ്രദേശങ്ങളും ജലക്ഷാമം നേരിടുന്നുണ്ട്. | അറബിക് കോളേജ്മുതൽ വടുകത്തറ വലിയകാട് വരെ പൈപ്പ് ലൈൻ സ്ഥാപിക്കുക. |

| വാർഡ് | പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|
| വാർഡ് 4 തുടർച്ച | | കണ്ണമ്പാറക്കാട്, വലിയകാട് കോളനികൾക്കു മദ്ധ്യത്തിൽ വലിയ കിണർ കുഴിച്ച് പൈപ്പ് ലൈൻ മുഖേന രണ്ടുപ്രദേശങ്ങളിലും വെള്ളം എത്തിക്കണം.<br>കരിങ്കുളങ്ങരയിലെ പൈപ്പ് ലൈൻ പടിഞ്ഞാറോട്ട് 200മീ. നീട്ടുക.<br>വേലംപൊററ ഹരിജൻ കോളനിയിൽ പൈപ്പ് ലൈൻ എത്തിക്കുക.<br>കുണ്ടുകാട്, കവറത്തറഭാഗത്ത് കുഴൽ കിണർ നിർമ്മിക്കുക. |
| വാർഡ് 5 | കുന്നംപാറ ലക്ഷംവീട് കോളനി, കോഴിക്കൽ പറമ്പ്, പടിഞ്ഞാക്കര, അമ്പലവട്ടം, ചെമ്മിണിപ്പറമ്പ്, നാമ്പുള്ളിപ്പുര, വടക്കുവീട്, എടുക്കുന്നത്തു പടി, മാങ്ങക്കാട് എന്നീ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം ഉണ്ട്. | തെക്കിനേടത്ത് അമ്പലക്കുളം എന്ന പുതുക്കുളം (വിസ്തൃതി ഒന്നേകാൽ ഏക്കർ) വൃത്തിയാക്കി പൈപ്പ്ലൈൻ മുഖേന വെള്ളം എത്തിക്കണം.<br>ചീരങ്കോട്ടു കുളം, പനങ്കരം കുളം എന്നിവയിലെവെള്ളംശുദ്ധീകരിച്ച് ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ എത്തിക്കണം. |
| വാർഡ് 6 | കമ്പ പെരുങ്ങോട്ടുപാറ പ്രദേശത്ത് 125 കുടുംബങ്ങളും, കോട്ടപ്പള്ളയിൽ 20 കുടുംബങ്ങളും, ആറുപുഴയിൽ 100 കുടുംബങ്ങളും ജലക്ഷാമം നേരിടുന്നു. | കമ്പ പെരുങ്ങോട്ടുപാറ, ആറുപുഴ എന്നീ പ്രദേശങ്ങളിൽ ഓരോ ചെറുകിട ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുകയും കോട്ടപ്പള്ളയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുകയും ചെയ്യണം. |
| വാർഡ് 7 | കുന്നക്കാട്ടുപറമ്പ്, കുന്നത്തുപുര, പനങ്കാവ് പറമ്പ്, നടക്കാവുപറമ്പ്, ആന്തിരത്തൊടി, പാറക്കാട് എന്നീ സ്ഥലങ്ങളിൽ ജലക്ഷാമം ഉണ്ട്. | 7-ാം വാർഡിന്റെ പരിധിയിൽവരുന്ന ഭാരതപ്പുഴയിൽ ഒരു ചെക്ക്ഡാം നിർമ്മിച്ച് നീരൊഴുക്ക് വദ്ധിപ്പിക്കണം.<br>പൊതു കിണറുകൾ കൂടുതൽ ഉപയോഗ പ്രദമാക്കണം. |

| വാർഡ് | പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|
| വാർഡ് 8 | അഞ്ചാം മൈൽ മുതൽ മൂത്താന്തറ പാളയം വരേയും പാന്തംപാടം, കൂത്തു പറമ്പ് മുതൽ പാറക്കൽ ചേരുംപുര, കല്ലിങ്കൽവരേയും ജലക്ഷാമം അനുഭവപ്പെടുന്നു. | അഞ്ചാംമൈൽ മുതൽ മൂത്താന്തറ പാളയംവരെ പൈപ്പ് ലൈൻ സ്ഥാപിക്കുക. പാന്തംപാടത്ത് പൊതുകിണർ കുഴിക്കുക.<br>കൂത്ത് പറമ്പ് മുതൽ പാറക്കൽ ചേരുംപുര, കല്ലിങ്കൽ വരെ പൈപ്പ് ലൈൻ സ്ഥാപിക്കുക, അരുമ്പ് പ്രദേശത്ത് 12-ാം വാർഡിലെ കുഴൽ കിണററിൽ നിന്ന് വെള്ളം എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുക. |
| വാർഡ് 10 | ദേവസ്വം പറമ്പ്, കോളനി, കൂവളം കാട് കോളനി, ചേങ്ങോട് കോളനി, വലിയപറമ്പ്, നടുവശ്ശേരി എന്നീ ഭാഗങ്ങളിൽ കുടി വെള്ള ക്ഷാമം അനുഭവപ്പെടുന്നു. | ദേവസ്വംപറമ്പ്, വലിയപറമ്പ് ഭാഗങ്ങളിൽ ഓരോ പൊതുകിണർ കുഴിക്കണം.<br>പൈപ്പ് ലൈൻ സ്ഥാപിക്കണം. |
| വാർഡ് 12 | അരുമ്പിൽ,പൂളക്കൽപറമ്പ്, കാഞ്ഞിരത്തുപറമ്പ്, കിഴക്കുമുറി എന്നിവിടങ്ങളിൽ ജലക്ഷാമം ഉണ്ട്. | ചാത്തംകുളം ശുദ്ധീകരിച്ച് വെള്ളം പമ്പ് ചെയ്ത് ക്ഷാമം ഉള്ള പ്രദേശത്ത് എത്തിക്കുക.<br>പൂളക്കൽ പറമ്പിൽ പൊതു കിണർ നിർമ്മിക്കുക.<br>പൈപ്പ്ലൈൻ വേണം. |

## പൊതു നിർദ്ദേശങ്ങൾ

KWAയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. വേനൽ കാലങ്ങളിൽ മിക്കവാറും സമയങ്ങളിൽ പൈപ്പിൽ വെള്ളം ഉണ്ടാവാറില്ല. പമ്പിംഗ് ഹൗസിന്റെ കപ്പാസിററി വർദ്ധിപ്പിക്കുകയും ദ്രവിച്ച പൈപ്പുകൾ കാലാകാലങ്ങളിൽ മാററി ജലവിതരണം സുഗമമാക്കേണ്ടതാണ്. പൈപ്പ് വെള്ളം ക്ലോറിനേററ് ചെയ്യേണ്ടതാണ്.

നെതർലാൻഡ് ഗവർമ്മെണ്ട് പറളി പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കാമെന്ന് ഏററിട്ടുണ്ട്. നെതർലാൻഡ് ഉദ്യോഗസ്ഥർക്ക് പഞ്ചായത്ത് ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

## 5-5 കുടിവെള്ളം, പൊതുജനാരോഗ്യം

### വീടുകളുടെ പൊതുവിവരങ്ങൾ, IRDP സർവ്വേ.

| ആകെ വീടുകൾ | കക്കൂസുള്ള വീടുകൾ | കിണറുള്ള വീടുകൾ | വൈദ്യുതീകരിച്ച വീടുകൾ |
|---|---|---|---|
| 5,965 | 2,907 | 3,207 | 3,789 |

### സ്ത്രീകളെ സംബന്ധിച്ച വിവരങ്ങൾ (PHC കണക്കുകൾ പ്രകാരം)

| ആകെ ദമ്പതിമാർ | സ്ത്രീയുടെ പ്രായക്രമം | എണ്ണം | അമ്മമാരുടെ എണ്ണം | 1കുട്ടിമാത്രം | 2കുട്ടികൾ | 3കുട്ടികൾ |
|---|---|---|---|---|---|---|
| 3501 | 15-19 | 105 | 3,197 | 768 | 1,151 | 1,278 |
| | 20-24 | 780 | കുടുംബാസൂത്രണ മാർഗം സ്വീകരിച്ച അമ്മമാർ | 1കുട്ടിയുള്ളവർ | 2കുട്ടിയുള്ളവർ | 3കുട്ടിയുള്ളവർ |
| | 25-29 | 908 | | | | |
| | 30-34 | 717 | | | | |
| | 35-39 | 622 | | | | |
| | 40-44 | 269 | 2520 | 337 | 1003 | 1190 |

### അംഗവൈകല്യമുള്ളവർ, കുട്ടികൾ, ഗർഭിണികൾ.

| അംഗവൈകല്യമുള്ളവർ | എണ്ണം | കുട്ടികൾ | ഗർഭിണികൾ | ചാപിള്ള ജനനം |
|---|---|---|---|---|
| 1. അന്ധർ | 5 | 1വയസ്സിനുതാഴെയുള്ള കുട്ടികളുടെഎണ്ണം 1,664 | ആകെ 1821 | 93-94-NIL |
| 2. ബധിരർ<br>3. മൂകർ<br>4. ബധിര-മൂകർ | 29 | | | 94-95-1<br>95-96-3 |
| 5. ചലനവൈകല്യമുള്ളവർ | 43 | പ്രതിരോധ കുത്തിവെപ്പു നടത്തിയവർ 737 | | |
| 6. മന്ദബുദ്ധികൾ | 20 | | | |

## ആരോഗ്യം

പറളിയെ സംബന്ധിച്ചിടത്തോളം പഴയകാലത്ത് ചികിത്സാസംവിധാനങ്ങളോ, രോഗ നിവാരണ മാർഗ്ഗങ്ങളോ ഉണ്ടായിരുന്നില്ല. അന്ധവിശ്വാസങ്ങൾ കേന്ദ്രീകരിച്ചുള്ള മന്ത്രവാദങ്ങളോ നേർച്ചകളോ ഒക്കെയായിരുന്നു ചികിത്സാ രീതികൾ. ജപിച്ചുകെട്ടൽ, ഊതൽ തുടങ്ങിയവ നടത്തുന്ന നാട്ടുവൈദ്യന്മാർ നാട്ടിൻപുറങ്ങളിൽ ധാരാളം കാണപ്പെട്ടിരുന്നു. ഇത്തരക്കാരുടെ തലമുറകൾ ഇന്നും ചില യിടങ്ങളിൽ നില നിൽക്കുന്നതായി കാണാം. എങ്കിലും ആയുർവേദ വൈദ്യരംഗത്ത് പ്രശസ്തരായ പല വ്യക്തികളും പറളിയിൽ ഉണ്ടായിരുന്നു. അത്തരത്തിലുള്ളവരുടെ പിൻമുറക്കാർ ഇന്നും ഈ രംഗത്ത് ഫലപ്രദമായ രീതിയിൽ ആയുർവേദചികിത്സ നടത്തിവരുന്നുണ്ട്. ബാലചികിത്സാരംഗത്ത് പുരാതനമായ പൂപ്പുള്ളി ബാല ചികിത്സാകേന്ദ്രം പറളിയെ സംബന്ധിച്ചിടത്തോളം എടുത്തുപറയത്തക്ക ഒരു സ്ഥാപനമാണ്. ഉഴിച്ചിൽ, പിഴിച്ചിൽ, പച്ചിലമരുന്ന് തുടങ്ങിയ നാടൻ ചികിത്സാ രീതി ഇന്നും നിലനിന്നുവരുന്നു.

മേൽപ്പറഞ്ഞനാട്ടുചികിത്സാരീതികൾ നിലനിന്നിരുന്ന കാലത്തുതന്നെ പറളിയിൽ അലോപ്പതിരംഗത്ത് പ്രവർത്തിച്ചിരുന്ന ചില ഡോക്ടർമാരുടെ സേവനങ്ങൾ പ്രത്യേക പ്രശംസ പിടിച്ചുപററിയിരുന്നു. ഇതിൽ ഡോ. ഗോവിന്ദൻകുട്ടി നായരുടെ പേര് എടുത്തുപറയേണ്ടതാണ്.

1958ൽ ഡോ. A.R. മേനോൻ ആരോഗ്യമന്ത്രിയായിരുന്നപ്പോൾ പറളിയിൽ പ്രൈമറി ഹെൽത്ത് ഡിസ്പെൻസറി സ്ഥാപിതമായി അന്നുമുതൽ ആധുനിക ചികിത്സ പറളിയിലെ ജനങ്ങൾക്ക് എത്തിച്ചു കൊണ്ടിരിക്കുന്നത് പ്രധാനമായും ഈ സ്ഥാപനമാണ്. പൊതുജനാരോഗ്യരംഗത്ത് പറളി പഞ്ചായത്തിലെ ജനങ്ങൾക്ക് ആശ്രയിക്കാവുന്ന ഏക സ്ഥാപനമായി ഇന്നും ഇത് തുടരുകയാണ്. ആധുനിക ചികിത്സാ സംവിധാനങ്ങൾ ഈ കേന്ദ്രത്തിൽ ഇല്ലാത്തതിനാൽ സാരമായ രോഗബാധയുണ്ടാകുമ്പോൾ ജനങ്ങൾക്ക് പാലക്കാട്, തൃശൂർ, കോഴിക്കോട്, കോയമ്പത്തൂർ തുടങ്ങിയ പ്രദേശത്തുള്ള ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നു.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 6 മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. സർക്കാർ തലത്തിലുള്ള ഒരു ഹോമിയോ ആശുപത്രി കിണാവല്ലൂരിൽ പ്രവർത്തിക്കുന്നുണ്ട്.

സ്വകാര്യമേഖലയിൽ 3ആശുപത്രികൾ ഉണ്ട്. കൂടാതെ ആയുർവേദചികിത്സാ രംഗത്ത് പ്രവർത്തിക്കുന്ന 12 ഡിസ്പെൻസറികളും നിലവിലുണ്ട്. ഒററപ്പെട്ട വ്യക്തികൾ വീട്ടിൽവെച്ച് നടത്തുന്ന നിരവധി നാട്ടുചികിത്സാ കേന്ദ്രങ്ങളും ചിലയിടങ്ങളിൽ കാണാം. 4 ഹോമിയോ ഡിസ്പെൻസറികൾ സ്വകാര്യമേഖലയിൽപ്രവർത്തിക്കുന്നുണ്ട്

പറളിപഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ രംഗത്ത് അത്താണിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ഇന്നത്തെ സ്ഥിതിവളരെ ശോചനീയമാണ്. നിലവിലുള്ള വാർഡുകൾ എല്ലാം ഇന്ന് ഉപയോഗയോഗ്യമല്ലാത്തതായിട്ടുണ്ട് പല ഉപകരണങ്ങളും തുരുമ്പിച്ച് നശിച്ചുകൊണ്ടിരിക്കുന്നു, കെട്ടിടങ്ങളിൽ ചിലത് ജീർണാവസ്ഥയിലാണ്. ഡോക്ടർമാരുടെ ക്വാർട്ടേഴ്സ് പോലും ചോർന്നൊലിക്കുന്നു. ഈ പ്രശ്നങ്ങൾക്ക് ഉടനടി പരിഹാരം കണ്ടില്ലെങ്കിൽ സമീപഭാവിയിൽത്തന്നെ പറളിയിലെ പ്രധാനപ്പെട്ട ഈ ആരോഗ്യ സ്ഥാപനം നശിച്ചുപോകാൻ ഇടയുണ്ട്.

ആരോഗ്യ രംഗത്തെക്കുറിച്ച് ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

| വാർഡ് | പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|
| 2 | വാർഡിലെ ജനങ്ങൾക്ക് ചികിത്സാ കേന്ദ്രം വളരെ ദൂരെയാണ്. | തേനൂർ വെസ്ററ് യു. പി സ്ക്കൂളിനു സമീപത്ത് ഒരു ഡിസ്പെൻസറി സ്ഥാപിക്കണം. |
| 4 | കുണ്ടുപറമ്പിലുള്ള IPPയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമല്ല. ഡോക്ടറുടെ സേവനം ലഭ്യമല്ല. | IPP യുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. സ്ഥിരമായി സ്റ്റാഫിനെ നിയമിക്കുക. 15 ദിവസത്തിലൊരിക്കൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുക. വാർഡിൽ ഒരു ആയുർവേദ ഡിസ്പെൻസറി തുറക്കുക. IPP കെട്ടിടം നന്നാക്കുക. |
| 6 | കമ്പ IPPസെൻറർ പ്രവർത്തനം വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. ഈ പ്രദേശത്ത് മററുചികിത്സാസൗകര്യങ്ങൾ ഒന്നും ഇല്ല. | കമ്പ IPP യിൽ ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുക. IPP യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക. വാർഡിൽ ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കണം. |
| 7 | പറളി PHC യിൽ ഒരു ലേഡി ഡോക്ടർ ഇല്ല പ്രസവവാർഡ് ഉപയോഗയോഗ്യമല്ല ആംബുലൻസ് സൗകര്യമില്ല മരുന്നുകൾ ലഭ്യമല്ല. | പറളി PHC യിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തണം ഒരു ലേഡി ഡോക്ടറെ നിയമിക്കണം പ്രസവവാർഡിൻേറയും മററു വാർഡുകളുടേയും ശോചനീയാവസ്ഥ പരിഹരിക്കണം. ആംബുലൻസ് സൗകര്യങ്ങൾ ഉണ്ടാക്കണം മരുന്നുകൾ ലഭ്യമാക്കണം. |
| 12 | വടുകത്തറ കിഴക്കേമുറി അരുമ്പ് എന്നീ പ്രദേശങ്ങൾ പറളി PHC യിൽനിന്ന് 3 കി. മീ. ദൂരെയാണ് അതുകൊണ്ട് ചികിത്സാസൗകര്യങ്ങൾ ഇല്ല. | പ്രസ്തുത പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഒരു പ്രാഥമിക ഡിസ്പെൻസറി സ്ഥാപിക്കണം. |

### മററു നിർദ്ദേശങ്ങൾ

ഒന്നാം വാർഡിൽ ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കണം.

### പൊതുനിർദ്ദേശങ്ങൾ

പറളി പഞ്ചായത്ത് പരിധിയിൽ ഒരു പ്രകൃതി ചികിത്സാ കേന്ദ്രം സ്ഥാപിക്കണം.

ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് സാധനങ്ങൾ നശിപ്പിച്ചുകളയാനുള്ള സംവിധാനം ഏർപ്പെടുത്തണം.

പറളി ഡിസ്പെൻസറിയെ ഒരു കമ്മ്യൂണിററി ഹെൽത്ത് സെൻറർ ആക്കി ഉയർത്തണം. ഒരു ശിശുരോഗ വിദഗ്ദ്ധൻ, ഒരു ഗൈനോക്കോളജിസ്റ്റ്, ഒരു M S, രണ്ട് അസിസ്റ്റൻറ് സർജൻമാർ എന്നിവർ ഈ സെൻററിൽ ഉണ്ടായിരിക്കണം. കൂടാതെ എക്സ്റേ, പ്ലാൻറ്, ലാബോറട്ടറി എന്നിവയും സർക്കാർ അനുവദിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിലെ പ്രധാന കേന്ദ്രങ്ങളിൽ കുപ്പത്തൊട്ടികൾ സ്ഥാപിക്കണം കൂടാതെ പുഴയിലെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 5–5 പരിസര ശുചിത്വം

ആരോഗ്യകരമായ ചുററുപാടുകൾ സൃഷ്ടിക്കുന്നതിൽ പരിസരശുചിത്വം ഒരു പ്രധാന പങ്കുവഹിക്കുന്നു. പക്ഷേ ഇക്കാര്യത്തിൽ കാര്യമായ ശ്രദ്ധ ചെലുത്തിക്കാണുന്നില്ല എന്നത് ഖേദകരമാണ്

പട്ടണപ്രദേശങ്ങളിൽ ഹോട്ടലുകൾ, ചായക്കടകൾ, വീടുകൾ എന്നിവയിൽ നിന്ന് പുറത്തേക്കൊഴുക്കുന്ന മലിന ജലം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. റോഡരുകിൽ മലിനജലം ഒഴുകുന്ന ചാലുകൾ യഥാസമയം അററകുററപ്പണികൾ നടത്താത്തതിനാൽ മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്.

ഉൾപ്രദേശങ്ങളിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പല സ്ഥലങ്ങളിലും റോഡിനരുകിൽ മലമൂത്ര വിസർജ്ജനം നടത്തുന്നത് ആരോഗ്യരംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ചെറിയ വ്യവസായ മേഖലയായ പറളിയിൽ ഫാക്ടറികൾ മൂലം മലിനീകരണം ഉണ്ടാകുന്നു എന്ന നിലയ്ക്കുള്ള പരാതികൾ പൊതുവെ കുറവാണ്.

### പരിസരശുചിത്വം നിലനിർത്തുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ പൊതു കക്കൂസുകൾ നിർമ്മിക്കുക. ഡ്രൈനേജ് സൗകര്യം മെച്ചപ്പെടുത്തുക. എല്ലാ വീടുകളിലും കക്കൂസ് നിർമ്മാണത്തിന് സാമ്പത്തിക സഹായങ്ങൾ അടക്കമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുക.

വ്യക്തി ശുചിത്വം, സാമൂഹ്യ ശുചിത്വം, പരിസര ശുചിത്വം എന്നിവയെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തി മലിനീകരണത്തിനെതിരായ മനോഭാവം സൃഷ്ടിക്കുക. കൊതുക്,ഈച്ച തുടങ്ങിയ പ്രാണികളെ നശിപ്പിക്കാനുള്ള നടപടി സ്വീകരിക്കുക.

ജനസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിൽ കുപ്പത്തൊട്ടികൾ സ്ഥാപിക്കുക. അലഞ്ഞുതിരിയുന്ന നായ്ക്കളെ പിടിച്ച് നശിപ്പിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഉണ്ടാക്കുക. പൊതുസ്ഥലങ്ങളിൽ ചത്തുകിടക്കുന്ന ജീവികളെ ഉടൻ നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കുക.

### പൊതുനിർദ്ദേശങ്ങൾ :–

പറളി പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും മലിനീകരണം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് പഞ്ചായത്തിൽ സ്വീപ്പർമാരെ ഉടൻ തന്നെ നിയമിക്കേണ്ടതാണ്.

# 5.6

# ഗതാഗതം, ഊർജ്ജം




ഒരു പ്രദേശത്തിന്റെ വികസനത്തിൽ ഗതാഗത സൗകര്യങ്ങൾ ഒരു പ്രധാന പങ്കു വഹിക്കുന്നു എന്ന വസ്തുത നല്ലപോലെ മനസ്സിലാക്കിയവരാണ് നമ്മുടെ പഞ്ചായത്തിലെ മുൻഗാമികൾ. പഞ്ചായത്തിലെ പ്രധാന റോഡായ പാലക്കാട്-ഷൊർണ്ണൂർ റോഡിൽ എത്തിച്ചേരുവാൻ കഴിയുന്ന തരത്തിൽ പഞ്ചായത്തിലെ എല്ലാ ഭാഗത്തുനിന്നും ചെറിയ റോഡുകൾ ഉണ്ടാക്കിയിരുന്നു. പ്രധാന കേന്ദ്രങ്ങളിൽ ഉല്പാദിപ്പിച്ചിരുന്ന പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ ചന്തയിൽ എത്തിക്കുന്നതിനും തീവണ്ടിമാർഗ്ഗം കയററി അയച്ചിരുന്ന പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ തീവണ്ടിയാഫീസിൽ എത്തിക്കുന്നതിനും ഈ ചെറിയ റോഡുകൾ പ്രധാന പങ്കു വഹിച്ചിരുന്നു. ഈ റോഡുകളിലെ പ്രധാന വാഹനം കാളവണ്ടിയായിരുന്നു, സാധനങ്ങൾ തലചുമടായി ഒരു സ്ഥലത്തുനിന്ന് മററു സ്ഥലങ്ങളിൽ എത്തിക്കുന്നതിന് ഈ റോഡുകൾ സഹായിച്ചിരുന്നു. റോഡുകൾ ഇടുങ്ങിയതിനാലും യഥാസമയം അററകുററപണികൾ നടത്താത്തതിനാലും എല്ലാകാലത്തും ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ നിലനില്ക്കുന്നു. മെററൽ ചെയ്യാത്ത റോഡുകളുടെ അവസ്ഥ മഴക്കാലത്ത് വളരെ ശോചനീയമാണ്. ഓരോ

പ്രദേശത്തും ഉള്ളവർ ഒന്നിച്ചുചേർന്ന് റോഡിനാവേണ്ട അററകുററപണികൾ ചെയ്തിരുന്നതിനാൽ കുറെയൊക്കെ ആവശ്യത്തിനുപകരിക്കത്തക്ക വിധത്തിൽ റോഡുകളെ നിലനിർത്താൽ കഴിഞ്ഞു.

## ഇന്നത്തെ അവസ്ഥ

പഞ്ചായത്തിൻെറ ഏതാണ്ട് നടുവിലൂടെ ഭാഗത്തു കൂടി കടന്നുപോകുന്ന പാലക്കാട്-ഷൊർണ്ണൂർ റോഡാണ് പ്രധാന ഗതാഗതമാർഗ്ഗം. കിഴക്ക പടിഞ്ഞാറു നീണ്ടുകിടക്കുന്ന ഈ റോഡിൻെറ നീളം 7 കി. മീററാണ്. ഈ ദൂരത്തിനുള്ളിൽ 7പ്രധാന വെയിററിംഗ് ഷെഡുകൾ ഉണ്ട്. (അഞ്ചാം മൈൽ, എടത്തറ, ചക്കാന്തറ, പറളി ചന്തപ്പുര, പറളി പഴയ പോസ്റ്റാഫീസ്, തേനൂർ, കണ്ണൂർ)ഇതിൽ ചക്കാന്തറ, പഴയ പോസ്റ്റാഫീസ് എന്നീ വെയിററിംഗ് ഷെഡുകൾ ആ പ്രദേശത്തെ ജനങ്ങളുടെ ശ്രമഫലമായി ഉണ്ടായതാണ്. ബാക്കിയുള്ളവ പഞ്ചായത്ത് നിർമ്മിച്ചവയാണ്. ഒരു പ്രധാന കേന്ദ്രമായ കടവത്ത് വെയിററിംഗ്ഷെഡ് ഇല്ല എന്നതു് പോരായ്മയാണ്. പറളി സെൻററിൽ ടാക്സി, ഓട്ടോ എന്നിവയും എടത്തറ, കടവത്ത്, തേനൂർ എന്നിവടങ്ങളിൽ ഓട്ടോയും സ്റ്റാൻറുകൾ ഉണ്ട്. പക്ഷെ സ്റ്റാൻറിംഗ് ഷെഡുകൾ ഇല്ല

തേനൂരിൽ നിന്നും തുടങ്ങി അയ്യർമലയിൽ എത്തിച്ചേരേണ്ടതാണ്. മറെറാരു പ്രധാന ടാർ റോഡ്. ഏകദേശം 5 കി. മീററർ ദൂരം നീളം വരുന്ന ഈ റോഡിൽ 3 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. പുള്ളോട്ടിൽനിന്ന് നേന്ത്രക്കായ, പച്ചക്കറികൾ എന്നിവ പാലക്കാട്ട് അങ്ങാടിയിൽ എത്തിക്കുന്നതിൽ ഈ റോഡ് പ്രധാന പങ്കുവഹിക്കുന്നു. കാളവണ്ടികളും ഈ റൂട്ടിൽ ധാരാളമുണ്ട്.

പറളി കടവത്തു മുതൽ മുണ്ടൂർ വരെയുള്ള മറെറാരു റൂട്ടിൽ കടവത്തു മുതൽ വഴക്കപ്പാറ വരെ പറളി ഗ്രാമപഞ്ചായത്തിൽപ്പെട്ടതാണ്. ഏകദേശം 4 കി. മീ ദൂരം വരുന്ന ഈ ടാർ റോഡിൽ വില്യംകാട്ടുനിന്ന് കമ്പവരെ മറെറാരു റോഡുണ്ട്. (ദൂരം ഏകദേശം 3 കി. മീ.) പറളി ചന്തപ്പുരയിൽനിന്ന് ഓടനൂർക്കുള്ള 3 കി. മീ. ദൂരം ടാർ റോഡാണ്. ഇതു് പാലക്കാട്-കോട്ടായി റോഡിൽ ചേരുന്നു. ബസ്സ് സൗകര്യമുള്ള റോഡാണിതു്. ഇവ ക്കുപുറമെ കടവത്തു് - റെയിൽവേസ്റ്റേഷൻറോഡ്, ചന്തപ്പുര സബ്സ്റ്റേഷൻ റോഡ് എടത്തറ ചന്ദ്രശേഖരപുരം റോഡ് എന്നിവയും ടാർ റോഡുകളാണ്.

തരക്കേടില്ലാത്ത വിധത്തിൽ റോഡുകളുടെ ശൃംഖല ഉണ്ടെങ്കിലും മൊത്തം സ്ഥിതി വളരെ ശോചനീയമാണ്. റിപ്പയർ യഥാസമയം നിർവ്വഹിക്കാത്തതിനാൽ യാത്രാക്ലേശമുണ്ട്. വെള്ളം ഒഴുകാനുള്ള ചാലുകൾ ഇല്ലാത്തതാണ് പ്രധാന പ്രശ്നം. ഫണ്ടിൻെറ കുറവ് പൊതുവേ അനുഭവപ്പെടുന്നു.

## റോഡ് നിർമ്മാണ രംഗത്തെ പ്രശ്നങ്ങൾ

നിലവിലുള്ള ടാർ റോഡുകൾ അപര്യാപ്തമാണ്. കുറെയേറെ റോഡുകൾ ടാർ ചെയ്യേണ്ടതായിട്ടുണ്ട്. ടാർ ചെയ്യുന്നതിലുള്ള അപാകത റോഡുകളുടെ ഗുണനിലവാരത്തെ ബാധിച്ചിട്ടുണ്ട്. വളരെ പെട്ടെന്ന് മെററൽ ഇളകുകയും കുഴികളായി മാറുന്ന അവസ്ഥയുണ്ട്. അരുകിൽ നീർചാലുകൾ ഇല്ലാത്തതിനാൽ വെള്ളം റോഡിൽകൂടി ഒഴുകുന്നു. പുറമെ ടാറിനു തൊട്ടുള്ള മണ്ണ് ഒഴുകിപ്പോകുന്നതിനാൽ റോഡും

# പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ ഉടമസ്ഥത, നീളം, വീതി, വാഹന സൗകര്യങ്ങൾ എന്നിവ താഴെ ചേർക്കുന്നു

## പട്ടിക - 1

| നമ്പ്ര് | റോഡ് | ഉടമസ്ഥത | നീളം K. M. | വീതി M. | വാഹന സൗകര്യം |
|---|---|---|---|---|---|
| 1 | കിഴകഞ്ചേരിക്കാവ്–കുണ്ടൂർ | P. W. D. | 7 | 10 | ഉണ്ട്. |
| 2 | തേന്നൂർ - അയ്യർമല | പഞ്ചായത്ത് | 5 | 8 | ഉണ്ട്. |
| 3 | കടവത്ത്-റെയിൽവേസ്റ്റേഷൻ | P. W. D. | 200മീ. | 8 | |
| 4 | ചന്തപ്പുര–ഓടന്നൂർ | ,, | 4 | 10 | ഉണ്ട്. |
| 5 | ചെങ്ങപോസ്റ്റ്–വഴക്കപ്പാറ | ,, | 4 | 10 | ഉണ്ട്. |
| 6 | വില്യംകാട്–കമ്പ | ,, | 3 | 8 | ഉണ്ട്. |
| 7 | എടത്തറ–ചന്ദ്രശേഖരപുരം | പഞ്ചായത്ത് | 1 | 8 | ഉണ്ട്. |

നിലവും തമ്മിൽ ഉയരം വദ്ധിക്കുന്നതിനാൽ അപകടങ്ങരം വദ്ധിക്കാൻ ഇടയാകുന്നു. പ്രധാന കേന്ദ്രങ്ങളിൽ നടപ്പാത ഇല്ലായ്മ അപകടങ്ങരം ഉണ്ടാക്കുന്നു. കോട്ടായി റോഡിനടുത്തുള്ള വളവ് അപകടകരമാണ്. റോഡുപണിയുടെ അപാകത നിമിത്തം ചെറിയ ഇറക്കത്തിലും മഴക്കാലത്ത് വാഹനങ്ങരം വഴുതുന്നു. നിലവിലുള്ള മെററൽ റോഡുകളും ടാർ ചെയ്യാത്തതിനാൽ കല്ലിളകിയും മണ്ണൊഴുകിയും ഗതാഗതയോഗ്യമല്ലാതാകുന്നു. താഴ്ന്ന പ്രദേശങ്ങളിൽ പല ഇടവഴികളിലുടേയും മഴക്കാലത്ത് വെള്ളം ഒഴുകി പാടങ്ങളിൽ എത്താറുണ്ട്. പുതിയ മണ്ണു റോഡുകളുടെ നിർമ്മാണ രീതി ഈ ഒഴുക്കിനു തടസ്സമാകുന്നു. ഇത്തരം റോഡുകരം വെള്ളം കെട്ടിനിന്നു് നശിക്കാനിടയുണ്ട്.

നിലവിലുള്ള റോഡുകളുടെ അരുകിൽക്കൂടി ഒഴുകിവരുന്ന വെള്ളം താഴ്ന്ന പാടങ്ങളിലേയ്ക്കോ, പറമ്പുകളിലേയ്ക്കോ ഒഴുകിപ്പോകുന്നു. എന്നാൽ റോഡരുകിലെ മതിൽ നിർമ്മാണം വെള്ളത്തിന്റെ ഒഴുക്ക് തടയുന്നതിനാൽ വെള്ളം റോഡിൽ ത്തന്നെ കെട്ടിനിന്നു് റോഡ് കേടുവരാൻ

ഇടയാവുന്ന ഈവഴികൾ റോഡാക്കി മാററുമ്പോൾ വഴിയരികിലുള്ള ഒട്ടനവധി മരങ്ങൾ മുറിച്ചുമാററപ്പെടുന്ന കാലങ്ങളായി ഇതു് തുടരുന്നതിനാൽ വളരെ ആവശ്യബോധത്തോടെ നടത്തികൊണ്ടിരിക്കുന്ന വനവല്ക്കരണത്തിന്നു് ഈ പ്രക്രിയ തടസ്സമാണ്. മാത്രമല്ല വൃക്ഷങ്ങൾ മുറിച്ചുമാററപ്പെടുന്നതിനാൽ ഉയർന്ന പറമ്പുകളിലെ മണ്ണൊലിപ്പിനു് ഇതു് കാരണമാകുന്നു.

## ഈ രംഗത്തെ സാദ്ധ്യതകൾ

ടാറിങ്ങ് ഫലപ്രദമായി നടത്തുക അനുവദിച്ചിട്ടുള്ള മുഴുവൻ തുകയും വിനിയോഗിച്ചു എന്നു് ഉറപ്പുവരുത്തുക. ടാർ റോഡുകൾക്കരികിൽഇരുവശത്തും നീർചാലുകൾ നിർമ്മിക്കുക. പ്രധാനകേന്ദ്രങ്ങളിൽ നടപ്പാതകൾ നിർമ്മിക്കുക. അപകടകരങ്ങളായ വളവുകളിൽ വാഹനങ്ങളുടെ വേഗത കുറയ്ക്കുവാനാവശ്യമായ ഹമ്പുകൾ നിർമ്മിക്കുക. വളവിലെ അപകടത്തേയും ഹമ്പിനേയും സൂചിപ്പിക്കുന്ന ബോർഡുകൾ വെയ്ക്കുക. ഇറക്കത്തിൽ റോഡ് പരുക്കനായി നിർമ്മിക്കുക. റോഡുകൾ ടാർ ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കുക. (അവയുടെ പട്ടിക മുൻഗണനാക്രമത്തിൽ) ഇടവഴികൾ റോഡുകളാക്കുമ്പോൾ വെള്ളം ഒഴുകാൻ സൗകര്യം വേണം.

റോഡരുകിൽ സ്വാഭാവിക രീതിയിൽ താഴ്ന്ന പ്രദേശത്തേക്കു് വെള്ളം പോകാൻ അനുവദിക്കുക. മതിൽ കെട്ടാൻ അനുമതി നല്കുമ്പോൾ ഇക്കാര്യം നിഷ്കർഷിക്കുക. മരങ്ങൾ ഇടതൂർന്നു വളരുന്ന പ്രദേശങ്ങളിൽ കൂടിയുള്ള റോഡുനിർമ്മാണം നിരുത്സാഹപ്പെടുത്തുക. നിവൃത്തിയില്ലാത്ത അവസ്ഥയിൽ ഒന്നിനു് പത്തു് എന്ന തോതിൽ വൃക്ഷം നടാൻ നിർദ്ദേശിക്കുക. കയ്യേറപ്പെട്ട റോഡ്, പുറമ്പോക്കു ഭൂമികൾ ഒഴിപ്പിക്കുക. റോഡരുകിലെ സ്ഥിരസ്വഭാവമുള്ള നിർമ്മാണ രീതികൾ ഒഴിവാക്കുക.

ബസ്സ്സ്റ്റോപ്പ് ഇലക്ട്രിക് പോസ്ററുകൾ ടെലഫോൺ പോസ്ററുകൾ എന്നിവ റോഡിൽ നിന്നു് അകററി സ്ഥാപിക്കുക. പ്രധാന കേന്ദ്രങ്ങളിൽ ബസ്സ് വെയിററിംഗ് ഷെഡ്ഡ് നിർമ്മിക്കുക.

## പൊതു നിർദ്ദേശങ്ങൾ

1. നിലവിലുള്ള റോഡുകളുടെ വീതിയുടെ അടിസ്ഥാനത്തിൽ തരംതിരിക്കാം. പല പദ്ധതികളിലും പണം അനുവദിക്കുന്നതു് റോഡിന്റെ വീതിയുടെ അടിസ്ഥാനത്തിലാണ്,

2. പഞ്ചായത്തിൽ ടാർറോഡുകൾ (PWD) പഞ്ചായത്തു റോഡുകൾ, മണ്ണു റോഡുകൾ എന്നിങ്ങനെ തരംതിരിച്ചു് റജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

3. എല്ലാ റോഡുകൾക്കും റോഡുനമ്പർ നല്കുകയും റോഡിലുള്ള പാലങ്ങൾക്കു് നമ്പർ ഇടേണ്ടതുമാകുന്നു.

4. വൃക്ഷ നശീകരണത്തിനും മററു പരിതസ്ഥിതികൾക്കും ഇടയാകുന്ന റോഡുകളുടെ കാര്യത്തിൽ ഫണ്ട് വിനിയോഗിക്കുമ്പോൾ റോഡിന്റെ രണ്ടു ഭാഗത്തും മരങ്ങൾ നട്ടുപിടിപ്പിക്കണമെന്നു് നിഷ്കർഷിക്കേണ്ടതാണ്.

5. മണ്ണൊലിപ്പ് തടയാൻ റോഡിന്റെ രണ്ടുഭാഗത്തും തിട്ടുകൾ, ചാലുകൾ, ഓവുകൾ എന്നിവ വേണമെന്നു് നിർബന്ധിക്കുന്നതു് നന്നായിരിക്കും.

## പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ ഉടമസ്ഥത, നീളം, വീതി, വാഹന സൗകര്യങ്ങൾ എന്നിവ താഴെ ചേർക്കുന്നു

### പട്ടിക - 1

| നമ്പ്ര് | റോഡ് | ഉടമസ്ഥത | നീളം K.M. | വീതി M. | വാഹന സൗകര്യം |
|---|---|---|---|---|---|
| 1 | കിഴക്കഞ്ചേരിക്കാവ്–കുണ്ടൂർ | P. W. D. | 7 | 10 | ഉണ്ട്. |
| 2 | തേനൂർ - അയ്യർമല | പഞ്ചായത്ത് | 5 | 8 | ഉണ്ട്. |
| 3 | കടവത്ത്-റെയിൽവേസ്റ്റേഷൻ | P. W. D. | 200മീ. | 8 | |
| 4 | ചന്തപ്പുര–ഓടനൂർ | ,, | 4 | 10 | ഉണ്ട്. |
| 5 | ചെങ്ങപോസ്റ്റ്–വഴക്കപ്പാറ | ,, | 4 | 10 | ഉണ്ട്. |
| 6 | വില്യംകാട്–കമ്പ | ,, | 3 | 8 | ഉണ്ട്. |
| 7 | എടത്തറ–ചന്ദ്രശേഖരപുരം | പഞ്ചായത്ത് | 1 | 8 | ഉണ്ട്. |

നിലവും തമ്മിൽ ഉയരം വദ്ധിക്കുന്നതിനാൽ അപകടങ്ങൾ വദ്ധിക്കാൻ ഇടയാകുന്നു. പ്രധാന കേന്ദ്രങ്ങളിൽ നടപ്പാത ഇല്ലായ്മ അപകടങ്ങൾ ഉണ്ടാക്കുന്നു. കോട്ടായി റോഡിനടുത്തുള്ള വളവ് അപകടകരമാണ്. റോഡുപണിയുടെ അപാകത നിമിത്തം ചെറിയ ഇറക്കത്തിലും മഴക്കാലത്ത് വാഹനങ്ങൾ വഴുതുന്നു. നിലവിലുള്ള മെററൽ റോഡുകളും ടാർ ചെയ്യാത്തതിനാൽ കല്ലിളകിയും മണ്ണൊഴകിയും ഗതാഗതയോഗ്യമല്ലാതാകുന്നു. താഴ്ന്ന പ്രദേശങ്ങളിൽ പല ഇടവഴികളിലൂടേയും മഴക്കാലത്ത് വെള്ളം ഒഴുകി പാടങ്ങളിൽ എത്താറുണ്ട്. പുതിയ മണ്ണു റോഡുകളുടെ നിർമ്മാണ രീതി ഈ ഒഴുക്കിനു തടസ്സമാകുന്നു. ഇത്തരം റോഡുകൾ വെള്ളം കെട്ടിനിന്ന് നശിക്കാനിടയുണ്ട്.

നിലവിലുള്ള റോഡുകളുടെ അരുകിൽകൂടി ഒഴുകിവരുന്ന വെള്ളം താഴ്ന്ന പാടങ്ങളിലേക്കോ, പറമ്പുകളിലേക്കോ ഒഴുകിപ്പോകുന്നു. എന്നാൽ റോഡരുകിലെ മതിൽ നിർമ്മാണം വെള്ളത്തിന്റെ ഒഴുക്ക് തടയുന്നതിനാൽ വെള്ളം റോഡിൽ ത്തന്നെ കെട്ടിനിന്ന് റോഡ് കേടുവരാൻ

ഇടയാവുന്ന ഈവഴികൾ റോഡാക്കി മാററുമ്പോൾ വഴിയരികിലുള്ള ഒട്ടനവധി മരങ്ങൾ മുറിച്ചുമാററപ്പെടുന്ന കാലങ്ങളായി ഇതു് തുടരുന്നതിനാൽ വളരെ ആവശ്യബോധത്തോടെ നടത്തികൊണ്ടിരിക്കുന്ന വനവല്ക്കരണത്തിന്നു് ഈ പ്രക്രിയ തടസ്സമാണ്. മാത്രമല്ല വൃക്ഷങ്ങൾ മുറിച്ചുമാററപ്പെടുന്നതിനാൽ ഉയർന്ന പറമ്പുകളിലെ മണ്ണൊലിപ്പിനു് ഇതു് കാരണമാകുന്നു.

## ഈ രംഗത്തെ സാദ്ധ്യതകൾ

ടാറിങ്ങ് ഫലപ്രദമായി നടത്തുക അനുവദിച്ചിട്ടുള്ള മുഴവൻ തുകയും വിനിയോഗിച്ചു എന്നു് ഉറപ്പുവരുത്തുക. ടാർ റോഡുകൾക്കരികിൽഇരുവശത്തും നീർചാലുകൾ നിർമ്മിക്കുക. പ്രധാനകേന്ദ്രങ്ങളിൽ നടപ്പാതകൾ നിർമ്മിക്കുക. അപകടകരങ്ങളായ വളവുകളിൽ വാഹനങ്ങളുടെ വേഗത കുറയ്ക്കുവാനാവശ്യമായ ഹമ്പുകൾ നിർമ്മിക്കുക വളവിലെ അപകടത്തേയും ഹമ്പിനേയും സൂചിപ്പിക്കുന്ന ബോർഡുകൾ വെയ്ക്കുക. ഇറക്കത്തിൽ റോഡ് പരുക്കനായി നിർമ്മിക്കുക. റോഡുകൾ ടാർ ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കുക. (അവയുടെ പട്ടിക മുൻഗണനാക്രമത്തിൽ) ഇടവഴികൾ റോഡുകളാക്കുമ്പോൾ വെള്ളം ഒഴുകാൻ സൗകര്യം വേണം.

റോഡരുകിൽ സ്വാഭാവിക രീതിയിൽ താഴ്ന്ന പ്രദേശത്തേക്കു് വെള്ളം പോകാൻ അനുവദിക്കുക. മതിൽ കെട്ടാൻ അനുമതി നല്കുമ്പോൾ ഇക്കാര്യം നിഷ്കർഷിക്കുക. മരങ്ങൾ ഇടതൂർന്നു വളരുന്ന പ്രദേശങ്ങളിൽ കൂടിയുള്ള റോഡുനിർമ്മാണം നിരുത്സാഹപ്പെടുത്തുക. നിവൃത്തിയില്ലാത്ത അവസ്ഥയിൽ ഒന്നിനു് പത്തു് എന്ന തോതിൽ വൃക്ഷം നടാൻ നിർദ്ദേശിക്കുക. കയ്യേറപ്പെട്ട റോഡ്, പുറമ്പോക്കുഭൂമികൾ ഒഴിപ്പിക്കുക. റോഡരുകിലെ സ്ഥിരസ്വഭാവമുള്ള നിർമ്മാണ രീതികൾ ഒഴിവാക്കുക.

ബസ്സ്സ്റ്റോപ്പ് ഇലക്ട്രിക് പോസ്ററുകൾ, ടെലഫോൺ പോസ്ററുകൾ എന്നിവ റോഡിൽ നിന്നു് അകററി സ്ഥാപിക്കുക. പ്രധാന കേന്ദ്രങ്ങളിൽ ബസ്സ് വെയിററിംഗ് ഷെഡ്ഡ് നിർമ്മിക്കുക.

## പൊതു നിർദ്ദേശങ്ങൾ

1. നിലവിലുള്ള റോഡുകളുടെ വീതിയുടെ അടിസ്ഥാനത്തിൽ തരംതിരിക്കാം. പല പദ്ധതികളിലും പണം അനുവദിക്കുന്നതു് റോഡിന്റെ വീതിയുടെ അടിസ്ഥാനത്തിലാണ്,

2. പഞ്ചായത്തിൽ ടാർറോഡുകൾ (PWD) പഞ്ചായത്തു റോഡുകൾ, മണ്ണു റോഡുകൾ എന്നിങ്ങനെ തരംതിരിച്ചു് റജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

3. എല്ലാ റോഡുകൾക്കും റോഡുനമ്പർ നല്കുകയും റോഡിലുള്ള പാലങ്ങൾക്കു് നമ്പർ ഇടേണ്ടതുമാകുന്നു.

4. വൃക്ഷ നശീകരണത്തിനും മററു പരിതസ്ഥിതികൾക്കും ഇടയാകുന്ന റോഡുകളുടെ കാര്യത്തിൽ ഫണ്ട് വിനിയോഗിക്കുമ്പോൾ റോഡിന്റെ രണ്ടു ഭാഗത്തും മരങ്ങൾ നട്ടുപിടിപ്പിക്കണമെന്നു് നിഷ്കർഷിക്കേണ്ടതാണ്.

5. മണ്ണൊലിപ്പ് തടയാൻ റോഡിന്റെ രണ്ടുഭാഗത്തും തിട്ടകൾ, ചാലുകൾ, ഓവുകൾ എന്നിവ വേണമെന്നു് നിർബന്ധിക്കുന്നതു് നന്നായിരിക്കും.

6. ശ്രമദാനങ്ങൾ കിട്ടാവുന്ന പ്രദേശങ്ങളിൽ റോഡുനിർമ്മാണത്തിന് മുൻഗണന നല്കേണ്ടതാണ്. ഏതു പ്രവർത്തനത്തിനും മൂന്നിൽ ഒന്ന് എന്ന തോതിൽ വിഭവശേഖരണത്തിന് സാധ്യതയുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7. മലമ്പുഴ കനാലിന്റെ ബണ്ടുകൾ, കാർ, ജീപ്പ്, ഓട്ടോ മുതലായ വാഹനങ്ങൾക്ക് സഞ്ചരിക്കാവുന്നത്ര വീതിയുള്ളവയാണ്. ഈ ബണ്ടുകൾ മുഴവനായും സമീപവാസികൾ കയ്യേറിയിരിക്കുകയാണ്. ഇതു് ഒഴിപ്പിച്ചെടുത്ത്, വൈദ്യുതി, ടെലിഫോൺ പോസ്റ്റുകൾ ബണ്ടിന്റെ ഒരു വശത്തേക്കു മാററിസ്ഥാപിച്ചാൽ വലിയ ഒരളവുവരെ യാത്രാക്ലേശം പരിഹരിക്കാവുന്നതാണ്.

## ഊർജ്ജം

നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി എത്തിയിട്ട് ഏകദേശം 49 വർഷമാകുന്നു. പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് വൈദ്യുതി ഗണനീയ സ്ഥാനം വഹിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഒരു 110 K V സബ് സ്റ്റേഷൻ 1990 ൽ പ്രവർത്തനം ആരംഭിച്ചു. എന്നിട്ടും വൈദ്യുതി രംഗത്തെ പ്രശ്നങ്ങൾക്ക് കുറവ് വന്നിട്ടില്ല.

K S E B ഓഫീസിൽനിന്നു ലഭിച്ച വിവരം അനുസരിച്ച് പഞ്ചായത്തിൽ നിലവിൽ 33 ട്രാൻസ്ഫോർമറുകൾ ഉണ്ട്. ഇതിൽ പലതും അധിക ഭാരം വഹിക്കുന്നവയായതിനാൽ അവയുടെ എണ്ണം അപര്യാപ്തമാണ്. ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിപക്ഷം പേരും വോൾട്ടേജ് കുറവിനെക്കുറിച്ച് പരാതി ഉള്ളവരാണ്. ഇതിനൊരു പരിഹാരം എന്ന നിലക്ക് ട്രാൻസ്ഫോർമറുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ പേരുകൾ താഴെ ചേർക്കുന്നു.

## പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന ട്രാൻസ്ഫോർമറുകളുടെ പേരുകൾ

1. സ്കന്ത 5th Mile
2. സ്കന്ത.
3. പാന്തംപാടം
4. 5ാം മൈൽ
5. ഇനാമൽ
6. C·S.പുരം
7. ചാത്തംകുളം
8. കുമാർ
9. കുമാർ
10. എടത്തറ
11. എടത്തറ.
12. പറളി ചന്ത
13. പാലശ്ശേരി
14. ഓടനൂർ
15. പച്ചയപ്പ
16. പറളി ടൈൽ
17. ചെക്ക് പോസ്റ്റ്
18. ചെമ്മണികാവ്
19. I & R ഓയിൽ മിൽ
20. കിണാവല്ലൂർ.
21. കുണ്ടുകാട്
22. മനസ്സംമ്പാട്
23. വഴക്കപ്പാറ
24. കുണ്ടുപറമ്പ്
25. കിണാവല്ലൂർ വടകത്തറ
26. അറബിക് കോളേജ്
27. അത്താഴം പെററ കാവ്
28. പൂതംകുളം
29. തേനൂർ
30. അയ്യർമല
31. കുണ്ടൂർ
32. കോട്ടായ് റോഡ്
33. കമ്പ-കോട്ടപ്പള്ള

പഞ്ചായത്തിൽ നിലവിൽ 3996 വൈദ്യുതി കണക്ഷനുകൾ ഉണ്ട്. ഇതിൽ 3162 എണ്ണം ഗാർഹിക വിഭാഗത്തിലും 292 എണ്ണം കാർഷിക വിഭാഗത്തിലും 122 എണ്ണം വാണിജ്യ വ്യവസായ വിഭാഗത്തിലും 420 എണ്ണം വ്യാപാര മേഖലയിലും ആണ്.

നിലവിലുള്ള അപേക്ഷകരിൽ 18 ഓർഡിനറി കണക്ഷനുകളും 9 **O T P** കണക്ഷനുകളും 81 **O Y C** കണക്ഷനുകളും നൽകേണ്ടതായിട്ടുണ്ട്.

ആകെ 621 സ്ട്രീററ് ലൈററുകൾ ഉള്ളതിൽ 502 സാധാരണ ബൾബുകളും 102 ട്യൂബ് ലൈററുകളും 16 സോഡിയം വേപ്പർ ലാമ്പുകളും ആണ്. പറളി ഗ്രാമത്തിൽ ഒരു മെർക്കുറി വേപ്പർ ലൈററും ഉണ്ട്. ഈ ഇനത്തിൽ പഞ്ചായത്ത് മാസത്തിൽ 11070 ക. കറൻറ് ചാർജ്ജായി അടയ്ക്കുന്നുണ്ട്. മൊത്തം വരുമാനത്തിൻെറ 7.71 ശതമാനം വരും ഈ തുക. പഞ്ചായത്തിലെ 31 ഹരിജൻ കോളനികളിൽ 17 എണ്ണം വൈദ്യുതീകരിച്ചിട്ടുണ്ട്.

പാചക ആവശ്യത്തിനായി ബഹുഭൂരിപക്ഷം ജനങ്ങളും ഇന്നും ആശ്രയിക്കുന്നത് വിറകിനേയാണ്. പേട്ടകളിൽ നിന്നു വാങ്ങി ഉപയോഗിക്കുന്നതിനു പുറമെ തൊട്ടടുത്തുള്ള കാടുകളിൽ നിന്നും മലയിൽ നിന്നും വിറക് ശേഖരിക്കുന്നു. സ്ത്രീകൾ തലച്ചുമടായിട്ടാണ് വിറക് എത്തിക്കുന്നത് പലരും ഒരു വരുമാന മാർഗ്ഗമായി ഈ വിറക് ശേഖരണത്തെ ഉപയോഗപ്പെടുത്തുന്നുണ്ട്.

വിറകിനു പുറമെ ഗ്യാസ് മണ്ണെണ്ണ എന്നിവയും പാചകത്തിനായി ഉപയോഗിക്കുന്നു. പല വീടുകളിലും മണ്ണെണ്ണയും വിറകും ഒപ്പം ഉപയോഗിക്കുന്നതിനാൽ മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്നവരുടെ എണ്ണം കൃത്യമായി രേഖപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. റേഷൻകടയിൽ നിന്ന് വാങ്ങുന്ന മണ്ണെണ്ണ വിളക്കു കത്തിക്കുന്നതിന് വളരെ കൂടുതൽവീട്ടുകാർ ഇന്നും ഉപയോഗിക്കുന്നു. വൈദ്യുതി ഉപയോഗം നാൾക്കുനാൾ വർദ്ധിക്കുന്നുണ്ടെങ്കിലും വിളക്കുകത്തിക്കുവാൻ വിശ്വസയോഗ്യമായ ഇന്ധനം എന്ന സ്ഥാനം ഇന്നും മണ്ണെണ്ണക്കാണ്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ എല്ലാ പ്രദേശത്തും ഇനിയും വൈദ്യുതി എത്തിയിട്ടില്ല.

2. വളരെ വിസ്തൃതിയുള്ള സമ്മുടെ പഞ്ചായത്തിൽ എലക്ട്രിസിററി വകുപ്പിൻെറ ഒരു ഓഫീസ് മാത്രമാണ് ഉള്ളത്. അതുകൊണ്ട് കറൻറ് ചാർജ്ജ് അടയ്ക്കുന്ന കാര്യത്തിലും അതാതു സമയത്തുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിച്ചു കിട്ടുന്നകാര്യത്തിലും കാലതാമസം ഉണ്ടാകുന്നു.

3. മരക്കൊമ്പുകളും മററും യഥാസമയം മുറിക്കാത്തതുകൊണ്ടുള്ള പ്രേഷണ പ്രശ്നങ്ങൾ സ്ഥിരമായി അനുഭവപ്പെടുന്നു.

4. എല്ലാറോഡുകളിലും സ്ട്രീററ് ലൈററ് ഇനിയും എത്തിയിട്ടില്ല. (സ്ട്രീററ് ലൈററുകൾ 1 വാർഡിൽ ശരാശരി 52 ആണ്)

5. കററമററ മീററുകൾ ഉപയോഗിക്കാത്തതിനാൽ റജിസ്റ്ററുകളിൽ കാണുന്നതിനേക്കാൾ കൂടുതൽ വൈദ്യുതി ഉപയോഗിക്കപ്പെടുത്തുന്നു.

6. സ്റെറപ്പ് അപ്പ് ഉപയോഗംമൂലം മററു പല കുടുംബങ്ങൾക്കും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു.

7. ആവശ്യക്കാർക്ക് പാചകഗ്യാസ് എത്തിക്കുന്നതിനു നിലവിലുള്ള സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്.

8. വ്യാപകമായ തോതിലുള്ള വന നശീകരണം വിറക് ശേഖരണ രംഗത്തെ വലിയ പ്രശ്നമാണ്

9. മണ്ണെണ്ണ പെർമിററ് കിട്ടാനുള്ള വൈഷമ്യം സ്ററൗ ഉപയോഗിക്കുന്നവരെ ബാധിക്കുന്നു

## സാദ്ധ്യതകൾ

1. വൈദ്യുതി ഉപഭോക്താക്കളെ സഹായിക്കാൻ പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ ഉപഭോക്തൃ സഹായസമിതി രൂപീകരിക്കേണ്ടതാണ്. വൈദ്യുതി മേഖലയിൽ അതാതു തലത്തിലുള്ള പ്രവർത്തനത്തെ നിയന്ത്രിക്കുവാൻ ഈ സമിതിക്ക് അധികാരം ഉണ്ടായിരിക്കണം.

2. നിലവിലുള്ള പ്രാദേശിക സെക്ഷനു കീഴിൽ പഞ്ചായത്തിൽ രണ്ടോ മൂന്നോ ഓഫീസുകൾ പ്രവർത്തിക്കേണ്ടതാണ്. ചാർജ്ജ അടക്കുന്നതിനും പ്രശ്നങ്ങൾ അറിയിച്ച് പരിഹാരം തേടുന്നതിനും ഈ സംവിധാനം പ്രയോജനപ്പെടും

3. കോളനികൾ വൈദ്യുതീകരിക്കുന്നതിന് IHDP പോലുള്ള പദ്ധതികളുടെ സഹായം പരമാവധി ലഭിക്കാനുള്ള പ്രവർത്തനം നടത്തണം.

4. ഗവർമ്മെണ്ട് തലത്തിൽ പ്രവർത്തിക്കുന്ന ഒരു പാചക വാതക ഏജൻസിയെങ്കിലും പഞ്ചായത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

5. ആവശ്യമായ വിറക് യഥാസമയം ലഭിക്കുന്നതിന് പ്രാദേശികമായി വൃക്ഷവൽക്കരണം എന്ന പദ്ധതി നടപ്പിലാക്കേണ്ടതാണ്.

6. റേഷകൻകടകളിൽകൂടിയുള്ള മണ്ണെണ്ണ വിതരണത്തിന്റെ തോത് വർദ്ധിപ്പിക്കേണ്ടതാണ്.

7. വിറകിന്റെ ഉപയോഗം കുറക്കുന്നതിന് ദക്ഷത കൂടിയ അടുപ്പുകളുടെപ്രചരണം ശക്തിപ്പെടുത്തുകയും ആവശ്യക്കാർക്ക് അത് നിർമ്മിച്ചു കൊടുക്കാൻ സംവിധാനം ഏർപ്പെടുത്തുകയും വേണം. വനിതാ സംഘങ്ങൾക്ക് ഇക്കാര്യത്തിൽ മുൻകൈ എടുക്കാൻ കഴിയണം.

8. വീടുകളിൽ വൈദ്യുതിയുടെ ദുരുപയോഗം തടയാനും പ്രസരണ നഷ്ടം ഒഴിവാക്കാനും വൈദ്യുതി അപകടങ്ങൾ കുറക്കാനും വൈദ്യുതി ബോർഡിന്റെ സഹായത്തോടെ ബോധവൽക്കരണ ക്യാമ്പ് നടത്തേണ്ടതാണ്.

9. പുകയില്ലാത്ത അടുപ്പുകളുടെ ഗുണങ്ങളെ കുറിച്ചും ദക്ഷത കൂടിയ അടുപ്പുകളെ കുറിച്ചും വീട്ടമ്മമാരെ ബോധ്യപ്പെടുത്താനുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

10. കുറഞ്ഞവോൾട്ടേജിൽ കത്തുന്ന കോംപാക്ട് ലാമ്പുകൾക്ക് വൈദ്യുതി കുറച്ചു മതിയെന്ന് കണ്ടെത്തിയിട്ടുണ്ട്. അവ സ്ഥാപിക്കാൻ ചെലവു കൂടുമെങ്കിലും വൈദ്യുതി ചാർജ് വളരെ കുറയുമെന്നതിനാൽ സ്ട്രീററ് ലൈററിന് ഈ ലാമ്പ് ഉപയോഗിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്.

11. പഞ്ചായത്തിൽ നല്ല വെയിൽ ലഭിക്കുമെന്നതിനാൽ സോളാർ ലൈററുകൾ ആലോചിക്കാവുന്നതാണ്.

12. പുതിയ വൈദ്യുതി കണക്ഷൻ എടുക്കുന്ന വർക്ക് കോൺട്രിബ്യൂഷനും സർവ്വീസ് ചാർജ്ജും നൽകേണ്ടതായി വരുന്നു. ഇത് കൂടുതൽ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നതിനാൽ ഇവയിൽ ഏതെങ്കിലും ഒന്ന്ഒഴിവാക്കണമെന്ന് വൈദ്യുതി വകുപ്പിനോട് ആവശ്യപ്പെടേണ്ടതാണ്.

13. കോളനികൾ തോറും ബയോ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുകയാണെങ്കിൽ ആ പ്രദേശത്തെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കാവുന്നതാണ്.

14. ചെറുകിട സ്വയം തൊഴിൽ സംരംഭകർക്ക് യഥാസമയം വൈദ്യുതി ലഭിക്കാത്തത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ആയത് പരിഹരിക്കേണ്ടതാണ്.

## സ്ട്രീററ് ലൈററ് ആവശ്യമായ പ്രദേശങ്ങൾ.

വാർഡ്-I. കമ്പാരത്തറ റോഡ്
വട്ടപ്പള്ളം റോഡ്
കോട്ടായി റോഡ്
പുല്ലേപ്പറമ്പ് റോഡ്
താമരംകുന്ന് റോഡ്
പൂവത്തിങ്കൽ റോഡ്

II. അയ്യർമല റോഡ്
പാണ്ടിയോട്-ആനപ്പറമ്പ് റോഡ്
വാവൂർ റോഡ്

III. മന്ദത്തുപറമ്പ് ഹരിജൻ കോളനി

IV. കള്ളാഞ്ചി ലക്ഷം വീട് കോളനി
കണ്ടക്കോട്-അംഗൻവാടി
പറളിപാലം

V. ലക്ഷം വീട് കോളനി.
കോഴിക്കൽ പറമ്പ്
വടക്കുമുറി-പട്ടിക്കാട്
ചീരംപുത്തൂർ
പട്ടിപ്പടി
വാരിയത്തുപടി-കിഴക്കേക്കര
ഇടക്കുന്നത്തുപടി
വേമ്പലത്ത്
വടക്കവീട്-തലപ്പൊററ
മാണ്ടക്കോട്-വില്യംകാട്
മാണ്ടക്കോട്-പടിഞ്ഞാക്കര

VI. കമ്പ, അയ്യപ്പൻകാവ്-മാരിയമ്മൻ കോവിൽ
അടയാളപ്പാറ-ആറുപുഴ-കമ്പ പള്ളി

കണ്ടകാട്-പുത്തൻപുര മേലേപ്പുറം
നടുവത്തറ-നീളിക്കാട്
വില്യംകാട് ആറുപുഴ റോഡ്

IX. പറളി കൃസ്ത്യൻ പള്ളി-E S I ഹോസ്പിററൽ റോഡ്

X. ഓടനൂർ-ഓടനൂർമേട്
ഓടനൂർ-സ്കൂറം
നടുവശ്ശേരി-നടുവങ്കാട്
വടക്കമുറി
മുനിയാലിൻകുന്ന്_ചെമ്മലമേട്
ഓടനൂർപാലം.

XII. പൂളക്കൽ പറമ്പ് ഹരിജൻ കോളനി
കാഞ്ഞിരത്തുപറമ്പ് (പടിഞ്ഞാറോട്ട്)
C. S. പുരം ഇടവഴി_കിഴക്കേകളം ഹരിജൻ കോളനി

V. കന്നംപാറ ലക്ഷം വീട് കോളനി
കോഴിക്കൽപ്പറമ്പ് ദുർബല വിഭാഗം കോളനി
പട്ടിപ്പടി
വാരിയത്തുപടി ഹരിജൻ കോളനി
കിഴക്കേക്കര

VI. ആറുപുഴ വലിയ പറമ്പ്_ആററാഞ്ചേരി, കുമ്പാരത്തറ
കമ്പ-കണ്ടകാട്
മനസ്സുമ്പാട്-കമ്പ PWD റോഡ്

VIII. പാന്തംപാടം_കവറത്തറ
അരുമ്പ്
മൂത്താന്തറപ്പാളയം

XI. വില്യങ്കാട് പ്രദേശം
മനസ്സുമ്പാട്
കല്ലംപറമ്പ് ഹരിജൻ കോളനി
കിഴക്കേമുറി (വടുകത്തറ)

## വൈദ്യുതി വൽക്കരണം ആവശ്യമായ പ്രദേശങ്ങൾ

വാർസ്-II. അയ്യർമല കൊട്ടേക്കാട്ടുകുന്ന് കോറോടിക്കളം വരെ.

IV. തണ്ടാത്തറ വായനശാല-കല്ലേപ്പാടം വടുകത്തറ റോഡ്
പൂളപ്പറമ്പ്-ലക്ഷംവീട്
ചെക്ക്പോസ്റ്റ്-റെയിൽവേ സ്റ്റേഷൻ
പുള്ളോത്തറ ഹരിജൻ കോളനി
കവറത്തറ
വലിയകാട്
കണ്ണമ്പാറക്കാട്
കരിങ്കുളങ്ങര
} കോളനി

## പൊതു നിർദ്ദേശങ്ങൾ

1. പുകയില്ലാത്ത അടുപ്പുകൾ നിർമ്മിച്ചു കൊടുക്കുക.

2. കന്നുകാലി വളർത്തുന്നവർക്ക് ബയോഗ്യാസ് പ്ലാൻറ് നിർമ്മിക്കുവാനുള്ള ധനസഹായം അനുവദിക്കുക.

3. പറളി കടവത്ത് ഡിസൽ ജനറേറർ സ്റ്റേഷൻ സ്ഥാപിക്കുക.

4. നിലവിലുള്ള അപേക്ഷകർക്ക് ഉടനെ കണക്ഷൻ നല്കുക.

5. കൃഷിആവശ്യത്തിനുള്ള വൈദ്യുതി സൗജന്യമാക്കുക.

# വാർഡ് നമ്പർ: (1)

| | പുതിയ റോഡുകൾ പേർ | മെററൽ ചെയ്യേണ്ടതു് | ടാർ ചെയ്യേണ്ടതു് | നീളം | വീതി | ചെലവ് | സമാഹരണം മാൻ പവ്വർ | ഗുണഭോക്താക്കളുടെ എണ്ണം | അടുത്തു് കമ്പനി, തോട്ടങ്ങൾ മുതലായവ |
|---|---|---|---|---|---|---|---|---|---|
| 1 | | കമ്പാരത്തറ റോഡ് മെററൽ ചെയ്യൽ | കമ്പാരത്തറ റോഡ് ടാർ ചെയ്യൽ | 325. മീററർ | നിലവിലുള്ളതു് | 1 ലക്ഷം രൂപ (ഒരു ലക്ഷം) | മാൻപവ്വർ 50 | 68 കുടുംബങ്ങൾക്ക് ഉപയോഗം | |
| 2 | മെയിൻ റോഡ് വട്ടപ്പള്ളം കോളനി റോഡ് നിർമ്മിക്കൽ | | | 2. KM | 6 മീററർ | 2 ലക്ഷം രൂപ (രണ്ടു ലക്ഷം) | മാൻപവ്വർ 100 | പട്ടികജാതി കോളനിക്കാർക്കും, മററു 50 കുടുംബങ്ങൾക്കും ഉപയോഗം | |
| 3 | മെയിൻ റോഡ് — താമരകന്നു് റോഡ് | | ടാർ ചെയ്യണം | 2 KM | 6 മീ. | 2 ലക്ഷം | മാൻപവ്വർ 100 | പട്ടികജാതിക്കാർ 25 കുടുംബം - 2 കമ്പനികൾ ഒരു സോമിൽ | |
| 4 | | മെയിൻറോഡ്- മുട്ടിക്കടവ് | | 1 KM | 6 മീ. | 1 ലക്ഷം | മാൻപവ്വർ 100 | | |
| 5 | | മെയിൻറോഡ്- അയ്യർമല | | 1 KM | 6 മീ. | 1 ലക്ഷം | മാൻപവ്വർ 100 | | |

# വാർഡ് നമ്പർ: (2)

| | പുതിയ റോഡുകളം പേർ | മെററൽ ചെയ്യേണ്ടതു് | ടാർ ചെയ്യേണ്ടതു് | നീളം | വീതി | ചെലവ് | സമാഹരണം മാൻപവ്വർ | ഗുണഭോക്താക്കളുടെ എണ്ണം | ആടുത്തു് കമ്പനി, തോട്ടങ്ങളം മുതലായവ |
|---|---|---|---|---|---|---|---|---|---|
| 1 | | | തേന്നൂർ, അയ്യർമല റോഡ് ടാർ ചെയ്യൽ. | 1 കി.മീ. | | | | അയ്യർമല വരെ ബസ് സർവ്വീസ് | റബ്ബർ തോട്ടങ്ങളം ഉണ്ട് |
| 2 | | | പാണ്ടിയോട്- ആനപ്പറമ്പ് റോഡ് ടാർ ചെയ്യണം. | | | 3 ലക്ഷം രൂപ | മാൻപവ്വർ 100 | | |
| 3 | അയ്യർമല – കക്കോട് കനാൽബണ്ട് റോഡാക്കണം | | | | | | 15% രൂപ മാൻപവ്വർ 100 | | |
| 4 | | | ഇല്ലിക്കപ്പാറ–വടക്കംപുറം കോളനി ടാർ ചെയ്യൽ | | | 2 ലക്ഷം രൂപ | മാൻപവ്വർ 200 | | |
| 5 | പുത്തൻപുര– റോഡ് നിർമ്മാണം | | | 1 കി മീ. | | 2 ലക്ഷം രൂപ | മാൻപവ്വർ 100 | | |
| 6 | പൂളെക്കാട്–പുത്തൻകുളം റോഡ് നിർമ്മാണം | | | 500 മീ. | | 25,000 രൂ | മാൻപവ്വർ 50 | | |
| 7 | അയ്യർമല പല്ലത്തിരി–കോളനി പഞ്ചായത്തു് കിണർവഴി റോഡാക്കൽ | | | | | 20,000 രൂ | മാൻപവ്വർ 100 | | |

# വാർഡ് നമ്പർ: 3 (III)

| | പുതിയ റോഡുകൾ പേർ | മെററൽ ചെയ്യേണ്ടതു് | ടാർ ചെയ്യേണ്ടതു് | നീളം | വീതി | ചെലവ് | സമാഹരണം മാൻപവ്വർ | ഗുണഭോക്താക്കളുടെ എണ്ണം | അടുത്തുള്ള കമ്പനി, തോട്ടം മുതലായവ |
|---|---|---|---|---|---|---|---|---|---|
| 1 | | കുണ്ടുപറമ്പ് പട്ടിക ജാതി കോളനി, കളറാഞ്ചി ലക്ഷം വീട് കോളനി, അമ്പലപ്പറമ്പ് മൈതാനം, ശ്മശാനം റോഡ് മെററൽ ചെയ്യണം. | | | | 5 ലക്ഷം രൂപ | 10% മാൻപവർ 100 | കോളനികൾ നിറഞ്ഞ സ്ഥലം | റബ്ബർ എസ്റ്റേററ് |
| 2 | | | അത്താഴം പൊററ-തേന്നൂർ വെസ്റ്റ്റോഡ് ടാർ ചെയ്യൽ | 2 കി.മീ. | | 5 1/2 ലക്ഷം | 10% മാൻ പവർ 100 | ജനങ്ങൾ തിങ്ങി പാക്കുന്ന സ്ഥലം | സ്കൂൾ, മരക്കമ്പനി (ഈർച്ച വാൾ) ഓട്ടുകമ്പനികൾ |
| 3 | മന്നത്ത്പറമ്പ് ഹരിജൻ കോളനി റോഡ്, പാറശ്ശേരി റോഡുമായി ബന്ധിക്കണം | | | | | 1 ലക്ഷം രൂപ | മാൻപവർ 50 | | |

# വാർഡ് നമ്പർ: 4 (IV)

| | പുതിയ റോഡുകളുടെ പേർ | മെററൽ ചെയ്യേണ്ടതു് | ടാർ ചെയ്യേണ്ടതു് | നീളം | വീതി | ചെലവ് | സമാഹരണം മാൻപവ്വർ | ഗുണഭോക്താക്കളുടെ എണ്ണം | അടുത്തു് കമ്പനി, തോട്ടം മുതലായവ |
|---|---|---|---|---|---|---|---|---|---|
| 1 | | | വട്ടകത്തറ_വലിയകാട് റോഡ് ടാർ ചെയ്യൽ | | | | | | ബസ് സർവ്വീസിന്നു് സാദ്ധ്യത ജനങ്ങൾ തിങ്ങി പാർക്കുന്നു. |
| 2 | | | പാറളി_വട്ടകത്തറ റോഡ് റീ ടാറിങ്ങ് | | | 5 ലക്ഷം | 10% മാൻ പവ്വർ | | |
| 3 | | തണ്ടോത്തറ_വാരിയത്ത്പാറ റോഡ് മെററൽ ചെയ്യണം | | 200 മീ. | | 50000/- രൂപ | | | |
| 4 | | പൂളപ്പററ-കല്ലേപ്പാടം റോഡ് മെററൽ ചെയ്യണം. | | 1_5 കി. മീ. | | 1 1/2 ലക്ഷം | | | |
| 5 | | വട്ടകത്തറ_വെള്ളപ്പാടം റോഡ് മെററൽ ചെയ്യൽ | | | | | | | |
| 6 | | കരീംകുളങ്ങര റോഡ് മെററൽ ചെയ്യൽ | | | | | | | |
| 7 | | | കണ്ടകാട് പട്ടികജാതി റോഡ് ടാർ ചെയ്യൽ | 1 കി.മീ | | 2 ലക്ഷം രൂപ | | | |
| 8 | | | തണ്ടോത്തറ_മന്ദിരപ്പള്ളി റോഡ് ടാർ ചെയ്യണം | 500 മീ. | | 1 ലക്ഷം | | | |
| 9 | | വട്ടകത്തുറക്കുള്ളിലേക്കുള്ള റോഡ് മെററൽ ചെയ്യൽ | | 1 കി.മീ | | 1 1/2 ലക്ഷം | | | |
| 10 | വട്ടകത്തറ-കല്ലേപ്പാടം റോഡ് നിർമ്മാണം | | | 500 മീ. | 3 മീ. | 10000 രൂ | | | |

# വാർഡ് നമ്പർ: (5)

| | പുതിയ റോഡുകളുടെ പേർ | മെററൽ ചെയ്യേണ്ടതു് | ടാർ ചെയ്യേണ്ടതു് | നീളം | വീതി | ചെലവ് | സമാഹരണം മാൻപവ്വർ | ഗുണഭോക്താക്കളുടെ എണ്ണം | അടുത്തുള്ള കമ്പനി, തോട്ടം മുതലായവ |
|---|---|---|---|---|---|---|---|---|---|
| 1 | മാണ്ടപ്പാടം റോഡ് നിർമ്മാണം | | | 200 മീ. | 3 മീ. | 40,000 രൂപ | 20 % മാൻപവ്വർ 50 | 200 കുടുംബങ്ങൾക്ക് ഉപയോഗം | സ്കൂൾബസ്സ് വഴി |
| 2 | ശാസ്താ വായനശാല - തലപ്പൊററ റോഡ് നിമ്മാണം | | | 500 മീ. | 3 മീ. | 25,000 രൂപ | 20% | 100 കുടുംബങ്ങൾ ഉപയോഗിക്കും | മററു റോഡുമായി കണക്ഷൻ |
| 3 | | ആലിക്കൽ തലപ്പൊററ കനാൽ റോഡ് മെററൽ ചെയ്യൽ | | 700 മീ | 4 മീ. | 50 000 രൂപ | 20% മാൻപവ്വർ 25 | മൂന്ന ഭാഗത്തേക്കും യാത്രാ സൌകര്യം | |
| 4 | ലക്ഷം വീട്ടിലേക്ക് പട്ടിപ്പടിയിൽ നിന്നും പുതിയ റോഡ് | | | 1 കി.മീ. | 4 മീ. | 1 ലക്ഷം രൂപ | 20% മാൻപവ്വർ 50 | 300 കുടുംബങ്ങൾക്ക് യാത്രാ സൌകര്യം | |
| 5 | കോഴിക്കൽപറമ്പ് കോളനി റോഡ് നിമ്മാണം | | | 500 മീ. | 3 മീ. | 25,000 രൂപ | 100 മനുഷ്യ പ്രയത്നം. | ദുർബലർ താമസിക്കുന്ന സ്ഥലം | |

| | പുതിയ റോഡുകളുടെ പേര് | മെററൽ ചെയ്യേണ്ടത് | ടാർ ചെയ്യേണ്ടത് | നീളം | വീതി | ചെലവ് | സമാഹരണം മാററിപ്പാർപ്പിക്കൽ | ഗുണഭോക്താക്കളുടെ എണ്ണം | അടുത്തുള്ള കമ്പനി, തോട്ടം മുതലായവ |
|---|---|---|---|---|---|---|---|---|---|
| 6 | | കോഴിക്കൽ പറമ്പ്_ലക്ഷം വീട് കോളനി റോഡ് മെററൽ ചെയ്യൽ | കോഴിക്കൽ പറമ്പ്_ലക്ഷം വീട് കോളനി റോഡ് ടാർ ചെയ്യൽ | 600 മീ. | 4 മീ. | 75,000 രൂപ | 20% | 50 കോളനി കുടുംബത്തിന്ന് ഉപയോഗം. പച്ചക്കറി തോട്ടമുള്ള സ്ഥലം | |
| 7 | ഇടക്കുന്നത്ത്പടി_ശാസ്താ വായനശാല ഇടവഴി റോഡാക്കി നിർമ്മിക്കണം | | | 400 മീ. | 3 മീ. | 30 000 രൂപ | 20 % മ. പ്ര- 50 | കട്ട്റോഡ്, (തലപ്പൊററ റോഡിലേക്ക്) | |
| 8 | | | മാങ്കോട്_തലപ്പൊററ_(വഴി ആശാരിത്തറ-വടക്കുമുറി) റോഡ് ടാർ ചെയ്യൽ | 3 കി.മീ. | നിലവിലുള്ളത് | 4 ലക്ഷം രൂപ | 100 മനുഷ്യ പ്രയത്നം | അംശത്തിലെ പ്രധാന റോഡ് | |
| 9 | | (പട്ടി: ജ;കോഃ) മാങ്കോട് കാളംപൊററ റോഡ് മെററൽ ചെയ്യൽ | | ഒന്നര കി. മീ | നിലവിലുള്ളത് | 1 ലക്ഷം രൂപ | 20% | സ്കൂൾ, പോസ്റ്റാഫീസ് മുതലായവക്ക് പ്രധാന റോഡ് | |
| 10 | | മുരിയത്ത് മുക്ക്-കറുപ്പത്ത് പട്ടിക ജാതി റോഡ് | | 400 മീ. | 4 മീ. | 50,000 രൂപ | മ. പ്ര. 50 | കോളനി നിവാസികൾ | |

# വാർഡ്‌ നമ്പർ: 6

| | പുതിയ റോഡുകളുടെ പേർ | മെററൽ ചെയ്യേണ്ടതു് | ടാർ ചെയ്യേണ്ടതു് | നീളം | വീതി | ചെലവ്‌ | സമാഹരണം മാൻപവ്വർ | ഗുണഭോക്താക്കളുടെ എണ്ണം | അടുത്തുള്ള കമ്പനി, തോട്ടം മുതലായവ |
|---|---|---|---|---|---|---|---|---|---|
| 1 | | പറളി-കമ്പ- ആറുപുഴ NCC. റോഡ്‌ മെററൽ ചെയ്യൽ. | | | | 25 ലക്ഷം | 20% | | |
| 2 | | | കിണാവല്ലൂർ-കമ്പ മുട്ടിക്കുളങ്ങര റോഡ്‌ റീ ടാർ ചെയ്യൽ | 3.9കി.മീ. | | | ,, | | |
| 3 | | | വില്ല്യംകാട്‌-കോട്ടപ്പള്ള റോഡ്‌ ടാർ ചെയ്യൽ. | | | | ,, | | |
| 4 | | | കമ്പ-ചേന്ദംപുര N C C റോഡ്‌ ടാർ ചെയ്യൽ. | | | | ,, | | |
| 5 | | കമ്പ-പുത്തൻപുര മെററൽ ചെയ്യൽ | | 500 മീ. | | | ,, | | |

| | പുതിയ റോഡുകരം പേർ | മെററൽ ചെയ്യേണ്ടതു് | ടാർ ചെയ്യേണ്ടതു് | നീളം | വീതി | ചെലവ് | സമാഹരണം മാൻപവ്വർ | ഗുണഭോക്താക്കളുടെ എണ്ണം | അടുത്തുള്ള കമ്പനി, തോട്ടം മുതലായവ |
|---|---|---|---|---|---|---|---|---|---|
| 6 | | | കമ്പ-ചെറുവത്തൂർ കളം റോഡ് ടാർ ചെയ്യണം | | | | 20% | | |
| 7 | കമ്പ-കോട്ടപ്പള്ള റോഡ് നിർമ്മാണം | കമ്പ-കോട്ടപ്പള്ള റോഡ് നിർമ്മാണം മെററൽ ചെയ്യൽ | | 1 കി മീ. | | | ,, | | |
| 8 | മേലെപ്പുറം. മേലെ കമ്പ റോഡു് നിർമ്മിച്ചു് NCC കേഡററ് റോഡിൽ എത്തിക്കണം | | | | | | ,, | | |
| 9 | പാറ-നടുവത്തറ റോഡ് നിർമ്മാണം | | | | | | ,, | | |
| 10 | മനക്കമ്പൊട്ടു്-ചെറുവത്തൂർ കളം റോഡ് നിർമ്മിക്കൽ | | | | | | ,, | | |

# വാർഡ് നമ്പർ: 7

| | പുതിയ റോഡുകളം പേർ | മെററൽ ചെയ്യേണ്ടതു് | ടാർ ചെയ്യേണ്ടതു് | നീളം | വീതി | ചെലവ് | സമാഹരണം മാൻപവ്വർ | ഗുണഭോക്താക്കളുടെഎണ്ണം | അടുത്തുള്ള കമ്പനി, തോട്ടം മുതലായവ |
|---|---|---|---|---|---|---|---|---|---|
| 1 | ചെറുവത്തൂർ റോഡിൻേറയും, പനങ്കാവ് പറമ്പ് റോഡിൻേറ അററം യോജിപ്പിക്കാൻ റോഡാക്കണം | | | 250മീററർ | 3മീ. | 75000/- Rs. | 10% | കൃഷി സ്ഥലത്തിന്നും 20ഓളം വീടുകൾക്കും ഉപയോഗം | അമ്പലവും തെങ്ങിൻ തോപ്പും |
| 2 | നടക്കാവ് പറമ്പ് കോളനി നൊച്ചിക്കാട് ഇടവഴി റോഡാക്കി നിർമ്മിക്കണം | | | ,, | 2.5 മീ. | ,, | 3% | കൃഷിക്കും, താമസക്കാർക്കും ഉപയോഗം | തെങ്ങ് തോട്ടം |
| 3 | | | മെയിൻ റോഡിൽ നിന്നും പോകുന്ന അയ്യപ്പൻകാവ്റോഡ് പുഴവരേക്കും ടാർ- ചെയ്യണം | 1കി. മീ. 300മീ. | 3മീ. | 3 ലക്ഷം | | ജനങ്ങൾ തിങ്ങിപാർക്കുന്ന പ്രധാന റോഡ് | ചെങ്കൽ വ്യവസായം കട്ലറി വക്ക്സ് മുതലായവ |

| | പുതിയ റോഡുകളുടെ പേര് | മെററൽ ചെയ്യേണ്ടത് | ടാർ ചെയ്യേണ്ടത് | നീളം | വീതി | ചെലവ് | സമാഹരണം മാൻ പവ്വർ | ഗുണഭോക്താക്കളുടെ എണ്ണം | അടുത്തുള്ള കമ്പനി, തോട്ടങ്ങൾ മുതലായവ |
|---|---|---|---|---|---|---|---|---|---|
| 4 | | എടത്തറ പൂളക്കൽപറമ്പ് (കൊല്ലത്തറ) റോഡ് കോൺക്രീററ് റോഡാക്കണം | | 600മീ. | 2.5.മീ | 1 ലക്ഷം | | കൊല്ലത്തറ കട്ലറി വർക്സിന് പേരുകേട്ട സ്ഥലം | |
| 5 | | പാറക്കാട് റോഡ് കോൺക്രീററ് റോഡാക്കണം | | 700മീ. | ,, | 1.25 ലക്ഷം | | ജനങ്ങൾ തിങ്ങി പാർക്കുന്ന | |
| 6 | സിക്കന്തർ റൈസ് മില്ല് - ഇടവഴി കുത്തുപറമ്പ് റോഡിൽ ബന്ധിപ്പിക്കാൻ പുതിയ റോഡ് | | | 200മീ. | ,, | 20000/- | 20% | എടത്തറയിൽ നിന്നും പാന്തംപാടം, കണക്കത്തെറ മുതലായ സ്ഥലത്തേക്ക് എളുപ്പവഴി | |

5-6

# വാർഡ് നമ്പർ: (8)

| | പുതിയ റോഡുകളുടെ പേർ | മെററൽ ചെയ്യേണ്ടത് | ടാർ ചെയ്യേണ്ടത് | നീളം | വീതി | ചെലവ് | സമാഹരണം മാൻ പവ്വർ | ഗുണഭോക്താക്കളുടെ എണ്ണം | അടുത്തുള്ള കമ്പനി, തോട്ടങ്ങൾ മുതലായവ |
|---|---|---|---|---|---|---|---|---|---|
| 1 | | | ആററുപുറം-പള്ളിക്കടവ് റോഡ് ടാർ ചെയ്യൽ | | | | | | |
| 2 | | | കററിപ്പള്ളി റോഡ് ടാർ ചെയ്യൽ | | | | | | |
| 3 | | മൂത്താന്തറപാളയം പടയാറുകുളം റോഡ് മെററൽ ചെയ്യൽ | | | | | | | |
| 4 | | | പാന്തംപാടം-കൂത്തുപറമ്പ് റോഡ് ടാർ ചെയ്യൽ. | | | | | | |
| 5 | പൂളക്കൽ പറമ്പിൽ നിന്നും പുത്തൻതൊടി വഴി റോഡാക്കണം | | | | | | | | |
| 6 | കമ്മാന്തറ-പാന്തംപാടം റോഡ് കൂത്തുപറമ്പ്, കവറത്തൊടി. കിഴക്കമുറി എന്നിവയുമായി ബന്ധന റോഡ് | | | | | | | | |
| 7 | ഹെൽത്ത്സെൻറർ-പള്ളിക്കടവ് പുതിയ റോഡ് | | | | | | | | |
| 8 | | | പൊതു ശ്മശാനം (പഞ്ചായത്ത് വക) റോഡ് ടാർ ചെയ്യൽ | | | | | | |

# വാർഡ് നമ്പർ: (9)

| | പുതിയ റോഡുകൾ പേർ | മെററൽ ചെയ്യേണ്ടതു് | ടാർ ചെയ്യേണ്ടതു് | നീളം | വീതി | ചെലവ് | സമാഹരണം മാൻ പവ്വർ | ഗുണഭോക്താക്കളുടെ എണ്ണം | അടുത്തുള്ള കമ്പനി, തോട്ടങ്ങൾ മുതലായവ |
|---|---|---|---|---|---|---|---|---|---|
| 1 | | പാലശ്ശേരി ക്രിസ്ത്യൻ പള്ളി ESI റോഡ് മെററൽ ചെയ്യൽ | | 2 കി.മീ | 3 മീ. | | | ജനങ്ങൾ തിങ്ങി താമസിക്കുന്നു. | തെങ്ങിൻ തോട്ടം, കൃഷി സ്ഥലങ്ങൾ |
| 2 | | പറളി ഗ്രാമം റോഡ് മെററൽ ചെയ്യൽ | | | | | | | |

# വാർഡ് നമ്പർ: 10 (X)

| | പുതിയ റോഡുകളുടെ പേർ | മെററൽ ചെയ്യേണ്ടതു് | ടാർ ചെയ്യേണ്ടതു് | നീളം | വീതി | ചെലവ് | സമാഹരണം മാൻപവ്വർ | ഗുണഭോക്താക്കളുടെഎണ്ണം | അടുത്തുള്ള കമ്പനി, തോട്ടം മുതലായവ |
|---|---|---|---|---|---|---|---|---|---|
| 1 | | കുവളംകാട് പട്ടിക ജാതി കോളനി റോഡ് ചാലാടി വരെ മെററൽ ചെയ്യൽ | കുവളംകാട് പട്ടിക ജാതി കോളനി റോഡ് ചാലാടിവരെ ടാർ ചെയ്യൽ | | | 15 ലക്ഷം | | | |
| 2 | | നടുവശ്ശേരി-നരിയൻ കാട് റോഡ് മെററൽ ചെയ്യൽ. | ഈ റോഡ് ടാർ ചെയ്യൽ. | | | 18 ലക്ഷം | | | |
| 3 | വടക്കമുറി റോഡ് പുഴ വരെ നീട്ടണം. | | | | | 15 ലക്ഷം | | | |
| 4 | വാഴപ്പള്ളം റോഡ് വടക്കമുറി വരെ നീട്ടണം. | | | | | 8 ലക്ഷം | | | |
| 5 | | പാലശ്ശേരി തോണി ക്കടവ് റോഡ് മെററൽ ചെയ്യൽ. | | 350 മീ. | 5 മീ. | 5 ലക്ഷം | | | |

# വാർഡ് നമ്പർ: 11 (XI)

| | പുതിയ റോഡുകളം പേർ | മെററൽ ചെയ്യേണ്ടത് | ടാർ ചെയ്യേണ്ടത് | നീളം | വീതി | ചെലവ് | സമാഹരണം മാൻപവ്വർ | ഗുണഭോക്താക്കളുടെ എണ്ണം | അടുത്തുള്ള കമ്പനി, തോട്ടം മുതലായവ |
|---|---|---|---|---|---|---|---|---|---|
| 1 | | | മനക്കമ്പാട്.വള്ളിക്കോട് റോഡ് PWD റീ-ടാർ ചെയ്യൽ | 2കി. മീ | | | | | |
| 2 | വേലം പൊററ കിഴക്കംപുറം റോഡ് നിർമ്മാണം | | | 500 മീ. | 3 മീ. | 50000/- രൂപ | ചിലവിന്റെ 15% | ജനങ്ങൾ തിങ്ങി പാർക്കുന്നു. | |
| 3 | മനക്കമ്പാടം-മണ്ണാന്തറ റോഡ്-വള്ളിക്കോട് റോഡിൽ എത്തിക്കൽ | | | 1 കി.മീ | രണ്ടര മീ | | 5% മാൻ പവ്വർ 50 | | |
| 4 | കിഴക്കേക്കര-വാളാഞ്ചി-കനാൽ ബെണ്ട വഴി റോഡ് | | | 1 കി മീ | | | 10% | | |
| 5 | വില്ല്യം കാട്-ഏച്ചം പെററ-റോഡ് നിർമ്മാണം. | | | 1 കിമീ. | | | 75% | | |

5-6

# വാർഡ് നമ്പർ: (12)

| | പുതിയ റോഡുകളും പേര് | മെററൽ ചെയ്യേണ്ടത് | ടാർ ചെയ്യേണ്ടത് | നീളം | വീതി | ചെലവ് | സമാഹരണം<br>മാൻ പവ്വർ | ഗുണഭോക്താക്കളുടെ എണ്ണം | അടുത്തുള്ള കമ്പനി, തോട്ടങ്ങൾ മുതലായവ |
|---|---|---|---|---|---|---|---|---|---|
| 1 | കാഞ്ഞിരത്ത് പറമ്പ് റോഡ് എടത്തറ സ്കൂൾ വരെ | | | 500 മീററർ | 2 1/2 മീ. | | | പട്ടികജാതി കോളനി എടത്തറ സ്ക്കൂൾ | |
| 2 | കിഴക്കേക്കുളം, ചാത്തംകുളംവഴി CSപുരം റോഡിലേക്ക് എത്തുന്ന റോഡ് | | | 750 മീററർ | 2 1/2 മീ. | | | പ്രധാന കൃഷി സ്ഥലം ജനങ്ങൾ ധാരാളം താമസിക്കുന്നു | |
| 3 | വട്ടകത്തറ-കന്നങ്കാട് റോഡ് | | | | | | | ശ്മശാനം (പഞ്ചായത്തു വക) | |
| 4 | അഞ്ചാംമൈൽ-കിഴക്കഞ്ചേരിക്കാവ് റോഡ് (കനാൽ ബണ്ടിലൂടെ) | | | | | | | രണ്ട് പ്രധാന ക്ഷേത്രങ്ങൾ സ്ഥിതി ചെയ്യുന്നു. | |
| 5 | കിഴക്കേക്കുളം പട്ടികജാതികോളനി-അഞ്ചാംമൈൽ ബസ്സ് സ്റ്റോപ്പ് റോഡ് | | | | | | | കോളനിയിൽ നിന്നും ബസ്സ് സ്റ്റോപ്പിലേക്ക് എളുപ്പമാർഗ്ഗം | |
| 6 | C S പുരം ഗ്രാമപറമ്പ് കളത്തൊടി റോഡ് | | | | | | | | |
| 7 | കിഴക്കേക്കുളം റോഡ് പൂളക്കൽപറമ്പ്വഴി C S പുരം റോഡിൽ എത്തിക്കുക | | | | | | | | |

# 5-7 പാർപ്പിടവും സാമൂഹ്യ ക്ഷേമവും

## പാർപ്പിടം

70% സാക്ഷരതയുള്ള ഒരു പഞ്ചായത്താണ് പറളി. അതുകൊണ്ടുതന്നെ മൊത്തം ജനസംഖ്യയുടെ പകുതിയോളം പേരും മികച്ച ജീവിത നിലവാരം പുലർത്തുന്നവരാണെന്നുപറയാം. പട്ടിക ജാതിക്കാർ 30% ഉണ്ട്. സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെ അവരുടേയും ജീവിത രീതി വളരെ മെച്ചപ്പെട്ടിട്ടുണ്ട്. ഇതെല്ലാം പറളിയിലെ ഭവന നിർമ്മാണ പ്രക്രിയയിൽ സ്വാധീനം ചെലുത്തിയിരിക്കുന്നു. ഗൾഫ് പണത്തിന്റെ വേലിയേറ്റം ഇവിടെ വർദ്ധമാനമായ തോതിൽ ഇല്ലെങ്കിലും പറളിയുടെ സമ്പത്തിനെ സ്വാധീനിക്കുന്നതിൽ ഒരനല്പമായ ഘടകംതന്നെയാണ്. കെട്ടിട നിർമ്മാണ രംഗത്ത് ആ സ്വാധീനം ഇന്ന് നിഴലിച്ചു തുടങ്ങിയിരിക്കുന്നു.

### പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ

(പഞ്ചായത്തിലെ കെട്ടിട നികുതി രജിസ്റ്റർ അവലംബം)

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽക്കൂരയുടെ സ്വഭാവം | | | |
|---|---|---|---|---|---|
| | | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടം | ഒരു നിലയുള്ള കെട്ടിടങ്ങൾ | | |
| | | | കോൺക്രീറ്റ് | ഓട് | ഓല |
| I | 736 | 74 | 45 | 521 | 55 |
| II | 648 | 61 | 50 | 452 | 75 |
| III | 700 | 65 | 48 | 535 | 52 |
| IV | 753 | 25 | 55 | 623 | 50 |
| V | 609 | 25 | 55 | 503 | 56 |
| VI | 573 | 45 | 52 | 426 | 50 |
| VII | 795 | 50 | 65 | 650 | 60 |
| VIII | 609 | 55 | 61 | 385 | 98 |
| IX | 702 | 102 | 70 | 488 | 42 |
| X | 657 | 77 | 41 | 485 | 54 |
| XI | 710 | 26 | 24 | 606 | 64 |
| XII | — | — | — | — | — |
| | 7492 | 605 | 566 | 5665 | 656 |

ഇത് വാർഡ് വിഭജനത്തിനു മുമ്പുള്ള കണക്കാണ്. ആയതിനാൽ ഇന്നത്തെ അവസ്ഥ ഇതിൽ നിന്ന് ഏറെ ഭിന്നമാണ്. ഹരിജനങ്ങളുടേയും ദുർബല വിഭാഗക്കാരുടേയും ഓലപ്പുരകൾ പലതും ഓട്ടു പുരകളായി മാറിക്കഴിഞ്ഞിട്ടുണ്ട്. എണ്ണം കൃത്യമായി ലഭിക്കണമെങ്കിൽ ഒരു സാമ്പത്തിക സാമൂഹ്യ സർവ്വേ നടത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ഇപ്പോഴത്തെ മൊത്തം വീടുകളുടെ എണ്ണം 7365 ആണ്. വാർഡ് വിഭജനത്തിനു ശേഷം മൊത്തം വീടുകളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ട്. അതിനു പ്രധാന കാരണം ലക്ഷം വീടു കോളനികളിലെ പല വീടുകളും തകർന്നു പോയതാണ്. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ധാരാളം മനോഹരമായ വീടുകൾ പഞ്ചായത്തിലുണ്ട്. ഇന്ന് ദുർബലവിഭാഗക്കാരൊഴിച്ചാൽ മററെല്ലാവരും പുതുതായി വീടു നിർമ്മിക്കുമ്പോൾ കോൺക്രീററു വീടുകളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. റോഡുകളുടെ ഇരുവശങ്ങളിലെ കണ്ടങ്ങൾ നികത്തി ടെറസ്സ് വീടുകൾ നിർമ്മിക്കുന്ന കാഴ്ച പഞ്ചായത്തിലുടനീളം കാണാം. അഞ്ചു വർഷം മുമ്പ് സ്ക്വയർ ഫീററിന് 250 രൂപ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 450 രൂപയിൽ പരമായിരിക്കുന്നു. കോൺക്രീററു വീടുകളുടെ നിർമ്മാണച്ചെലവ്. ആഡംബര വസ്തുക്കൾ സുലഭമായി ഉപയോഗിക്കുമ്പോൾ ചെലവ് വീണ്ടും കൂടുന്നു.

പഞ്ചായത്തിൽ ഓലപ്പുരകളുടെ എണ്ണം വളരെ കൂടുതലാണ് IRDP കണക്കു പ്രകാരം ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 2589 ആകുന്നു. ഇതിൽ പട്ടിക ജാതിക്കാരായ 609 കുടുംബങ്ങൾ ഉണ്ട്.

## IRDP സർവ്വേ പ്രകാരം ദാരിദ്ര്യ രേഖക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ | ഇതിൽ SC/ST | നാളിതുവരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചദാരിദ്ര്യരേഖക്കുമേലെത്തിയകുടുംബം | ദാരിദ്ര്യരേഖക്കുതാഴെയുള്ളആകെ കുടുംബം |
|---|---|---|---|---|---|---|
| 1—12 | 2641 | 609 | 194 | 89 | 52 | 2589 |

നാമമാത്ര കർഷകരും കർഷകതൊഴിലാളികളും പരമ്പരാഗത വ്യവസായ തൊഴിലാളികളും (മൺപാത്ര നിർമ്മാണം, പരമ്പ്, കുട്ടനെയ്ത്ത് തുടങ്ങിയ മേഖലകളിലെ തൊഴിലാളികൾ) വളരെ കൂടുതലുള്ള ഒരു പഞ്ചായത്താണിത്. അവരുടെ ജീവിത നിലവാരം വളരെയൊന്നും മെച്ചപ്പെട്ടിട്ടില്ല. മേൽ കണക്കുകൾ അതാണ് സൂചിപ്പിക്കുന്നത്.

വീട് നിർമ്മാണ രംഗത്തും ഈ ശോചനീയാവസ്ഥ കാണാം. പച്ച ഇഷ്ടിക വാർത്തെടുത്ത് വില കുറഞ്ഞ മരമുപയോഗിച്ചുള്ള വീടു നിർമ്മാണ രീതിയാണ് ഇവർ അവലംബിക്കുന്നത്. സർക്കാർ ഏജൻസികളുടെ ധന സഹായം അതിനുപോലും തികയാത്ത അവസ്ഥയാണുണ്ടായിട്ടുള്ളത്.

ഭവന നിർമ്മാണ രംഗത്ത് പാറളി യിലെ ഷെഡ്യൂംഡ് ബാങ്കുകൾ പരിമിതമായ തോതിലേ വായ്പ നൽകുന്നുള്ളു. LIC യുടെ ധന സഹായം ഉപയോഗിച്ച് വീടു നിർമ്മിക്കുന്നവരും ഇവിടെയുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ഇടത്തരക്കാർക്ക് വായ്പ ലഭിക്കാൻ വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. അതുകൊണ്ട് ഒരു ഭവന നിർമ്മാണ സഹകരണ സംഘം പാറളിയിൽ ആവശ്യമായി വന്നിരിക്കുന്നു.

ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്കും ഇടത്തരക്കാർക്കും വീടുണ്ടാക്കാനും പുതുക്കി പണിയാനും വേണ്ടസൗകര്യങ്ങൾ ലഭിക്കാത്തതുകൊണ്ട് അത്തരക്കാരിൽ പലരും ഓലപ്പുരകളിൽതന്നെ കഴിഞ്ഞു കൂടുന്നു. അതാണ് ഓലപ്പുരകളുടെ എണ്ണം ഇവിടെ കൂടുതലായി കാണുന്നത്. ഭവന നിർമ്മാണ വസ്തുക്കളുടെ അമിതമായ വിലക്കയററവും കൂലി വർദ്ധനവും നിമിത്തം പാവപ്പെട്ടവന് സ്വന്തമായി വീട് എന്ന മോഹം വ്യാമോഹമായിത്തന്നെ അവശേഷിക്കുന്നു.

1980 ൽ ഒരു വിദഗ്ധ തൊഴിലാളിയുടെ കൂലി 40 രൂപയും അവിദഗ്ധ സ്ത്രീ തൊഴിലാളിയുടെ കൂലി 10 രൂപയും പുരുഷന്റേത് 20 രൂപയും ആയിരുന്നിടത്ത് ഇന്ന് യഥാക്രമം 110 രൂപയും 40 രൂപയും 75 രൂപയും ആയി വർദ്ധിച്ചു. ഇതുപോലെ സിമിന്റ്, മണൽ, കമ്പി, ഇഷ്ടിക, മെററൽ, മരം എന്നിവക്കും വമ്പിച്ച വിലക്കയററമുണ്ടായി. 1980 ൽ ഒരു ചാക്ക് കൺട്രോൾ സിമിന്റിന് 18 രൂപയും ഒരു ലോഡ് മണലിന് 350 രൂപയും ഉണ്ടായിരുന്ന സ്ഥാനത്ത് 165 രൂപയും 1750 രൂപയും ആയി ഉയർന്നു.

പട്ടിക ജാതിക്കാർക്ക് സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രകാരം വീടു നിർമ്മിക്കാൻ സൗജന്യ സഹായം നൽകുന്നുണ്ടെങ്കിലും ആ രംഗത്തെ ചൂഷണം ഗുണഭോക്താക്കൾക്ക് സഹായം ലഭിക്കാൻ പ്രതിസന്ധി സൃഷ്ടിക്കുന്നു. ഗുണഭോക്താവിന് നേരിട്ട് ഗുണം കിട്ടത്തക്കവിധം പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ഓലപ്പുരകൾ നിർമ്മാർജനം ചെയ്യാനും ഭവന രഹിതർക്ക് വീടു നിർമ്മിച്ചു കൊടുക്കാനും സർക്കാരിന്റെ വിവിധ ഏജൻസികൾ നടത്തുന്ന യജ്ഞം ഇപ്പോൾ വിജയിക്കാത്ത സാഹചര്യത്തിൽ പുതിയ ചില മാർഗ്ഗങ്ങൾ നാം കണ്ടെത്തേണ്ടിയിരിക്കുന്നു. വാർഡ് തലത്തിൽ സന്നദ്ധ സംഘടനകളുടേയും ഗുണഭോക്താക്കളുടേയും യോഗം വിളിച്ച് ഗുണഭോക്താക്കൾക്ക് എത്ര രൂപ സമാഹരിക്കാൻ കഴിയുമെന്ന് മനസ്സിലാക്കി സർക്കാർ ഫണ്ടിനു പുറമെ സാധനങ്ങളും അധ്വാനവും സംഭാവന വഴി സ്വരൂപിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്.

## വിശേഷാൽ ഗ്രാമ സഭയിൽ നിന്ന് ഉയർന്നു വന്ന പ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലും ഓലപ്പുരകൾ ഉണ്ട്.

2. വീടില്ലാത്തവർ എല്ലാ വിഭാഗത്തിലും ഉണ്ട്.

3. നിർമ്മാണ തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.

4. ഭവന നിർമ്മാണ സാമഗ്രഹികളുടെ വില വർദ്ധിച്ചിരിക്കുന്നു.

## നിർദ്ദേശങ്ങൾ

1. ഭവനനിർമ്മാണ സഹകരണസംഘം പഞ്ചായത്ത് തലത്തിൽ തുടങ്ങുക.
2 പട്ടിക ജാതിക്കാർക്കും ദുർബലവിഭാഗക്കാർക്കും വീടുണ്ടാക്കാൻ സൗജന്യ ധന സഹായം സർക്കാരിൽ നിന്ന് ലഭ്യമാക്കുക.

## സാമൂഹ്യക്ഷേമം

ദാരിദ്ര്യരേഖക്കു കീഴെ കിടക്കുന്നവരെ ഉദ്ധരിക്കുകയും അതുവഴി എല്ലാവരുടേയും സാമൂഹ്യ നീതി ഉറപ്പു വരുത്തുകയും ചെയ്യുക എന്നതായിരിക്കണം സാമൂഹ്യ ക്ഷേമ പരിപാടികളുടെ ലക്ഷ്യം. ദാരിദ്ര്യ നിർമ്മാർജനത്തിന് പല പദ്ധതികളും സർക്കാർ നടപ്പിലാക്കുന്നുണ്ടെങ്കിലും ജന പങ്കാളിത്തത്തിന്റെ അഭാവത്തിൽ ആയത് വിജയിക്കാതെ പോവുന്നു.

ഇന്ന് കേന്ദ്ര സംസ്ഥാന സർക്കാറുകൾ നടപ്പാക്കുന്ന ദാരിദ്ര്യ നിർമ്മാർജന പദ്ധതികളും തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡു നടപ്പാക്കുന്ന പദ്ധതികളും ഉണ്ട്. ഇവക്കു പുറമെ പട്ടിക ജാതി വികസന കോർപ്പറേഷനും വനിതാ വികസന കോർപ്പറേഷനുകളും ഈ രംഗത്തുണ്ട്.

നിലവിലുള്ള പദ്ധതികളെക്കുറിച്ച് അറിവില്ലായ്മ, അർഹതയുള്ളവർക്ക് അത് ലഭിക്കാത്ത അവസ്ഥ, ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണക്കുറവ്, സാങ്കേതിക നൂലാമാലകൾ എന്നിവ കാരണം ഗുണഭോക്താക്കൾക്ക് മേൽ പറഞ്ഞ പദ്ധതികളുടെ ഗുണം കിട്ടാതെ പോകുന്നു.

നമ്മുടെ പഞ്ചായത്തിൽ കർഷക തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, പരമ്പരാഗത കുടിൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ, (മൺപാത്ര നിർമ്മാണം, പരമ്പ്, കുട്ടനെയ്ത്ത് തൊഴിലാളികൾ) തുടങ്ങിയവർ കൂടുതലുണ്ടെങ്കിലും മുഴുവൻപേരും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

IRDP സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ ദാരിദ്ര്യരേഖക്കു താഴെ 2589 കുടുംബങ്ങൾ ഉണ്ടെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ 153 കുടുംബങ്ങൾക്ക് സബ്സിഡി പ്രകാരം വീട് വെക്കാൻ പണം അനുവദിച്ചുവെങ്കിലും 99 പേർ മാത്രമാണ് അവ ശരിക്കും വിനിയോഗിച്ചത്.

## ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം

ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ എണ്ണം

| നമ്പ്ര് | പരിശീലനം - വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ നേടിയവരുടെ എണ്ണം | ഇതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | Book Keeping | 2 | 10 | 18 | NIL |
| 2 | Typewriting | 1 | | | |
| 3 | Printing | 8 | | | |
| 4 | Auto Driving | 1 | | | |
| 5 | Radio& T.V. Mechanisam | 4 | | | |
| 6 | Mesan | 1 | | | |
| 7 | Plumbing | 1 | | | |
| 8 | Rexin Bag Making | 10 | | | |

## CRSP

ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധന സഹായം നൽകുന്ന പദ്ധതിയാണ് CRSP.

1992 നു ശേഷം 109 കക്കൂസുകൾക്ക് പണം അനുവദിച്ചുവെങ്കിലും അവയിൽ 95 എണ്ണം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളു. ഓരോ വർഷവും വളരെ കുറച്ചു ആളുകൾക്കു മാത്രമേ ഇതിൻെറ ഗുണം ലഭിക്കുന്നുള്ളു. കക്കൂസ്സിൻെറ നിർമ്മാണം പൂർത്തിയായാൽ മാത്രമേ പണം കിട്ടുകയുള്ളു. ആയതിനാൽ മുൻകൂർ പണം മുടക്കി കക്കൂസ്സ് നിർമ്മിക്കാൻ പലർക്കും കഴിയുന്നില്ല. അതുകൊണ്ടുതന്നെ പദ്ധതിയുടെ ഗുണം കിട്ടുന്നില്ല. സാധനങ്ങളുടെ വില വർദ്ധിച്ചതുകൊണ്ട് സംഖ്യ കൂട്ടുകയും കൂടുതൽ ആളുകൾക്ക് ഗുണം കിട്ടത്തക്ക വിധത്തിൽ ഈ പദ്ധതി പുനരാവിഷ്കരിക്കുകയും വേണം.

## വില്ലേജ് ഓഫീസു വഴിയുള്ള ക്ഷേമ പദ്ധതികൾ

സാമൂഹ്യക്ഷേമ രംഗത്ത് റവന്യൂ വകുപ്പ് പെൻഷനുകളും നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധന സഹായങ്ങളും പഞ്ചായത്തു വഴി ലഭ്യമാക്കുന്നുണ്ട്. ഇവയിൽ പലതും യഥാസമയം കിട്ടുന്നില്ലെന്ന പരാതികൾ മിക്ക ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

## വിധവാ പെൻഷൻ

പ്രായ പൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഈ നിയമത്തിൽ മാററം വരുത്തി വരുമാനത്തിൻെറ മാനദണ്ഡത്തിൽ പെൻഷൻ ലഭ്യമാക്കണം.

## വികലാംഗ പെൻഷൻ

വികലാംഗ സർട്ടിഫിക്കററ് കിട്ടാൻ വിഷമം നേരിടുന്നു. 50% ൽ കൂടുതൽ വൈകല്യമുണ്ടെങ്കിലേ സർട്ടിഫിക്കററും പെൻഷനും കിട്ടുകയുള്ളു. സർട്ടിഫിക്കററ് നൽകാനുള്ള അധികാരം പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെൻററിലെ ഡോക്ടർക്ക് നൽകണം.

## കർഷക തൊഴിലാളി പെൻഷൻ

ഈ പെൻഷൻ യഥാസമയം കിട്ടുന്നില്ല. ഇപ്പോൾ ജില്ലാപഞ്ചായത്തുവഴിയാക്കിയിട്ടും കാര്യമായ മാററമില്ല. എല്ലാ കർഷക തൊഴിലാളിക്കും പെൻഷൻ കിട്ടാൻ വേണ്ട നടപടി സ്വീകരിക്കണം.

## തൊഴിലില്ലായ്മ വേതനം

ഇപ്പോൾ വരുമാനത്തിൻെറ അടിസ്ഥാനത്തിലാണ് ഈ വേതനം നൽകുന്നത്. അത് വരുമാന പരിധി നോക്കാതെ നൽകണം.

## അംഗൻവാടികൾ

ശിശുക്ഷേമ രംഗത്ത് ഗുണപരവും ആരോഗ്യപരവുമായ പ്രവർത്തനം കാഴ്ചവെക്കുന്ന 34 അംഗനവാടികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. 1000 ജനങ്ങൾക്ക് ഒരു അങ്കൺവാടി എന്നതാണ് ICDS ൻെറ ലക്ഷ്യം. അങ്കൺവാടികളുടെ പ്രവർത്തനം പൊതുവെ തൃപ്തികരമാണെന്ന് മിക്ക ഗ്രാമ സഭകളിൽ നിന്നും അഭിപ്രായമുണ്ടായി എങ്കിലും ഈ രംഗത്ത് ഒട്ടേറെ ആവലാതികളും നിലനിൽക്കുന്നു. സ്വന്തം കെട്ടിടമില്ല, ഫർണിച്ചറില്ല. കളിക്കോപ്പില്ല. അടിസ്ഥാന സൗകര്യങ്ങൾ കുറവ്, കുട്ടികളുടെ എണ്ണവും കുറവ് എന്നു തുടങ്ങി ധാരാളം പരാതികൾ.

ധനിക വർഗ്ഗ വിദ്യാഭ്യാസത്തിന്റെ പുറംപൂച്ചിൽ അകപ്പെട്ടുപോയ ഗ്രാമീണർപോലും തങ്ങളുടെ കുട്ടികളെ പുത്തൻ 'മമ്മീ ഡാഡി' സംസ്കാരത്തിലേക്ക് അയക്കുന്നു. അതിന് അറുതി വരുത്താൻ അംഗനവാടികൾക്ക് കഴിയണം. കുറെകൂടി മോടികൂട്ടി അംഗനവാടികളെ ഉദ്ധരിക്കണം. തുച്ഛമായ വേതനത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ വേതന സേവന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കണം.

## നിർദ്ദേശങ്ങൾ

1. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക. ഉള്ളവ റിപ്പയർ ചെയ്യുക.
2. വിവിധ പെൻഷനുകൾ കൃത്യമായി ഗുണഭോക്താവിന് ലഭ്യമാക്കണം.
3 പഞ്ചായത്തിൽ ഒരു വൃദ്ധ മന്ദിരമെങ്കിലും വേണം.
4 പെൻഷൻ അപേക്ഷ നൽകി കാത്തിരിക്കുന്നവർ ധാരാളമുണ്ട്. അവ ഉടനെ ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കണം.
5. പെൻഷന് അയക്കാത്തവരെ കണ്ടുപിടിച്ച് അയപ്പിക്കാൻ പഞ്ചായത്ത് തലത്തിൽ ഒരു സമിതി ഉണ്ടാക്കണം.
6 കൈയേറിയ പൊതു ശ്മാശാനങ്ങൾ ഒഴിപ്പിക്കുകയും വാർഡുകൾ തോറും പൊതു ശ്മശാനങ്ങൾ ഉണ്ടാക്കുകയും വേണം.
7. വിവിധ പെൻഷനുകളെ സംബന്ധിച്ച് വാർഡു തലത്തിൽ ബോധവൽക്കരണം നടത്തുക.
8. അങ്കൺവാടിയിലെ കുട്ടികൾക്ക് പോഷകാഹാരത്തിനു നൽകുന്ന സംഖ്യ വർദ്ധിപ്പിക്കുക.
9. അങ്കൺവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക
10. അങ്കൺവാടികൾക്ക് ആവശ്യമായ കളിക്കോപ്പുകൾ നൽകുക.

## ക്ഷേമനിധികളെ സംബന്ധിച്ച്

### 1. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ വളരെപേർ കെട്ടിട നിർമ്മാണ രംഗത്ത് പണിയെടുത്തു ജീവിക്കുന്നവരുണ്ട്. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാധ്വാനം ചെയ്യുന്നവരാണ്. അതുകൊണ്ട് പ്രായം 55 വയസ്സായി നിജപ്പെടുത്തണം. ഈ രംഗത്തുള്ള ആളുകളെ മുഴുവൻ ക്ഷേമനിധിയുടെ പരിധിയിൽകൊണ്ടു വരണം

### 2 ആഭരണ തൊഴിലാളി ക്ഷേമനിധി

പരമ്പരാഗതമായി ആഭരണ നിർമ്മാണം മുഖ്യ തൊഴിലായി സ്വീകരിച്ചവർ നമ്മുടെ പഞ്ചായത്തിലുണ്ട് പലർക്കും ഇങ്ങനെയൊരു ക്ഷേമനിധിയെ കുറിച്ച് അറിവില്ല. അവരെ ഇതിലെ അംഗങ്ങളാക്കണം.

### 3 കൈതൊഴിലാളി - വിദഗ്ധ തൊഴിലാളി ക്ഷേമനിധി

തയ്യൽ, ബാർബർ, കൊല്ലന്മാർ, മരം കയററക്കാർ, ബീഡി തൊഴിലാളികൾ, സൈക്കിൾ റിപ്പയർ ചെയ്യുന്നവർ തേങ്ങാവെട്ടി ഉണക്കുന്നവർ, ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഈ മേഖലയിലെ മുഴുവൻ തൊഴിലാളികളേയും ഈ പദ്ധതിയിൽ ചേർക്കണം. വിറക് മരം വെട്ടുന്നവരും മരം ഈർച്ച മുഖ്യ തൊഴിലായി സ്വീകരിച്ചവരും ധാരാളമുണ്ട്. അവരെകൂടി ഈ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരണം.

## പൊതുവിതരണം.

ഒരു മാവേലി സ്റ്റോറും 9 റേഷൻ ഷാപ്പുകളും പഞ്ചായത്തിലുണ്ട്. മാവേലി സ്റ്റോർ പഞ്ചായത്ത് ഓഫീസിനടുത്ത് പ്രവർത്തിക്കുന്നു. ഓണക്കാലത്ത് സഹകരണ ബാങ്ക് 'ഓണച്ചന്ത' നടത്തുന്നുണ്ട്. പൊതുവിപണിയിൽ വില പിടിച്ചു നിർത്തുവാൻ ഈ സ്ഥാപനങ്ങൾ സഹായിക്കുന്നു.

## റേഷൻഷാപ്പ്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി റേഷൻഷാപ്പ് 'പൊതുവിതരണകേന്ദ്രം' എന്ന പേരിൽ പ്രവർത്തിക്കുന്നു. റേഷൻ സാധനങ്ങളുടെ സബ്സിഡി വെട്ടിക്കുറക്കുകയോ എടുത്തു കളയുകയോ ചെയ്തു. അതോടെ റേഷൻഷാപ്പ് അനാകർഷകമായി. പല റേഷൻ ഷാപ്പുകളും ഏറ്റെടുക്കാൻ ആളില്ലാതെ പൂട്ടി. അങ്ങനെയാണ് പറളിയിലെ റേഷൻ ഷാപ്പുകളുടെ എണ്ണം 9 ആയി കുറഞ്ഞത്. ഇപ്പോൾ സ്ഥിതിഗതികൾ ഏറെ മെച്ചപ്പെട്ടിട്ടുണ്ട്. റേഷൻ ഷാപ്പിന്റെ പ്രവർത്തനം സബ്സിഡി ഉൾപ്പെടെ ഉയർത്തണം. ജനോപകാരപ്രദമായ രീതിയിൽ കാര്യക്ഷമമായ പ്രർത്തനം നടത്തണം.

ഇന്ന് പല കുടുംബങ്ങൾക്കും റേഷൻ കാർഡില്ല. പുതുതായി ഒരു കാർഡുണ്ടാക്കുക എന്നത് ഇന്ന് ഒരു ബാലികേറാമലയാണ്. പുതിയ കാർഡിനുള്ള നിയമാവലി വെട്ടിച്ചുരുക്കണം. പുതിയ റേഷൻ കാർഡ് അനുവദിക്കാനുള്ള അധികാരം വില്ലേജ് ഓഫീസർക്ക് നൽകണം.

മുമ്പ് പറളി സഹകരണ ബാങ്കാണ് റേഷൻ ഷാപ്പുകൾ നടത്തിയിരുന്നത്. ഇപ്പോൾ സ്വകാര്യ വ്യക്തികളാണ് നടത്തുന്നത്. സഹകരണ ബാങ്ക് വീണ്ടും ഈ രംഗത്തേക്കു വരാൻ പാളി നിവാസികൾ ആഗ്രഹിക്കുന്നു.

☆ ☆ ☆ ☆ ☆ ☆

# 5-8 സംസ്കാരം

ബ്രിട്ടീഷ് ആധിപത്യ കാലത്ത് ചില ഫ്യൂഡൽ പ്രഭുക്കന്മാരുടെ അധീനത്തിലായിരുന്നു പറളി. സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂളയിൽ രാഷ്ട്രം ഉരുകിത്തിളക്കുമ്പോൾ ചില സ്ഫുലിംഗങ്ങൾ പറളിയിലും ഉണ്ടാകാതിരുന്നില്ല. നിയമ നിഷേധ സമരങ്ങളിലും ക്വിറ്റിന്ത്യാ സമരങ്ങളിലും പങ്കെടുത്ത പറളിക്കാരെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. ജന്മി നാടുവാഴിത്വത്തിനെതിരേയും പ്രതികരിക്കാൻ പറളിക്കാർ തയ്യാറായിട്ടുണ്ടെന്ന് പറളിയുടെ ചരിത്രം തെരയുന്ന അന്വേഷകന് കണ്ടെത്താൻ കഴിയും.

ഹിന്ദുക്കൾക്ക് ഭൂരിപക്ഷമുള്ള ഈ പഞ്ചായത്തിൽ മുസ്ലീങ്ങളുടെ സംഖ്യയും കുറവല്ല. എങ്കിലും ജാതിസ്പർദ്ധയോ മതവൈരാഗ്യമോകൂടാതെ ശാന്തജീവിതം നയിക്കുന്ന ജനതതിയാണ് പണ്ടുമുതല്ക്കേ പറളിയിലുണ്ടായിരുന്നത്; ഇന്നും അങ്ങനെത്തന്നെ. മതസൗഹാർദ്ദവും ഉയർന്ന സംസ്കാരവും വെച്ചുപുലർത്തുന്ന ഒരു വിശാലമായ കാഴ്ചപ്പാട് പറളിയിലെ ജനതക്ക് എങ്ങനെ ഉണ്ടായി എന്നാരായുമ്പോൾ നാം ചെന്നെത്തുന്നത് ഇവയുടെ മുഖ്യ ഉറവിടങ്ങളായ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കാണ്.

ഈ നൂററാണ്ടിന്റെ ആരംഭത്തിൽ ത്തന്നെ സ്ഥാപിക്കപ്പെട്ട തേനൂർ ഈസ്റ്റ് എൽ. പി. സ്കൂൾ, തേനൂർ വെസ്റ്റ് യു. പി. സ്കൂൾ, കിണാവല്ലൂർ എൽ. പി. സ്കൂൾ, എടത്തറ യു. പി. സ്കൂൾ എന്നിവ പറളിയിലെ ഏററവും പഴക്കമുള്ള വിദ്യാലയങ്ങളാണ്. ഇന്ന് എയിഡഡ്, സർക്കാർ മേഖലകളിൽ ഒരു ഹൈസ്കൂളും, രണ്ട് യു. പി. സ്കൂളും നാല് എൽ. പി. സ്കൂളും പറളിയിലുണ്ട്. രണ്ട് അൺ എയ്ഡഡ് ഹൈസ്ക്കൂളുകളും ഒരു അറബിക് കോളേജും കൂടിച്ചേർന്ന് പറളിയിലെ ജനങ്ങൾക്ക് ഔപചാരിക വിദ്യാഭ്യാസം നൽകുന്നു.

അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് അനേകം വായനശാലകളും, ഗ്രന്ഥാലയങ്ങളും പ്രവർത്തിക്കുന്നു. പഞ്ചായത്തു വകയായ കമല നെഹറു മെമ്മോറിയൽ ഗ്രന്ഥാലയമാണ് പറളിയിലെ ഏററവും പഴക്കംചെന്ന സ്ഥാപനം. പുറമെ 15 വായനശാലകളും ഇന്ന് ഈ രംഗത്തുണ്ട്. കേരള ഗ്രന്ഥശാല സംഘവുമായി അഫിലിയേററു ചെയ്തിട്ടുള്ള 6 ഗ്രന്ഥാലയങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. സാംസ്കാരിക നവോത്ഥാനത്തിന് ഈ വായനശാലകൾ ഒരുകാലത്ത് വഴിയൊരുക്കുകയുണ്ടായി. അവയുടെ വാർഷികങ്ങളിൽ പുത്തൻ ആശയങ്ങൾ ഉൾക്കൊണ്ടുള്ള നാടകങ്ങളും മററും അരങ്ങേറിയത് സാമൂഹ്യ മാററത്തിന്റെ കാററ് വീശാൻ ഇടയാക്കിയിട്ടുണ്ട്. പക്ഷെ ഇതുവരെയായും ഒരു അമച്വർ നാടകവേദിപോലും പറളിയിലുണ്ടായിട്ടില്ല. എടത്തറ കസ്തൂർബ വായനശാലയുടെ ആഭിമുഖ്യത്തിൽ ഒരു അമച്വർ നാടകവേദി ഈ അടുത്ത കാലത്ത് ഉണ്ടായിട്ടുണ്ട്. എങ്കിലും വലിയ പോപ്പുലാരിററിയൊന്നും അതിന് ലഭിച്ചിട്ടില്ല. പറളി ഗ്രാമ പഞ്ചായത്ത് ആനുകാലിക പ്രസിദ്ധീകരണങ്ങൾ വിവിധ വാർഡുകളിലുള്ള വായനശാലകൾക്ക് നൽകുന്നുണ്ട്. ആ വകയിൽ പ്രതിവർഷം പഞ്ചായത്ത് 25,000 രൂപ ചെലവഴിക്കുന്നു. ഈ സംഖ്യ അപര്യാപ്തമാണെന്ന് വായനശാല ഭാരവാഹികൾ അഭിപ്രായപ്പെടുന്നു,

## ഗ്രാമ പഞ്ചായത്ത് നൽകുന്ന ദിനപത്രങ്ങളുടെ വിവരം

| നമ്പ്ര് | വായനശാലയുടെ പേരു് | ദിനപത്രങ്ങളുടെ പേരു് |
|---|---|---|
| 1 | ദേശസേവാസംഘം വായനശാല, വഴക്കപ്പാറ | മാതൃഭൂമി, ദേശാഭിമാനി |
| 2 | യങ്ങ്മെൻസ് അസോസിയേഷൻ, തേനൂർ | ,, ,, |
| 3 | കസ്തൂർബ വായനശാല, എടത്തറ | ,, ,, |
| 4 | നെഹറു സ്മാരക വായനശാല, കമ്മാന്തറ | ,, ,, |
| 5 | ഗ്രാമസേവാ സംഘം വായനശാല, തേനൂർ | ,, ,, |
| 6 | തൊഴിലാളി വായനശാല, മനക്കമ്പാട് | ,, ,, |
| 7 | കേരള പ്രകാശ് പൊതുജന വായനശാല, കമ്പ | ,, ,, |
| 8 | രാജൻബാബു വായനശാല, കിണാവല്ലൂർ | ,, ,, |
| 9 | കമലാനെഹറു പഞ്ചായത്ത് വായനശാല, പറളി | ഹിന്ദു, മാതൃഭൂമി, ദേശാഭിമാനി, മലയാള മനോരമ |
| 10 | C. S. പുരം വായനശാല, എടത്തറ | മാതൃഭൂമി, ഹിന്ദു |
| 11 | ബാലജനസംഘം വായനശാല, തേനൂർ | മാതൃഭൂമി |
| 12 | ഉദയാ വായനശാല, കിണാവല്ലൂർ | ,, |
| 13 | സന്തോഷ് ക്ലബ്ബ്, ആറുപുഴ | മലയാള മനോരമ |
| 14 | ദേശസേവാസംഘം വായനശാല, തേനൂർ | ,, |
| 15 | ഗ്രാമീണസംഘം വായനശാല, കീഴക്കമുറി | ,, |
| 16 | ശാസ്താ വായനശാല, കിണാവല്ലൂർ | ദേശാഭിമാനി |

## ഗ്രന്ഥശാലാ സംഘവുമായി അഫിലിയേററു ചെയ്ത വായനശാലകൾ

| നമ്പ്ര് | ഗ്രന്ഥാലയത്തിൻെറ | ശരാശരി വായനക്കാർ (മാസത്തിൽ) |
|---|---|---|
| 1 | ശാസ്താ വായനശാല, കിണാവല്ലൂർ | 30 |
| 2 | രാജൻബാബു മെമ്മോറിയൽ റീഡിങ്ങ്റൂം & ലൈബ്രറി, കിണാവല്ലൂർ | 25 |
| 3 | ദേശസേവാസംഘം ലൈബ്രറി, വഴുക്കപ്പാറ | 20 |
| 4 | ഗ്രാമസേവസംഘം വായനശാല & ഗ്രന്ഥാലയം, തേനൂർ | 30 |
| 5 | യംഗ്മെൻസ് അസോസിയേഷൻ, തേനൂർ | 30 |
| 6 | കസ്തൂർബാ മെമ്മോറിയൽ റീഡിംഗ് റൂം & ലൈബ്രറി, എടത്തറ | 40 |

ഒരു കർഷകഗ്രാമമാണല്ലോ പറളി. അതുകൊണ്ടുതന്നെയായാവാം തലയെടുപ്പുള്ള സാംസ്കാരിക നായകന്മാർക്ക് ജന്മം നൽകാൻ പറളിക്കു സാധിച്ചിട്ടില്ല. ഇതൊരു പോരായ്മയായി കണക്കാക്കാൻ വയ്യ.

ഭൂപരിഷ്കരണനിയമമാണ് പറളിയുടെ മുഖച്ഛായ മാററാൻ ഇടയാക്കിയത്. അതിനുമുമ്പ് ദുർബലവിഭാഗക്കാരുടേയും ഇടത്തരക്കാരുടേയും ഇടയിലേക്ക് വിദ്യാഭ്യാസത്തിന്റെ വെളിച്ചം കാര്യമായി കടന്നു ചെന്നിരുന്നില്ല. ഈ നിയമത്തിന്റെ വരവ് ജനസാമാന്യത്തിന്റെ വിദ്യാഭ്യാസവും, സാംസ്കാരികവുമായ ഉന്നതിക്ക് ഹേതുവായി.

സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്ന പുരോഗമനകലാസാഹിത്യസംഘം, കേരളശാസ്ത്രപരിഷത്, തപസ്യ എന്നിവയുടെ ശാഖകൾ ഇവിടെ ഉണ്ട്. എങ്കിലും അവയുടെ പ്രവർത്തനങ്ങൾ പറളി സാംസ്കാരിക മണ്ഡലത്തിൽ കാര്യമായ ചലനമൊന്നും സൃഷ്ടിച്ചിട്ടില്ല.

പറളി തനിമയെന്നവകാശപ്പെടാവുന്ന നാടൻ കലാരൂപമാണ് പറയപൂതം. മലബാറിന്റെ അനുഷ്ഠാനകലകളായ പൂതനും തിറയും ഇവിടത്തെ കാവുകളിലും ക്ഷേത്രങ്ങളിലും കൊണ്ടാടാറുണ്ട്. അയ്യപ്പൻപാട്ടും, ഭഗവതിപ്പാട്ടും, മാരിയമ്മൻപൂജയും ഇവിടെ സാർവ്വത്രികമായി നടത്തുന്ന ഉത്സവങ്ങളത്രെ. എടത്തറ അയ്യപ്പൻകാവിലെ താലപ്പൊലിയും, ഓടനൂർ മുണ്ടെയൻകാവ് വേലയും, കിണാവല്ലൂർ ചെമ്മിണിക്കാവ് വേലയും, തേനൂർ അത്താഴം പെററക്കാവ് വേലയും പ്രസിദ്ധിപ്പെററ ഉത്സവങ്ങളാണ്.

സംസ്കാരത്തിന്റെ മുന്നേററത്തെ ആകെത്തന്നെ വിഴുങ്ങികൊണ്ടിരിക്കുന്നു ടെലിവിഷൻമാധ്യമം. അതിന്റെ കാന്തികവലയത്തിൽ പറളിയിലെ ജനങ്ങളും അകപ്പെട്ടിരിക്കുന്നു. ടി. വി. യുടെ ഉപഉല്പന്നമായ കേബിൾ ടി. വി. നെററ് വർക്കുകൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. രാപകൽ ഭേദമെന്യേ ഇവ പരിപാടികൾ സംപ്രേഷണം ചെയ്യുന്നു. ഈ ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം വായനാശീലത്തെ പുറകോട്ട് വലിച്ചിരിക്കുന്നു. പ്രധാനഗ്രന്ഥാലയങ്ങളിൽനിന്ന് പുസ്തകമെടുത്ത് വായിക്കുന്നവരുടെ എണ്ണം സാരമായി കുറഞ്ഞിരിക്കുന്നു. നല്ല പുസ്തകങ്ങളും ഉയർന്നനിലവാരമുള്ള പ്രസിദ്ധീകരണങ്ങളും വായിക്കാനാളില്ല. എന്നാൽ പൈങ്കിളി സാഹിത്യം നിർലോഭം വിററഴിക്കപ്പെടുന്നു. ഈ മൂല്യച്യുതി നാം കണ്ടില്ലെന്നു നടിച്ചുകൂടാ.

ഇവിടെ രണ്ടു സിനിമാതിയേററുകൾ ഉണ്ട്. അവയിലെ പ്രേക്ഷകരുടെ എണ്ണം കേബിൾ ടി വി കൾ വ്യാപകമായതോടെ കുറഞ്ഞു വരുന്നതായി മനസ്സിലാവുന്നു.

## സാക്ഷരതായജ്ഞം

1989 ൽ സാക്ഷരതായജ്ഞം ആരംഭിക്കുമ്പോൾ പറളിയിൽ മൂന്നിൽ ഒരാൾക്ക് എഴുതാനും വായിക്കാനും അറിവില്ലായിരുന്നു. ആദ്യഘട്ട നിരക്ഷര നിർമ്മാർജ്ജന പരിപാടി സ്തുത്യർഹമായ രീതിയിൽ തന്നെ നടന്നു. A. P O. ആയി പ്രവർത്തിച്ച ഹരിദാസൻമാസ്റ്റർ നല്ല തുടക്കം കുറിച്ചു. തുടർന്നുവന്ന പൊന്മലമാസ്റ്ററും പ്രശംസനീയമാംവിധം തന്റെ കഴിവുകൾ അക്ഷരവെളിച്ചം നൽകുന്നതിനുവേണ്ടി വിനിയോഗിച്ചു. മാത്രമല്ല ബ്ലോക്കിലെ ഏററവുംനല്ല A P O ആയി സർട്ടിഫിക്കററ് നേടുകയും ചെയ്തു. അങ്ങനെ പറളിയും നൂറുശതമാനം സാക്ഷരർ ഉള്ള പഞ്ചായത്തായി പ്രഖ്യാപിച്ചു സാക്ഷരതാ പ്രവർത്തനത്തിൽ പറളിയിലെ

ജനങ്ങൾ നൽകിയ നിർല്ലോഭ സഹായസഹകരണങ്ങൾ ജനകീയാസൂത്രണപരിപാടിക്കും ലഭിച്ചാൽ പറളി ഈ രംഗത്ത് ഒരു മാതൃകാ ഗ്രാമപഞ്ചായത്തായിത്തീരുമെന്നതിൽ സംശയമില്ല.

## കായികരംഗം

കായികരംഗത്ത് പല നേട്ടങ്ങളും കൈവരിച്ച ഒരുപഞ്ചായത്താണ് പറളി. ഒട്ടേറെ സ്പോട്സ് ആന്റ് ഗെയിംസ് ക്ലബ്ബുകൾപറളിയിലുണ്ട്. പറളിക്കാരുടെ ഇഷ്ട വിനോദങ്ങൾ ഫുട്ബാൾ, വോളിബാൾ, ക്രിക്കറ്റ് എന്നിവയാണ് 1983–ൽ സംസ്ഥാനജൂനിയർ ഫുട്ബാൾ ക്യാപ്റ്റനായ രവി സുബ്രഹ്മണ്യൻ പറളിക്കാരനായിരുന്നു. അഖിലേന്ത്യാഗ്രാമീണ കായികമേളയിൽ വിജയിച്ചരണ്ടു സഹോദരിമാർ പറളിയിലുണ്ട്. K. P. സുധ, K. P. സുമ എന്നിവരാണവർ. സുധ സ്പെയിനിൽ വെച്ചു നടന്ന കായികമേളയിൽ ഇന്ത്യയെ പ്രതിനിധീകരിച്ചിട്ടുണ്ട് സ്റ്റേറ്റ് അമച്വർ അത്ലറ്റിക് മീററിൽ A. R. സുരേഷിന് 5000 മീററിൽ ഒന്നാം സ്ഥാനം ലഭിച്ചു കായികരംഗത്ത് ഒട്ടേറെ പ്രതിഭകൾ ഇവിടെയുണ്ട്. എങ്കിലും നല്ലൊരു ഗ്രൗണ്ട് പറളിയിലില്ല. ഹൈസ്കൂൾഗ്രൗണ്ട് മാത്രമാണ് ഏകകളിസ്ഥലം. ഒരു മിനിസ്റ്റേഡിയം കായികപ്രേമികളുടെ ഒരു സ്വപ്നമാണ്. നല്ല പരിശീലകരും,ഒരുനല്ല ഗ്രൗണ്ടുംകൂടിഉണ്ടെങ്കിൽ കായികലോകത്തിന് പറളി പല പ്രതിഭകളേയും സംഭാവന ചെയ്യുമെന്നതിൽ സംശയമില്ല.

## വിശേഷാൽ ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ ജനസാന്ദ്രതക്കനുസരിച്ച് വായനശാലകൾ വേണം

2. കായികരംഗത്ത് നേട്ടങ്ങൾ ഉണ്ടാക്കാൻ ഒരുമിനിസ്റ്റേഡിയം ആവശ്യമാണ്

3. ടി.വിയിലേയും കേബിൾ ടി. വിയിലേയും പരമ്പരകൾ കുട്ടികളുടെ പഠനത്തേയും വായനാശീലത്തേയും ഹനിക്കുന്നു

4. പൂതൻ, തിറ പുറാട്ടുനാടകം, ആര്യമാല, ഹരിശ്ചന്ദ്രനാടകം തുടങ്ങിയ നാടൻ കലകൾ നാശോന്മുഖമാകുന്നു.

5. വായനശാലകൾക്ക് പത്രങ്ങളും, ആഴ്ചപ്പതിപ്പുകളും വാങ്ങാൻ സാമ്പത്തികമായ പരാധീനതകളുണ്ട്.

6. വാർഡുകളിൽ പൊതു കളിസ്ഥലമില്ല

7. നാടൻകളികളായ തലമപന്തുകളി കാരകളി, കൊട്ടിയും, പുള്ളുംകളി അന്യം നിന്നു പോയിരിക്കുന്നു. ഓണക്കാലത്ത് ഈ കളികൾക്ക് മത്സരം നടത്താൻ ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കണം

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. വായനാശീലം വളർത്തേണ്ടതിന്റെ ഭാഗമായി സഞ്ചരിക്കുന്ന ലൈബ്രറികൾ ആരംഭിക്കുക

2. സർവ്വേനടത്തി ആവശ്യമായ സ്ഥലങ്ങളിൽ വായനശാലകൾ ആരംഭിക്കുക

3. പുരോഗമന കലാസാഹിത്യ സംഘംപോലുള്ള സംഘടനകൾവഴി സാഹിത്യസംവാദങ്ങളും കലാസാഹിത്യമത്സരങ്ങളും നടത്തുക

4. പുറാട്ടുനാടകരംഗത്തേയും ആര്യമാല, ഹരിചന്ദ്രനാടകരംഗത്തേയും പഴയ കലാകാരന്മാരിൽ പലരും ഇന്നു ജീവിച്ചിരിപ്പുണ്ട് അവരെ സംഘടിപ്പിച്ച് ആകലാരൂപങ്ങൾ പുനരുജ്ജീവിപ്പിക്കുക

5. വായനശാലകൾക്ക് ടി. വി. കളും റേഡിയോകളും നൽകുക

# വനിത 5-9

വികസനരംഗത്ത് കേരളം നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികളിലൊന്ന് ഈ മേഖലയിൽ അനുഭവപ്പെടുന്ന സ്ത്രീ പങ്കാളിത്തത്തിന്റെ കുറവാണ് എന്നതാണ്. ഈ പ്രതിസന്ധി അതിജീവിക്കണമെങ്കിൽ ഇന്ന് നടക്കുന്ന പ്രാദേശിക ആസൂത്രണപ്രക്രിയയിലും, മററുസാമൂഹ്യസാംസ്കാരിക പ്രവർത്തനങ്ങളിലും വൻതോതിലുള്ള സ്ത്രീ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതുണ്ട്.

സ്ത്രീ എന്നും അവഗണനയുടേയും അടിമത്തത്തിന്റേയും പ്രതീകമായിരുന്നു. സമൂഹത്തിന്റെ അടിത്തട്ടിലായിരുന്നു അവർക്കുള്ള സ്ഥാനം. അവഗണനയും വിവേചനങ്ങളും എല്ലാം ഇന്നും സമൂഹത്തിൽ ഏറെക്കുറെ നിലനിൽക്കുന്നു. പൊതുവെയുള്ള പിന്നോക്കാവസ്ഥ അവരുടെ വിദ്യാഭ്യാസത്തെയും, അതുവഴിയുള്ള ഉന്നമനത്തേയും തടസ്സപ്പെടുത്തിയിരുന്നു. നമ്മുടെ സമൂഹത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് സ്ത്രീകളുടെ പങ്കാളിത്തവും മുന്നേററവും ശക്തമായ ഇടപെടലും അത്യന്താപേക്ഷിതമാണ്.

നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലാണ്. 15,942 പുരുഷന്മാരും 16,271 സ്ത്രീകളും ആണ് ഉള്ളത്.

തൊഴിൽരംഗം പരിശോധിക്കുമ്പോൾ സ്ത്രീകൾ കൂടുതലായി ജോലിചെയ്യുന്നത് കാർഷികമേഖലയിലാണ് എന്നു കാണാം. കെട്ടിട നിർമ്മാണം, ഇഷ്ടിക നിർമ്മാണം എന്നീ രംഗങ്ങളിലും കൂടുതൽ സ്ത്രീകൾ തൊഴിലെടുക്കുന്നുണ്ട്. നെൽകൃഷി ലാഭകരമല്ല എന്നുവന്നതോടെ കൃഷിക്കാർ വാഴ, തെങ്ങ്, കുർക്ക, റബ്ബർ, ഇഞ്ചി തുടങ്ങിയവ കൃഷിചെയ്തു തുടങ്ങിയത് സ്ത്രീകളുടെ തൊഴിലവസരങ്ങളെ കാര്യമായി ബാധിച്ചു. കാർഷിക മേഖലയിൽ ഒരേ തൊഴിൽ ചെയ്യുന്ന സ്ത്രീയും പുരുഷനും തമ്മിൽ കൂലിയുടെ കാര്യത്തിൽ അന്തരമുണ്ട്. തുല്യ ജോലിക്ക് തുല്യ വേതനം എന്ന തത്വം നടപ്പിലാക്കാത്തത് സ്ത്രീകളോടുകാണിക്കുന്ന അനീതിയാണ്.

സ്ത്രീ തൊഴിലാളികൾ കാർഷിക മേഖലയിൽനിന്ന് അകന്ന് മററു തൊഴിൽതേടി പോകുന്ന പ്രവണത കണ്ടുവരുന്നുണ്ട്. റോഡു പണികൾ, കരിങ്കൽ ക്വാറിയിലെ ജോലികൾ, കല്ലുടയ്ക്കൽ തുടങ്ങിയ കഠിനമായ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ ധാരാളമാണ്. സ്ത്രീകൾ ജോലിചെയ്യുന്ന മറെറാരു മേഖലയാണ് മൃഗ പരിപാലനവും അതുവഴിയുള്ള പാലുല്പാദനവും. ഈ രംഗത്തെ മിക്കവാറും ജോലികൾ സ്ത്രീകളെ ആശ്രയിച്ചു നിലകൊള്ളുന്നു. ക്ഷീരോൽപാദന രംഗത്ത് വളരെയധികം സ്ത്രീകൾ ജോലിയെടുക്കുന്നുണ്ട്.

പഞ്ചായത്തിൽ സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം വളരെ താഴ്ന്നതാണ്. അടുത്തകാലംവരെ സ്ത്രീ വിദ്യാഭ്യാസത്തിൽ സമൂഹം വേണ്ടത്ര ശ്രദ്ധചെലുത്തിയിരുന്നില്ല. എന്നാൽ ഇന്ന് ഈ നിലയ്ക്ക് വളരെയധികം മാററംവന്നിട്ടുണ്ട്. അദ്ധ്യാപന രംഗത്ത് സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ കൂടുതലാണ്.

സ്വന്തമായി തൊഴിൽ തേടുന്നവർക്ക് വളരെയധികം തൊഴിൽ സാദ്ധ്യതയുള്ള മേഖലയാണ് ടൈലറിംഗ്, റെഡി

മെയ്ഡ് വസ്ത്രനിർമ്മാണം, ഡിസൈൻ നിർമ്മാണം എന്നിവയ്ക്ക് വളരെ അധികം തൊഴിൽ സാധ്യതയുണ്ടെങ്കിലും അവ വേണ്ട വിധം പ്രയോജനപ്പെടുത്തില്ല. ഈ കാര്യത്തിൽ വനിതകൾ കുറെക്കൂടി ശ്രദ്ധി ക്കേണ്ടതായിട്ടുണ്ട്.

വനിതാക്ഷേമം ലക്ഷ്യമാക്കി ഒട്ടേറെ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുന്നു. അവ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ സ്ത്രീകൾ വേണ്ടത്ര താത്പര്യം കാണിക്കു ന്നില്ല മഹിളായൂണിറ്റുകളും മഹിളാ സമാജങ്ങളും ഈരംഗത്ത് കൂടുതൽ ബോധ വൽകരണ പരിപാടികൾ സംഘടിപ്പി ക്കേണ്ടതായിട്ടുണ്ട്

നമ്മുടെ പഞ്ചായത്തിൽ പൊതുരംഗ ത്തുപ്രവർത്തിക്കുന്ന വനിതകളുടെ എണ്ണം വളരെ കുറവാണ്. ബഹുജനസംഘടന കളുടെ നേതൃത്വസ്ഥാനത്ത് എത്തിയിട്ടുള്ള സ്ത്രീകൾ ആരും ഇല്ലെന്നു തന്നെ പറയാം.

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഏതാണ്ട് 34 അംഗനവാടികൾ നമ്മുടെ പഞ്ചായ ത്തിൽ ഉണ്ട്. അവയുടെ പ്രവർത്തനം കൂടുതൽ വനിതകളിലേയ്ക്ക് എത്തിച്ചേരേ ണ്ടതായിട്ടുണ്ട.

## ഗ്രാമസഭകളിൽ വന്നിട്ടുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ വനിതകളുടെ മേഖലയിലുള്ള പ്രശ്നങ്ങൾ

പൊതുരംഗത്ത് വനിതാപങ്കാളി ത്തം വേണ്ടത്ര ഇല്ല.

തൊഴിൽ മേഖലയിൽ വനിതകളുടെ തൊഴിലവസരങ്ങൾ കുറഞ്ഞുകൊണ്ടിരി ക്കുന്നു.

തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം തൊഴിൽ മേഖലയിൽ നടപ്പി ലാക്കിയിട്ടില്ല.

സർക്കാർ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളെ കുറിച്ച് വനിതകൾക്കിട യിൽ വേണ്ടത്ര അറിവില്ല.

പലരംഗത്തും സ്ത്രീകൾ നേതൃത്വം ഏറ്റെടുക്കാൻ മടികാണിക്കുന്നു.

ജനസംഖ്യയുടെ അനുപാതത്തിൽ പ്രാതിനിധ്യം നൽകാൻ വിവിധസംഘ ടനകൾ ശ്രദ്ധിക്കുന്നില്ല.

സ്ത്രീകളുടെ നേതൃത്വഗുണം വദ്ധിപ്പി ക്കേണ്ട യാതൊരു ശ്രമവും നടത്തുന്നില്ല.

പഞ്ചായത്തിൽ പെൺകുട്ടികൾ മാ ത്രം പഠിക്കുന്ന സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല.

പെൺകുട്ടികളുടെ വിദ്യാഭ്യാസം ഇട യ്ക്കുവെച്ച് നിന്നുപോകുന്നു.

സ്ത്രീകളെ അശ്ലീലരീതിയിൽ ചിത്രീ കരിക്കുന്ന പരസ്യങ്ങൾ അവരെ സാമൂ ഹ്യമായും സാംസ്കാരികമായും പിൻതള്ള പ്പെടാൻ കാരണമാകുന്നു.

പ്രൈമറി ഹെൽത്ത് സെൻററിൽ വനിതാഡോക്ടറുടെ സേവനം ലഭ്യമല്ല.

വനിതാതൊഴിൽ പരിശീലനത്തിന് ള്ള കേന്ദ്രങ്ങൾ പഞ്ചായത്തിൽ ഇല്ല.

നിലവിലുള്ള അംഗനവാടി, I P P യൂണിറ്റുകളുടെ പ്രവർത്തനം സ്ത്രീക ൾക്കിടയിൽ എത്തുന്നില്ല.

വനിതാ സഹകരണ സംഘങ്ങൾ ഒന്നുംതന്നെ പറളിയിൽ പ്രവത്തിക്കുന്നില്ല

സ്ത്രീപീഡനം തടയുന്ന കാര്യത്തിൽ പുരുഷന്മാർ കാര്യമായി ശ്രദ്ധിക്കുന്നില്ല.

## ആവശ്യങ്ങളും പരിഹാര നിർദ്ദേശങ്ങളും

പറളി ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ വനിതകളുടെ വിവിധതൊഴിൽ സ്കീമുകൾ ഏറ്റെടുത്തു നടപ്പിലാക്കാനുതകുന്നതരത്തിൽ ഒരു വനിതാസഹകരണസംഘം രൂപീകരിക്കേണ്ടതാണ്.

വാർഡുകൾതോറും റെഡിമെയ്ഡ് വ്യവസായ യൂണിറ്റ്, തുന്നൽപരിശീലനകേന്ദ്രം എന്നിവ തുടങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

വനിതകൾക്ക് തൊഴിലവസരങ്ങൾ പ്രദാനം ചെയ്യാനുതകുന്നതരത്തിൽ ഒരു സഹകരണ പ്രിൻറിംഗ്പ്രസ്സ് ആരംഭിക്കേണ്ടതാണ്.

അച്ചാർ, വററൽ തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കുന്ന ചെറുകിട യൂണിററ് തുടങ്ങുന്നതിന് വനിതസംരംഭകർക്ക് ധനസഹായം ലഭ്യമാക്കേണ്ടതാണ്.

സ്വയം തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വനിതാവ്യവസായ യൂണിററുകൾ വാർഡുകൾതോറും സ്ഥാപിച്ച് വനിതകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്.

വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്താനാവശ്യമായ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്.

കൊട്ടനെയ്ത്ത്, പായ നെയ്ത്ത് കൗതുകവസ്തുക്കളുടെ നിർമ്മാണം എന്നിവയിൽ വനിതകൾക്ക് പരിശീലനം നൽകേണ്ടതാണ്.

പുളിസംസ്ക്കരണം, കൊട്ടമെടയൽ പ്ലാസ്റ്റിക്ബാഗ് തുടങ്ങിയ ചെറുകിടയൂണിററുകൾ തുടങ്ങാൻ തയ്യാറുള്ളവനിതകൾക്ക് സഹായ സഹകരണങ്ങൾ ലഭ്യമാക്കേണ്ടതാണ്.

അംഗനവാടികളുടേയും I P P സെൻററുകളുടേയും പ്രവർത്തനം കാര്യക്ഷമമാക്കി വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടേണ്ടതാണ്.

സ്ത്രീ പീഡനങ്ങൾക്കെതിരെ ശക്തമായ നടപടികൾ എടുക്കുകയും, പുരുഷന്മാർക്കിടയിൽ ബോധവൽക്കരണം നടത്തുകയും ചെയ്യേണ്ടതാണ്.

പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം ഉറപ്പു വരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വനിതകൾക്ക് നേതൃത്വപരിശീലനത്തിനാവശ്യമായ നടപടികൾ എടുക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ ആഭാസകരമായ പോസ്റ്ററുകൾ പതിക്കാൻ അനുവദിക്കരുത്.

വനിതകൾക്ക് തുല്യജോലിക്ക് ഏകീകൃതകൂലിനിരക്ക് നടപ്പിൽ വരുത്താൻ വേണ്ട നടപടികൾ എടുക്കേണ്ടതാണ്.

പൊതുരംഗത്തേയ്ക്ക് സ്ത്രീകൾ വ്യാപകമായി പങ്കാളിത്തം വഹിക്കാൻ മുന്നോട്ടു വരാനുതകുന്ന ബോധവൽക്കരണം നടത്തേണ്ടതാണ്.

# 5-10

# സഹകരണം



സോഷ്യലിസത്തിൻെറ സൃഷ്ടിയായാണ സഹകരണപ്രസ്ഥാനം എന്നു പറയാം. കടബാദ്ധ്യതകളിൽ നിന്നു് കർഷകസമൂഹത്തെ രക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ പ്രസ്ഥാനം രൂപീകൃതമായതു്. 1848-ൽ ഇംഗ്ലണ്ടിലാണ് ആരംഭം. ഇന്ത്യയിൽ 1904-ൽ സഹകരണ ആക്ട് അംഗീകരിച്ചു. 1912 മുതൽ 1919 വരെ ഈ പ്രസ്ഥാനം വളരെയേറെ വളന്നു. പഞ്ചാബ്, ഉത്തരപ്രദേശ് എന്നീ സംസ്ഥാനങ്ങളിലാണ് ഈ വളർച്ച കേന്ദ്രീകരിച്ചതു്. 1969-ൽ കേരളത്തിൽ സഹകരണ ആക്ട് പാസ്സാക്കി. ഗവൺമെൻറ് സഹകരണ മേഖലയെ സഹായിക്കുന്നു എന്നതാണ് കേരളത്തിൻെറ പ്രത്യേകത.

1940-ൽ പി, സി. സി. സൊസൈററി എന്ന പേരിൽ രൂപീകൃതമായ സംഘമാണ് പറളി പഞ്ചായത്തിലെ സഹകണ മേഖലയിലേയ്ക്കുള്ള ആദ്യചുവട്. എല്ലാ തൊഴിൽ മേഖലകളിലേയ്ക്കും ഈ സംഘത്തിൻെറ പ്രവർത്തനം വ്യാപിച്ചിരുന്നു. അതിഗംഭീരം എന്നു വിശേഷിപ്പിക്കാവുന്ന തരത്തിലുള്ളതായിരുന്നു ഈ സംഘത്തിൻെറ പ്രവർത്തനം.

ഈ സംഘത്തിൻെറ കീഴിൽ പത്തോളം റേഷൻകടകൾ പ്രവത്തിച്ചിരുന്നു. ശ്രീ. കെ. കെ. നായർ ആയിരുന്നു, സംഘത്തിൻെറ ആദ്യത്തെ പ്രസിഡണ്ട്. മാനേജ്മെൻറിൻെറ കെട്ട കാര്യസ്ഥതയാണ് ഈ സംഘത്തിൻെറ

തകർച്ചയ്ക്കു കാരണം എന്നാണ്. അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്

ഏകദേശം 47 വർഷങ്ങൾക്കുമുമ്പ് മലയാസ്റ്റോർ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന പനംചക്കര സഹകരണ സംഘമാണ് എടുത്തുപറയാവുന്ന മറെറാരു സഹകരണസ്ഥാപനം. പറളിയിൽ ഈ സംഘം മുഖേന വിവിധ കേന്ദ്രങ്ങളിൽ നിന്നു ചക്കര ശേഖരിക്കുകയും മററു പ്രദേശങ്ങളിലേയ്ക്ക് കയററി അയക്കുകയും ചെയ്തിരുന്നു.

മൺപാത്രനിർമ്മാണവുമായി ബന്ധപ്പെട്ട ഒരു സൊസൈററി തേനൂർ കുമ്പാരത്തറയിൽ പ്രവർത്തിച്ചിരുന്നു. പതിനഞ്ചു കൊല്ലംമുമ്പുവരെ ഈസൊസൈററി നിലനിന്നിരുന്നു. സാമ്പത്തിക ക്രമക്കേടുകൾ കാരണം ആ സൊസൈററി നിലം പതച്ചു.

1950-ൽ ഖാദി വസ്ത്രനിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന ഒരു സഹകരണ സംഘം നിലവിൽവന്നു. 20 വർഷത്തോളം വളരെ ഭംഗിയായി പ്രവർത്തിച്ചുവെങ്കിലും ആ സംഘവും നിലനിന്നില്ല.

പറളി അങ്ങാടിയിൽ പ്രവർത്തിച്ചിരുന്ന വനിതാ സഹകരണ സംഘം, തേനൂർ 1, 2, 3 വാർഡുകൾ കേന്ദ്രീകരിച്ചു പ്രവർത്തിച്ച പച്ചക്കറി സഹകരണ സംഘം എന്നിവ നിർജ്ജീവാവസ്ഥയിലാണ്.

എടത്തറ കേന്ദ്രമായി പ്രവർത്തിക്കുന്ന ചാത്തൻ സ്മാരക പട്ടികജാതി വികസന സഹകരണ സംഘം നിലവിലുണ്ട്.

പറളി ഹൈസ്കൂൾ, എടത്തറ ജി. യു. പി. സ്കൂൾ എന്നീ സ്കൂൾ സഹകരണസംഘങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുന്നു. പാഠപുസ്തകങ്ങളുടെ വിതരണമാണ് ഈ സഹകരണ സംഘങ്ങളുടെ ലക്ഷ്യം.

മരംബറി വിതരണം ലക്ഷ്യമാക്കി ഒരു സഹകരണസംഘം രജിസ്ററർ ചെയ്തുവെങ്കിലും പ്രവർത്തനം വളരെ പെട്ടെന്നു നില്ക്കുകയാണുണ്ടായത്. മരംബറി ച്ചെടികൃഷി വ്യാപിക്കാതിരുന്നതും കൊക്കൂണിനു വില വളരെ കുറഞ്ഞതും ഈ സംഘത്തെ പ്രവർത്തനരഹിതമാക്കി,

കയറുല്പന്ന സഹകരണ സംഘം, റബ്ബർ ഉല്പാദന സഹകരണസംഘം എന്നിവയും പ്രവർത്തനരംഗത്തുണ്ട്.

നമ്മുടെ പഞ്ചായത്തിൽ വായ്പാ സൗകര്യമുള്ള ഏക സഹകരണസംഘം പറളി സർവീസ് കോ-ഓപ്പറേററീവ് ബാങ്ക് ആണ്. കാർഷിക മേഖലയെ സഹായിക്കുക എന്നതാണ് ഈ സംഘത്തിൻെറ മുഖ്യലക്ഷ്യം. എന്നിരുന്നാലും സ്വർണ്ണപ്പണയം, ഭൂപണയം എന്നി വിഭാഗങ്ങളിലും വായ്പ നൽകിവരുന്നു. പറളി കാർഷിക സഹകരണ ബാങ്ക് എന്ന പേരിൽ 1961_ൽ ആരംഭിച്ച ഈ സ്ഥാപനത്തിനു പറളി കോ - ഓപ്പറേററീവ് അർബൺ ബാങ്ക് എന്ന് പിന്നീട് പേരു മാററം നടത്തുകയുണ്ടായി. കാർഷികേതര വായ്പകൾ കൂടി നല്കുന്നതിനുവേണ്ടി ഇപ്പോഴത്തെ പേരിൽ രജിസ്ട്രേഷൻ പുതുക്കി. ഈ ബാങ്കിൽ നിലവിൽ 5601അംഗങ്ങൾ ഉണ്ട്. പൊതുവെ ലാഭത്തിലാണ് ഈ ബാങ്ക് പ്രവർത്തിക്കുന്നതു. 20 ലക്ഷത്തിലധികം ഉറുപ്പിക കാർഷിക വായ്പയായും, 85 ലക്ഷത്തിലധികം ഉറുപ്പിക കാർഷികേതര വായ്പയായും വിതരണം ചെയ്തിട്ടുണ്ട്. ഈ ബാങ്കിൻെറ നിയന്ത്രണത്തിൽ 5 വളം ഡെപ്പോകൾ പ്രവർത്തിക്കുന്നുണ്ട്. വളം, വിത്തു തുടങ്ങിയവയുടെ വിതരണം പൊതുവെ തൃപ്തികരമാണ്.

പഞ്ചായത്തിൽ ക്ഷീരോല്പാദനം വർദ്ധിച്ചതിനാൽ വിപണി വിഷമസന്ധിയിലായ ഘട്ടത്തിലാണ് ക്ഷീരോല്പാദന സഹകരണസംഘം പ്രവർത്തനം ആരംഭിച്ചത്. സംഘത്തിന്റെ കീഴിൽ തേനൂർ, 5-ാം മൈൽ എന്നീ കേന്ദ്രങ്ങളിൽ പാൽ ശേഖരണം നടത്തുന്നുണ്ട്. ഈ സംഘം മുഖേന വർഷത്തിൽ 4,23,672 ലിററർ പാൽ ശേഖരിക്കുന്നുണ്ട്. ഇതിൽ 1,99,320 ലിററർ പാലും പഞ്ചായത്ത് അതിർത്തിക്കുള്ളിൽതന്നെ വിതരണം ചെയ്യുന്നു ബാക്കിയുള്ളത് മിൽമയ്ക്ക് കൊടുക്കുന്നു.

## പ്രശ്നങ്ങൾ

മാനേജ്മെന്റുകളുടെ കാര്യക്ഷമതയില്ലായ്മ പല സഹകരണ സംഘങ്ങളേയും നാശത്തിലേക്ക് നയിച്ചിട്ടുണ്ട്

പുതിയ മേഖലകൾ കണ്ടെത്തി അവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനം ആവിഷ്ക്കരിക്കാനുള്ള ആത്മ ധൈര്യമില്ലായ്മ സംഘത്തിന്റെ വളർച്ച മുരടിപ്പിക്കുന്നു,

ഇടപാടുകാർക്ക് പെട്ടെന്ന് കാര്യങ്ങൾ നടത്തി കൊടുക്കുവാൻ ആധുനീക സൗകര്യങ്ങളുടെ അഭാവത്താൽ കഴിയുന്നില്ല

വായ്പ കൃത്യസമയത്ത് അടയ്ക്കാത്തതുകൊണ്ട് തുടർന്നു വായ്പ കൊടുക്കാൻ കഴിയാതെ വരുന്നു.

എടുക്കുന്ന വായ്പകൾ വകമാററി ചെലവു ചെയ്യുന്നതിനാൽ പല പദ്ധതികളും ലക്ഷ്യപ്രാപ്തിയിൽ എത്തുന്നില്ല.

## സാദ്ധ്യതകൾ

കാര്യപ്രാപ്തിയില്ലാതെ മാനേജ്മെന്റുകളെക്കുറിച്ച് പരാതിപ്പെടാൻ ജനങ്ങൾക്കു കഴിയണം.

അർഹതയുള്ളവർക്ക് വായ്പാ സൗകര്യങ്ങൾ അനുവദിക്കുന്നതോടൊപ്പം അനർഹരായവർക്ക് അവ ലഭിക്കാതിരിക്കാനും ശ്രദ്ധിക്കണം, അർഹരായവരെ കണ്ടെത്താനുള്ള സംവിധാനം വേണം.

അവശ്യമായ വായ്പാതുക ജനങ്ങൾക്ക് കൊടുക്കാൻ സംഘങ്ങൾക്ക് കഴിയണം. ഇതിനായി നിക്ഷേപം വദ്ധിപ്പിക്കണം, ജനങ്ങളിൽ നിക്ഷേപ സംസ്ക്കാരം വളർത്താൻ ബോധവല്ക്കരണം നടത്തണം.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

മൺപാത്രനിർമ്മാണത്തിന് മണ്ണരയ്ക്കുന്ന യന്ത്രം സ്ഥാപിച്ചാൽ പരമ്പരാഗത തൊഴിലായ മൺപാത്ര നിർമ്മാണം ആകർഷകമാക്കാൻ കഴിയും.

നിലവിൽ പ്രവർത്തന ക്ഷമമല്ലാത്ത പച്ചക്കറി സഹകരണ സംഘങ്ങളെ പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

നിലവിലുള്ള സർവ്വീസ് സഹകരണ സംഘങ്ങളിൽ നിന്ന് പശു, തൊഴുത്ത്, കക്കൂസ്, എന്നിവയ്ക്ക് ധനസഹായം ലഭ്യമാക്കണം.

ഗ്രൂപ്പ് ഫാമിംഗ് സഹകരണസംഘങ്ങൾ സ്ഥാപിക്കണം.

കർഷകർക്ക് സർക്കാർ നല്കുന്ന ധനസഹായങ്ങളിൽ മുൻഗണന സഹകരണ കൃഷി സംഘങ്ങൾക്ക് നൽകണം.

പഞ്ചായത്ത് തലത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം ആരംഭിക്കേണ്ടതാണ്. ദുർബല വിഭാഗങ്ങൾക്കും താഴ്ന്ന വരുമാനക്കാർക്കും ഇത് ഏറെ ഗുണം ചെയ്യും.

സഹകരണ സംഘങ്ങളിൽ കൂടിയുള്ള വായ്പകൾ അനുവദിക്കുന്നതിൽ ഉണ്ടാകുന്ന നടപടിക്രമങ്ങൾ ഉദാരമാക്കണം.

കാർഷിക ഉൽപന്നങ്ങൾ സഹകരണസംഘങ്ങൾ നേരിട്ട് സംഭരിക്കണം. വാർഡുകൾതോറും സംഘത്തിന്റെ ശാഖകൾ ഇതിനായി തുറക്കേണ്ടതാണ്,

കൃഷിക്കാർക്ക് സഹകരണാടിസ്ഥാനത്തിൽ ട്രാക്ടർ, ടില്ലർ മുതലായ കാർഷികോപകരണങ്ങൾ ലഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം.

സഹകരണ ബാങ്കിൽനിന്നു് ലോൺ എടുത്ത് തിരിച്ചടയ്ക്കുവാൻ കഴിയാതെവന്ന കർഷകർക്ക് പഴയകടം നിലനിർത്തികൊണ്ടുതന്നെ പുതിയ വായ്പ അനുവദിച്ചു് കൃഷിയോടുള്ള താല്പര്യം നിലനിർത്താനുള്ള സാഹചര്യം സൃഷ്ടിക്കണം.

നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചാത്തൻ സ്മാരക സഹകരണ സംഘത്തിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കാൻ വേണ്ട സഹായസഹകരണങ്ങൾ ലഭ്യമാക്കണം,

# പൊതു നിർദ്ദേശങ്ങൾ

സഹകരണ സംഘത്തിന്റെ നിയമാവലിപ്രകാരം അർഹതയുള്ളവർക്കെല്ലാം അംഗത്വം ലഭിക്കുന്നുണ്ടെന്നു് ഉറപ്പുവരുത്തണം.

നിക്ഷേപസമാഹരണത്തിനു് പഞ്ചായത്ത് സമിതി സഹായിക്കണം. കാരണം, നിക്ഷേപങ്ങൾ വർദ്ധിച്ചാൽമാത്രമേ കൂടുതൽ വായ്പകൾ കൊടുക്കാൻ കഴിയൂ.

നിക്ഷേപങ്ങൾകൊണ്ടുള്ള ഗുണം പഞ്ചായത്ത് പരിധിയിൽപെട്ടവർക്ക് ലഭിക്കുന്നതിനു് സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കാനുള്ള താല്പര്യം വളർത്തണം,



# 5-10 സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | പ്രവർത്തന പരിധി | ക്രെഡിറ്റ് / നോൺ ക്രെഡിറ്റ് | പ്രവർത്തനം ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ A ക്ലാസ്സ് | ആകെ അംഗങ്ങൾ B ക്ലാസ്സ് | ആകെ അംഗങ്ങൾ C ക്ലാസ്സ് | ഒരു ഓഹരിയുടെ വില A ക്ലാസ്സ് | ഒരു ഓഹരിയുടെ വില B ക്ലാസ്സ് | ഒരു ഓഹരിയുടെ വില C ക്ലാസ്സ് | അംഗീകൃത ഓഹരി മൂലധനം | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | സർക്കാർ ഓഹരി | പരമാവധി എടുക്കാവുന്ന കടം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | പറളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്ത. | പറളി പഞ്ചായത്ത് ഏരിയ | ക്രെഡിറ്റ് | 1961 | 5600 | 1 | 11455 | 10 രൂ | 100 രൂ | 2 രൂ | 12 ലക്ഷം രൂപ | 4,28 338 രൂ | 1,00,000 രൂ | 2,23,82,060 രൂ |

പറളി സഹകരണ ബാങ്ക് പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

**a)** സ്ഥിരം: 1,37,32,897.85 ക      ഹ്രസ്വകാലം: 26,56,380 71 ക

ടി. ബാങ്ക് നൽകിയ വായ്പകൾ

| കാർഷിക വായ്പകൾ | മററു വായ്പകൾ | പ്രത്യേക വായ്പകൾ | സ്വീകരിച്ച വായ്പകൾ | കാലാവധി കഴിഞ്ഞ് കിട്ടാനുള്ളത് |
|---|---|---|---|---|
| 1. നെല്ല്; 4,69,019.00<br>2. കപ്പ; 1,10,026.00<br>3. നേന്ത്രവാഴ; 13,51,249.00<br>4. തെങ്ങ് 1,27,030.00<br>5. മധുരക്കിഴങ്ങ് 7,550.00<br>6. പട്ടുനൂൽപുഴ 16,935.00 | കാർഷികേതരം 33935 രൂ<br>സ്വർണ്ണപ്പണയം 80,08,250 രൂ<br>ഭൂമിപണയം 3,76,272 രൂ | വിദ്യാഭ്യാസം 15416 രൂ<br>IRDP 2300 രൂ<br>കൺസംപ്ഷൻ 77977 രൂ | ജില്ലാ സഹകരണ ബാങ്കിൽനിന്ന് കാർഷിക വായ്പ 9,20,115 രൂ | കാർഷികവായ്പ 3,99,758 രൂ<br>കാർഷികേതരം 1,76,980 രൂ<br>IRDP 2,300 രൂ<br>പണ്ടപ്പണയം 7,71,975 രൂ |

| പറളി സഹകരണ ബാങ്കിന്റെ ചെലവുകൾ | തുക |
|---|---|
| 1. Establishments | 4,08,399.00 |
| 2. Contigencies | 1,94,506.00 |

| ടി ബാങ്കിന്റെ പ്രവർത്തനങ്ങൾ |
|---|
| 1. Banking Business |
| 2. Fertilizer Business |
| 3. Cement Business |

# പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമം

പറളി ഗ്രാമ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 20% വും പട്ടികജാതിയിൽപ്പെട്ടവരാകുന്നു. പഞ്ചായത്തിൽ 5 അംഗീകൃത കോളനികളും 27 അംഗീകരിക്കാത്ത കോളനികളും ഉണ്ട്. വിദ്യാഭ്യാസ കാര്യത്തിൽ ഒരു പരിധി വരെമുൻപന്തിയിൽ നിൽക്കുന്നുണ്ടെങ്കിലും മുഴുവനായും പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ദാരിദ്ര്യവും പട്ടിണിയും ഇപ്പോഴുംതുടരുന്നു. അതുകൊണ്ടുതന്നെ ഈവിഭാഗക്കാരെ വികസനത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരേണ്ടതാണ്.

## പാർപ്പിടം

ഇന്നും പാർപ്പിട സൗകര്യം ഇല്ലാത്ത ഒട്ടനവധി കോളനികളും, സങ്കേതങ്ങളും നിലവിലുണ്ട്. ഇവിടങ്ങളിൽ നിലവിലുള്ള ഓലപ്പുരകൾ ഓട് ഇടുന്നതിനും, കേടുപാടുകൾ സംഭവിച്ച വീടുകൾക്ക് അററകുററപ്പണികൾ നടത്തുന്നതിനും പഞ്ചായത്തിൽ നിന്നോ മററു വകുപ്പുകളിൽനിന്നോ ധനസഹായം അനുവദിക്കേണ്ടതുണ്ട്. കൂടാതെ, വീടുവെയ്ക്കാൻ സ്ഥലമില്ലാത്ത അനേകം പട്ടികജാതിക്കാരും ഉണ്ട്, ഇവർക്ക് പഞ്ചായത്തിലെ ലക്ഷം വീടു കോളനികളിൽ അവശേഷിച്ചുകിടക്കുന്ന സ്ഥലം പതിച്ചുകൊടുക്കുകയും,അതിൽവീട് വെയ്ക്കുന്നതിന് ഗ്രാൻറുകൾ നൽകുകയും വേണം. നിലവിലുള്ള ലക്ഷംവീടുകൾ നന്നാക്കി എടുക്കുന്നതിനും ധനസഹായം അനുവദിച്ചു കൊടുക്കേണ്ടതുണ്ട്.

## കുടിവെള്ളം

കോളനികളിലും കോളനിയേതര സങ്കേതങ്ങളിലും കുടിവെള്ളപ്രശ്നം രൂക്ഷമായിഅനുഭവപ്പെടുന്നു. ഈപ്രദേശങ്ങളിലുള്ള പഞ്ചായത്തുകിണറുകളും യഥാസമയത്ത് വൃത്തിയാക്കുകയാണെങ്കിൽ ഒരുപരിധിവരെ കുടിവെള്ളക്ഷാമത്തെ അതിജീവിക്കാൻകഴിയും. ലക്ഷംവീടു കോളനികളിൽ കുടിവെള്ളം എത്തിക്കുവാൻ പുതിയ സംവിധാനങ്ങൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

## ആരോഗ്യം

പട്ടികജാതി വിഭാഗങ്ങളിൽ കൂടുതലും ആരോഗ്യം മെച്ചപ്പെട്ടരീതിയിലല്ല കാണപ്പെടുന്നത്. ഇതിന് പ്രധാനകാരണം പരിസര ശുചിത്വമില്ലാത്തതാണ്. ഇവരുടെ ആരോഗ്യ നില വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിലവിലുള്ള കോളനികളിലും, സങ്കേതങ്ങളിലും കക്കൂസുകൾ നിർമ്മിച്ചുകൊടുക്കേണ്ടതാണ്. തുറസായ സ്ഥലങ്ങളിൽ വിസർജനം നടത്തുന്നത് ഇതുമൂലം പരിഹരിക്കുവാൻ സാധിക്കും. ഇപ്പോഴും 80% വീടുകളിലും കക്കൂസ് ഇല്ലാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്.

കോളനി പ്രദേശങ്ങളിൽ മിക്കപ്പോഴും രോഗം ബാധിച്ച് കിടക്കുന്നവരെ കാണാം, അതുകൊണ്ടുതന്നെമാസത്തിൽ ഒരു ദിവസമെങ്കിലും പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ നേതൃത്വത്തിൽ മെഡിക്കൽക്യാമ്പ് നടത്തേണ്ടതാണ്.

## തൊഴിൽ

വളരെക്കാലം മുമ്പുതന്നെ ഈ വിഭാഗത്തിൽപ്പെട്ടവർ കാർഷികവൃത്തിയിലൂടെ ഉപജീവനം നടത്തിപ്പോന്നവരാണ്. 80% വും ഈ രീതിയിൽ ജീവി

ക്കുന്നവരാണ്. കാലങ്ങൾ കടന്നുപോയിട്ടും ഏറിയപങ്കും കാർഷികമേഖലയിൽതന്നെ നിലനിൽക്കുന്നു. മററുനിർമ്മാണ, വ്യവസായ മേഖലകളിലേക്ക് ഇവരെ ഉയർത്തിക്കൊണ്ടു വരേണ്ടത് അത്യന്താപേക്ഷിതമാണ്. എങ്കിൽമാത്രമേ അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ സാധ്യമാവൂ.

കാർഷിക മേഖലയിൽ വേതനം മററുമേഖലകളെ അപേക്ഷിച്ച് വളരെ കുറവാണ്. അതുകൊണ്ടുതന്നെ ഇവരുടെ ദൈനംദിന ജീവിതം ക്ലേശ പൂരിതമാണ്. ആയതിനാൽ സ്വയം തൊഴിൽ പദ്ധതികളായ വയിൽ പരിശീലനം നൽകുകയും, കച്ചവടം, കോഴിവളർത്തൽ, കന്നുകാലിവളർത്തൽ, കുട്ടനെയ്ത്ത് എന്നീതൊഴിലുകൾ നടത്തുന്നതിന് ആവശ്യമായ സംരംഭങ്ങൾ സൃഷ്ടിക്കുകയും, വസ്ത്രനിർമ്മാണം, കളിമൺപാത്രനിർമ്മാണം തുടങ്ങിയ ചെറുകിട വ്യവസായങ്ങൾ തുടങ്ങുകയും വേണം. അഭ്യസ്തവിദ്യരും അല്ലാത്തവരുമായ യുവതിയുവാക്കൾ മേൽസൂചിപ്പിച്ച തൊഴിലുകളിൽ പരിശീലനം നേടിയവരും ചില കോളനികളിൽ ഇപ്പോഴും ഒരു തൊഴിലും ഇല്ലാതെ വീണ്ടും കാർഷികമേഖലയെ അഭയം പ്രാപിച്ചു വരുന്നതായി കാണുന്നു.

ചെറുകിട തൊഴിലുകൾ ആരംഭിക്കുന്നതിനാവശ്യമായ വായ്പ സൗകര്യങ്ങളും ഇവർക്ക് ഏർപ്പെടുത്തി കൊടുക്കേണ്ടതുണ്ട്. സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിയിപ്പുകൾ ലഭിക്കാത്തതുകൊണ്ടും, പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും അഭിരുചിക്കനുസരിച്ച തൊഴിൽ ചെയ്യുവാനും പദ്ധതി ഫലവത്തായിഉപയോഗപ്പെടുത്തുവാനും കഴിയാതാവുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി പഞ്ചായത്ത് തലത്തിൽ പട്ടികജാതിക്കാർക്കുവേണ്ടി ഒരു ഇൻഫർമേഷൻ സെൻറർ ആരംഭിക്കേണ്ടതാവശ്യമാകുന്നു

## ഗതാഗതം

പഞ്ചായത്തിലെ പട്ടികജാതികോളനികളിലേക്കുള്ള റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. നിലവിലുള്ള റോഡുകൾ യഥാസമയത്തുതന്നെ അററകുററപ്പണികൾ നടത്താത്തതുകൊണ്ട് അവ സഞ്ചാരയോഗ്യമല്ലാതായിത്തീർന്നിരിക്കുകയാണ്. ഈ അവസ്ഥ പരിഹരിക്കേണ്ടതാകുന്നു.

കൂടാതെ മിക്കപട്ടികജാതി സങ്കേതങ്ങളിലേക്കും വിസ്തീർണ്ണമുള്ള വഴികളോ, പഞ്ചായത്തു റോഡുകളോ ഇല്ലാത്തവയാണ് ഇതു മൂലം യാത്രാസൗകര്യംകുറയുകയും, അവരുടെ പുരോഗതിയിലേക്കു ഉള്ള വഴികൾ അടഞ്ഞു പോവുകയുമാണ്. ആയതിനാൽ പുത വഴികൾ നിർമ്മിക്കേണ്ടതാണ്.

## വൈദ്യുതി

പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ നിലവിലുള്ള പട്ടികജാതി കോളനികളിലും, സങ്കേതങ്ങളിലും ഇന്നും വൈദ്യുതി എത്താത്തതുണ്ട്. ഈ പ്രദേശങ്ങളിൽ വൈദ്യുതി എത്തിച്ചു കൊടുക്കകയും വീടുകൾക്ക് സൗജന്യമായി കണക്ഷൻ നൽകേണ്ടതുമാണ്. പട്ടികജാതിക്കാർ നിവസിക്കുന്ന ലക്ഷംവീടു കോളനികളിൽ പലതിലും വൈദ്യുതിയില്ല. ഈ അവസ്ഥ പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുൻകയ്യെടുത്ത് പ്രവർത്തിക്കേണ്ടതുണ്ട്.

## വിദ്യാഭ്യാസം

നമ്മുടെഗ്രാമ പഞ്ചായത്തിലെ പട്ടികജാതിക്കാർക്കിടയിൽ വിദ്യാഭ്യാസം കുറവാണെങ്കിലും ഉപരി വിദ്യാഭ്യാസമുള്ള

യുവതിയുവാക്കളും ഉണ്ട്. സാമ്പത്തിക പരാധീനത അനുഭവിക്കുന്നതിനാലും മററും 80% വിദ്യാർത്ഥികളും പത്താം ക്ലാസ്സ്‌വരെ പഠനംതുടരാൻ കഴിയാത്ത വരാണ്. പഞ്ചായത്തിലെ ഹൈസ്ക്കൂളിലുള്ള വിദ്യാഭ്യാസ നിലവാരമില്ലായ്മകൊണ്ട് പത്താംക്ലാസ്സിൽ ഈ വിഭാഗത്തിലെ കുട്ടികൾ വിജയിക്കുന്നത് വിരളമാണ്. മാത്രമല്ല മാർക്ക് വളരെ കുറവാണ്താനും, അതുകൊണ്ടുതന്നെ കോളേജ് വിദ്യാഭ്യാസം വെറും സ്വപ്നമായി അവശേഷിക്കുന്നു.

ഇക്കൂട്ടത്തിൽ ചിലർക്കൊക്കെ കോളേജിൽ പ്രവേശനം ലഭിക്കാറുണ്ടെങ്കിലും അവരുടെ ഉപരി വിദ്യാഭ്യാസം പൂർത്തീകരിക്കാത്തവരാണ്മിക്കവരും. ഈ അവസ്ഥക്കു മാററം വരുത്തണമെങ്കിൽ സ്ക്കൂളുകളിലും കോളേജുകളിലും ഇവർക്കായി പ്രത്യേകം കോച്ചിംഗ് ക്ലാസ്സുകൾ നൽകേണ്ടതുണ്ട്.

### സാംസ്ക്കാരികം

പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ സാംസകാരിക നിലവാരം ഉയർത്തുന്നതിനുവേണ്ടി കോളനികളിലും മററു പട്ടികജാതി സങ്കേതങ്ങളിലും വായനശാലകളും, T. V. സെററുകളും സ്ഥാപിക്കുകയാണെങ്കിൽ ഒരു പരിധിവരെ അവരുടെ സാമൂഹ്യ സാംസ്കാരിക ജീവിത നിലവാരത്തെ പ്രോൽസാഹിപ്പിക്കാനും മുൻ നിരയിൽ എത്തിക്കുവാനും കഴിയും.

### വിശേഷാൽ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പൊതു നിർദ്ദേശങ്ങൾ

1 4-ാം വാർഡിൽ കണ്ണമ്പാറക്കാട് കോളനിയെ I H D P കോളനിയായി പ്രഖ്യാപിക്കണം.

2 അധ്യായന വർഷാരംഭത്തിൽത്തന്നെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ്ക്ലാസ്സുകൾ നടത്തേണ്ടതാണ്.

3 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഹോസ്ററൽ പറളികേന്ദ്രീകരിച്ച് നിർമ്മിക്കണം.

4 പട്ടികജാതി യുവതി യുവാക്കൾക്ക് ഒരു തൊഴിൽ പരശീലന കേന്ദ്രം അനുവദിക്കേണ്ടതുണ്ട്.

5 പട്ടികജാതി വിഭാഗത്തിന് ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്.

6 S S L C ക്ക് ഏററവും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന കുട്ടിക്ക് പഞ്ചായത്തുതലത്തിൽ പ്രോൽസാഹന സമ്മാനം നൽകേണ്ടതാണ്.

7 വായനാ ശീലം വളർത്തുന്നതിന് പഞ്ചായത്തിലെ 6-ാം വാർഡിൽ ഒരു ഗ്രന്ഥശാല കമ്പയിൽ സ്ഥാപിക്കുക.

8 ഈ വിഭാഗത്തിൽപ്പെട്ട വനിതകളെ ഗ്രന്ഥശാലകളിൽ അംഗങ്ങളാക്കണം.

9 പൂതൻ, തിറ മുതലായ പുരാതന കലാരൂപങ്ങൾക്കൊപ്പം തന്നെ ആര്യമലയേയും ഉൾപ്പെടുത്തണം.

10 സാക്ഷരതാ യജ്ഞം ഉൾപ്പെടുത്തേണ്ടതാണ്.

11 കേരളോത്സവം പോലുള്ള കലാകായിക മത്സരങ്ങളിൽ കുടുതൽ അംങ്ങളെ ഈ വിഭാഗത്തിൽ നിന്നും ഉൾപ്പെടുത്തേണ്ടതുണ്ട്.

12 ദാരിദ്ര്യനിർമ്മാർജ്ജനപദ്ധതികൾ ഇക്കൂട്ടർക്കിടയിൽ കാര്യക്ഷമമായും ഫലപ്രദമായും നടപ്പിലാക്കേണ്ടതാണ

13 പട്ടികജാതി വനതികൾക്കായി ഒരു സഹരണതൊഴിൽ സ്ഥാപനം ആരംഭിക്കേണ്ടതുണ്ട്.

## പറളി ഗ്രാമപഞ്ചായത്തിലെ അംഗീകൃത പട്ടികജാതികോളനികളും മററു സങ്കേതങ്ങളും

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകറം | ജനസംഖ്യ |
|---|---|---|---|---|
| 1 | I | പുല്ലേപറമ്പ് | 75 | 350 |
| 2 | I | വട്ടപ്പള്ളം/കുറുങ്കാട് | 70 | 375 |
| 3 | VI | കോട്ടപ്പള്ള | 15 | 80 |
| 4 | XI | നരിക്കോട് | 25 | 120 |
| 5 | IX | വളയംപറമ്പ് | 24 | 125 |
| | | **അംഗീകരിക്കാത്ത കോളനികൾ** | | |
| 6 | I | താമരംകുന്ന് | 15 | 105 |
| 7 | II | പച്ചാത്തിരി | 8 | 50 |
| 8 | II | വടക്കുംപുറം | 20 | 110 |
| 9 | III | കുണ്ടുപറമ്പ് | 15 | 75 |
| 10 | III | കുന്നശ്ശേരി | 18 | 85 |
| 11 | III | മന്നത്തുപറമ്പ് | 10 | 72 |
| 12 | IV | നിററപറമ്പ് | 25 | 125 |
| 13 | IV | വേലംപൊററ | 15 | 87 |
| 14 | IV | വലിയകാട് | 15 | 85 |
| 15 | V | ചെമ്മണിപ്പറമ്പ് | 60 | 275 |
| 16 | V | ഇടക്കുന്നത്ത്പടി | 20 | 106 |
| 17 | VI | ചെറുവത്തൂർകളം | 42 | 175 |
| 18 | VI | അണ്ടിക്കാട് | 15 | 82 |
| 19 | VI | കോട്ടത്തൊടി | 10 | 75 |
| 20 | VI | നടുവത്തറ/ചെമ്പത്ത് | 15 | 85 |
| 21 | VII | നടക്കാവ്പറമ്പ് | 30 | 140 |
| 22 | VII | പനങ്കാവ്പറമ്പ് | 25 | 135 |
| 23 | VIII | കൂത്തുപറമ്പ് | 52 | 265 |
| 24 | VIII | കിഴക്കേത്തറ | 15 | 87 |
| 25 | IX | പീള്ളക്കാട് | 10 | 55 |
| 26 | X | ദേവസ്വംപറമ്പ് | 30 | 145 |
| 27 | X | ചേങ്ങോട് | 15 | 85 |
| 28 | X | കുവളംകാട് | 45 | 215 |
| 29 | XI | കല്ലംപറമ്പ് | 15 | 85 |
| 30 | XI | വില്യംകാട് | 15 | 93 |
| 31 | XI | കോലാടിക്കുന്ന് | 15 | 85 |
| 32 | XI | പുതുമനപ്പടി | 15 | 77 |
| 33 | XII | അരുമ്പിൽ | 20 | 105 |
| 34 | XII | പൂളയ്ക്കൽപറമ്പ് | 18 | 103 |
| 35 | XII | കിഴക്കേക്കളം | 40 | 275 |
| 36 | IV | കരിംകുളങ്ങര/കുണ്ടുപറമ്പ് | 40 | 270 |

# 5–12

# വിഭവ സമാഹരണം



പറളി പഞ്ചായത്ത് അതിർത്തിയിൽ വൻകിട വ്യവസായശാലകളില്ലെങ്കിലും കുമാർ ഇൻഡസ്ട്രീസ് പോലുള്ള ഇടത്തരം ഫാക്ടറികൾ ഉണ്ട്. കാർഷികോപകരണങ്ങളും യന്ത്രഭാഗങ്ങളും നിർമ്മിക്കുന്ന ഫാക്ടറികളും ഇവിടെ ഉണ്ട്. പറളി ടൈൽ വർക്ക്സ് പൂട്ടി കിടക്കുന്നു. പല പുതിയ ചെറുകിട ഫാക്ടറികളും കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ ഇവിടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എങ്കിലും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയ്ക്ക് അറുതിയൊന്നും ഉണ്ടായിട്ടില്ല.

കാർഷികരംഗം ഇന്ന് പ്രതിസന്ധിയിലാണ് പ്രത്യേകിച്ച് നെൽകൃഷി മേഖല. ഈ മേഖലയിൽ ഒരുപാടു പ്രശ്നങ്ങൾ നിലനിൽക്കുന്നു. നെല്ലിന്റെ ഉൽപ്പാദനച്ചെലവും വിലയും തമ്മിലുള്ള അന്തരം, കൂലികൂടുതൽ, തൊഴിലാളികളുടെ ദൗർലഭ്യം തുടങ്ങിയവ കൃഷി നഷ്ടമാണ് എന്ന ചിന്തക്കുള്ള കാരണങ്ങളാണ്. അതുകൊണ്ട് കാർഷിക രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാതെ ആ രംഗത്ത് വിഭവസമാഹരണം സാധ്യമാവില്ല.

ജനപങ്കാളിത്തത്തോടെ ആസൂത്രണം നടത്തുമ്പോൾ പഞ്ചായത്തിന്റെ തനതായ വരുമാനം വർദ്ധിപ്പിക്കുന്നതിലും ഊന്നൽ നൽകണം. പദ്ധതിപ്പണവും തനതു വരുമാനവും കൂട്ടിച്ചേർത്ത് കൂടുതൽ പദ്ധതികൾ നടപ്പിലാക്കാൻ നമ്മുടെ പഞ്ചായത്തിനു കഴിയണം. അതിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുക, നികുതി

പുതുക്കുക തുടങ്ങിയവയെല്ലാം അനിവാര്യമായിവരും. ഈ രംഗത്ത് വരുമാനവർദ്ധനവിന്റെ മാർഗ്ഗങ്ങൾ ആരായാനും കണ്ടെത്താനും വാർഡ് മെമ്പർമാരും വിദഗ്ദരും ചേർന്ന ഒരു കർമ്മസമിതി ആവശ്യമാണ്.

നികുതി സാധാരണ ജനങ്ങൾക്ക് ഒരു ഭാരമാകാതിരിക്കാനും എന്നാൽ നികുതി കൊടുക്കുമ്പോൾ നാം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയാണ് എന്ന ബോധം ഉളവാക്കാനും പഞ്ചായത്തു സമിതിക്കു കഴിയണം. അതുകൊണ്ട് പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പൊതുജനമദ്ധ്യത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

# നികുതി വർദ്ധിപ്പിക്കാവുന്ന മേഖലകൾ

## കെട്ടിട നികുതി

ഇപ്പോൾ കെട്ടിട നികുതി കണക്കാക്കുന്നത് കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്. അതോടൊപ്പം ആഡംബരത്വവും വിലകൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കി കെട്ടിട നികുതി ചുമത്തണം.

## തൊഴിൽ നികുതി

ഉദ്യോഗസ്ഥൻമാരും ഫാക്ടറികളിലെ സ്ഥിരം തൊഴിലാളികളും മാത്രമേ ഇന്നു തൊഴിൽ നികുതി നൽകുന്നുള്ളൂ. കച്ചവടക്കാർക്ക് അവർ ചെയ്യുന്ന കച്ചവടത്തിന്റെ വൈപുല്യമനുസരിച്ച് നികുതി ചുമത്തണം. നെൽകൃഷി ചെയ്യുന്ന കർഷകനും, തെങ്ങു കർഷകനും, റബ്ബർ കർഷകനും ഒരേ നിരക്കിൽ നികുതി ചുമത്തിക്കൂടാ. കൃഷിഭൂമിയിൽ നിന്നുള്ള വരുമാനം അടിസ്ഥാനമാക്കി തൊഴിൽ നികുതി ചുമത്തണം.

## കടകൾക്കുള്ള നികുതി

ഇന്ന് കടകൾക്ക് തുച്ഛമായ ഒരു ഫീസാണ് ഈടാക്കുന്നത്. അതിനു പകരം മുതൽ മുടക്കിന്റെ അടിസ്ഥാനത്തിൽ കടകൾക്ക് വാർഷിക ഫീസ് നിശ്ചയിക്കണം. പെട്ടികടകളേയും, ചില്ലറ കടകളേയും ഒഴിവാക്കാം.

## വിനോദ നികുതി

രണ്ടു സിനിമാ ശാലകൾ പറളിയിലുണ്ട്. കാര്യശേഷിയോടെ ടിക്കററ് പരിശോധന നടത്തണം വിനോദ നികുതിയുടെ ശതമാനം വർദ്ധിപ്പിക്കണം.

പഞ്ചായത്തിലെ കല്യാണമണ്ഡപത്തിന്റെ നിർമ്മാണം മുടങ്ങിക്കിടക്കുന്നു. അതിന്റെ പണി ദ്രുതഗതിയിൽ നടത്തി ഉടൻ വാടകക്ക് കൊടുക്കാനുള്ള ഏർപ്പാടുണ്ടായാൽ അത് നല്ലൊരു വരുമാനമാർഗ്ഗമാവും. മദ്ധ്യവർത്തികളെ ഒഴിവാക്കി പഞ്ചായത്ത് നേരിട്ട് വാടകക്ക് നൽകുന്ന ഏർപ്പാടാണ് അഭികാമ്യം.

## മററു ധനാഗമമാർഗ്ഗങ്ങൾ

1. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ റൂം വാടക വർഷം

തോറും പുതുക്കി നിശ്ചയിക്കുമ്പോൾ അതിൻെറ ശതമാനം വർദ്ധിപ്പിക്കാവുന്നതാണ്.

2. നാടൻ ഇഷ്ടിക നിർമ്മാണം വൻതോതിൽ നടക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. ആ മേഖലയിൽ പുതുക്കിയ നികുതി സമ്പ്രദായം ആവിഷ്ക്കരിക്കുന്നതിന് പഞ്ചായത്ത് ശ്രമിച്ചാൽ അതൊരു നല്ല വരുമാനമാർഗ്ഗമാകും.

3. പണ്ട് വളരെ നല്ല നിലയിൽ നടന്നിരുന്ന ഒരു ആഴ്ചചന്ത നമുക്കുണ്ടായിരുന്നു. ഇന്ന് അതു തകർന്നനിലയിലാണ്. അതിനെ പുനരുദ്ധരിക്കണം. ചന്തപ്പുരക്കുള്ളിൽ നല്ല വൃത്തിയും വെടിപ്പുമുള്ള സ്ററാളുകൾ നിർമ്മിക്കണം. സൂപ്പർ മാർക്കററ് പോലെ അടച്ചുറപ്പുള്ള റൂമുകളാക്കി മാററിയാൽ എന്നും ചന്ത നടത്താം. നല്ലൊരു വരുമാനമാർഗ്ഗവുമാകും.

4. ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദ്രാവികാസ് പത്രയുടെ 15 മുതൽ 25ശതമാനംവരെയുള്ള സംഖ്യ ആ പഞ്ചായത്തിനുതന്നെ കിട്ടുന്ന ഒരു വ്യവസ്ഥ നിലവിലുണ്ട്. അതുകൊണ്ട് പഞ്ചായത്ത് ഭരണസമിതിയും ജനകീയ കമ്മിററികളും ഇടപ്പെട്ട് പഞ്ചായത്തിൽ നിന്ന് പരമാവധി തുക നിക്ഷേപമായി ഉണ്ടാക്കിയാൽ പഞ്ചായത്തിന്ന് നല്ലൊരു വരുമാനമാർഗ്ഗമാകും.

5. പഞ്ചായത്തിൻെറ ഏററവും വലിയ വിഭവം മനുഷ്യ വിഭവം തന്നെയാണ്. വികസന പ്രവർത്തനങ്ങളിൽ മനുഷ്യ വിഭവം സമാഹരിക്കാൻ വാർഡ് മെമ്പർമാരും ജനകീയ കമ്മിററികളും കഴിവുററു ശ്രമിക്കണം.

6. PWD കോൺട്രാക്ടർമാർ, സ്വകാര്യ ഭവനനിർമ്മാണ കോൺട്രാക്ടർമാർ, മററു കോൺട്രാക്ടർമാർ, ആട്ടോമൊബൈൽ വർക്ക്ഷോപ്പ് ഉടമകൾ, ഗ്രിൽസ് തുടങ്ങിയവ നിർമ്മിക്കുന്ന വർക്ക്ഷോപ്പ് ഉടമകൾ, കേബിൾ T.V. ഉടമകൾ തുടങ്ങിയവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാവുന്നതാണ്.

## പൊതുനിർദ്ദേശം

1. ഗ്രാമീണ റോഡ് നിർമ്മാണത്തിൽ ഉപഭോക്താക്കളിൽ നിന്ന് മനുഷ്യാദ്ധ്വാനം സംഭാവനയായി സ്വീകരിക്കുക.

2. കിണറുകൾ, കുളങ്ങൾ തുടങ്ങിയവയുടെ നിർമ്മാണത്തിൽ മനുഷ്യപ്രയത്നം ഉപയോഗപ്പെടുത്തണം.

3. തെരുവു വിളക്കുകൾക്ക് മീററർ സ്ഥാപിക്കുക. ഇതുമൂലം പഞ്ചായത്തിന് പണം ലാഭിക്കാം.

4. 10 കി. മീ. ദൂരം നദിക്കരയുള്ള പഞ്ചായത്താണ് നമ്മുടേത്. മണൽ ലേലം മൂലം പുഴയിലെ മണലെല്ലാം എന്നോ നഷ്ടപ്പെട്ടിരിക്കുന്നു. ഇവിടെ കെട്ടിട നിർമ്മാണത്തിന് പട്ടാമ്പി മണലിനെ ആശ്രയിക്കേണ്ട ഗതികേട് വന്നിരിക്കുന്നു. അതുകൊണ്ട് കുറച്ച് കാലത്തേക്ക് മണൽ ലേലത്തിന് നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണ്.

5. കടവ് ലേലം പരിഷ്ക്കരിക്കണം.

## 5-12 പഞ്ചായത്ത് ചെലവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക | ശതമാനം |
|---|---|---|
| ഭരണം | 5,43,420—00 | 37 |
| പൊതുമരാമത്ത് | 4,93,260—50 | 30 |
| വിദ്യാഭ്യാസം | 29.638—70 | 2 |
| ജലവിതരണം, പൊതുജനാരോഗ്യം etc. | 17,058—10 | 1 |
| തെരുവുവിളക്കുകൾ | 2,98,089—40 | 20 |
| മററുള്ളവ | 1,36,093—00 | 9 |
| ആകെ | 15,17,559—70 | |

## 5-12 പറളി ഗ്രാമപഞ്ചായത്ത് വരവ് സംബന്ധിച്ച വിവരങ്ങൾ 1995-96

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 2,97,931 80 | 2,20,412.65 | 77519.15 |
| തൊഴിൽനികുതി | 1,78,970.00 | 1,68,760.00 | 10210.00 |
| വിനോദനികുതി | 28.247.32 | 28,247.38 | — |
| അഡി. വിനോദനികുതി | 17,154 33 | 17,154 33 | — |
| പ്രദർശനനികുതി | 4 278 00 | 4,278.00 | — |
| പ്രദർശനനികുതിയിലുള്ള സർചാർജ് | 1,069,50 | 1,069.50 | — |
| ചന്തവരവ് | 1,500 00 | 1,500 00 | — |
| ലൈസൻസ് ഫീസ് | 34,222 00 | 34,222.00 | — |
| വസ്തുകൈമാററനികുതി 75% | 1,96,161.00 | 1,96,161.00 | — |
| വസ്തുകൈമാററനികുതി 25% | 1,50,000.00 | 1,50,000.00 | — |
| സർക്കാർ ഗ്രാൻറുകളും മററും ഒഴികെയുള്ള വരവുകൾ | 5,68,667.00 | 5,68,667.00 | — |
| ഡെപ്പോസിററ് | 13,640.50 | 13,640 50 | — |
| ലൈബ്രറിസെസ്സ് | 14,690 40 | 14,690 40 | — |
| പലവക | 3,09,551.55 | 3,09,551:55 | — |
| ആകെ | 18,16,084.15 | 17,26,488.55 | 89,595 60 |

# 6

# ഉപസംഹാരം



കേരളീയരായ നാം വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിൽ വികസിത രാജ്യങ്ങളോടൊപ്പമോ അതിലൊരുപടി മുകളിലോ നില്ക്കുന്നതായി അഭിമാനിക്കുന്ന അഥവാ അഹങ്കരിക്കുന്നു. പക്ഷേ നാം കാർഷിക വ്യാവസായിക മേഖലകളിൽ വളരെ പിന്നിലാണെന്ന കാര്യം അറിഞ്ഞുകൊണ്ടു തന്നെ വിസ്മരിക്കുന്നു. ഇന്നത്തെ നമ്മുടെ പകിട്ടിനുള്ള കാരണം ഗൾഫ് പണത്തിന്റെ പ്രവാഹമാണ്. അത് നിലച്ചാൽ നമ്മുടെ സാമ്പത്തിക മേഖലയാകെ തകരും. അതുകൊണ്ട് നാം ഇന്നു കൈവരിച്ച നേട്ടങ്ങൾ സ്ഥായിയായി നിലനില്ക്കണമെങ്കിൽ കാർഷിക വ്യാവസായിക മേഖലകളുടെ വളർച്ചയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു വികസനതന്ത്രം നമുക്ക് അനിവാര്യമായി വന്നിരിക്കുന്നു. പ്രതിശീഷ് വരുമാനത്തിന്റെ കാര്യത്തിൽ നാം ഇന്ത്യൻ ശരാശരിയേക്കാൾ പിന്നിട്ട് നില്ക്കുന്നു. ഒരിന്ത്യക്കാരന്റെ പ്രതിശീർഷ വാർഷിക വരുമാനം 3237 രൂപയായിരിക്കുമ്പോൾ, ഒരു കേരളീയന്റേത് 6983 രൂപയാണ്.

നമ്മുടേത് ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. ഉപ്പുതൊട്ട് കർപ്പൂരം വരെ നാം അന്യ സംസ്ഥാനങ്ങളിൽ നിന്നോ വിദേശത്തു നിന്നു പോലുമോ ഇറക്കുമതി ചെയ്യുന്നു. ഈ അവസ്ഥയ്ക്ക് നിശ്ചയമായും മാററം വരണം. നമുക്ക് ആവശ്യമുള്ള സാധനങ്ങൾ നാം ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കണം. ഉൽപ്പാദനമേഖലയുടെ വളർച്ച ലക്ഷ്യമാക്കിയുള്ള ആസൂത്രണമാണ് 9-ാം പദ്ധതിയിൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്. അത് ഗ്രാമീണ മേഖലയിൽ നിന്നു തന്നെ തുടങ്ങണം. ഗ്രാമ പഞ്ചായത്തുകൾക്ക് ഇതിൽ വൻനേട്ടങ്ങൾ കൊയ്യാൻ കഴിയും.

ഫണ്ടില്ലാതെ വികസനം സാധ്യമല്ല സർക്കാർ നല്കുന്ന 40% പദ്ധതി വിഹിതവും പ്രാദേശിക വിഭവ സമാഹരണവും മനുഷ്യ പ്രയത്നവും കോർത്തിണക്കി ഉൽപ്പാദന മേഖലയിലും സാമൂഹ്യക്ഷേമ മേഖലയിലും ജനപങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കുമ്പോൾ നമ്മുടെ വികസന സങ്കൽപ്പം തന്നെ മാറിയെന്നു വരും.

ആസൂത്രണം ഫലവത്താകുന്നത് വികസനോപാധികളെ ശരിയാംവണ്ണം ഉപയോഗപ്പെടുത്തുമ്പോഴാണ്. ജനാധിപത്യബോധത്തോടെയും സത്യസന്ധമായ വിലയിരുത്തലുകളുടേയും അടിസ്ഥാനത്തിൽ വേണം പദ്ധതികളുടെ മുൻഗണനകൾ നിശ്ചയിക്കാൻ. മുൻഗണനാ ക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കാൻ ഉള്ള പ്രതിബദ്ധത പഞ്ചായത്തുകൾക്ക് ഉണ്ടാവണം.

പ്രകൃതി വിഭവങ്ങൾ, മനുഷ്യ വിഭവങ്ങൾ തുടങ്ങിയവ അടിസ്ഥാനമാക്കി ഇന്നത്തെ സാഹചര്യവുമായി ബന്ധപ്പെടുത്തി കാര്യങ്ങൾ വിശകലനം 'ചെയ്ത്' ഗ്രാമസഭാ ഗ്രൂപ്പ്ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളെ വിദഗ്ധ കർമ്മ സമിതി സ്കീമുകളായും പദ്ധതികളായും മാററും. ആ പദ്ധതികൾ നടപ്പിലാക്കാൻ പരമാവധി ഫണ്ട് ശേഖരണം നടത്തണം. സക്കാറേതര ഏജൻസികളിൽ നിന്നും ഫണ്ട് ശേഖരിക്കാൻ പ്രത്യേക ശ്രദ്ധ വേണം. ആ ഏജൻസികളുടെ നിബന്ധനകൾ പഠിച്ച്, പ്രോജക്ടുകൾ സമർപ്പിക്കുന്നതിന് അതാത് വിഷയങ്ങളിൽ വിദഗ്ധ സംഘങ്ങൾ സ്ഥിരമായി പഞ്ചായത്തിൽ പ്രവർത്തിക്കണം.

ജനങ്ങളുടെ എല്ലാ ആശയാഭിലാഷങ്ങളും ഒററയടിയ്ക്ക് അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ചെയ്തു തീർക്കാൻ സാധ്യമല്ലല്ലോ. എങ്കിലും ആസൂത്രണം താഴെ തട്ടിൽ നിന്ന് മേൽപ്പോട്ടാവുന്നതുകൊണ്ട് ജനോപകാരപ്രദമായ പല പദ്ധതികളും സമയബന്ധിതമായും ഫലപ്രദമായും ചെയ്തു തീർക്കാൻ കഴിയും. അതു തന്നെയാണ് ജനകീയാസൂത്രണത്തിന്റെ നേട്ടവും.

ആയതിനാൽ പറളി ഗ്രാമപഞ്ചായത്തിന്റെ ഈ ''സമഗ്ര വികസന രേഖ'' അപഗ്രഥിച്ച് അവ നടപ്പിലാക്കാനുള്ള അത്യാവേശം നാമോരോരുത്തരും പ്രദർശിപ്പിക്കണം. കക്ഷി രാഷ്ട്രീയത്തിന്നതീതമായി, ഒററക്കെട്ടായി പറളിയിലെ ജനസഹസ്രം വരും നാളുകളിൽ ഒരു പുത്തൻ പുലരിക്കു വേണ്ടി പ്രവർത്തിക്കുമെന്ന പ്രതീക്ഷയോടെ ഈ വികസനരേഖ നിങ്ങളുടെ കരങ്ങളിൽ സമർപ്പിക്കട്ടെ.



# ജനകീയാസൂത്രണം

സ്വാഗത സംഘം ചെയർമാൻ ; ശ്രീ. C.V. മോഹനൻ (ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്)

,, കൺവീനർ ; ശ്രീ. M.C. ബാലൻ

## വികസനരേഖ തയ്യാറാക്കിയ സംഘം

I. പ്രഥമ മേഖല ( കൃഷി, ജലസേചനം, മൃഗ സംരക്ഷണം, മത്സ്യബന്ധനം)

1. ശ്രീ C.P. വിശ്വനാഥൻ
2. ,, Dr. കുഞ്ഞുമുഹമ്മദ് (സീനിയർ വെററിനറി സർജൻ
3. ,, K.P. രാമകൃഷ്ണൻ

II. ദ്വിതീയ മേഖല (വ്യവസായം, ഗതാഗതം, ഊർജ്ജം, പാർപ്പിടവും, സാമൂഹ്യക്ഷേമം, സഹകരണം, വിഭവസമാഹരണം)

1. ശ്രീ. M.A. പൊൻമല
2. ,, V. ഭാസ്ക്കരനുണ്ണി
3. ,, K.M. വീരാൻകുട്ടി
4. ,, K. വിജയൻ
5. ,, T. കൃഷ്ണകുമാർ

III. തൃതീയ മേഖല (വിദ്യാഭ്യാസം, ആരോഗ്യം - കുടിവെള്ളം, സംസ്ക്കാരം, വനിത, പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം)

1. ശ്രീ. K.M. ഹനീഫ
2. ,, N. വേലായുധൻ
3. ,, K.P. ഉണ്ണികൃഷ്ണൻ

ആമുഖം, പൊതുവിതരണചരിത്രം

1. ശ്രീ. C.P. വിശ്വനാഥൻ
2. ,, രഘുനാഥൻ, പറളി

## പഠന പര്യടനം

I. കിഴക്കുപടിഞ്ഞാറ്

ശ്രീ. P.K. ബാലൻ (മാനേജർ)
,, K.M. വീരാൻകുട്ടി (ക്യാപ്ററൻ)
,, K.P. ഉണ്ണികൃഷ്ണൻ
,, K. പത്മനാഭൻ
,, K.M. ഹനീഫ്
,, K.P.S. ഹനീഫ
,, രാധാകൃഷ്ണൻ
,, ചന്ദ്രൻ
ശ്രീമതി. സീതാലക്ഷ്മി (വാർഡ് മെമ്പർ)
,, അംബികാരഘുനാഥ് ,,
ശ്രീ. M.V. അശോക്കുമാർ

II തെക്കുവടക്ക്

ശ്രീ. P.C. സുകുമാരൻ (മാനേജർ)
,, M.A. പൊൻമല (ക്യാപ്ററൻ)
,, V. ഭാസ്ക്കരനുണ്ണി
,, T. കൃഷ്ണകുമാർ
,, K.K. സോമശേഖരനുണ്ണി
,, M.K. നാരായണൻ
,, P.K. ശിവകുമാർ
,, M.P. പഴണിമല
,, N. വേലായുധൻ

## ഭൂപടനിർമ്മാണം

ശ്രീ. K.M. വീരാൻകുട്ടി

## ദ്വിതീയ സ്ഥിതി വിവര കണക്ക് ശേഖരണം

ശ്രീ. C.P. വിശ്വനാഥൻ
,, K.M. വീരാൻകുട്ടി
,, K.P. രാമകൃഷ്ണൻ
,, V.R. കുഞ്ഞിക്കണ്ണൻ
,, K.K. സോമശേഖരനുണ്ണി
,, K. പത്മനാഭൻ
,, M.V. അശോക്കുമാർ
,, M.A. പൊൻമല
,, V. ഭവേജൻ

## കാരണവ ചർച്ചയും പൂർവ്വ ചരിത്ര ശേഖരണവും

ശ്രീ. C.P. വിശ്വനാഥൻ
,, K.P. രാമകൃഷ്ണൻ
,, K.P. ഉണ്ണികൃഷ്ണൻ
,, K.M. വീരാൻകുട്ടി
,, V. ഭാസ്ക്കരനുണ്ണി
,, K.K. സോമശേഖരനുണ്ണി
,, രഘുനാഥൻ പറളി
,, M.A. പൊൻമല

അനുബന്ധം: I

## സാമൂഹ്യരാഷ്ട്രീയ ചരിത്രം

10: ക്ഷേത്രപ്രവേശനം:

സുമാർ 500 വർഷം പഴക്കമുള്ള ക്ഷേത്രമാണ് തേഞ്ഞർ അയ്യർമല ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം. ജാതിമതഭേദമെന്യേ ഏവർക്കും പ്രവേശന സ്വാതന്ത്ര്യമുള്ള ഒരു ക്ഷേത്രം കൂടിയാണിത്. ഇന്ത്യയിലാകമാനം 5000 രഥോത്സവങ്ങൾ നടത്തുന്ന ക്ഷേത്രങ്ങൾ ഉണ്ട്. എന്നാൽ രഥോത്സവം നടത്തുന്ന ഏക അവർണ്ണക്ഷേത്രം അയ്യർമല ശ്രീ സുബ്രഹ്മണ്യക്ഷേത്രം മാത്രമാണ്.

അനുബന്ധം: II

## 5-5 കുടിവെള്ളവും പൊതുജനാരോഗ്യവും

വാർഡ് നമ്പർ: IX

1. എടത്തറ ജി.യു.പി. സ്കൂൾ പരിസരത്തും, വള്ളിയം പറമ്പ് എസ്.സി. കോളനി പരിസരത്തും കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ പൈപ്പ് ലൈനുകൾ ഇടണം.
2. ലാക്കുറുശ്ശി, പാലക്കുഴി ഭാഗത്തേക്ക് പൈപ്പ്ലൈൻ ഇടണം.
3. ചമ്മാന്തറ പുളിക്കൽപറമ്പ് ഭാഗത്ത് രണ്ടു ടാപ്പ് കൂടി വേണം.
4. പിരളിക്കാട് ഭാഗത്ത് ഒരു പുതിയ കിണർ വേണം. ഒടവിലും ഒരു പഞ്ചായത്ത് കിണർ ആവശ്യമാണ്.
5. പുളിക്കൽ പറമ്പിലുള്ള പഞ്ചായത്ത് കിണർ പ്ലാറ്റ്ഫോം അടക്കം നന്നാക്കിത്തരണം.

വാർഡ് നമ്പർ XI

1. മനക്കമ്പാട് മാരിയമ്മൻ കോവിലിൻ പ്രദേശത്തേക്ക് കുടിവെള്ളം എത്തിക്കണം.
2. വഴുക്കപ്പാറ എൽ.പി സ്കൂൾ പ്രദേശം മുതൽ കിഴക്കേത്തറ പ്രദേശം വരെ പൈപ്പുവെള്ളം എത്തിക്കണം.
3. നരിക്കോട് എസ്.സി. കോളനിയിൽ ജലക്ഷാമം പരിഹരിക്കണം.

## പറളി പാൽ വിതരണ സഹകരണസംഘം
## &
## പാൽ ഉൽപ്പന്ന നിർമ്മാണ യൂണിററ്

**ക്ലിപ്തം നമ്പർ P. 570, പറളി.**

**പായ്ക്കററ് പാൽ ഉടൻ
വിപണിയിൽ ഇറക്കുന്നു.**

**"സുരഭി" അര ലിററർ പായ്ക്കററ്**

സംഘത്തിൻെറ ക്ഷീരോല്പന്ന നിർമ്മാണ യൂണിററിൽ എല്ലാവിധ പാൽ ഉല്പന്ന മധുരപലഹാരങ്ങളും **റോസ് മിൽക്ക്, ലെസി, സിപ്പ്അപ്പ്, സംഭാരം** മുതലായ ശീതളപാനീയങ്ങളും **തൈര്** മുതലായവയും വിൽക്കപ്പെടുന്നു.
കൂടാതെ കല്ല്യാണ ആവശ്യങ്ങൾക്ക് എല്ലാവിധ ഉല്പന്നങ്ങളുടേയും പ്രത്യേക ഓർഡറുകൾ സ്വീകരിക്കുന്നു.

എന്ന്,

**P. T. രാമൻ,**
പ്രസിഡണ്ട്.

**P. B. ഷീജ,**
സെക്രട്ടറി,

---

**9-ാം പദ്ധതി ജനകീയ പദ്ധതി**

**ജനകീയആസൂത്രണം
സമഗ്ര വികസനത്തിന്**

**വിജ്ഞാനം
വികസനത്തിന്
ജനകീയാസൂത്രണത്തിൽ
പങ്കാളികളാവുക.**

**ആശംസകളോടെ**
**സോഷ്യലിസ്ററ് യുവജന വായന ശാല
കമ്പ-കിണാവല്ലൂർ പറളി-പാലക്കാട്.**

ആശംസകളോടെ !

# പറളി സർവ്വീസ് സഹകരണ ബാങ്ക് ലിമിററഡ്.,

നമ്പർ. 6808 പി. ഒ. പറളി

സ്ഥിരം നിക്ഷേപങ്ങൾക്ക് 15.5 ശതമാനം
വരെ പലിശ നല്കി വരുന്നു സ്വർണ്ണപ്പണ്ട
പണയത്തിൻമേൽ പവന് 3000 രൂപ
തോതിൽ 50000 രൂപ വരെ
കടം കൊടുത്തുവരുന്നു

കാർഷിക വിളവു വായ്പ,
മററു വിവിധോദ്ദേശ വായ്പകൾ
എന്നിവ കൊടുത്തു വരുന്നു

രാസവളം, കീടനാശിനി, മലബാർ സിമൻററ്
എന്നിവ വിതരണം നടത്തി വരുന്നു
സാധാരണക്കാരായ ഇടപാടുകാരുടെ
സൗകര്യാർത്ഥം സേഫ് ഡെപ്പോസിററ്
ലോക്കർ സൗകര്യം ലഭ്യമാണ്

| സെക്രട്ടറി | പ്രസിഡണ്ട് |
|---|---|
| ശ്രീ. K.C. സോമസുന്ദരൻ | ശ്രീ. P.C.അശോക്കുമാർ |

കൃപാ പ്രിൻറിംഗ് പ്രസ്സ്. കന്നാര സ്ട്രീററ്, പാലക്കാട് ഫോൺ; 530394